www.keralamediaacademy.org | www.mediamagazine.in | www.newspages.in
ISSN 2395 -1370 | APRIL - MAY 2021 | Vol 08 | Issue 04 | Price ₹ 20

FOLLOW US ON

# മീഡിയ

A Billngual Monthly Journal of the Kerala Media Academy




## മാധ്യമങ്ങൾ തോറ്റു,
## പിണറായി ജയിച്ചു


ശ്രീ. പിണറായി വിജയന്റെ
നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങ്
20.05.2021



# വിജയവീര്യമാർന്ന കേരളം



പ്രഭാവർമ്മ

നാമൊരേ മനം!
നാമൊരേ ഗണം!
നാമൊരേ രണം ജയിച്ചു
വന്നതാം മഹാജനം !

ആദ്യമായ് ജനാധിപത്യ നേർചരിത്രമിങ്ങിതാ
തരികയാണു ഭരണമേന്മ
തുടരുവാൻ മഹാവിധി!
രണ്ടാമൂഴം; ഇതു രണ്ടാമൂഴം:
പലപലയൂഴങ്ങൾക്കു
തുടക്കം; ഈ രണ്ടാമൂഴം !


ക്ഷേമസാന്ത്വനങ്ങളും
വളർച്ചയും വികാസവും
കരുതലും നിറഞ്ഞ മികവു
തുടരുവാൻ മഹാവിധി!
രണ്ടാമൂഴം... ഇതു രണ്ടാമൂഴം
നിരവധിയൂഴങ്ങൾക്കു തുടക്കം -
ഇതു രണ്ടാമൂഴം !

പ്രഭാവർമ്മ എഴുതിയ
ഗാനം കേൾക്കാൻ
ക്യൂആർ കോഡ് സ്കാൻ
ചെയ്യുക

# മീഡിയ

ISSN 2395-1370
APRIL - MAY 2021 | Vol 08 |
Issue 04 | Price ₹20

www.keralamediaacademy.org




Editor in Chief
**R. S. Babu**

Editorial Board
**Fr. Boby Alex**
**N.P. Chandrasekharan**
**C. Narayanan**
**Santhosh George Kulangara**
**Kamal Varadoor**
**Saraswathy Nagarajan**
**P.V. Kuttan**

Printer & Publisher
**Chandrahasan Vaduthala**
Co-Ordinating Editor
**Kala K**

Editorial Co-ordination
**Sreeja Balachandran**

Marketing In Charge
**Shainus Markose**

Design & Layout
**Anil Raj**

Address
**'Media'**
Kerala Media Academy
Kakkanad, Kochi – 682 030
Phone: 0484 2422275
Email: kmamedia2015@gmail.com
mediamag.kma@gmail.com
Website: www.keralamediaacademy.org

10 ജനം മാധ്യമങ്ങളെ തള്ളിയത് എന്തുകൊണ്ട്?
**ശശികുമാർ**

14 മാധ്യമദൗത്യം വിഭജനമാകരുത്
**ആർ. രാജഗോപാൽ**

16 വിജയശില്പി
**എം. മുകുന്ദൻ**

22 How the Left Front bucked a decades-old trend in Kerala

26 Election Battle or Channel Battle
K V Sudhakaran

30 മാധ്യമങ്ങൾ സ്വന്തം ശവക്കുഴി തോണ്ടുന്നു
**പി.വി.മുരുകൻ**

34 തുടർഭരണത്തിന്റെ ഫോട്ടോ രഹസ്യം
**ബി.ചന്ദ്രകുമാർ**

40 നവകേരള ഗീതാഞ്ജലിക്ക് ചരിത്രകിരീടം
**അഡ്വ. റൂബി രാജ് കാമ്പിശ്ശേരിൽ**

44 പഴയ മാധ്യമങ്ങളെ തള്ളി ഇടതുപക്ഷത്തെ കൂട്ടിയത് എന്തുകൊണ്ട്?
**മനോജ് കെ. പുതിയവിള**

50 ഇലക്ഷൻ കാലം കണ്ട കാർട്ടൂണുകൾ
**സുധീർ നാഥ്**

**കേരള മീഡിയ അക്കാദമി ഭരണസമിതി അംഗങ്ങൾ**
ചെയർമാൻ : ആർ.എസ് ബാബു , വൈസ് ചെയർമാൻ : ദീപു രവിഅംഗങ്ങൾ : കമാൽവരദൂർ, സി.നാരായണൻ , ഫാ.ബോബിഅലക്സ് മണ്ണംപ്ലാക്കൽ , എൻ.പി.ചന്ദ്രശേഖരൻ, എം.കെ.കുര്യാക്കോസ്, ജയകൃഷ്ണൻ നരിക്കുട്ടി, എസ്.ബിജു, കെ.ജെ.തോമസ്, ബേബിമാത്യു, സന്തോഷ് ജോർജ്ജ്കുളങ്ങര, ജോൺ മുണ്ടക്കയം, ഒ.അബ്ദുറഹ്മാൻ, രാജാജി മാത്യുതോമസ്, പി.എം. മനോജ്, എം.ജി.രാധാകൃഷ്ണൻ, സരസ്വതി നാഗരാജൻ, ദീപക് ധർമ്മടം, കെ.പി.മോഹനൻ, ഷാനി പ്രഭാകരൻ, ഒ.ആർ.രാമചന്ദ്രൻ,പി.വി.കുട്ടൻ, ഡയറക്ടർ (ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ്), സെക്രട്ടറി (ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ്), സെക്രട്ടറി (ധനകാര്യവകുപ്പ്) മെമ്പർ സെക്രട്ടറി: ചന്ദ്രഹാസൻ വടുതല (സെക്രട്ടറി, കേരളമീഡിയ അക്കാദമി)

54 വാക്കിനു
വിലങ്ങുവീഴുന്ന കാലം
**ഡോ.സെബാസ്റ്റ്യൻ പോൾ**

58 പത്രപ്രവർത്തനത്തിലെ
പ്രകാശഗോളമായി
ടോർച്ചും കാൾക്രോസും
**എൻ.ഇ. സുധീർ**

62 Tribute
Anjan Bandopadhyay
**Shoma.A.Chatterji**

64 Reporting on negatives
is a sign of optimism
**A.S.Panneerselvan**

68 അറിയാത്ത
ക്ലൂലിയെഴുത്തിന്റെ കഥ,
കാത്രരിന്റെ 'ബാലചന്ദ്രൻ'
പിറന്നപ്പോൾ
**തോമസ് ജേക്കബ്**

70 പൂട്ടിയ ന്യൂസ് ഓഫ് ദ് വേൾഡ്-
പതിറ്റാണ്ടിനു ശേഷം....
**എൻ.പി.രാജേന്ദ്രൻ**

76 മീഡിയയിൽ തലമുറ മാറ്റം
**കെ.എൽ.മോഹനവർമ**

80 കനലൊന്നു പോരേ
വെളിച്ചം വീശാൻ
**എസ്.ഡി.പ്രിൻസ്**

82 ചരിത്രം കുറിച്ച് പുലിറ്റ്സർ
പത്തു മിനിറ്റ് ഒൻപതു
സെക്കൻഡ്....
**ഇ.പി.ഷാജുദ്ദീൻ**

88 മീഡിയ ന്യൂസ്

91 ബാഷ്പാഞ്ജലി

98 Stop Press

101 **ബുക്ക്ഷെൽഫ്**

102 **ലോകം കണ്ട വര**




**ഈ ലക്കം മീഡിയ
സമ്പൂർണ്ണ ഓഡിയോ
മാഗസിൻ. ഓരോ ഇനവും
കേൾക്കാൻ
ക്യൂ ആർ കോഡ് സ്കാൻ
ചെയ്യുക**



എഡിറ്റോറിയൽ കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

# കുമ്പസരിക്കണ്ട, മാധ്യമങ്ങൾ തെറ്റതിരുത്തണം

2021 കേരള നിയമസഭാ ജനവിധി പുതിയ പാഠങ്ങളും നവചരിത്രവും പ്രദാനം ചെയ്യുന്നു. ഇക്കാര്യത്തിൽ പത്ര-ടിവി-നവമാധ്യമങ്ങൾ പഠിക്കേണ്ട പാഠമുണ്ട്. മാധ്യമങ്ങൾ കാഞ്ഞിരം കുത്തിച്ചപ്പോൾ ജനങ്ങൾ ചന്ദനം മുളപ്പിച്ചു. പത്രങ്ങളും ചാനലുകളും അവരുടെ മൂശയിൽ വാർത്തെടുത്ത ഭരണസാരഥിയെ അല്ല നാട് സ്വീകരിച്ചത്. ഞങ്ങൾ കല്പിച്ചാൽ തടുക്കാൻ ഇന്ദ്രനും ബ്രഹ്മനും ഇല്ലെന്ന ഹുങ്ക് കളയാനും അഹങ്കാരവും ഗർവ്വും ഉപേക്ഷിക്കാനും സമയമായിരിക്കുന്നു എന്ന സന്ദേശമാണ് ന്യൂസ് റൂമുകൾക്ക് നൽകുന്നത്.

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ വരവ് തടയാനുള്ള വൻ അട്ടിമറി പ്രവർത്തനമാണ് മുഖ്യധാര ഉൾപ്പെടെ നല്ലൊരു പങ്ക് മാധ്യമങ്ങൾ നടത്തിയത്. എന്തൊക്കെ ചെയ്തു, അതിൽ ചെയ്തുകൂടാത്ത എന്തെല്ലാമുണ്ടായിരുന്നു എന്ന ആത്മപരിശോധനയും സ്വയം വിമർശനവും നന്നാണ്. അങ്ങനെ ചെയ്യുന്നതിലൂടെ ജനാധിപത്യത്തെ നമുക്ക് അല്പമെങ്കിലും മാനിക്കാം. മൂന്ന് ചോദ്യങ്ങളും ഉത്തരങ്ങളും ഇവിടെ പ്രസക്തമാകുന്നു.

ഒന്ന്) എൽഡിഎഫ് സർക്കാരിനും മുഖ്യമന്ത്രിക്കും എതിരെ 'സത്യാനന്തര' പ്രവർത്തനം നടത്തിയത് ശരിയായോ?

പ്രശസ്തമായ ഓക്സ്ഫഡ് ഡിക്ഷനറിയുടെ പ്രസിദ്ധീകരണശാല 2016ൽ തെരഞ്ഞെടുത്ത വാക്കാണ് 'Post truth' അഥവാ 'സത്യാനന്തരം'. അസത്യത്തെ സത്യമായും സത്യത്തെ അസത്യമായും പ്രചരിപ്പിക്കുന്ന രാഷ്ട്രീയ വ്യവഹാരങ്ങളെ വിശേഷിപ്പിക്കാനാണ് ഈ വാക്ക്. അത് ബാലറ്റ് യുദ്ധത്തിൽ മാധ്യമങ്ങൾ പ്രയോഗിച്ചു. ജനങ്ങളുടെ ആക്രോശമാണ് യേശുവിനെ കുരിശിലേറ്റിയത്. ജനങ്ങളെ രോഷാകുലരാക്കി പിണറായി വിജയൻ നയിക്കുന്ന എൽഡിഎഫ് സർക്കാരിനെ പുറത്താക്കാനാണ് മാധ്യമങ്ങൾ പൊതുവിൽ ആവുംവിധം ഉറഞ്ഞാടിയത്. അതുവഴി യുഡിഎഫ്-ബിജെപി പ്രതിപക്ഷത്തിന് നേട്ടമുണ്ടാക്കാനും എൽഡിഎഫിനെ ക്ഷീണിപ്പിക്കാനും ആയിരുന്നു ലക്ഷ്യം.

നയതന്ത്രസ്വർണ്ണക്കള്ളക്കടത്ത്, കിഫ്ബി, ലൈഫ്, ഗൾഫ് ഈന്തപ്പഴം തുടങ്ങിയവയെയെല്ലാം മറയാക്കി നിർമിത കഥകൾ ചമച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും അറസ്റ്റിലാകും എന്ന സംഭ്രമ ജനകമായ വാർത്തകൾ പോലും നൽകി. കല്പിതകഥാ നിർമിതിക്ക് കുറെയധികം മാധ്യമസ്ഥാപനങ്ങളെ വാടക ഗർഭപാത്രങ്ങളാക്കാൻ കേന്ദ്ര അന്വേഷണ ഏജൻസികൾക്ക് കഴിഞ്ഞു. വഴിവിട്ട 'പ്രലോഭന'ത്തിന് വഴങ്ങിയതിൽ രാഷ്ട്രീയ പക്ഷപാതിത്വത്തിന് അപ്പുറമുള്ള ഇടപാടുകൾ മാധ്യമസ്ഥാപനങ്ങളുമായി നടന്നിട്ടുണ്ടോ എന്ന കാര്യം മാധ്യമപ്രവർത്തകർ തന്നെ അന്വേഷിക്കേണ്ടതാണ്.

മാധ്യമങ്ങൾ ആവുംവിധം പത്രസ്ഥലവും ടെലിവിഷൻ സമയവും നൽകി എങ്കിലും സർക്കാരിനെതിരെ പ്രചരിപ്പിച്ച അഴിമതി ആക്ഷേപങ്ങൾ 2% വോട്ടർമാർ പോലും ശ്രദ്ധിച്ചില്ലെന്നാണ് ലോക്നീതി-സിഎസ്ഡിസി-ദ്ഹിന്ദു സർവ്വെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. അപ്പോൾ പിണറായി സർക്കാരിനെതിരെ മാധ്യമങ്ങൾ പ്രചരിപ്പിച്ച അഴിമതി വാർത്തകൾ ജനങ്ങൾ പാടേ നിരാകരിച്ചു എന്ന് സാരം.

## എൽഡിഎഫ് സർക്കാരിനെതിരെ ഇല്ലാത്ത അഴിമതികളുടെയും കുംഭകോണങ്ങളുടെയും ഘോഷയാത്ര സംഘടിപ്പിച്ചതിൽ മാധ്യമങ്ങൾ ആത്മപരിശോധന നടത്തണം. മാധ്യമങ്ങൾ പ്രതിക്കൂട്ടിലാക്കാൻ നോക്കിയിട്ടും ജനങ്ങളെ ഒപ്പം കൂട്ടിയ പിണറായി മാജിക് നാളത്തെ മാധ്യമപഠനത്തിലെയും വിഷയമാണ്.

ഇപ്രകാരം ജനാധിപത്യത്തെ അട്ടിമറിക്കാൻ നടത്തിയ മാധ്യമവേട്ട, ജനാധിപത്യത്തിന്റെ ജീവവായു എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങളുടെ വിശ്വാസ്യത ഇല്ലാതാക്കി. എൽഡിഎഫ് സർക്കാരിനെതിരെ ഇല്ലാത്ത അഴിമതികളുടെയും കുംഭകോണങ്ങളുടെയും ഘോഷയാത്ര സംഘടിപ്പിച്ചതിൽ മാധ്യമങ്ങൾ ആത്മപരിശോധന നടത്തണം.

രണ്ട്) പിണറായി വിജയന്റെ ജനകീയതയെ താഴ്ത്തിക്കെട്ടാനും പ്രതിപക്ഷനേതാക്കളുടെ ഇമേജ് കൃത്രിമമായി വർദ്ധിപ്പിക്കാനും നടത്തിയ മാധ്യമകൗശലത്തെ ഇനിയെങ്കിലും തള്ളിപ്പറയുമോ? രണ്ട് പ്രളയം, നിപ, കൊവിഡ് എന്നിവ നേരിട്ടതിലൂടെ സംസ്ഥാനസർക്കാരും മുഖ്യമന്ത്രിയും കൂടുതൽ ജനപ്രിയമായി. ഇതിനു പുറമെ നടക്കില്ലെന്ന് കരുതിയ ഗെയ്ൽ പൈപ്പ്ലൈൻ, റോഡ് വികസനം തുടങ്ങിയവയെല്ലാം നടപ്പാക്കി വികസനക്കുതിപ്പ് സൃഷ്ടിച്ചു. ഇങ്ങനെ ഒരു ഭാഗത്ത് ക്ഷേമത്തിനും മറ്റൊരു ഭാഗത്ത് വികസനത്തിനും ഭരണകിരീടത്തിൽ പൊൻതൂവൽ നേടി.

പ്രളയം-കൊവിഡ് കാലങ്ങളിലെ വാർത്താസമ്മേളനങ്ങളിലൂടെ ലോകത്തുതന്നെ ഏറ്റവും കൂടുതൽ വാർത്താസമ്മേളനം നടത്തിയ ഭരണാധികാരി എന്ന വിശേഷണം പിണറായിയെ തേടിയെത്തുകയായി. ഏറ്റവും ജനപ്രീതിയുള്ള ടെലിവിഷൻ താരമായി അദ്ദേഹം മാറി. വിഷയങ്ങളുടെ സൂക്ഷ്മാംശങ്ങളിലേക്ക് കടക്കുന്നത് പ്രേക്ഷകർ ഇഷ്ടപ്പെടുന്നു. പ്രൈം ടൈം ഏഴ് മണി മുതലാണെന്ന പൊതുതത്വം മലയാള ടെലിവിഷനുകളിൽ ആറ് മണിയാക്കി മുഖ്യമന്ത്രി മാറ്റി. ഈ ജനകീയതയെ ഉലയ്ക്കാൻ സർക്കാരിനെയും മുഖ്യമന്ത്രിയെയും കുടുംബാംഗങ്ങളെയും ആക്ഷേപ പുകമറയിൽ ആഴ്ത്താൻ പ്രതിപക്ഷവുമായി ചേർന്ന് ഒരു പങ്ക് മാധ്യമങ്ങൾ നിഗൂഢമായി പ്രവർത്തിച്ചു.

കസ്റ്റംസും ഇഡിയുമെല്ലാം നിറഞ്ഞാടിയ രാഷ്ട്രീയനാടകമായ സ്വർണ്ണക്കള്ളക്കടത്ത് കേസിനെ വൻഭൂകമ്പമായി ചിത്രീകരിച്ചത് ഗൂഢലക്ഷ്യത്തോടെ ആയിരുന്നല്ലോ. പിണറായിയെയും കുടുംബാംഗങ്ങളെയും സൈബർ ഗുണ്ടായിസത്തിന് എറിഞ്ഞുകൊടുക്കാൻ മുഖ്യധാരാ മാധ്യമങ്ങൾ വിയർപ്പൊഴുക്കിയത് ഒന്നും കാണാതെയല്ല. അമേരിക്കൻ മലയാളിയുടെ ഐടി കമ്പനിയായ സ്പ്രിംഗ്ളറിനെപ്പറ്റി അവമതിപ്പോടെ വ്യാജ വാർത്താപരമ്പര സൃഷ്ടിച്ചു. എന്നാൽ സ്പ്രിംഗ്ളർ ലോകത്തിലെ ഏറ്റവും വിശ്വസ്തതയുള്ള വൻ കമ്പനിയാണെന്ന് അതേ മാധ്യമങ്ങൾ ഇപ്പോൾ റിപ്പോർട്ടുചെയ്യുന്നു. വ്യാജ ഒപ്പ് എന്ന ബ്രേക്കിംഗ് ന്യൂസും ലീഡ് തലക്കെട്ടും മുഖ്യമന്ത്രിക്കെതിരെ വെടിക്കെട്ടും മത്താപ്പും ആക്കിയിരുന്നല്ലോ. ഇലക്ട്രോണിക് യുഗത്തിൽ ഇ-ഫയൽ വന്നതുപോലും വിസ്മരിച്ച് വാർത്ത കൊടുത്തപ്പോൾ ചൂണ്ടുവിരൽ നീണ്ടത് മാധ്യമ വിവരക്കേടിന് നേരെയാണ്. ഇതെല്ലാം ചെയ്തിട്ടും പിണറായി വിജയൻ നയിച്ച എൽഡിഎഫിന് മൂന്നിൽ രണ്ടിലധികം ഭൂരിപക്ഷം ജനം നൽകി. മുഖ്യമന്ത്രി സ്ഥാനത്തേക്ക് പ്രതിപക്ഷത്തുനിന്ന് വന്ന പേരുകാരനെക്കാൾ മൂന്നിരട്ടിയോ അഞ്ചിരട്ടിയോ പതിനഞ്ചിരട്ടിയോ ജനപ്രീതി പിണറായി നിലനിർത്തിയെന്ന് തെരഞ്ഞെടുപ്പനന്തര സർവ്വെ റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടി.

മാധ്യമങ്ങൾ പ്രതിക്കൂട്ടിലാക്കാൻ നോക്കിയിട്ടും ജനങ്ങളെ ഒപ്പം കൂട്ടിയ പിണറായി മാജിക് നാളത്തെ മാധ്യമപഠനത്തിലെയും വിഷയമാണ്. ലോകത്തിലെ ലക്ഷണമൊത്ത അര ഡസൻ ഇടതുപക്ഷ ഭരണാധികാരികളിലൊരാളായി പിണറായി മാറിയിരിക്കുകയാണ്.

മൂന്ന്) എൽഡിഎഫ് സർക്കാരിനെ പുറത്താക്കാൻ മാധ്യമ അജണ്ട സെറ്റ് ചെയ്തത് ശരിയായിരുന്നോ? ഇടതുപക്ഷത്തിനെതിരെ ജാതി-മതശക്തികളുടെ ഏകോപനത്തിന് മാധ്യമങ്ങൾ യത്നിച്ചു. അതിന് ശബരിമലയും ശരണംവിളിയും സ്ത്രീപ്രവേശവും വിശ്വാസവുമൊക്കെ സജീവ വിഷയങ്ങളാക്കാൻ പരിശ്രമിച്ചു. ഇതേ വേളയിൽ ഇന്ത്യ നേരിടുന്ന മതനിരപേക്ഷ വെല്ലുവിളിയും കർഷകസമരവുമൊക്കെ പിന്നാമ്പുറത്തേക്ക് മാറ്റാൻ നോക്കി.

2001ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നാദാപുരത്ത് ഒരു മുസ്ലിം വീട്ടമ്മയെ ബലാത്സംഗം ചെയ്തു എന്ന കഥ മാധ്യമങ്ങൾ 'നാട്ടുതീ' ആക്കിയിരുന്നു. അതിനു തുടർച്ചയായി നിരപരാധിയായ ഒരു ചെറുപ്പക്കാരനെ കൊന്നു. അന്ന് എൽഡിഎഫിന് ഭരണം പോയി. അതിനുശേഷമാണ് അങ്ങനെയൊരു ബലാത്സംഗമേ നടന്നിട്ടില്ല എന്ന് ഇര എന്ന് വിശേഷിപ്പിക്കപ്പെട്ടവരും പൊലീസും വെളിപ്പെടുത്തിയത്. അതുപോലുള്ള കള്ളക്കഥകൾ പുതുരൂപത്തിൽ ചമച്ച് ജാതി-മത ശക്തികളെ ഇടതുപക്ഷത്തിനെതിരെ ഏകോപിപ്പിക്കാനാണ് ഇക്കുറിയും നോക്കിയത്. പക്ഷേ, മാധ്യമകഥകളുടെ ഉള്ളുകള്ളി മനസ്സിലാക്കിയ ജനങ്ങൾ എൽഡിഎഫിന് തുടർഭരണത്തിന് മനസ്സമ്മതം നൽകി. ഇവിടെ തോറ്റത് യാഥാസ്ഥിതിക-പിന്തിരിപ്പൻ-വലതുപക്ഷ മാധ്യമങ്ങൾ കൂടിയാണ്. വിശ്വാസ്യത വീണ്ടെടുത്തുകൊണ്ടേ ഈ വീഴ്ചയിൽ നിന്ന് മാധ്യമങ്ങൾക്ക് കരകയറാനാവൂ.

**ആർ എസ് ബാബു**
എഡിറ്റർ ഇൻ ചീഫ്




# പിണറായിയുടെ നമ്പൂതിരിച്ചിത്രം

ചിത്രകലയുടെ വിസ്മയപ്രപഞ്ചമാണ് 95 കഴിഞ്ഞ ആർട്ടിസ്റ്റ് നമ്പൂതിരി. ഇല്ലത്തിന്റെ ചുമരിൽ കരിക്കട്ടയിൽ വരച്ചുതുടങ്ങിയ ചിത്രകലാ ജീവിതം.

ചിത്രകല അഭ്യസിച്ചത് മദിരാശിയിൽ.

കഴിഞ്ഞ നൂറ്റാണ്ടിൽ നിന്നും ഈ നൂറ്റാണ്ടിലേക്ക് മലയാളത്തിന്റെ മഹാചിത്രകാരനായി നമ്പൂതിരി വളർന്നത് ഏറെ ദൂരം സഞ്ചരിച്ചാണ്. അവിടെ യാതനയുടെയും കഷ്ടപ്പാടിന്റെയും പ്രതിബദ്ധതയുടെയും കണ്ണീരും വിയർപ്പുമുണ്ട്.

മാതൃഭൂമി, കലാകൗമുദി വാരികകളിലെ വരകളിലൂടെയും വിവിധ കേന്ദ്രങ്ങളിലെ ശില്പം, ചിത്രം തുടങ്ങിയവയിലൂടെയും മലയാളിയുടെ മാത്രമല്ല ചിത്രകലയെ സ്നേഹിക്കുന്ന ഏവരുടെയും മനസ്സിൽ ഇടം നേടി.

കേരള ലളിത കലാ അക്കാദമി പ്രസിഡന്റായി.


മഹാസാഹിത്യകാരന്മാരുടെ രചനകളേക്കാൾ പ്രസിദ്ധമായി നമ്പൂതിരിയുടെ രേഖാചിത്രങ്ങൾ.

ശൂന്യതയിൽ നിന്നല്ല ജീവിതത്തിൽ നിന്നാണ് നമ്പൂതിരി ചിത്രങ്ങൾ പിറവി കൊള്ളുന്നത്. ഒരാളെ നേരിട്ടുകാണുമ്പോലെ പകർത്തിവയ്ക്കലല്ല, ചരിത്രപരമായ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നതാണ് നമ്പൂതിരിയുടെ ചിത്രകല.

മലയാളത്തിന്റെ മഹാനായ ചിത്രകാരൻ നമ്പൂതിരി വരച്ച മുഖ്യമന്ത്രി പിണറായി വിജയന്റെ ചിത്രം സാധാരണ കണ്ടുവരുന്ന ഫോട്ടോ പകർപ്പല്ല. സമരനായകനായിരുന്ന കേരളത്തിന്റെ ഭരണനായകനെ എങ്ങനെ തന്റെ മനസ്സിൽ ചാലിച്ചിരിക്കുന്നു എന്നതിന്റെ വിളംബരമാണ് നമ്പൂതിരി വരച്ച വ്യത്യസ്തതയുള്ള ഈ കവർചിത്രം.

കലയുടെ ഭാവുകത്വം വിളിച്ചറിയിക്കുന്ന നമ്പൂതിരിയുടെ ബ്രഷിൽ തെളിഞ്ഞ രണ്ട് ചിത്രങ്ങളും ഉൾത്താളുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പത്രാധിപർ**







# ജനം മാധ്യമങ്ങളെ തള്ളിയത് എന്തുകൊണ്ട്?

കേരള നിയമസഭ തെരഞ്ഞെടുപ്പിൽ പിണറായി വിജയന്റെ നേതൃത്വത്തിൽ എൽഡിഎഫ് നേടിയ ഉജ്ജ്വല വിജയം മാധ്യമങ്ങളെ കൂടി തള്ളിപ്പറയുന്നതായി. മാധ്യമങ്ങളെയെല്ലാം അടച്ചുപറയുകയല്ല. പക്ഷേ, ജനവിധി പൊതുവിൽ മാധ്യമങ്ങളെ നിരാകരിക്കുന്നതായി.

അതായത് മാധ്യമങ്ങൾ ആ വ്യക്തിയെപ്പറ്റി പറഞ്ഞതല്ല വാസ്തവം. ഞങ്ങൾക്കറിയാം ഞങ്ങൾക്കെന്താ ലഭിച്ചത് എന്ന്. ഒരു പ്രതിസന്ധി വന്നപ്പോൾ' who gave us food? Who gave us shelter? who gave us medical attention?' എന്നൊക്കെ ഞങ്ങൾക്ക് വളരെ കൃത്യമായി അറിയാം. മാധ്യമങ്ങൾ എന്തെങ്കിലും അടിച്ചേൽപ്പിച്ചാൽ അതിൽ വീഴാൻ ജനം തയ്യാറല്ല എന്നത് വ്യക്തമാണ്. മാധ്യമങ്ങൾ ഒപ്പം നിന്നാൽ തിരഞ്ഞെടുപ്പിൽ തോറ്റുപോകും എന്ന അവസ്ഥയുണ്ടിപ്പോൾ. മാധ്യമങ്ങളാണ് പ്രശ്നം എന്നു കരുതുന്ന ഒരു ജനത വളർന്നുവരുന്നു എന്നാണ് തോന്നുന്നത്. മാധ്യമങ്ങളുടെ വിശ്വാസ്യതയെ മാത്രമല്ല അവയുടെ നിലനില്പിനെ തന്നെ ബാധിക്കുന്ന ഒരു അവസ്ഥയാണ് സംജാതമാകുന്നത്. അത് ശരിയായ പ്രവണതയല്ല. നിർഭാഗ്യവശാൽ അതാണ് സംഭവിക്കുന്നത്. അതിൽ ആശങ്കയുണ്ട്. അതിന് മറ്റാരെയും കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ജനങ്ങൾക്ക് മാധ്യമങ്ങളോട് വിരോധമൊന്നുമില്ല. പക്ഷേ, ചില മാധ്യമനിലപാടുകൾ കാണുമ്പോൾ , ചില മുൻവിധികളോടെ നാം പ്രവർത്തിക്കുമ്പോൾ ജനം അത് തിരിച്ചറിയും. ജനം വിഡ്ഢികളല്ലല്ലോ. തങ്ങളാണ് അവസാ

**റേറ്റിംഗാണ് മുഖ്യമെന്നാണ് മാധ്യമപ്രവർത്തകരെ പഠിപ്പിക്കുന്നത്. അതിനായി എന്തും ചെയ്യാം. ജനങ്ങൾക്കിത് മനസ്സിലാകുന്നുണ്ട്. അതവർ ഒരു ഷോയെന്ന പോലെ ആസ്വദിക്കുന്നു. അല്ലാതെ മാധ്യമങ്ങൾ ജനവിധിയെ സ്വാധിനിക്കുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ പിണറായി വിജയൻ വീണ്ടും മുഖ്യമന്ത്രിയാകുമായിരുന്നില്ല.**



ശശികുമാർ

ശശികുമാർ എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക



നവാക്ക് എന്ന് കരുതുന്ന ചില മാധ്യമങ്ങളാൽ മാധ്യമങ്ങൾക്ക് ഒട്ടാകെ ഒരു ചീത്തപ്പേര് വന്നുതുടങ്ങി എന്നതാണ് സത്യം.

## ബ്രേക്കിംഗ് ന്യൂസുകളുടെ ആധികാരികത

ബ്രേക്കിംഗ് ന്യൂസ് എന്നാൽ വിശ്വാസ്യവും പുതിയതുമായ വാർത്തയെന്നാണ്. അല്ലാതെ വാർത്തയെ വിഭജിക്കുക എന്നല്ല. മത്സരത്തിന്റേതായ ലോകത്തിൽ ആദ്യം കിട്ടുന്ന വിവരം അപ്പപ്പോൾ ജനങ്ങളെ അറിയിക്കുക എന്നത് ശരിയായ കാര്യമാണ്. പക്ഷേ, തെറ്റുപറ്റിയാൽ തിരുത്തണം. അതാണ് മാധ്യമധർമം. ഒരു സംഭവം നടക്കുമ്പോൾ ഒരുപാട് വിവരങ്ങൾ പല സോഴ്സുകളിൽ നിന്ന് ലഭിക്കും. അപ്പപ്പോൾ ബ്രേക്ക് ചെയ്യും. തെറ്റുവന്നുകൂടിയെന്ന് ഉറപ്പായാൽ തിരുത്തണം. ഡിജിറ്റൽ മീഡിയയിലൊക്കെ അങ്ങനെയല്ലേ. അവർ ആദ്യം കിട്ടിയ വിവരങ്ങൾ പോസ്റ്റുചെയ്യുന്നു. പിന്നീട് കൃത്യമായ വിവരം ലഭിക്കുന്നതിനനുസരിച്ച അപ്ഡേറ്റ് ചെയ്യുന്നു. മോസസിനെ പോലെ നമുക്ക് ദൈവകല്പന ലഭിക്കുകയല്ലല്ലോ. നമ്മളാരും ദൈവങ്ങളുമല്ല. അപ്പോൾ ആദ്യം കിട്ടിയ വിവരം തെറ്റാണെന്നു വന്നാൽ തിരുത്താനുള്ള ആർജ്ജവം ഉണ്ടാകണം. അതാണ് പലപ്പോഴും ഇല്ലാതെ പോകുന്നത്. ഇതിൽ സോഷ്യൽ മീഡിയയുടേതായ പങ്കും ചെറുതല്ല. കാരണം



ധാരാളം പേരുള്ള ഒരു മേഖലയാണത്. സോഷ്യൽ മീഡിയയിലുള്ളവരുടെ ഉദ്ദേശങ്ങൾ പലതാണ്. മനപ്പൂർവ്വം വ്യാജവാർത്തകൾ പ്രചരിപ്പിക്കാം. പണ്ടൊക്കെ ചാനലുകളുടെ ഹെഡ്‌ലൈൻസ് ആണ് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നത്. ഇപ്പോൾ തിരിച്ചാണ് സോഷ്യൽ മീഡിയയിൽ വൈറലാകുന്നതാണ് ചാനലുകളുടെ ഹെഡ്‌ലൈൻ. അങ്ങനെ വരുമ്പോൾ തെറ്റുകൾ വരാം. അത് തിരുത്താൻ കഴിയണം.

## റേറ്റിംഗ് മത്സരം?

റേറ്റിംഗ് മത്സരം മാധ്യമപ്രവർത്തകരുടെ പ്രശ്നം തന്നെയാണ്. ഇപ്പോൾ മാധ്യമപ്രവർത്തകരായിട്ടല്ല അവരെ പരിശീലിപ്പിക്കുന്നത് മറിച്ച് മാർക്കറ്റ് സെയിൽസ് പീപ്പിളായിട്ടാണ്. അവർ വാർത്ത വിൽക്കുകയാണ്. യഥാർത്ഥത്തിൽ നമുക്ക് ചുറ്റും എന്താണ് സംഭവിക്കുന്നതെന്ന് അറിയിക്കുകയാണ് മാധ്യമപ്രവർത്തകന്റെ ധർമം. ആ ഒരു ധൈര്യവും ദൃഢവിശ്വാസവും വേണം. ഐഎസ്ആർഒ ചാരക്കേസ് തെറ്റാണെന്ന് ഞാൻ ഒരു ചാനൽ നടത്തുന്ന സമയത്ത് ആദ്യം മുതലേ ബോധ്യമുണ്ടായിരുന്നു. ഞങ്ങളതിൽ ഉറച്ചുനിന്നു. അപ്പോൾ പൊലീസുകാർ പറഞ്ഞു നിങ്ങളീ പറയുന്നത് തെറ്റാണ്. ഭാവിയിൽ അനുഭവിക്കും. വിശ്വാസ്യത പോകും എന്നൊക്കെ. ഇന്റലിജന്റ്സ് സ്റ്റേറ്റ്മെന്റുണ്ടായി. രാഷ്ട്രീയക്കാരൊക്കെ ഉപദേശരൂപേണ പറഞ്ഞു. എനിക്ക് മുൻകൂർ ജാമ്യം വരെ എടുക്കേണ്ടി വന്നു. പക്ഷേ, ഞങ്ങളാണ് ശരിയെന്നു തെളിഞ്ഞു. അതായത് നമ്മുടെ കൈയിലുള്ള തെളിവുകൾ പ്രകാരം അത് തെറ്റാണ് അതുകൊണ്ട് തെറ്റാണെന്നു തന്നെ പറഞ്ഞു. അങ്ങനെയുള്ള മാധ്യമപ്രവർത്തനം എവിടെയാണ്?

ഒരാൾ വിളിച്ചുപറഞ്ഞാൽ മറ്റൊരാൾ അതിലും ഉച്ചത്തിൽ വിളിച്ചുപറയും. അത്രതന്നെ. പ്രൈവറ്റ് ബസിലേക്ക് ആളുകളെ കയറ്റുന്നതുപോലെ (ബസുകാരെ കുറ്റംപറയുകയല്ല). അതാണോ മാധ്യമപ്രവർത്തനം?നിങ്ങൾ ചെയ്യുന്നത് വളരെ ഉത്തരവാദിത്വമുള്ള ജോലിയാണ്. ജനാധിപത്യത്തിന്റെ നാലാം തൂണിന്റെ ഭാഗമാണ് നിങ്ങൾ. ആ ബോധ്യം വേണം. അത്തരത്തിലൊരു പരിശീലനം ഇന്നില്ല. പകരം റേറ്റിംഗാണ് മുഖ്യമെന്നാണ് മാധ്യമപ്രവർത്തകരെ പഠിപ്പിക്കുന്നത്. അതിനായി എന്തും ചെയ്യാം. ജനങ്ങൾക്കിത് മനസ്സിലാകുന്നുണ്ട്. അതവർ ഒരു ഷോയെന്ന പോലെ ആസ്വദിക്കുന്നു. അല്ലാതെ മാധ്യമങ്ങൾ ജനവിധിയെ സ്വാധിനിക്കുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ പിണറായി വിജയൻ വീണ്ടും മുഖ്യമന്ത്രിയാകുമായിരുന്നില്ല. അദ്ദേഹത്തിനൊപ്പം ഏത് മാധ്യമമാണ് നിന്നത്? കൈരളിയും ദേശാഭിമാനിയും എന്ന് വേണമെങ്കിൽ പറയാം. ആർക്കാണ് അതുകൊണ്ട് ഇടിവ് പറ്റിയത്-മാധ്യമങ്ങൾക്കല്ലേ? അവരുടെ വിശ്വാസ്യതയെയല്ലേ ബാധിച്ചത്. ആര്, എങ്ങനെ പ്രവർത്തിക്കുന്നു എന്നത് ജനത്തിന് കൃത്യമായും അറിയാം. എന്നുവച്ചാൽ എല്ലാ മാധ്യമങ്ങളും പിണറായി വിജയന് സ്തുതിപാടണം എന്നല്ല പറയുന്നത്. തീർച്ചയായും വിമർശനാത്മകമായിരിക്കണം. എന്നാലേ ഭരണകൂടത്തിന് ജാഗ്രത ഉണ്ടാകൂ. പക്ഷേ, യാതൊരു അടിസ്ഥാനവുമില്ലാതെ കൃത്യമായ അജണ്ടയോടെയുള്ള പ്രവർത്തനമാണ് മാധ്യമങ്ങൾ നടത്തിയതെന്നത് വ്യക്തമല്ലേ. എക്സിറ്റ്പോളുകൾ വന്നപ്പോൾ, അതൊന്നും ശരിയല്ലെന്ന മട്ടിൽ എന്നാൽ അത് ശരിയല്ലെന്ന് പറയാനുള്ള ധൈര്യവുമില്ലാതെ ഒരു മുഖ്യധാരാ പത്രത്തിന്റെ ശ്വാസംമുട്ടൽ പ്രകടമായിരുന്നുവല്ലോ. ആ ഉരുണ്ടുകളി തന്നെ ഒരു ന്യൂസ് ഫീച്ചറാക്കാം.

ദുരന്തഘട്ടങ്ങളിൽ മാധ്യമങ്ങൾക്ക് ഒരു ആക്ടിവിസ്റ്റ് റോളും ഉണ്ട്. മാധ്യമങ്ങൾ അത്തരം സാഹചര്യങ്ങളിൽ നമുക്കെങ്ങനെ സമൂഹത്തെ സഹായിക്കാം എന്നാണ് ചിന്തിക്കേണ്ടത്. അതായത് ഫയർ ഫൈറ്റിംഗ് നടക്കുമ്പോൾ മണ്ണെണ്ണ ഒഴിക്കണോ വെള്ളമൊഴിക്കണോ എന്ന് തീരുമാ



നിക്കണം. പ്രളയകാലത്ത് ആ രീതിയിലാണ് മാധ്യമങ്ങൾ പ്രവർത്തിച്ചത്. കൊവിഡ് കാലത്ത് അത് അത്രത്തോളം ദൃശ്യമാകുന്നില്ല. അവർ ഒരു തവണത്തെ പ്രവർത്തനം കൊണ്ട് ക്ഷീണിതരായിട്ടുണ്ടാവണം. കൊവിഡ് ഒരു ദേശീയ ദുരന്തമാണെന്ന രീതിയിലുള്ള പ്രവർത്തനം മാധ്യമങ്ങളിൽ നിന്നുണ്ടാകുന്നില്ല. ആ ഒരു സെൻസ് ഓഫ് അർജൻസിയില്ല എന്നാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്.


## ദേശീയമാധ്യമങ്ങളുടെ ഇടപെടൽ

ദേശീയമാധ്യമങ്ങളുടെ ഇടപെടലിനെപ്പറ്റി ചൂണ്ടിക്കാട്ടാനുണ്ട്. നിരവധി മാധ്യമങ്ങൾ ഇന്ത്യൻ അവസ്ഥ ചൂണ്ടിക്കാട്ടുന്നില്ല. നമ്മുടെ തെറ്റുകളെ തിരുത്താൻ ശ്രമിക്കുന്നില്ല. പ്രത്യേകിച്ചും കേന്ദ്രസർക്കാരിന്റെ കൊവിഡ് സംബന്ധിച്ച നിലപാടും തികച്ചും അശാസ്ത്രീയവും യുക്തിരഹിതവുമായിരുന്നു. വ്യക്തമായ കാഴ്ചപ്പാടോ റോഡ്മാപ്പോ ഇല്ലാതെ, ഒരു പ്രശ്നം വരുമ്പോൾ പരിഹരിക്കാൻ ശ്രമിക്കുക. അതും നന്നായി പരിഹരിക്കാൻ ശ്രമിക്കാതെ രാഷ്ട്രീയം കളിക്കുക...ഇതൊക്കെ മാധ്യമങ്ങൾ ഇടപെടേണ്ട വിഷയങ്ങളാണ്. പക്ഷേ, മാധ്യമങ്ങൾക്ക് പകരം സുപ്രീം കോടതിയും കോടതികളുമാണ് ഇപ്പോൾ അത് ചെയ്യുന്നത്. അടുത്തകാലത്ത് ചില സംഭവവികാസങ്ങൾ കാണുമ്പോൾ കോടതികളാണ് ഭരണം നടത്തുന്നത് എന്ന് തോന്നിപ്പോകുന്നു. ഓക്സിജൻ പ്രശ്നത്തിൽ തുടങ്ങി ഇത് പ്രകടമാണ്. ഇവിടെ ഒരു ഭരണകക്ഷിയുണ്ടോ എന്നു തന്നെ സംശയമാണ്. ഈ സാഹചര്യത്തിൽ മാധ്യമങ്ങൾ പ്രത്യേകിച്ചും ടെലിവിഷൻ മാധ്യമങ്ങൾ അവരുടെ കടമ നിർവ്വഹിച്ചില്ല എന്ന കാര്യം പറയാതെ വയ്യ. അവർക്കിപ്പോഴും സർക്കാരിനെ പേടിയാണ്. ഭരണകൂടം വിമർശിക്കപ്പെടേണ്ടതല്ല അതിനെ നമ്മൾ ഒളിഞ്ഞു നടക്കണം എന്ന രീതിയിലാണ് മാധ്യമപ്രവർത്തനം. അത്തരത്തിൽ മാധ്യമപ്രവർത്തനത്തിൽ ഒരു മൂല്യച്യുതി വന്നിരിക്കുന്നു. എന്നാൽ അക്കാര്യത്തിൽ ഡിജിറ്റൽ മീഡിയ ഏറക്കുറെ സ്വതന്ത്രമാണ്. വിദേശമാധ്യമങ്ങൾക്കും ഇത്തരം പ്രശ്നങ്ങളില്ല. കൊവിഡ് എന്നത് ഒരു ആഗോള പ്രശ്നമായാണ് വിദേശമാധ്യമങ്ങൾ പരിഗണിക്കുന്നത് അതായത് you cannot defeat the virus by only defeating a part of it or in one place. ന്യൂസിലൻഡിൽ ഇപ്പോൾ വൈറസ് ബാധിതരില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ല. അതങ്ങനെ തുടരാൻ അവർ ഇക്കോണമിയെ അടച്ചിടേണ്ടിവരും. അത് തുറന്നാൽ വൈറസ് തീർച്ചയായും തിരികെയെത്തും. അപ്പോൾ ആ ഒരു തിരിച്ചറിവോടെയാണ് എല്ലാ prestigious journals ഉം ഇന്ത്യയിൽ നടക്കുന്നത് ശരിയല്ല എന്നു പറയുന്നത്.

അത് വിദേശ ഗൂഢാലോചനയാണ്, സാമ്രാജ്യത്വമാണ്, കൊളോണിയലിസമാണ് എന്നൊക്കെ പറയുന്നത് വിഡ്ഢിത്തമല്ലേ? ഇന്ത്യയിൽ തന്നെ എന്തെങ്കിലും മിണ്ടിപ്പോയാൽ ദേശവിരുദ്ധമാണെന്ന് പറഞ്ഞുകളയും. വിദേശമാധ്യമങ്ങളോട് അത് നടക്കില്ല. മറിച്ച് അവരുടെ റിപ്പോർട്ടുകൾ ഷെയർ ചെയ്താൽ ഫോർവേഡ് ചെയ്താലൊക്കെ ദേശവിരുദ്ധത ആരോപിക്കുന്നത് ശരിയാണോ. തീർച്ചയായും നിലവിലുള്ളത് വലിയ ഒരു പ്രതിസന്ധിയാണ്. അത് നമ്മുടെ കേന്ദ്രഭരണകൂടം തന്നെ വരുത്തി വച്ചതാണ്. അത് മനസ്സിലാക്കി ഇനിയെങ്കിലും യോജ്യമായ പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്.

ഇത് ഇരട്ടത്താപ്പാണ്. ഭീരുത്വമാണ്. കേന്ദ്രത്തിൽ ഒന്നും പറയാൻ ധൈര്യമില്ല. ജോലി പോകും പരസ്യം പോകും എന്നൊക്കെ ഭയമാണ്. ജേണലിസത്തിന് വേണ്ടത് നട്ടെല്ലാണ്. എന്നാൽ ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രിയോ, മന്ത്രിയോ ഇടപെട്ടാൽ അവർക്കെതിരെ വിമർശനമാണ്. പറ്റില്ലെങ്കിൽ ഇറങ്ങിപ്പോടോ എന്നൊക്കെയാണ് വിളിച്ചുപറയുന്നത്. ഇതൊക്കെ പ്രൈം ടൈം ഡ്രാമയാണെന്ന് എല്ലാവർക്കും മനസ്സിലാകും.

**(അന്തർദ്ദേശീയ പ്രശസ്തനായ മാധ്യമ പ്രവർത്തകനും ഏഷ്യൻ സ്കൂൾ ഓഫ് ജേണലിസം സ്ഥാപക ചെയർമാനുമാണ് ലേഖകൻ)**







# മാധ്യമദൗത്യം വിഭജനമാകരുത്

**ബിജെപിക്ക് വോട്ടുചെയ്യരുതെന്ന് സിനിമയിലെ തിരക്കേറിയ താരങ്ങൾ പോലും പരസ്യമായി ആഹ്വാനം നൽകിയത് ആശ്ചര്യംപകർന്നു. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് സിനിമാ ലോകത്തുള്ളവർ ഇത്ര വ്യക്തമായ ഒരു രാഷ്ട്രീയനിലപാട് എടുക്കുമോ എന്ന് സംശയമാണ്.**



**ആർ.രാജഗോപാൽ**

**ആർ.രാജഗോപാലുമായുള്ള അഭിമുഖം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക**

ബംഗാൾ ജനവിധിയിൽ അദ്ഭുതപ്പെടുത്തിയത്, ഹിന്ദു ധ്രുവീകരണത്തിന് ബി.ജെ.പി ആവുന്നത്ര ശ്രമിച്ചെങ്കിലും അത് നടന്നില്ല എന്നതിലാണ്. മുസ്ലിങ്ങൾ മാത്രം വോട്ടുചെയ്താൽ മമതയ്ക്ക് ബംഗാളിൽ ഭരണം കിട്ടുമായിരുന്നില്ല. ഹിന്ദുക്കൾ മതത്തിന്റെ അടിസ്ഥാനത്തിൽ ബിജെപിക്ക് വോട്ടുചെയ്തില്ല. മുസ്ലിങ്ങൾ അബ്ബാസ് സിദ്ദിഖിയുടെ ഐഎസ്എഫിനും സഖ്യത്തിനുമൊപ്പം പോയില്ല.അടിയൊഴുക്ക് മമതയ്ക്ക് അനുകൂലമാക്കാൻ നിരവധി പ്രവർത്തനങ്ങൾ ബംഗാളിൽ നടന്നു. ബിജെപിക്ക് വോട്ടില്ല (No vote to BJP) എന്ന ബാനറിന് കീഴിൽ ചെറുപ്പക്കാരുടെ പ്രസ്ഥാനം പ്രവർത്തിച്ചു.

ബിജെപിക്ക് വോട്ടുചെയ്യരുതെന്ന് സിനിമയിലെ തിരക്കേറിയ താരങ്ങൾ പോലും പരസ്യമായി ആഹ്വാനം നൽകിയത് ആശ്ചര്യംപകർന്നു. വലിയ റിസ്കാണ് സിനിമാക്കാരടക്കമുള്ള ബംഗാളി കലാകാരന്മാർ എടുത്തത്. ഭരണത്തിലെത്തിയാൽ ഇക്കൂട്ടരെ പാഠംപഠിപ്പിക്കുമെന്ന ബിജെപി നേതാക്കളുടെ ഭീഷണി അവരെ കുലുക്കിയില്ല. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് സിനിമാ ലോകത്തുള്ളവർ ഇത്ര വ്യക്തമായ ഒരു രാഷ്ട്രീയനിലപാട് എടുക്കുമോ എന്ന് സംശയമാണ്. കരിയറിന്റെ പീക്കിൽ നിൽക്കുന്നവരായിരുന്നു പലരും.

2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മതനിരപേക്ഷ ചേരി ഒന്നിച്ചു നിൽക്കണമെന്ന ഓർമ്മപ്പെടുത്തൽ ഇടതുപക്ഷത്തിനും കോൺഗ്രസിനും ഈ ജനവിധി നൽകുന്നുണ്ട്. ബിജെപിയുടെ പടയോട്ടം കണ്ട് ദേശീയ മാധ്യമങ്ങൾ പകച്ചുപോയിരുന്നു. ബിജെപി അഭൂതപൂർവ്വമായ മുന്നേറ്റമുണ്ടാക്കുകയാണെന്ന് ഹിന്ദി-ഇംഗ്ലീഷ് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തു. എന്നാൽ, ബംഗാളികൾ അവരുടെ മനസ്സിനനുസരിച്ച് വോട്ടുചെയ്തു. ബിജെപിയെ ബംഗാളി പത്രങ്ങൾ പരോക്ഷമായി പോലും സപ്പോർട്ട് ചെയ്തില്ല. സുവേന്ദു അധികാരിയുടെ പേരു പോലും കൊടുക്കാതെ 'കൂറുമാറ്റക്കാരൻ' എന്ന് പതിവായി എഴുതിയ ഒരു ബംഗാളി പത്രമുണ്ടായിരുന്നു.

ബംഗാളിലെ അടിയൊഴുക്ക് നിങ്ങൾക്ക് മനസ്സിലാകുന്നില്ലെന്ന് വോട്ടിന്റെ തലേന്ന് ഒരാൾ ടെലിഗ്രാഫിന്റെ ഓഫീസിലേക്ക് ഫോൺ ചെയ്തു പരാതി പറഞ്ഞു. അടിയൊഴുക്ക് പ്രവചിക്കുകയല്ല, ശരി ചൂണ്ടിക്കാണിക്കുകയാണ് പത്രത്തിന്റെ പണിയെന്ന് മറുപടി നൽകി. തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ടെലിഗ്രാഫിന്റെ നിലപാടിനെ ഒരുപാടുപേർ അഭിനന്ദിച്ചു.

ആര് തോൽക്കും, ജയിക്കും എന്നതല്ല നാളെ എന്ത് സംഭവിക്കാൻ പോകുന്നു എന്നതിന്റെ മുന്നറിയിപ്പ് നൽകാനുള്ള ഉത്തരവാദിത്തം പത്രങ്ങൾക്കുണ്ട്. സ്വാതന്ത്ര്യത്തിന് മുമ്പുള്ള കലാപ നാളുകളിൽ ബംഗാൾ എങ്ങനെയായിരുന്നുവെന്ന് ഒരു ദിവസം ടെലിഗ്രാഫിൽ നിറയെ എഴുതി. പൂജയ്ക്ക് പോലും ബിരിയാണി കഴിക്കുന്നവരാണ് ബംഗാളികൾ. മുസ്ലിങ്ങൾ അടിത്തറയിട്ട ഹിന്ദുസ്ഥാനി സംഗീതത്തെ നെഞ്ചിലേറ്റുന്ന ബംഗാളിക്ക് അവരെ ഒഴിച്ചുനിർത്തി ഒരു ജീവിതം സങ്കല്പിക്കാനാവില്ല. അതിനെപ്പറ്റിയുള്ള സ്പെഷ്യൽ സ്റ്റോറിയായിരുന്നു മറ്റൊരു ദിവസം.

ചില രാഷ്ട്രീയക്കാർക്ക് നാല് വോട്ട് കിട്ടാൻ വേണ്ടി ജനങ്ങളെ ഭിന്നിപ്പിക്കുകയും ആട്ടിയോടിക്കുകയും ചെയ്യുന്നതാവരുത് മാധ്യമങ്ങളുടെ പണി.

**(തിരുവനന്തപുരം സ്വദേശിയായ ആർ.രാജഗോപാൽ കൊൽക്കത്ത ആസ്ഥാനമായ ഇംഗ്ലീഷ് ദിനപത്രം ദി ടെലിഗ്രാഫിന്റെ എഡിറ്ററാണ്. തലക്കെട്ടുകൾ കൊണ്ട് വിസ്മയം തീർക്കുന്ന ദേശീയ അംഗീകാരമുള്ള മാധ്യമസാരഥി)**



# വിജയശില്പി

## ഒപ്പം, ഉറപ്പ് എന്നീ വാക്കുകളുടെ ജനിതകമാറ്റം

എം മുകുന്ദൻ എഴുതുന്നു...

"തുടർഭരണം ഉറപ്പാണ് എന്നുപറഞ്ഞപ്പോൾ പലരും പരിഹസിച്ചു. തോൽവി തീർച്ചയാണ് എന്ന മട്ടിൽ അതിനെ ദുർവ്യാഖ്യാനം ചെയ്തവരുമുണ്ടായിരുന്നു. പ്രീപോൾ സർവേകളും എക്സിറ്റ്പോളുകളും ഇടതുപക്ഷമുന്നണിയുടെ വിജയം പ്രവചിച്ചപ്പോൾ അതിനെ പരിഹസിച്ചു തള്ളിയവരുമുണ്ടായിരുന്നു. ഇടതുജനാധിപത്യമുന്നണി വിജയിക്കുമെന്ന കാര്യത്തിൽ എനിക്കൊട്ടും സംശയമുണ്ടായിരുന്നില്ല. എൺപതിനും എൺപത്തിയഞ്ചിനും ഇടയ്ക്ക് സീറ്റുകൾ ലഭിക്കുമെന്നായിരുന്നു എന്റെ കണക്കുകൂട്ടൽ. കൂട്ടിയും കിഴിച്ചും ഗുണിച്ചും കിട്ടിയ സംഖ്യയായിരുന്നു അത്. എന്നാൽ, തെരഞ്ഞെടുപ്പുഫലം വന്നപ്പോൾ അതിനെ തകിടം മറിച്ചുകൊണ്ട്, തൊണ്ണൂറ്റി ഒമ്പത് സീറ്റുകളിൽ ഇടതുപക്ഷം വിജയമുറപ്പിച്ചു. തുടർഭരണം കൈവരിച്ചു. ഐതിഹാസിക വിജയമെന്നല്ലാതെ എന്തുപറയാൻ"



**എം മുകുന്ദൻ**

എം മുകുന്ദൻ എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

ഇടതുജനാധിപത്യമുന്നണി വിജയിക്കുമെന്ന കാര്യത്തിൽ എനിക്കൊട്ടും സംശയമുണ്ടായിരുന്നില്ല. എൺപതിനും എൺപത്തിയഞ്ചിനും ഇടയ്ക്ക് സീറ്റുകൾ ലഭിക്കുമെന്നായിരുന്നു എന്റെ കണക്കുകൂട്ടൽ. കൂട്ടിയും കിഴിച്ചും ഗുണിച്ചും കിട്ടിയ സംഖ്യയായിരുന്നു അത്. എന്നാൽ, തെരഞ്ഞെടുപ്പുഫലം വന്നപ്പോൾ അതിനെ തകിടം മറിച്ചുകൊണ്ട്, തൊണ്ണൂറ്റി ഒമ്പത് സീറ്റുകളിൽ ഇടതുപക്ഷം വിജയമുറപ്പിച്ചു. തുടർഭരണം കൈവരിച്ചു. ഐതിഹാസിക വിജയമെന്നല്ലാതെ എന്തു പറയാൻ!

ഉറപ്പാണ്.

ഈ വാക്കിന് ഇപ്പോൾ ഒരു പുതിയ അർത്ഥമുണ്ട്. നിങ്ങളിൽ ആരും പട്ടിണി കിടക്കേണ്ടി വരില്ല. സർക്കാർ ഭക്ഷണക്കിറ്റുകൾ നിങ്ങളുടെ വീട്ടിലെത്തിക്കും. എല്ലാ പാവങ്ങൾക്കും സർക്കാർ മാസന്തോറും ധനസഹായമെത്തിക്കും. കിടപ്പുരോഗികളെ ചികിത്സിക്കാൻ ഞങ്ങളുടെ ഡോക്ടർമാർ നിങ്ങളുടെ വീട്ടിൽ മരുന്നുമായെത്തും. നിങ്ങൾക്ക് യാത്രചെയ്യാൻ ഞങ്ങൾ നല്ല പാലങ്ങളും റോഡുകളും നിർമ്മിച്ചുതരും. നിങ്ങൾക്ക് കുടിവെള്ളത്തിന് ക്ഷാമമുണ്ടാകില്ല. ചുരുക്കിപ്പറഞ്ഞാൽ, ജനങ്ങളുടെ ക്ഷേമം എന്നാണ് ഉറപ്പ് എന്ന പദത്തിന്റെ പുതിയ നിർവചനം. അതു നമുക്ക് നൽകിയത് പിണറായി വിജയനാണ്. സമൂഹത്തിൽ വരാൻ പോകുന്ന വലിയ പരിവർത്തനങ്ങൾ ഭാഷയാണ് ആദ്യം വിളംബരം ചെയ്യുക. ഉറപ്പ് എന്ന വാക്കിനുണ്ടായ ജനിതകപരിവർത്തനം അതാണ് സൂചിപ്പിക്കുന്നത്.

തുടർഭരണം ഉറപ്പാണ് എന്നുപറഞ്ഞപ്പോൾ പലരും പരിഹസിച്ചു. തോൽവി തീർച്ചയാണ് എന്ന മട്ടിൽ അതിനെ ദുർവ്യാഖ്യാനം ചെയ്തവരുമുണ്ടായിരുന്നു. പ്രീപോൾ സർവേകളും എക്സിറ്റ്പോളുകളും ഇടതുപക്ഷമുന്നണിയുടെ വിജയം പ്രവചിച്ചപ്പോൾ അതിനെ പരിഹസിച്ചു തള്ളിയവരുമുണ്ടായിരുന്നു.

ഈ വിജയത്തിന്റെ ശിൽപി പിണറായി വിജയനാണെന്ന് അസന്ദിഗ്ദ്ധമായി പറയാൻ കഴിയും. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വ്യക്തിപ്രഭാവത്തിന് സ്ഥാനമില്ലായിരിക്കാം. എങ്കിലും പറയാതെ വയ്യ. ഈ വിജയം നാടിന് നൽകിയത് അദ്ദേഹം തന്നെയാണ്. അദ്ദേഹം സർക്കാരിന്റെ തലപ്പത്ത് ഇല്ലായിരുന്നുവെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തിരഞ്ഞെടുപ്പിൽ ഇങ്ങനെയൊരു മിന്നും പ്രകടനം കാഴ്ചവയ്ക്കുവാൻ ഒരിക്കലും കഴിയുമായിരുന്നില്ല.

പാർട്ടി എന്നത് ഒരു ആശയമാണ്. നമുക്കാർക്കും എത്ര ശ്രമിച്ചാലും കണ്ണുകൊണ്ട് ഒരാശയത്തെ ഒട്ടും കാണാൻ കഴി




യുകയില്ല. നമ്മുടെ കൺവെട്ടത്തിൽ പാർട്ടി തെളിഞ്ഞുവരുന്നത് അതിന്റെ നേതാക്കളുടെ രൂപത്തിലാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൂട്ടമായി പോളിംഗ് ബൂത്തുകളിലേക്ക് പോയ സമ്മതിദായകർ പാർട്ടിയെ കണ്ടത് പിണറായി വിജയന്റെ രൂപത്തിലായിരുന്നു. തിരഞ്ഞെടുപ്പ് ബൂത്തിൽ പോകുന്ന പ്രബുദ്ധരായ ഓരോ വോട്ടറുടെയും മനസ്സിലുണ്ടായിരുന്നത് സ.വിജയനായിരുന്നു. അങ്ങനെ പാർട്ടിയും നേതാവും ഒന്നുതന്നെയായി. അദ്ദേഹത്തിന് പൂർണ പിന്തുണ നൽകുവാൻ ശൈലജ ടീച്ചറെപ്പോലെ ജനസേവനത്തിനായി ആത്മാർപ്പണം ചെയ്ത പ്രഗത്ഭരായ മന്ത്രിമാരുമുണ്ടായിരുന്നു. ഇത്തരം തലയെടുപ്പും ഔന്നത്യവുമുള്ള നേതാക്കൾ ഒത്തുചേരുന്നത് അപൂർവമാണ്. അതു പിണറായി വിജയന് കർമ്മമണ്ഡലത്തിൽ കൂടുതൽ ഊർജ്ജം പകർന്നു നൽകി.

കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി ഞാൻ പിണറായി വിജയനെ അടുത്തും അകന്നും പിന്തുടരുകയായിരുന്നു. അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തിയും ശ്രദ്ധിച്ചുപോന്നിരുന്നു. ഇത് ആരാധനയല്ല. ഞാൻ ഒരു പാർട്ടി നേതാവിനെയും ആരാധിക്കുന്നില്ല. ഭക്തിയും ആരാധനയും ഞാൻ ഈശ്വരന്മാർക്കു വേണ്ടി മാറ്റിവെച്ചിരിക്കുകയാണ്.

പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുജനാധിപത്യമുന്നണി ചരിത്രവിജയം നേടിയ ഈയവസരത്തിൽ ഞാനൊന്ന് തിരിഞ്ഞുനോക്കുകയാണ്.

ആദ്യം ഒരു എഴുത്തുകാരന്റെ കണ്ണിലൂടെയാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ബാല്യവും കൗമാരവും. താഴേക്കിടയിൽ നിന്നാണ് പിണറായി വിജയൻ ഉയർന്ന് ആഗോളതലത്തിൽ അറിയപ്പെടുന്ന ഒരു നേതാവായി മാറിയിരിക്കുന്നത്. പഴയകാലത്ത് സായുധവിപ്ലവങ്ങൾ നടത്തിക്കൊണ്ടാണ് കമ്മ്യൂണിസ്റ്റപാർട്ടിയിൽ വലിയ ലോകനേതാക്കൾ ഉണ്ടായത്. ഫിദൽ കാസ്ട്രോ അങ്ങനെയാണ് നേതാവായത്. ഇനിയുള്ള കാലത്ത് കമ്മ്യൂണിസ്റ്റപാർട്ടി ഒരിടത്തും സായുധവിപ്ലവം നടത്തുകയില്ല. അതും കാലഹരണപ്പെട്ടു പോയി. മാത്രമല്ല, അത്തരം പ്രവർത്തനങ്ങൾക്ക് പാർട്ടിയിപ്പോൾ എതിരുമാണ്. അങ്ങനെയെങ്കിൽ ഇനി കമ്മ്യൂണിസ്റ്റപാർട്ടിക്ക് ലോകനേതാക്കൾ ഉണ്ടാകുകയില്ലേ?

നമുക്കറിയാം, റഷ്യയിലോ ക്യൂബയിലോ നടന്നതുപോലുള്ള വിപ്ലവങ്ങൾ നമ്മുടെ രാജ്യത്ത് നടന്നിരുന്നില്ല എന്ന്. ഇനി നടക്കാൻ പോകുന്നുമില്ല. ഒരുപക്ഷേ, അതുകൊണ്ടായിരിക്കാം ഇ.എം.എസ് ഒഴികെ ഗതകാല കേരളത്തിൽ ഒരു ആഗോള കമ്മ്യൂണിസ്റ്റ് നേതാവ് ഉണ്ടാകാതിരുന്നത്. ഇനിയിപ്പോൾ അങ്ങനെയൊരു പരാതിക്ക് പ്രസക്തിയില്ല. നേതാവ് എന്ന വാക്കിന്റെ വിവക്ഷകളും നേതാവിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും മാറിയല്ലോ. ഇനി വിപ്ലവവും ഒളിയുദ്ധങ്ങളും വേണ്ട, നേതാവാകുവാൻ.

നമുക്ക് വലിയ പാർട്ടി നേതാക്കൾ ഉണ്ടായിരുന്നു. ആഗോള നേതാക്കളല്ലെങ്കിലും അവർ നമ്മുടെ സ്വന്തം നേതാക്കളായിരുന്നു. ലക്ഷക്കണക്കിന് മലയാളികൾ അവരെ നെഞ്ചിലേറ്റി നടന്നിരുന്നു. പോലീസിന്റെ തോക്കുകൾക്ക് മുമ്പിൽ നെഞ്ചുവിരിച്ചുകാട്ടിയും വലിയ ജനമുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയും കോരിത്തരിപ്പിക്കുന്ന പ്രസംഗങ്ങൾ ചെയ്ത് അണികളെ ആവേശംകൊള്ളിച്ചും ആയിരുന്നു അവർ നമ്മുടെ പ്രിയങ്കരരായ നേതാക്കളായത്.

മുകളിൽ സൂചിപ്പിച്ചതുപോലെ, ഇനിയുള്ള കാലത്ത് ആരും അങ്ങനെ നേതാവാകുകയില്ലെന്നാണ് എന്റെ വിശ്വാസം. ലോകം മാറുന്നതോടെ നേതാവിനെക്കുറിച്ചുള്ള സങ്കല്പവും മാറുകയാണ്. പുതിയ കാലത്തെ നേതാവ് മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിച്ച് ജാഥ നയിക്കുന്ന ആളായിരിക്കില്ല. വാഗ്ധോരണികൾകൊണ്ട് അണികളെ കോരിത്തരിപ്പിക്കുന്ന ആളുമായിരിക്കില്ല.

പുതിയകാലത്തെ നേതാവ് കാലോചിതമായി സ്വയം നവീകരിക്കുന്ന ആളായിരിക്കും. നാടിന്റെ വളർച്ചയ്ക്ക് ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ആളായിരിക്കും. ജനങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കാൻ ശ്രമിക്കുന്ന ആളായിരിക്കും. പ്രളയങ്ങളും മഹാമാരികളും പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്ന ആളായിരിക്കും. പ്രകൃതി സംരക്ഷണത്തിനുവേണ്ടി പ്രയത്നിക്കുന്ന ആളായിരിക്കും. തന്റെ മുന്നിൽ തിക്കിത്തിരക്കി നിൽക്കുന്ന ചാനൽ ക്യാമറകളുടെ മുമ്പിൽ നിന്നുകൊണ്ട് വീരവാദം പറയുന്ന ആളായിരിക്കില്ല പുതിയ നേതാവ്.

ഒരു ആധുനിക നേതാവിന് ആവശ്യമായ ഗുണങ്ങൾ പിണറായി വിജയനിൽ സമന്വയിക്കുന്നതായി നമുക്ക് കാണാം.

വളരെ മുമ്പുതന്നെ അദ്ദേഹത്തിന്റെ രാഷ്ട്രീയ സങ്കൽപ്പങ്ങളും

**ഈ വിജയത്തിന്റെ ശിൽപി പിണറായി വിജയനാണെന്ന് അസന്ദിഗ്ധമായി പറയാൻ കഴിയും. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വ്യക്തിപ്രഭാവത്തിന് സ്ഥാനമില്ലായിരിക്കാം. എങ്കിലും പറയാതെ വയ്യ. ഈ വിജയം നാടിന് നൽകിയത് അദ്ദേഹം തന്നെയാണ്. അദ്ദേഹം സർക്കാരിന്റെ തലപ്പത്ത് ഇല്ലായിരുന്നുവെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തിരഞ്ഞെടുപ്പിൽ ഇങ്ങനെയൊരു മിന്നും പ്രകടനം കാഴ്ചവയ്ക്കുവാൻ ഒരിക്കലും കഴിയുമായിരുന്നില്ല.**





ഇച്ഛാശക്തിയും നിർഭയത്വവും ജനങ്ങൾ തിരിച്ചറിഞ്ഞിരുന്നു. അവരിൽ ഒരാളാകുവാൻ എനിക്കു കഴിഞ്ഞിരുന്നുവെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് രണ്ടുപതിറ്റാണ്ടുകൾക്ക് മുമ്പ് ദുബായിലെ മീഡിയ സെന്ററിൽ വച്ച് ഒരു മാധ്യമസുഹൃത്ത് കേരളത്തിലെ ഭാവി മുഖ്യമന്ത്രി ആരായിരിക്കണമെന്ന് ചോദിച്ചപ്പോൾ, അതു പിണറായി വിജയനായിരിക്കണം എന്ന് ഞാൻ നിസ്സംശയം മറുപടി പറഞ്ഞത്. അതിന്റെ പേരിൽ എനിക്ക് ഒരുപാട് പഴികേൾക്കേണ്ടി വന്നിരുന്നു.

എന്റെ അറിവിൽ പിണറായി വിജയനെപ്പോലെ എതിർപ്പുകൾ നേരിടേണ്ടി വന്ന മറ്റൊരു നേതാവ് കേരളത്തിലുണ്ടായിട്ടില്ല. മാധ്യമങ്ങളും ബുദ്ധിജീവികളും സാംസ്കാരികനായകന്മാരുമൊക്കെ അദ്ദേഹത്തെ സംഘടിതമായി ആക്രമിച്ചുകൊണ്ടിരുന്നു. ചില എഴുത്തുകാർ അസ്പൃശ്യനെന്നപോലെ അദ്ദേഹവുമായി അകൽച്ച പാലിച്ചു. മനോബലം കൊണ്ടും നിശ്ചയദാർഢ്യംകൊണ്ടും തന്റെ വഴി ശരിയാണെന്നുള്ള പൂർണബോധ്യം കൊണ്ടും അദ്ദേഹം എതിർപ്പുകളെ മുഴുവൻ അതിജീവിച്ചു. ആ കാലത്ത് ഏറ്റവും ഏകാകിയായ നേതാവായിരുന്നു പിണറായി വിജയൻ.

ഇപ്പോൾ കാലം മാറി. ഒരുവട്ടം അദ്ദേഹം മുഖ്യമന്ത്രിയായി. രണ്ടാം വട്ടം അനായാസമായി ജയിച്ചുകയറി. ഇന്ന് അദ്ദേഹം ഏകാകിയല്ല. പ്രബുദ്ധരായ കേരളീയജനത മുഴുവൻ അദ്ദേഹത്തിന്റെ കൂടെയുണ്ട്. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞിരിക്കുന്നു. ഭൂരിഭാഗം എഴുത്തുകാരും അദ്ദേഹത്തോടൊപ്പമാണിന്ന്. എഴുത്തുകാർ അദ്ദേഹത്തിന്റെ കൂടെനിന്നുകൊണ്ട് സാംസ്കാരികപ്രതിരോധം തീർക്കുന്നു. അദ്ദേഹത്തെ ബലപ്പെടുത്തുന്നു.

ജീർണത ബാധിച്ച കേരള രാഷ്ട്രീയത്തെ നവീകരിച്ചു വീണ്ടെടുത്ത ഈ ശ്രേഷ്ഠനേതാവിന് അഭിവാദ്യങ്ങൾ.

**(കടപ്പാട്: പ്രഭാതരശ്മി മാസിക)**



പുതിയകാലത്തെ നേതാവ് കാലോചിതമായി സ്വയം നവീകരിക്കുന്ന ആളായിരിക്കും. നാടിന്റെ വളർച്ചയ്ക്ക് ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ആളായിരിക്കും. ജനങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കാൻ ശ്രമിക്കുന്ന ആളായിരിക്കും. പ്രളയങ്ങളും മഹാമാരികളും പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്ന ആളായിരിക്കും. പ്രകൃതി സംരക്ഷണത്തിനുവേണ്ടി പ്രയത്നിക്കുന്ന ആളായിരിക്കും. തന്റെ മുന്നിൽ തിക്കിത്തിരക്കി നിൽക്കുന്ന ചാനൽ ക്യാമറകളുടെ മുമ്പിൽ നിന്നുകൊണ്ട് വീരവാദം പറയുന്ന ആളായിരിക്കില്ല പുതിയ നേതാവ്.





# How the Left Front bucked a decades-old trend in Kerala

### *Welfare measures, the Pinarayi factor and good governance helped the LDF overcome allegations of corruption*

*Sandeep Shastri, K.M. Sajad Ibrahim*
*Vibha Attrir, Girish Kumar*

For almost four decades, power in Kerala has alternated between the Communist Party of India (Marxist)-led Left Democratic Front (LDF) and the Congress-led United Democratic Front (UDF). If this practice had continued, the UDF should have been voted to power in the just-concluded elections. But the voters gave a clear mandate for a second term to the LDF. For the LDF this was a key success in the wider context of national politics in general and the future of the Left parties in particular. For the UDF, this election has given it a second term in the Opposition and has proven to be a setback for the Congress, which was hoping to find a pathway for national recovery. The Bharatiya Janata Party (BJP)-led was hoping to emerge as an important third force, but it was left without a representative in the newly elected Assembly.

The LDF won a decisive mandate, clinching 99 seats and surpassing its tally in the previous House. It also saw an increase in its vote share compared to five years ago. The UDF won only 41 seats

Table 1: Performance of various alliances/ parties

| Party/ Coalition | 2021 Assembly elections | | 2016 Assembly elections | |
|---|---|---|---|---|
| | Seats won | Vote share (%) | Seats won | Vote share (%) |
| UDF | 41 | 39.41 | 47 | 38.60 |
| LDF | 99 | 45.28 | 92 | 42.58 |
| NDA | - | 12.40 | 1 | 14.62 |
| Others | - | 2.91 | - | 4.2 |

(a decline of six seats) but managed to retain more or less the same vote share that it had secured in the last Assembly elections (Table 1). The BJP-led alliance lost the one seat it had and only saw a marginal increase in its vote share. While the BJP's vote share rose marginally, the vote share of its alliance partner, the Bharath Dharma Jana Sena, fell by 2.8%

## A second chance

In the Lokniti-CSDS post-poll survey, when asked whether the LDF should get another term, 51% of the respondents categorically stated that it should, 27% were of the view that it should not, and 22% did not respond to the question. Five years ago, the Lokniti-CSDS post-poll survey showed that 49% did not favour a second term for the incumbent UDF government and only 42% supported a second term for the sitting UDF.

The post-poll data clearly indicate that the second term for the LDF was a by-product of the public perception that the Chief Minister and the government had done a reasonably good job. Three-fourths of the respondents (73%) expressed satisfaction with the work done by the government. This was much higher than the satisfaction levels with the UDF government five years ago (59%). The net satisfaction (those fully satisfied minus those fully dissatisfied) with the LDF government was 23% as opposed to -6% in the case of the UDF government in 2016 (Table 2).

***The post-poll data clearly indicate that the second term for the LDF was a by-product of the public perception that the Chief Minister and the government had done a reasonably good job. Three-fourths of the respondents (73%) expressed satisfaction with the work done by the government. This was much higher than the satisfaction levels with the UDF government five years ago (59%).***

Table 2: Performance of the State government

| Satisfaction with the work done by the: | Fully satisf ed | Somewhat satisf ed | Somewhat dissatisf ed | Fully dissat-isf ed |
|---|---|---|---|---|
| Present LDF government | 38 | 35 | 8 | 15 |
| Previous UDF government | 22 | 37 | 10 | 28 |

Note: Figures are percentages; the rest of the respondents did not answer the question | Source: Lokniti-CSDS post-poll surveys in Kerala during the 2021 and 2016 Assembly elections

In a separate question, voters were asked to compare the present LDF government with the previous UDF government. Close to half the respondents (45%) rated the LDF government better, whereas only three of every 10 respondents (28%) rated the UDF government as better. Two of every 10 felt that both were equally good or bad (Table 3).

The data further reveal that the respondents rated the LDF government high on most

Table 3: Advantage LDF

| Which government is better? | (%) |
|---|---|
| Present LDF government | 45 |
| Previous UDF government | 28 |
| Both are equally good | 10 |
| Both are equally bad | 9 |

Note: Figures are percentages; the rest of the respondents did not answer the question Source: Lokniti-CSDS post-poll survey in Kerala during the 2021 Assembly elections

Table 4: Work done by Pinarayi government

| Assessment of the work done by the Pinarayi government | Improved | Deteriorated | Remained the same | No Response |
|---|---|---|---|---|
| Medical facilities in government hospitals | 73 | 17 | 5 | 5 |
| Condition of government schools | 72 | 17 | 4 | 7 |
| Condition of roads | 66 | 22 | 8 | 3 |
| Supply of electricity | 65 | 27 | 5 | 3 |
| Supply of drinking water | 52 | 32 | 10 | 7 |
| Public bus/public transportation services | 51 | 32 | 11 | 6 |
| Law and order situation | 39 | 36 | 19 | 6 |
| Condition of farmers | 30 | 29 | 29 | 12 |
| Job opportunities | 29 | 33 | 29 | 9 |
| Condition of the fishing community | 25 | 28 | 25 | 22 |

Note: Figures are percentages and may not total 100 due to rounding | Source: Lokniti-CSDS post-poll survey in Kerala during the 2021 Assembly elections

parameters (Table 4).

## *Pinarayi's popularity*

In his five-year tenure, Chief Minister Pinarayi Vijayan had to face two floods as well as the Nipah outbreak and the COVID-19 pandemic. The welfare schemes launched by his government to give relief to the people during the national lockdown also appeared to bring the ruling alliance closer to the people. All but 6% of the respondents claimed to have benefited from the free food kits distributed by the government.

Due to his government's work, Mr. Vijayan remained extremely popular and he was the preferred chief ministerial choice for 36% of the respondents. Former Chief Minister Oommen Chandy secured a distant second place with the support of 18%. No other leader in the State was able to secure even 5% of the total support for the chief ministerial candidate. State Health Minister K.K. Shailaja was placed third, with 3% supporting her. The Opposition leader, Ramesh Chennithala, was the choice for 3% of the respondents. The BJP's move of roping in E. Sreedharan, the 'Metro man', did not work well; he was a choice for only 2% of the voters.

The Opposition parties had mounted an attack on the CPI(M)-led Left government for the various scams that had taken place during its time in power. However, there is little evidence of any negative impact of these scams on voting preferences. People's awareness about these scams seemed to be low. Given the literacy rates in Kerala and the high level of public awareness in general, the fact that a huge proportion of voters had either not heard of the scams or did not know whether the accusations were correct or not (41%-51%) is indicative of the limited impact of these accusations (Table 5).




The data show that the Left was the preferred vote choice for many of these voters as well. The scams failed to negatively impact the LDF and the people focused more on welfare schemes such as free food kits and other measures. Corruption and scams was an election issue for a mere 2% of the voters

## *Party or candidate?*

Given the traditional rivalry between the LDF and UDF and the entry of the BJP as a third force, it was interesting to observe whether the party or candidate was more critical in defining electoral choice. Six of every 10 respondents (61%) said that they voted on the basis of party, while three in every 10 (29%) said they voted on the basis of the candidate.

Mr. Vijayan was seen asking people to vote for the Left in the name of development. When people were asked what was the main voting issue in these elections, development




Table 5: Scams

| Corruption and impropriety accusations | Genuine | False | Not sure/Not heard of this/No response |
|---|---|---|---|
| Charges against KIIFB of cials of violating the Foreign Exchange Act | 28 | 22 | 50 |
| Charges against Pinarayi in the gold smuggling-foreign currency case | 32 | 27 | 41 |
| Charges against LDF ministers in the gold smuggling-foreign currency case | 34 | 24 | 43 |
| Charges of kickbacks to employees of the LIFE Mission housing scheme | 32 | 21 | 47 |
| Charges of compromising COVID-19 patient's privacy in deal with U.S. frm Sprinklr | 30 | 20 | 50 |
| Charges of non-transparency in the deep sea f shing deal with a U.S. frm | 29 | 20 | 51 |

Note: Figures are percentages and may not total 100 due to rounding. | Source: Lokniti-CSDS Post Poll Survey in Kerala during the 2021 assembly elections

emerged as the biggest issue. Development was also the biggest issue in 2016, with a much larger proportion of voters saying it was an issue for them back then (17%). Though the BJP tried hard, it failed to capitalise on the Sabarimala issue; this was a crucial factor for a mere 1% of the people. Surprisingly, close to seven of every 10 voters did not respond to the question on what constituted the biggest issue for them.

The Left also had an edge among first-time voters and the poor. In fact, the biggest issue reported by the first-time voters was not development but the government's performance in the State. On the caste front, though the LDF lost some of its Nair votes (as compared to 2016), possibly due to how the government handled the Sabarimala issue, it gained votes in the Ezhava community (53% of their vote). The election saw an increase in support for the LDF among both Muslims and Christians.

In terms of reaching out to people during the election campaign, the data show that six in every 10 voters reported being approached by all the three alliances, which is a clear testimony that all the parties were making sure that no stone was left unturned in terms of campaigning and visibility. However, among those who were approached by all the three alliances, the LDF clearly had an advantage as 44% voted for the party, 37% voted for the UDF and 16% for the National Democratic Alliance.

The LDF's victory is a strong endorsement of the performance of its government and leadership. The UDF was not able to present a chief ministerial face and the BJP failed to move beyond the margins in what continues to be an intense two alliance competition.

(Courtesy: The Hindu)



# Election Battle or Channel Battle

Election is always a battle. Battle of words, battle of ideas, battle of ideologies, battle of political programmes, battle of manifestos, battle of voting etc. So there is nothing wrong in calling it a battle. Hence certain news channels were reporting under the tagline 'Election Battle'. But when we watch the ways by which the news channels were reporting, we are forced to doubt whether it was an election battle or television channel battle.

The recently concluded Assembly elections in Kerala witnessed a vociferous reportage not only by the print media but by the visual and the social media also. As visual media seems to be playing an ever more vital role in our day-today life, people are more inclined to watch various television news channels to have a detailed account of the daily happenings related to election campaign. Now a days television has become the easiest source of accessible media in the country. Parallel to this, the television viewership has also increased to a great extent. According to a study conducted by Business Application Research Centre (BARC), TV owning households in India grew to 210 million by the end of 2020 and the number of TV-viewing individuals also witnessed an increase. It reached 892 million during this period. It is expected that by 2023, the number of television households will be 300 million. Proportionately Kerala is also having high density of television viewers. Television ownership as per 2011 census is 76.80%. And this accounts for 5th rank in the country, the first being Delhi. As of now, this figure must have gone to a higher level. Some are of the opinion that even those addicted to newspaper reading are now resorting to television news channels to get updates of various events. As the news channels are capable of catering to the news related needs, more people are inclined to watch TV. Since the election campaign and the counting of votes took place amidst the complexities related to the Covid-19 pandemic, majority of the people were destined to remain in their households. This proved to be a blessing for the news channels to bring more audience to the TV programmes.

We all very well know that Kerala is a highly politicised society. Those who are not directly affiliated to any political parties also take keen interest during election times. Almost all the political parties, rather political fronts, put forth manifesto, in which a lot of

promises are made to uplift the society. And concerning these promises a lot of dialogues, discussions and debates would be taking place. Every day, some times, every hour, there can be many changes, twists and turns, many confusions and controversies related to these promises. So, within a day itself there can be many ups and downs. This tends everybody to sit in front of the TV news channels for hours Now a days the Malayalees are so tied up with the television programmes, nobody can even think of a life sans television. From breath to dreams our life is intertwined with the spectacles on TV. The food, dress, ideas, response to social issues etc are seemed to be determined by television. The whole of our actions and reactions are regulated, rather conditioned by television. In short, we are not simply watching television. Instead we are living inside the television.

Now coming to our present assembly elections, days before the declaration of the election dates, all media, especially the visual media started their news coverage.The channel began to telecast curtain raisers in varius formats. The history of former elections, the winners and losers there, statistics related to seats and votes, the ruling front and the opposition etc. were brought to the attention of the TV viewers. To make these details more convincing, graphics was also used to a great extent. Political speeches by various leaders, controversial statements by them, allegations and attributions on multifarious issues, comments and discussions on them in different formats etc were there in plenty on TV channels. In every news bulletin, the different TV channels were very particular to see that some kind of novelty is shown. The news items and reports were of usual happenings. But to make it more attractive, a lot of gimmicks were made use of. For example, Asianet news channel sent two of its reporters riding on bicycles, wearing shorts and T shirts to the field. Automatically a cameraman also will be following them. Seeing reporters on bicycle was a new experience to the reporters as well as to the general public. Even if on cycles, was it necessary for them to wear shorts like small kids, is another thing to ponder over.

If one channel brings in an experiment, then the others also will be tempted to go for some innovation. Immediately, after the ‘bicycle reporters’, the audience could watch some lady scribes on two-wheelers on Mathrubhoomi news channel. The difference was only related to their speedy journey. The dissemination of information in both these experiments was more or less the same.

Then to excel this, 24 News Channel sent a reporter (and that was a familiar anchor himself) riding on a horse. A reporter going over a horse to see voters and leaders along with candidates seemed to be something unimaginable in the history of journalistic reporting, atleast in Kerala. But using horses for reporting is a new genre. In globalised media a new genre of journalism namely “Horse race Journalism” has been formed. It has been classified as a political journalism of elections. Now here, the 24 News Channel has introduced reporting on horseback. Horseback reporting had nothing more to say. Nothing except the visual impact and the curiosity it instilled, could be witnessed as far as the content of reporting is concerned.



***K.V. Sudhakaran***

scan the QR Code
to read
K.V. Sudhakaran's
article

***The news presenters appeared to be good actors also. Most of them could display their histrionic talents too. To add colour to the studio-ambience, Augmented Reality, Virtual Reality, 12 K vistara techniques etc were also made use of.***

Finally, 24 News Channel came in with a more spectacular way of reporting. The channel head himself travelled in a helicopter to various assembly segments to see voters and candidates. Here also, the questions asked, news stories delivered etc were of the same nature. Only exception was that it proved to be an unforeseen and startling visual reporting to the audience. Quite naturally, it should have carried the audience away to a great extent. But does this make any serious contribution to journalistic content, is something debatable.

Reporting using drones and helicopters is not a novel thing in the history of journalism.

Earlier this drone journalism or helicopter journalism was used to report from slums, forest or deserts where the other forms of travel seems to be difficult, rather risky. During certain plane crashes certain media channels like BBC have resorted to the helicopter reporting. This simply means that this type of reporting only adds to the colour and flavour of the event. It just attracts or capture the audience.

This is something invariably related to the rating of the channels. Channels are always at loggerheads regarding their TAM rating. It is pointed out that the perpetual rating battle between newsrooms prompts them to use every tool at their disposal. Choppers are an appealing resource and the quickest way to get to a news scene, but they should be used sparingly.

But here the 24 News Channel made use of this chopper not out of any exigency. It was simply to beguile the audience. This channel conducted this chopper journey just two or three days before the voting took place. So it proved to be impossible for any other channel to surpass the 24 News Channel. To do something to beat the horseback journalism also was beyond imagination as far as the other news channels are concerned.

So, in these two respects, this channel could outshine the others. But the question is, content wise, what extra contribution has been there on the part of this channel. The people met, the questions posed and the answers they got etc were all the same. That means, in form and display, there were a lot to enjoy. But content-wise, there was nothing grave.

This type of astounding news coverage was used by various channels during the election times. The augmented reality (AR) and Virtual reality (VR) presentation was first used by the 24 News Channel in the studio where the news was broadcast. After this, to compete with 24 News Channel, the others also began to emulate. Various channels have already utilised this technique in their morning time news-presentation also. The AR incorporates a combination of real and virtual world, real-time interaction and accurate 3D registration of virtual and real objects.

Virtual Reality (VR) creates a simulated artificial environment in which the user is able to have a realistic-feeling experience. Whereas virtual reality replaces what people see and experience, augmented reality actually adds to it.

The reporters and candidates from various parts of the country were brought to the news studio and they interacted with the news presenter as if they were on the same ground. This proved to be a novel as well as attractive experience to the audience; especially to younger generation. That is why, the 24 News Channel particularly commented on their viewership related to youth, while talking about the TAM rating.

Then there were a lot of pre-poll surveys. But none of the poll surveys conducted by various channels proved to be foolproof. It need not be cent percent correct. But no survey could prophesy a thumping victory for LDF. The Axis My India survey made an unbelievable projection of seats for LDF. Their exit poll survey said that the LDF might get 104-120 seats. Since LDF could win 99 seats, in a sense, this survey can be



treated more factual. And on the 2nd of May, the day when counting of votes took place, the Mathrubhoomi channel which associated with the Axis My India survey, came with the claim that their survey was almost correct. The common aspect is that all the surveys, whether it is pre-poll or exit-poll or post-poll, showed that LDF would be re-elected to power. Manorama news-VMR survey, while attributing a slight victory to LDF, (77-82 seats) projected the score of NDA as 0 to 3 seats. 0 to 1 seat was given to others also. Most probably it might be about the victory of Janapaksham candidate P.C.George in Poonjar. But now we know that P.C.George met with a desperate mandate. This survey professed that the ruling LDF would be, meeting with a setback in Idukki and Thrissur districts, which was totally disproved by the election result. Almost same was the fate of prophesy in Palakkad District.

Asianet-C-Fore survey predicted that the comeback for LDF Government would be with a comfortable margin (82-91) seates) and UDF would get 46- 54 seats. This may seem to be somewhat factual. But attribution of three to seven seats to NDA proved to be totally illogical.



In the surveys conducted by CNN-News 18 and NDTV also, LDF returning to power was predicted. But CNN-News 18 gave one to five and NDTV two seats to NDA which proved to be incorrect.

But all the surveys can boast of their prediction related to the second coming of the LDF government. And in the case of the preference given to Pinarayi Vijayan as the next incumbent Chief Minister also seemed to be in tune with the election mandate

Now coming to the last phase of the election reporting, that is on the counting day also, various channels tried to resort to all kinds of techniques to make the audience cling to their channels. The counting started at 8 am on the 2nd of May. Notwithstanding this, they started live-reporing at 5 am. And during the three hours from 5 to 8 am, they were repeating, replaying, rehashing and reiterating the history related to votes, losers and winners etc. during the previous elections. No doubt, as a result of this, a great many historical materials were brought to the memory of the viewers. But from 5 to 8 am, how many could watch this is another question. Certainly the candidates, party workers and those who were associated with the electioneering might have watched all this. But such a keen interest might not be shown by the ordinary people. Then again the channels were very particular to see that live-telecast started during such early hours.

Once the result began to be declared, every channel seemed crazy to announce the latest updates. So, most of them were not ready to listen to the official result by the election commission. They stuck to their reporters at the counting centres for the 'breakings.' Channel like 24 news was not even bothered about the commercial breaks also. After three or four hours of counting, it appeared to be very clear about who would come off with flying colours. But even then the news-presenters on various channels were announcing each breaking vociferously.

Earlier, whatever be the nature or tone of news, the news-presenter used to render news items steadily watching the teleprompter. But here such practices become outdated. The news presenters appeared to be good actors also. Most of them could display their histrionic talents too. To add colour to the studio ambience, Augmented Reality, Virtual Reality, 12 K vistara techniques etc were also made use of.


All these are the facts. And no doubt, we cannot do away with all these marvellous presentations, since the current trends demand such things. At the same time, reporting and journalism have to be made more serious in content. So reimagining and re-defining the contours of journalism, especially that of the news channels appear to be a topic of debate and discussion.

Ref:
ടെലിവിഷൻ ചരിത്രം:
Dr. T.K. Santhosh Kumar
ടെലിവിഷൻ പഠനങ്ങൾ:
സി.എസ്. വെങ്കിടേശ്വരൻ
Global media :
The Corporate Missionaries of Captitalism
Effects of Television and the Viewers :
Amal Dutta
Enter the world of Mass Media : Barun Roy
www.jdlasica.com.
www.doi.org.
www.statisa.com
www.seatleimers.com
www.whatabouttheyknow.com
www.scidev.net.

(സംസ്ഥാന വിവരാവകാശ
കമ്മീഷണറാണ് ലേഖകൻ)



1957 മുതൽക്കുള്ള തിരഞ്ഞെടുപ്പുകളിൽ ഒരിക്കൽപ്പോലും വലിയ സർക്കുലേഷനുള്ള പത്രങ്ങൾ (പാർട്ടി പത്രങ്ങൾ ഒഴികെ) ഒന്നുപോലും കമ്മ്യൂണിസ്റ്റ് പാർട്ടികളെയോ അവരുൾപ്പെട്ട ഇടതുപക്ഷ പ്രസ്ഥാനത്തെയോ സംസ്ഥാനത്ത് അധികാരത്തിൽ വരാൻ സഹായിച്ചിട്ടില്ല. എന്നിട്ടും എത്രയോ തവണ ഇടതുപക്ഷം ഇവിടെ ഭരിച്ചു.



പി.വി.മുരുകൻ

പി വി മുരുകൻ എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

# മാധ്യമങ്ങൾ
# സ്വന്തം ശവക്കുഴി തോണ്ടുന്നു

അടുത്തിടെ ഒരു ഓൺലൈൻ ചാനലിന് നൽകിയ അഭിമുഖത്തിൽ പ്രശസ്ത മാധ്യമപ്രവർത്തകനും അധ്യാപകനുമായ ശശികുമാർ ഇങ്ങനെ പറഞ്ഞു:

"തിരഞ്ഞെടുപ്പ് ഫലങ്ങളിലൂടെ ജനം മാധ്യമങ്ങളെക്കൂടിയാണ് തള്ളിപ്പറയുന്നത്. അതായത്, നിങ്ങൾ ആ വ്യക്തിയെപ്പറ്റി പറഞ്ഞതല്ല വാസ്തവം. ഞങ്ങൾക്കറിയാം ഞങ്ങൾക്കെന്താ ലഭിച്ചത് എന്ന്. ഒരു പ്രതിസന്ധി വന്നപ്പോൾ, who gave us food? who gave us shelter? who gave us medical attention? എന്നൊക്കെ ഞങ്ങൾക്ക് വളരെ കൃത്യമായി അറിയാം.' മാധ്യമങ്ങൾ എന്തെങ്കിലും അടിച്ചേൽപ്പിച്ചാൽ അതിൽ വീഴാൻ ജനം തയ്യാറല്ല എന്നത് വ്യക്തമാണ്. മാധ്യമങ്ങൾ ഒപ്പം നിന്നാൽ തിരഞ്ഞെടുപ്പിൽ തോറ്റുപോകും എന്ന അവസ്ഥയുമുണ്ടിപ്പോൾ.... ചില മാധ്യമനിലപാടുകൾ കാണുമ്പോൾ, ചില മുൻവിധികളോടെ നാം പ്രവർത്തിക്കുമ്പോൾ ജനം അത് തിരിച്ചറിയും. ജനം വിഡ്ഢികളല്ലല്ലോ. തങ്ങളാണ് അവസാനവാക്ക് എന്ന് കരുതുന്ന ചില മാധ്യമങ്ങളാൽ മാധ്യമങ്ങൾക്ക് ഒട്ടാകെ ഒരു ചീത്തപ്പേര് വന്നുതുടങ്ങി എന്നതാണ് സത്യം"

കഴിഞ്ഞ കുറെക്കാലമായി മാധ്യമങ്ങളുടെ ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയും പല കാര്യങ്ങളും തുറന്നുപറയുകയും ചെയ്യുന്ന ആളാണല്ലോ ശശികുമാർ. അദ്ദേഹത്തിന്റെ നിഗമനങ്ങൾ പൂർണമായും ശരിയാണെന്ന് സ്ഥാപിക്കുന്ന ജനവിധിയാണ് കേരളത്തിൽ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിലും അതിനു തൊട്ടുമുമ്പ് നടന്ന തദ്ദേശ തിരഞ്ഞെടുപ്പിലും ഉണ്ടായത്.

മാധ്യമ അജൻഡകൾ കൂടുതൽ സൃഷ്ടിക്കപ്പെടുന്ന ഒരു നാടാണ് നമ്മുടേത്. മാധ്യമ സിൻഡിക്കേറ്റ് ഉണ്ടെന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റമാണ് പലപ്പോഴും മാധ്യമങ്ങളുടെ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും മാധ്യമപ്രവർത്തകരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. സ്വന്തം താല്പര്യം സംരക്ഷിക്കാൻ വിരുദ്ധ ധ്രുവങ്ങളിൽ നിൽക്കുന്ന മാധ്യമങ്ങളുടെ മാനേജ്മെന്റുകൾ പോലും ഒരുമിച്ചു കൈകോർക്കാറുണ്ട്. മാധ്യമപ്രവർത്തകരുടെ താല്പര്യം സംരക്ഷിക്കാൻ യൂണിയനുകളുടെ നേതൃത്വത്തിൽ ജീവനക്കാരും ഒത്തുചേരാറുണ്ട്. പക്ഷേ, അതൊന്നും അജൻഡ നിർമ്മാണത്തിന്റെ ഭാഗമല്ല. എന്നാൽ, രാഷ്ട്രീയ താത്പര്യങ്ങൾ ഉണ്ടാകുമ്പോൾ, അധികാരത്തിന്റെ അപ്പം വയ്ക്കുന്ന അവസരമുണ്ടാകുമ്പോൾ, കൃത്യമായ അജൻഡകൾ സൃഷ്ടിക്കപ്പെടുന്നത് കാണാം. ആ അവസരത്തിൽ മാധ്യമ മാനേജ്മെന്റുകളും മാധ്യമപ്രവർത്തകരും തങ്ങളുടെ വർഗശത്രുത മറന്ന് യോജിച്ച് പ്രവർത്തിക്കുന്നതും കണ്ടിട്ടുണ്ട്.

കേരളത്തിലെ പ്രമുഖ മാധ്യമങ്ങളുടെ ഗതകാല ചരിത്രമെടുത്തു പരിശോധിച്ചാൽ കാണാവുന്ന ഒരു കാര്യമുണ്ട്. 1957 മുതൽക്കുള്ള തിരഞ്ഞെടുപ്പുകളിൽ ഒരിക്കൽപ്പോലും വലിയ സർക്കുലേഷനുള്ള പത്രങ്ങൾ (പാർട്ടി പത്രങ്ങൾ ഒഴികെ) ഒന്നുപോലും കമ്മ്യൂണിസ്റ്റ് പാർട്ടികളെയോ അവരുൾപ്പെട്ട ഇടതുപക്ഷ പ്രസ്ഥാനത്തെയോ സംസ്ഥാനത്ത് അധികാരത്തിൽ വരാൻ സഹായിച്ചിട്ടില്ല. എന്നിട്ടും എത്രയോ തവണ ഇടതുപക്ഷം ഇവിടെ ഭരിച്ചു. 1970നുശേഷമുള്ള അരനൂറ്റാണ്ടിലെ ചരിത്രമെടു

ത്താൽ, അടിയന്തരാവസ്ഥയുടെ സാഹചര്യത്തിനുശേഷമുള്ള ഒരുതവണ മാത്രമാണ് ഐക്യജനാധിപത്യ മുന്നണിക്ക് ഇവിടെ ഭരണത്തുടർച്ച ഉണ്ടായിട്ടുള്ളത്. മാധ്യമ പരിലാളനയോ പിന്തുണയോ ഇല്ലാതെയാണ് ഇടതുപക്ഷം എന്നും അധികാരത്തിൽ വന്നിട്ടുള്ളത്. എന്നുതന്നെയല്ല, പലപ്പോഴും നല്ല താഡനമാണ് മാധ്യമങ്ങൾ ഇടതുപക്ഷ പ്രസ്ഥാനത്തിന് നൽകിയിട്ടുള്ളതും.

എന്നിട്ടും എന്തുകൊണ്ട് കേരളത്തിൽ ഇടതുപക്ഷ പാർട്ടികൾ പതിവായി അധികാരത്തിൽ വരുന്നു?

ഈ ചോദ്യം ഒരിക്കൽപ്പോലും അത്തരം മാധ്യമങ്ങൾ സ്വയം ചോദിച്ചിട്ടില്ല. തല്ലും തലോടലും പരിലാളനയും ഇല്ലാതെതന്നെ, മാധ്യമങ്ങളുടെ മൊത്തം എതിർപ്പിനെ മറികടന്ന് കേരളത്തിൽ ആദ്യമായി ഇടതുപക്ഷത്തിനു ഭരണത്തുടർച്ചയുണ്ടായ ഈ വേളയിലും അത്തരം മാധ്യമങ്ങൾ ഈ ചോദ്യം സ്വയം ചോദിക്കുമെന്ന് തോന്നുന്നില്ല.

കേരളത്തിലെ മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഇഷ്ടപ്പെട്ടതാണ് ഈ നാടൻ ശീലെന്ന് കരുതണം:

"കൊണ്ടെ നടത്തുന്നതും നീയേ ചാപ്പാ,
കൊണ്ടെക്കൊല്ലിക്കുന്നതും നീയേ ചാപ്പാ..'

വ്യക്തികളെയും പ്രസ്ഥാനങ്ങളെയും വളർത്താനും കൊല്ലാനുമുള്ള സിദ്ധികൾ മാധ്യമങ്ങൾക്കുണ്ട് എന്നൊരു ധാരണ അടുത്തിടെവരെ എങ്ങനെയോ ഇവിടെ പരന്നിരുന്നു. അതു തെറ്റാണെന്ന് അമ്പതു വർഷമായി തെളിഞ്ഞിട്ടും പാണന്മാർ ആ പാട്ടുതന്നെ പാടിനടക്കുന്നു. ഇതാദ്യമായി ആ പാണപ്പാട്ട് പൊളിഞ്ഞുവീണിരിക്കുന്നു.

ജനമനസ്സുകൾ അളക്കുന്ന യന്ത്രങ്ങൾ പത്രങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നും മാധ്യമങ്ങൾക്കുള്ള ആ കഴിവ് പൂർണമായും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, ആ യന്ത്രത്തെ സ്വയം തകർക്കേണ്ടിവന്നിരിക്കുന്നു ചില മാധ്യമങ്ങൾക്ക്.

ഒരുദാഹരണം കൊണ്ട് വിശദീകരിക്കാം. മലയാളത്തിലെ മുന്നിൽ നിൽക്കുന്ന ഒരു ടെലിവിഷൻ ചാനൽ, ഒന്നാം പിണറായി സർക്കാരിന്റെ നാലാംവർഷം പിന്നിട്ടവേളയിൽ ഒരു സർവേ നടത്തുകയുണ്ടായി. ഓഖിക്കും രണ്ടുപ്രളയങ്ങൾക്കും നിപ്പയ്ക്കുമെല്ലാം ശേഷമുള്ള സർക്കാരിനെ വിലയിരുത്തുന്ന സർവേ. ജനമനസ്സുകൾ അളക്കുന്ന ആ ചാനലിന്റെ യന്ത്രത്തിനു തുരുമ്പൊന്നും പിടിച്ചിട്ടില്ലെന്ന് ആ സർവേ വെളിവാക്കി. കേരളരാഷ്ട്രീയത്തിൽ പ്രമുഖ നേതാക്കൾക്കുള്ള സ്ഥാനമെന്ത് എന്ന് ആ സർവേ കാണിച്ചുതന്നു.

ആ സർവേ ഫലം വന്ന് അധികനാൾ പിന്നിട്ടില്ല. കേരളത്തിലെ വലതുപക്ഷ മാധ്യമ മനസ്സുകൾക്ക് തീപിടിച്ചു. പിന്നീട് കണ്ടതെന്താണ്? മരണവെപ്രാളങ്ങൾ, വിറളിപിടിപ്പുകൾ, ഇരിക്കപ്പൊറുതിയില്ലായ്മകൾ, സ്വയം കയറെടുത്തു കെട്ടിത്തൂങ്ങണമെന്ന വിചാരവിപ്ലവങ്ങൾ...

അതിന്റെ ഫലമെന്തായിരുന്നു? അടുത്ത ഒരു വർഷം മാധ്യമ അജൻഡകളുടെ മൂശകൾ ഒന്നിനുപുറകെ ഒന്നായി വെന്തുതുടങ്ങി. ഇനിയുള്ള ഒരു വർഷം മതി, ആ മൂശകളിൽ വാർത്തെടുക്കുന്ന പാത്രങ്ങളിൽ വച്ചു വേവിക്കുന്ന നുണകൾ വിളമ്പി ജനമനസ്സുകളെ അട്ടിമറിക്കാൻ കഴിയും എന്ന് ചില മാധ്യമങ്ങൾ ഉറച്ചുവിശ്വസിച്ചു.

അങ്ങനെയുള്ള എത്രയോ നുണകൾ വിളമ്പിയ ഒരു മുത്തശ്ശി ഭരണത്തുടർച്ചയുടെ രണ്ടാംനാൾ ഇപ്രകാരം ഉവാച: 'ആകാശം ഇടിഞ്ഞുവീണാലും ഒരുകൈകൊണ്ട് താങ്ങാൻ താനുണ്ട് എന്ന ആത്മധൈര്യമാണ് ദുരിതങ്ങളുടെ പരമ്പരക്കാലത്ത് അദ്ദേഹം (പിണറായി-ലേഖകൻ) കേരളത്തിലെ ജനങ്ങൾക്ക് നൽകിയത്. അതുല്യനായ സംഘാടകനും കാര്യശേഷിയുള്ള ഭരണാധികാരിയും എന്ന വിശേഷണത്തിൽനിന്ന്,





**മലയാളത്തിലെ മുന്നിൽ നിൽക്കുന്ന ഒരു ടെലിവിഷൻ ചാനൽ, ഒന്നാം പിണറായി സർക്കാരിന്റെ നാലാംവർഷം പിന്നിട്ടവേളയിൽ ഒരു സർവേ നടത്തുകയുണ്ടായി. ഓഖിക്കും രണ്ടുപ്രളയ ങ്ങൾക്കും നിപ്പയ്ക്കുമെല്ലാം ശേഷമുള്ള സർക്കാരിനെ വിലയിരുത്തുന്ന സർവേ. ജനമനസ്സുകൾ അളക്കുന്ന ആ ചാനലിന്റെ യന്ത്രത്തിനു തുരുമ്പൊന്നും പിടിച്ചിട്ടില്ലെന്ന് ആ സർവേ വെളിവാക്കി. കേ രളരാഷ്ട്രീയത്തിൽ പ്രമുഖ നേ താക്കൾക്കുള്ള സ്ഥാനമെന്ത് എന്ന് ആ സർവേ കാണിച്ചു തന്നു.**

കേരളത്തെ കാത്തുസംരക്ഷിക്കുന്ന കപ്പിത്താൻ എന്ന പരിവേഷത്തി ലേക്ക് ഇക്കഴിഞ്ഞ നാളുകളിൽ പിണറായി മാറി. ആ പകർന്നാട്ട ത്തിനു പകരം നൽകാൻ കേരളം കാത്തുവച്ചതാണ് ചരിത്രം തിരു ത്തിയെഴുതിയ ഈ വിജയം...ഈ വിജയന് അപ്പോൾ പരാജയമില്ല."

ഇതാണ് അത്യപൂർവമായ സിദ്ധിവിശേഷം. നിന്നനില്പിൽ മലക്കം മറിയാനുള്ള ഇന്ദ്രജാലം. കാടടച്ചു വെടിവച്ച്, ജീവനുള്ളത് എന്തെങ്കിലും കാട്ടിൽ കാണാമറ യത്ത് ഉണ്ടെങ്കിൽ അതിനെക്കൂടി സംഹരിക്കാനുള്ള വേട്ടക്കാരന്റെ രൗദ്രമനസ്സ്, എത്രപെട്ടെന്നാണ് മാൻകുട്ടിയോട് സഹതപിക്കുന്ന അതിലോല ഹൃദയമുള്ളതായി മാറുന്നത് എന്നു നോക്കൂ. ഈ വൈഭവം കുറെക്കാലമായി ഇവിടെ ചില മാധ്യമങ്ങൾ ആർജിച്ചുവച്ചി ട്ടുണ്ട്. അതുകൊണ്ടാണ് വിശ്വാസ്യ താനഷ്ടം (ക്രെഡിബിലിറ്റി ലോസ്) ഉണ്ടായിട്ടും സർക്കുലേഷൻ കൂടുന്നതും ടാംറേറ്റിംഗ് വർധിക്കുന്നതും.

**(മാധ്യമപ്രവർത്തകനും അധ്യാപക നുമാണ് ലേഖകൻ)**

# തുടർഭരണത്തിന്റെ ഫോട്ടോ രഹസ്യം



എല്ലാം തുറന്ന് പറഞ്ഞ്.... മുഖ്യമന്ത്രിയുടെ പത്രസമ്മേളനം

തിരഞ്ഞെടുപ്പിൽ വിജയപരാജയങ്ങൾ നിർണയിക്കുന്നതിൽ വാർത്താ ചിത്രങ്ങൾക്കും പങ്കുണ്ട്. മികച്ച ഭരണമായിരുന്നിട്ടും ചില വാർത്താചിത്രങ്ങൾ ഉയർത്തിവിട്ട ഭരണവിരുദ്ധ വികാരത്തെ ചെറുക്കാൻ ഇ.എം.എസിനും ഇ.കെ.നായനാർക്കും പോലും സാധിച്ചില്ല. അവിടെയാണ് മുഖ്യമന്ത്രി പിണറായി വിജയൻ നയിച്ച ഇടത് സർക്കാരിന്റെ തുടർഭരണത്തിന്റെ പ്രസക്തി.

തിരഞ്ഞെടുപ്പിലൂടെ അധികാരമേറ്റ ലോകത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നു ഇ.എം.എസ്. നയിച്ച 1957ലെ സർക്കാർ. സാധാരണക്കാർക്കും കർഷകരടക്കമുള്ള തൊഴിലാളികൾക്കും ഗുണകരമാകുന്ന ഭൂപരിഷ്കരണവും വിദ്യാഭ്യാസ പരിഷ്കരണവും ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോയ ആ സർക്കാരിനെതിരെ പ്രതിപക്ഷം പ്രക്ഷോഭം ആരംഭിച്ചു. വിമോചനസമരമെന്ന പേരിൽ വൻ പ്രതിഷേധമാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചത്. കേരളത്തിലെ പ്രമുഖ സമുദായ സംഘടനകളുടെ ഒത്താശയോടെ നടത്തിയ ആ പ്രക്ഷോഭങ്ങൾക്കിടെയാണ് പോലീസ് സ്റ്റേഷന് നേരെ ആക്രമണമുണ്ടായത്. അക്രമികൾക്ക് നേരെ പോലീസ് വെടിവെച്ചു. വെടിവെപ്പിൽ കൊല്ലപ്പെട്ടവരിൽ ചെറിയതുറ സ്വദേശിയായ ഫ്ളോറിയെന്ന ഗർഭിണിയുമുണ്ടായിരുന്നു. 1959ൽ ആ സർക്കാരിനെ പിരിച്ചുവിട്ട് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തി. 1960 ൽ നടന്ന തിരഞ്ഞെടുപ്പിൽ ഗർഭിണിയായ ഫ്ളോറിയുടെ മരണം പ്രധാന പ്രചാരണ വിഷയമായി. വെടിവെപ്പിനെതിരെയുള്ള പ്രതിഷേധങ്ങളുടെ ഫോട്ടോയും വാർത്തകളും പത്രത്താളുകളിൽ നിറഞ്ഞു.







ബി.ചന്ദ്രകുമാർ

ബീ ചന്ദ്രകുമാർ എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

_'തെക്ക് തെക്കൊരു ദേശത്ത്
തിരമാലകളുടെ തീരത്ത്
ഭർത്താവില്ലാ നേരത്ത്
ഫ്ളോറിയെന്നൊരു ഗർഭിണിയെ
ചുട്ട്കരിച്ചൊരു സർക്കാരേ
പകരം ഞങ്ങൾ ചോദിക്കും
ദൈവത്തിനാണെ കട്ടായം'_

എന്ന മുദ്രാവാക്യവുമായാണ് ഐക്യമുന്നണി ആ തിരഞ്ഞെടുപ്പ് നേരിട്ടത്. ഫലം അവർക്കനുകൂലമായി. 95 സീറ്റുമായി അവർ അധികാരം പിടിച്ചു.

മൂന്നു തവണ കേരളം ഭരിച്ച മുഖ്യമന്ത്രി ഇ.കെ.നായനാർക്ക് തുടർഭരണം കിട്ടാതെ പോയതിന് പിന്നിലും ചില വാർത്താ ചിത്രങ്ങൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വോട്ട് ചെയ്യുന്നതിനിടെ ബാലറ്റ് പേപ്പർ ഉയർത്തിക്കാട്ടിയത്, തൊഴിലാളി നേതാവായ വി.എസ്.അച്യുതാനന്ദൻ അമേരിക്കയിൽ ശസ്ത്രക്രിയക്ക് പോയത്, മെഡിക്കൽ ചെക്കപ്പിനായി നായനാർ അമേരിക്കയിൽ പോയത്, നാദാപുരത്ത് വീട്ടമ്മ ബലാത്സംഗം ചെയ്യപ്പെട്ടു എന്ന (കെട്ടുകഥയെന്ന് പിന്നീട് തെളിഞ്ഞ) കേസുമായി ബന്ധപ്പെട്ട പ്രതിഷേധത്തിന്റെ ചിത്രങ്ങൾ, കോവളത്ത് ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട സംഭവം. ചായ കുടിക്കുന്നപോലെയാണ് അമേരിക്കയിൽ ബലാത്സംഗം നടക്കുന്നതെന്ന പരാമർശം ഉയർത്തിവിട്ട പ്രതിഷേധ ചിത്രങ്ങൾ, തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡ്... തുടങ്ങി നിരവധി സംഭവങ്ങളുമായി ബന്ധപ്പെട്ട വാർത്താ ചിത്രങ്ങൾ മൂന്നു നായനാർ മന്ത്രിസഭകൾക്ക് തുടർച്ച ലഭിക്കാതിരിക്കാൻ കാരണമായിട്ടുണ്ട്.



'കണ്ണേ മടങ്ങുക' എന്ന അടിക്കുറിപ്പോടെ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച, ഫോട്ടോഗ്രാഫർ ജി.ബിനുലാൽ എടുത്ത, ജനറലാശുപത്രിയിലെ ഒമ്പതാം വാർഡിന്റെ ചിത്രം.



അസാധ്യമെന്ന് പലരും വിധിയെഴുതിയ ഗെയിൽ പൈപ്പ് ലൈൻ യാഥാർത്ഥ്യമായതിന്റെ ദൃശ്യം



ദുരിതകാലത്ത് മുടങ്ങാതെ കിട്ടിയ ക്ഷേമ പെൻഷനുകൾ... മാധ്യമങ്ങളിൽ നിറവിന്റെ ചിരികളായി നിറഞ്ഞു

2016ലെ പിണറായി സർക്കാരും പ്രതികൂല വാർത്തകളിൽ നിന്ന് മുക്തമായിരുന്നില്ല. ഭരണത്തിന്റെ തുടക്കം തന്നെ ദുരന്തങ്ങളുടെ പരമ്പരയോടെയായിരുന്നു. ഓഖിയും നിപ്പയും രണ്ട് മഹാപ്രളയങ്ങളും പിന്നെ ലോകം കണ്ട ഏറ്റവും വലിയ മഹാമാരിയായ കോവിഡും. ഇതിനെല്ലാം പുറമെ കേരളത്തെ ഇളക്കിമറിച്ച ശബരിമല വിഷയവും. ബിഷപ്പിന്റെ അറസ്റ്റ്, നടിയെ പീഡിപ്പിച്ച കേസ്, ദുരഭിമാനക്കൊല, പത്രപ്രവർത്തകന്റെ ദുരൂഹ സാഹചര്യത്തിലുള്ള അപകടമരണം, സ്വർണ്ണ കള്ളക്കടത്ത്, സ്പ്രിൻക്ലർ അഴിമതിയാരോപണം.. തുടങ്ങി ചെറുതും വലുതുമായ വിവാദങ്ങളുടെ ചിത്രങ്ങളും വാർത്തകളിൽ നിറഞ്ഞു. ഒരു മന്ത്രിസഭ വീഴാനും തുടർഭരണം ലഭിക്കാതിരിക്കാനും ഇതൊക്കെ തന്നെ ധാരാളമായിരുന്നു.

കാലങ്ങളായി ചില മാധ്യമങ്ങളാൽ നിർമ്മിതമായ വില്ലൻ പരിവേഷവുമായി നിൽക്കുന്ന പിണറായി സർക്കാർ എങ്ങനെ ഇതെല്ലാം കൈകാര്യം ചെയ്യുമെന്നത് ജനം അശങ്കയോടെയായിരുന്നു തുടക്കത്തിൽ നോക്കിയിരുന്നത്. പക്ഷെ ക്രമേണ ആശങ്കകൾ മാറി. ഓരോന്നും അദ്ദേഹം സമർത്ഥമായി നേരിടുന്നത് മലയാളി കണ്ടു. ഒരുവശത്ത് വിവാദങ്ങൾക്ക് വസ്തുതകൾ നിരത്തി മറുപടി പറഞ്ഞു. മറുവശത്ത് ഭരണപരമായ തന്റെ ഉത്തരവാദിത്വങ്ങളിൽ നിതാന്തമായ ജാഗ്രത പുലർത്തി. മഹാമാരിയെ തുടർന്നുള്ള അടച്ചിടൽ കാരണം ജനങ്ങളുടെയും സർക്കാരിന്റെയും വരുമാന സ്രോതസെല്ലാം അടഞ്ഞപ്പോഴും നാടിനെ പട്ടിണിക്കിടാതെ കാത്തതിനൊപ്പം അടിസ്ഥാന വികസനത്തിൽ നിന്ന് വ്യതിചലിച്ചതുമില്ല. കൃത്യമായ നേതൃപാടവത്തോടെ എല്ലാ വകുപ്പ് മന്ത്രിമാർക്കും പ്രവർത്തനസ്വാതന്ത്ര്യവും പിന്തുണയും നൽകി. അതിന്റ ഫലം കണ്ടു.

പ്രതിപക്ഷത്തിന്റെ എല്ലാ പ്രക്ഷോഭങ്ങളെയും നേരിടാൻ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ വാർത്താ ചിത്രങ്ങൾ മാത്രം മതിയെന്നായി. വാർത്തകളിൽ പ്രതിപക്ഷം ഉയർത്തിവിട്ട വിവാദങ്ങളുടെ കാഴ്ചകളെക്കാൾ ജനം പ്രാധാന്യം നൽകിയത് പ്രതിസന്ധിഘട്ടങ്ങളിൽ സർക്കാരിൽ നിന്ന് നേരിട്ട് അനുഭവിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങൾക്കാണ്.

കഴിഞ്ഞ സർക്കാർ മുടക്കം വരുത്തിയ ക്ഷേമപെൻഷൻ വാങ്ങിയ ശേഷം സന്തോഷം പങ്കുവെയ്ക്കുന്നവരുടെ ചിത്രങ്ങൾ. സൗജന്യ റേഷനും ഭക്ഷ്യ കിറ്റും ഏറ്റുവാങ്ങിയ സ്കൂൾ കുട്ടികളുടെ സന്തോഷങ്ങൾ. ലൈഫ് പദ്ധതിയിലൂടെ നിർമ്മിച്ച



സ്വകാര്യ മൾട്ടി സ്പെഷ്യലിറ്റി ആശുപത്രികളോട് കിടപിടിക്കുന്ന സർക്കാർ താലൂക്ക് ആശുപത്രി

നൽകിയ വീടുകളുടെയും വില്ലകളുടെയും ഫ്ളാറ്റ് സമുച്ചയങ്ങളുടെയും ചിത്രങ്ങൾ. പ്രളയത്തിൽ തകർന്ന ശേഷം പുനർനിർമ്മിച്ച റോഡുകളുടെയും പാലങ്ങളുടെയും ദൃശ്യങ്ങൾ. സ്വകാര്യ മൾട്ടി സ്പെഷ്യലിറ്റി ആശുപത്രികളോട് പോലും കിടപിടിക്കുന്ന സർക്കാർ ആശുപത്രികളുടെ ഫോട്ടോകൾ. പുതിയതും നവീകരിച്ചതുമായ സർക്കാർ സ്കൂൾ കെട്ടിടങ്ങളും സ്മാർട്ട് ക്ലാസ് റൂമുകളും. മൽസ്യ തൊഴിലാളികൾക്കായി നിർമ്മിച്ച ഭവനപദ്ധതികൾ. ലാഭത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ചിത്രങ്ങൾ. ഒരിക്കലും നടക്കില്ലെന്ന് കരുതിയ ഗെയിൽ പൈപ്പ് ലൈൻ യാഥാർഥ്യമായ ചിത്രം. അഴിമതിയുടെ സ്മാരകമായി മാറിയ പാലാരിവട്ടം പാലം പുനർനിർമ്മിച്ചത്, പിന്നെയും എത്രയെത്ര നിർമ്മിതികൾ.... അങ്ങനെ നീളുന്നു സർക്കാരിന്റെ മികച്ച ഭരണം ജനങ്ങളെ ബോധ്യപ്പെടുത്തിയ വാർത്താ ചിത്രങ്ങളുടെ പട്ടിക.

നിപ്പയും രണ്ട് മഹാപ്രളയവും കേരളത്തിന്റെ നട്ടെല്ല് തകർത്തപ്പോഴും കോവിഡ് എന്ന മഹാമാരിയിൽ ലോകം വിറങ്ങലിച്ചു നിന്നപ്പോഴും അതിന് പരിഹാരം കണ്ടെത്താൻ ജനങ്ങളും സർക്കാർ സംവിധാനങ്ങളും സന്നദ്ധ സംഘടനകളും ഒരേമനസോടെ, ഒറ്റക്കെട്ടായി നിന്ന എത്രയെത്ര കാഴ്ചകൾ. ദുരിതാശ്വാസ ക്യാമ്പുകൾ, കമ്മ്യൂണിറ്റി കിച്ചണുകൾ, പ്രളയത്തിൽ കുടുങ്ങിപ്പോയവർക്ക് വള്ളത്തിൽ കയറാൻ സ്വന്തം ശരീരം ചവിട്ട് പടിയാക്കിയ മത്സ്യത്തൊഴിലാളി മുതൽ പ്രളയത്തിൽ മുങ്ങിയ വീടുകൾ ശുചീകരിക്കാൻ പോകുന്നതിന് മുമ്പ് പ്രതിരോധ കുത്തിവെപ്പ് എടുക്കുന്ന മേയർ ബ്രോ വരെയുള്ളവരുടെ എത്രയെത്ര വാർത്താ ചിത്രങ്ങൾ. ദുരിതക്കയങ്ങളിൽ  നിന്ന് ഓരോ ജീവിതങ്ങളെയും കൈപിടിച്ചുയർത്താൻ നടത്തിയ പരിശ്രമങ്ങളെല്ലാം വാർത്താ ചിത്രങ്ങളായി മാധ്യമങ്ങളിൽ നിരന്നത് ഓരോ മലയാളിയുടെയും ആത്മവിശ്വാസം ഉയർത്തുകയും സർക്കാരിന്റെ പ്രതിച്ഛായ വർധിപ്പിക്കുകയും ചെയ്തു. അതിന്റെ പ്രതിഫലനമാണ് അണ്ണാറക്കണ്ണനും തന്നാലായത് എന്നപോലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമ്മാനിച്ച സ്നേഹവായ്പ്പ് സൂചിപ്പിക്കുന്നത്. കുടുക്കപൊട്ടിച്ച പണം മുഖ്യമന്ത്രിക്ക് നൽകുന്ന പിഞ്ചു കുട്ടികൾ മുതൽ സ്വന്തം ഭൂമി പാവപ്പെട്ടവർക്ക് വീട് വെച്ച് നൽകാൻ സർക്കാരിനെ ഏൽപ്പിക്കുന്ന കാരണവർ വരെ വാർത്താ ചിത്രങ്ങളായി മാറി. മുഖ്യമന്ത്രിയെ ആശ്ലേഷിക്കുന്ന ഗീതാ നസീർ മുതൽ ഹസ്തദാനത്തിന് പകരം പാദദാനം നൽകുന്ന ഇരുകൈയുമില്ലാത്ത യുവാവ് വരെ സർക്കാരിന് പോസിറ്റിവ് എനർജി നൽകുന്ന വാർത്താ ചിത്രങ്ങളായി.

കണ്ണൂരിൽ നിന്നുള്ള ജനാർദ്ദനൻ എന്ന ബീഡി തീർപ്പുകാരൻ തന്റെ സമ്പാദ്യമായ രണ്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയത് വലിയ സന്ദേശമാണ് നൽകിയത്. ആ ഫോട്ടോ സർക്കാരിന്റെ പ്രതിച്ഛായക്ക് തിളക്കം കൂട്ടിയെങ്കിൽ



പ്രളയ രക്ഷാപ്രവർത്തനത്തിനിടെ ബോട്ടിൽ ചവിട്ടിക്കയറാൻ സ്വയം കുനിഞ്ഞു കൊടുത്ത മൽസ്യത്തൊഴിലാളിയുടെ ചിത്രം.



ആകെയുള്ള സമ്പാദ്യമായ രണ്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത കണ്ണൂർകാരനായ ബീഡി തൊഴിലാളി ജനാർദനൻ.




ആധുനിക സൗകര്യങ്ങളുമായി സ്മാർട്ട് ക്ലാസ്സ് റൂമുകളായി മാറിയ സർക്കാർ പള്ളിക്കൂടങ്ങളുടെ ദൃശ്യം.



**സ്നേഹ സഖാവ്** ..... എൻ ഇ ബലറാം ജൻമശതാബ്ദിയുടെ ഭാഗമായി സി പി ഐ സംഘടിപ്പിച്ച സെമിനാർ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യ മന്ത്രി പിണറായി വിജയനെ ബലറാമിന്റെ മകൾ ഗീതാ നസീർ ആശ്ലേഷിക്കുന്നു. "മാധ്യമം ഫോട്ടോഗ്രാഫർ പി.സന്ദീപ് എടുത്ത ഈ ചിത്രവും ഏറെ ശ്രദ്ധിക്കപ്പെട്ടു.

ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകരുതെന്ന് പറഞ്ഞ് സർക്കാർ ഉത്തരവ് കത്തിച്ചവരുടെ ഫോട്ടോ പ്രതിപക്ഷത്തിന് അവമ തിയാണുണ്ടാക്കിയത്. പി.എസ്.സി. റാങ്ക് ഹോൾഡർമാരുടെ സമര ചിത്രവും കടൽതീരം വിറ്റുവെന്ന വ്യാജ ആരോപണം ഉയർത്തി തിര ഞ്ഞെടുപ്പിന്റെ തൊട്ട് മുമ്പ് നടത്തിയ പ്രക്ഷോഭങ്ങളുടെ ചിത്രങ്ങളുമൊന്നും വേണ്ടത്ര ഫലം കണ്ടില്ല.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ പ്രതിപക്ഷം ഉയർത്തിക്കൊണ്ട് വന്ന വിവാദ വാർത്തകൾക്കൊന്നും സർ ക്കാരിന്റെ പ്രതിച്ഛായക്ക് കാര്യമായ മങ്ങലേൽപ്പിക്കാൻ സാധില്ല.

ദുരിതാശ്വാസ ക്യാമ്പിൽ സാധനങ്ങൾ എത്തിച്ചതിനുള്ള വണ്ടിക്കൂലിയായ 70 രൂപ ചോദിച്ച പാർട്ടി പ്രവർത്തകന്റെ ദൃശ്യം മുതൽ കേന്ദ്രഗവണ്മെന്റിന്റെ നിയന്ത്രണ ത്തിലുള്ള വിമാനത്താവളത്തിൽ നടന്ന സ്വർണക്കടത്ത് പ്രതികളുടെ ദൃശ്യം വരെ പ്രതിപക്ഷം സർക്കാ രിനെതിരെ പ്രതിഷേധിക്കാൻ വിനിയോഗിച്ചു. പ്രതിപക്ഷവും ചില മാധ്യമങ്ങളും ചേർന്ന് കെട്ടിപ്പൊ ക്കിയ വ്യാജ നിർമ്മിതികളെല്ലാം മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളന ത്തിൽ തകർന്നടിയുന്ന കാഴ്ച്ചയാണ് ജനം കണ്ടത്.

പ്രതിപക്ഷത്തിന്റെ എല്ലാത്തരം



ഇരുകൈയുമില്ലാത്ത കലാകാരൻ, പ്രണവ് റിയാലിറ്റി ഷോയിൽ നിന്ന് ലഭിച്ച പ്രതിഫലം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത ശേഷം മുഖ്യമന്ത്രിക്കൊപ്പം സെൽഫിയെടുക്കുന്നു.



1959 ൽ നടന്ന വിമോചന സമരത്തിന്റെയും 2018ലെ ശബരിമല സ്ത്രീ പ്രവേശന വിധിയെത്തുടർന്ന് സംസ്ഥാനത്തു നടന്ന പ്രതിഷേധവും.



1959ലെ വിമോചന സമരത്തിനിടെയുണ്ടായ പോലീസ് സ്റ്റേഷൻ ആക്രമണത്തിന് നേരെ പോലീസ് നടത്തിയ വെടിവെയ്പ്പിൽ കൊല്ലപ്പെട്ട ഗർഭിണിയായ ഫ്ലോറിയുടെ മൃതദേഹത്തിനരികെ കുടുംബാംഗങ്ങളുടെ വിലാപം. അക്കാലത്ത് വോട്ടർമാരെ സ്വാധീനിച്ച ചിത്രം.

ആരോപണങ്ങൾക്കും മുഖ്യമന്ത്രിയുടെ അടുത്ത പത്രസമ്മേളനം വരെ മാത്രമേ ആയുസുള്ളൂ എന്ന അവസ്ഥ കേരള ജനത ആദ്യമായാണ് അനുഭവിക്കുന്നത്. പ്രതിപക്ഷം ഉന്നയിക്കുന്ന ഓരോ ആരോപണങ്ങൾക്കും കൃത്യമായ കണക്കുകൾ നിരത്തി തൽക്ഷണം മറുപടി നൽകുന്ന ഒരു ഭരണാധികാരിയെയും മലയാളി ആദ്യമായി പരിചയപ്പെടുകയായിരുന്നു. മഹാമാരിക്കാലത്ത് ഓരോ വീടകങ്ങളും സന്ധ്യാനേരങ്ങൾ നീക്കിവെച്ചത് മുഖ്യമന്ത്രിയുടെ പത്രസമ്മേളനം കാണാനായിരുന്നു. ടെലിവിഷന്റെ മുന്നിലിരുന്ന് രാമായണവും മഹാഭാരതവും ആസ്വദിച്ച അതേ താല്പര്യത്തോടെയാണ് മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിന്റെ തത്സമയ ദൃശ്യം കണ്ടത്. സ്വന്തം കുടുംബത്തിലെ കാരണവരുടെ വാക്കുകൾ പോലെയാണ് മിക്കവരും അത് ശ്രവിച്ചത്.

സംഭവബഹുലമായ അഞ്ച് വർഷങ്ങൾക്ക് ശേഷം പോളിംഗ് ബൂത്തിലേക്ക് പോയ ബഹുഭൂരിപക്ഷം വോട്ടർമാരുടെ മനസിലും വാർത്തകളോ വിവാദങ്ങളോ ഉണ്ടായിരുന്നില്ല. ശബരിമല അയ്യപ്പനോ സ്വർണ്ണക്കടത്തിലെ നായിക സ്വപ്നയോ ഉണ്ടായിരുന്നില്ല. ആപത്ത് കാലത്ത് ഉപകാരപ്പെട്ട ഒരു സർക്കാരും ആ സർക്കാരിന് നേതൃത്വം നൽകി അന്നന്നുള്ള കാര്യങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്ന പിണറായി വിജയനും മാത്രമായിരുന്നു. അതായിരുന്നു തുടർഭരണത്തിന്റെ രഹസ്യം.

**(പ്രശസ്ത ഫോട്ടോഗ്രാഫറും കേരള മീഡിയ അക്കാദമി കോഴ്സ് കോ -ഓർഡിനേറ്ററുമാണ് ലേഖകൻ)**





# നവകേരള ഗീതാഞ്ജലിക്ക് ചരിത്രകിരീടം







അഡ്വ. റൂബി രാജ് കാമ്പിശ്ശേരിൽ

# രണ്ടേകാൽ കോടി പേർ കണ്ട ദൃശ്യവിരുന്ന്

രണ്ടാം പിണറായി വിജയൻ സർക്കാരിന് ഭാവുകമേകിയ നവകേരള ഗീതാഞ്ജലിക്ക് ചരിത്രകിരീടം. ഏറ്റവും കൂടുതൽ പേർ കണ്ട മലയാളത്തിലെ സംഗീത ആൽബം എന്ന ചരിത്ര നേട്ടത്തിന് അർഹത നേടി.

മഹാന്മാരും പ്രശസ്തരുമായ 54 ഗായകരും സംഗീതജ്ഞരും അണിചേർന്ന 22 മിനിട്ടിലെ അപൂർവ്വ സാംസ്കാരികാനുഭവം മന്ത്രിസഭാ സത്യപ്രതിജ്ഞയ്ക്ക് തൊട്ടുമുമ്പായി സെൻട്രൽ സ്റ്റേഡിയത്തിലെ സ്ക്രീനിൽ വെർച്ച്വലായി തെളിഞ്ഞപ്പോൾ പുതിയൊരു മായാലോകം സൃഷ്ടിച്ചു. ലോകമാകെ കണ്ട രണ്ടാം പിണറായി സർക്കാരിന്റെ അധികാരമേൽക്കൽ ചടങ്ങിനൊപ്പം ഈ സംഗീതവിരുന്നും ജനമനസ്സുകൾ സന്തോഷത്തോടെ സ്വീകരിച്ചു. രണ്ടേകാൽ കോടി പേർ ഇതിനകം ഈ സംഗീതപരിപാടി ആസ്വദിച്ചു. ഒരു സംഗീത ആൽബം ഇത്തരമൊരു നേട്ടമാർജ്ജിക്കുന്നത് മലയാളത്തിൽ നടാടെയാണ്.

മുഖ്യമന്ത്രി പിണറായി വിജയന്റെ ഫേസ്ബുക്ക് പേജിൽ സത്യപ്രതിജ്ഞാചടങ്ങിന്റെ ( സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി കാറിൽ നിന്ന് ഇറങ്ങുന്നതു മുതൽ മന്ത്രിമാർ ഉൾപ്പെടെ സത്യവാചകം ചൊല്ലുന്നതുവരെയുള്ള നിമിഷങ്ങൾ) ഉൾക്കൊള്ളുന്ന പോസ്റ്റ് കണ്ടത് 19 ലക്ഷം പേർ. അന്ന് (മെയ് 20) രാത്രി 10ന് ഇതേ ഫേസ്ബുക്ക് പേജിൽ നവകേരള ഗീതാഞ്ജലി പ്രത്യേകമായി പോസ്റ്റ്ചെയ്തിരുന്നു. അത് ഇതിനകം വീക്ഷിച്ചത് 15 ലക്ഷം പേർ. അങ്ങനെ 34 ലക്ഷം പേർ മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പേജിൽ നിന്ന് മാത്രം ഇത് ആസ്വദിച്ചു.

കൈരളി, ഏഷ്യാനെറ്റ് ന്യൂസ്, മനോരമ ന്യൂസ് തുടങ്ങിയവയുടെ ഫേസ്ബുക്ക്, യുട്യൂബ് ചാനലുകളിലായി 18 ലക്ഷം പേർ മ്യൂസിക്









ആൽബം കണ്ടു. കൈരളിയുടെ ഫേസ്ബുക്ക് പേജിൽ രണ്ടര ലക്ഷം പേരും യൂട്യൂബിൽ ഒരു ലക്ഷം പേരും കയറി. ഏഷ്യാനെറ്റ് ന്യൂസിന്റെ യൂട്യൂബ് ചാനലിൽ 2.75 ലക്ഷം പേർ പ്രോഗ്രാം കണ്ടു. വിവിധ ന്യൂസ് ചാനലുകളിൽ മന്ത്രിസഭാ സത്യപ്രതിജ്ഞയും സംഗീതപരിപാടിയും ഉൾപ്പെടെ വീക്ഷിച്ചത് ഒരു കോടി എഴുപത്തിയാറുലക്ഷം പേരാണ്. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ഒരു സംസ്ഥാനത്തിന്റെ സ്ഥാനാരോഹണം ഇത്രയധികംപേർ കാണുന്നത് ആദ്യമാണ്.

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ സത്യപ്രതിജ്ഞയ്ക്ക് മുന്നോടിയായിട്ടായിരുന്നു അത്യപൂർവ്വ സംഗീതാവിഷ്കാരം. മഹാന്മാരും പ്രശസ്തരുമായ 54 ഗായകരും സംഗീതജ്ഞരും അണിചേരുന്ന നവകേരള ഗീതാഞ്ജലി  മെയ് 20 വ്യാഴാഴ്ച ഉച്ചയ്ക്ക് 2.45 മുതൽ സെൻട്രൽ സ്റ്റേഡിയത്തിലെ സ്ക്രീനിൽ വെർച്വലായി തെളിഞ്ഞു.



ഡോ. കെ.ജെ. യേശുദാസ്, എ.ആർ. റഹ്മാൻ, ഹരിഹരൻ, പി. ജയചന്ദ്രൻ, കെ.എസ്. ചിത്ര, സുജാത, എം.ജി ശ്രീകുമാർ,  ശങ്കർ മഹാദേവൻ, അംജദ് അലിഖാൻ, ഉമയാൾപുരം ശിവരാമൻ, ശിവമണി, മോഹൻലാൽ, ജയറാം, കരുണാമൂർത്തി, സ്റ്റീഫൻ ദേവസ്യ, ഉണ്ണിമേനോൻ, ശ്രീനിവാസ്, ഉണ്ണികൃഷ്ണൻ, വിജയ് യേശുദാസ്, മധുബാ





ലകൃഷ്ണൻ, ശ്വേതാമോഹൻ, ഔസേപ്പച്ചൻ, എം. ജയചന്ദ്രൻ, ശരത്, ബിജിബാൽ, രമ്യാനമ്പീശൻ, മഞ്ജരി, സുധീപ്കുമാർ, നജിം അർഷാദ്, ഹരിചരൻ, മധുശ്രീ, രാജശ്രീ, കല്ലറ ഗോപൻ, അപർണ രാജീവ്, വൈക്കം വിജയലക്ഷ്മി, സിതാര, ഹരികൃഷ്ണൻ,   രഞ്ജിനി ജോസ് ,പി കെ മേദിനി,മുരുകൻ കാട്ടാക്കട എന്നിവരടക്കം ചലച്ചി







ത്രരംഗത്തെ പ്രമുഖരാണ് തുടർഭരണത്തിന് സംഗീതത്തിലൂടെ ഭാവുകമേകിയത്. സമർപ്പണാവതരണം നടത്തിയത് മമ്മൂട്ടിയാണ്.

ഇ.എം.എസ് മുതൽ പിണറായിവരെയുള്ളവർ നയിച്ച സർക്കാരുകൾ എങ്ങനെ കേരളത്തെ മാറ്റുകയും വളർത്തുകയും ചെയ്തു എന്ന് വിളംബരം ചെയ്യുന്നതാണ് ഈ സംഗീത ആൽബം. ഇത്രയധികം ഗായകരും സംഗീതജ്ഞരും പങ്കാളികളാകുന്ന ഒരു സംഗീത ആൽബം മലയാളത്തിൽ ആദ്യത്തേതാണ്. പ്രസിദ്ധ ചലച്ചിത്ര സംവിധായകൻ ടി.കെ. രാജീവ്കുമാറാണ് ആശയാവിഷ്കാരം നിർവഹിച്ചത്. രമേശ് നാരായണൻ സംഗീതം ചിട്ടപ്പെടുത്തി. ആർ എസ് ബാബു ആണ് പ്രോജക്ട് കോഡിനേറ്റർ. മൺമറഞ്ഞ കവികളുടേതിന് പുറമെ പ്രഭാവർമ്മ, റഫീഖ് അഹമ്മദ് എന്നിവരുടെ വരികളും ഉപയോഗിച്ചു.


ആൽബം നിർമ്മിച്ചിരിക്കുന്നത് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പും കേരള മീഡിയ അക്കാദമിയുമാണ്.







# പഴയ മാധ്യമങ്ങളെ തള്ളി ഇടതുപക്ഷത്തെ കൂട്ടിയത് എന്തുകൊണ്ട്?



മനോജ് കെ. പുതിയവിള

**നവമാധ്യമങ്ങളുടെയും ജനാധിപത്യത്തിന്റെ തൂണ് അല്ലാതായിരിക്കുന്ന കോർപ്പറേറ്റ് മാധ്യമങ്ങളുടെയും കേരളസമൂഹത്തിലെ സ്വാധീനത സംബന്ധിച്ച് കേരളനിയമസഭാ തെരഞ്ഞെടുപ്പ് ഫലത്തിന്റെ വെളിച്ചത്തിൽ ഒരു ചിന്ത**

മനോജ് കെ പുതിയവിള എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

എൽഡിഎഫിന്റെ സീറ്റ് 91-ൽനിന്നു 99 ആയി ഉയർത്തിയും മണ്ഡലങ്ങളിലെ ഭൂരിപക്ഷം വർദ്ധിപ്പിച്ചും ഭരണത്തുടർച്ച നൽകിയ 2021-ലെ നിയമസഭാതെരഞ്ഞെടുപ്പും ഫലവും മാറിയ കാലത്തെ കേരള സമൂഹത്തിലെ മാധ്യമസ്വാധീനതയുടെ ഉരകല്ലുകൂടിയാണ്. മാറിയകാലം എന്ന സൂചകത്തിന്റെ ഗുണമാനദണ്ഡങ്ങൾ പരിശോധിച്ചാലേ ആ സ്വാധീനത വിശകലനം ചെയ്യാനാകൂ.

നമ്മുടെ രാജ്യത്തെ രാഷ്ട്രീയകാര്യങ്ങളിലെ സമൂഹമാധ്യമസ്വാധീനത പരിശോധിക്കുമ്പോൾ ഇവയിൽ ഫേസ്ബുക്കും വാട്ട്സാപ്പുമാണ് പ്രധാനപരിഗണന അർഹിക്കുന്നത്. ട്വിറ്റർ പിറവികൊണ്ട കാലത്തേ നിർണ്ണയിക്കപ്പെട്ട വർഗ്ഗസ്വഭാവം വരേണ്യതയുടേതാണ്. ഫേസ്ബുക്കിനെയും ട്വിറ്ററിനെയും താരതമ്യം ചെയ്ത് അക്കാലത്ത് അമേരിക്കയിൽ നടന്ന വിശകലനങ്ങളിൽ ട്വിറ്റർ റിപ്പബ്ലിക്കൻസിന്റെയും ഫേസ്ബുക്ക് ഡെമോക്രാറ്റുകളുടെയും ആണെന്നുവരെ വിലയിരുത്തപ്പെട്ടു. ഏതായാലും നമ്മുടെ രാജ്യത്തെ ജനസാമാന്യത്തിന്റെ മാധ്യമം ഫേസ്ബുക്കുതന്നെ ആണ്.

ഫേസ്ബുക്കിനു ലോകത്ത് ഏറ്റവും സ്വീകാരം ഇന്ത്യയിലാണ്-41 കോടി ഉപയോക്താക്കൾ. ഈ ഫെബ്രുവരി 25-ന് ഐ.റ്റി. നയം പ്രഖ്യാപിക്കവെ ഐ.റ്റി. മന്ത്രി രവിശങ്കർ പ്രസാദ് പറഞ്ഞ കണക്കാണിത്. ഇവരിൽ സ്ത്രീകളിൽ 75-ഉം പുരുഷന്മാരിൽ 63-ഉം ശതമാനം ആഗോളതലത്തിൽ സജീവമാണെങ്കിൽ ഇന്ത്യയിൽ നേരെ മറിച്ചാണ്. ഇതിനു കാരണമായ പുരുഷാധിപത്യം, സ്ത്രീസാക്ഷരതയുടെ കുറവ് തുടങ്ങിയ ഘടകങ്ങൾ കേരളത്തിൽ വികസിത സമൂഹത്തിനൊപ്പം ആയതിനാൽ ഇവിടെ അത്തരം വ്യത്യാസമില്ല. ഉണ്ടായിരുന്ന നേരിയ വ്യത്യാസംതന്നെ മാറിവരുന്നതായും കാണാം.

ഇന്ന് രാജ്യത്തെ ആകെ രജിസ്റ്റേഡ് ഉപയോക്താക്കളിൽ 66 ശതമാനവും 15-നും 29-നും ഇടയിൽ പ്രായമുള്ളവരാണ്. ജനസംഖ്യയുടെ 27 ശതമാനമാണ് ഈ പ്രായക്കാർ. ഇവർ 19 കോടി വരും. ഇവരിൽത്തന്നെ സിംഹഭാഗവും 20-കളുടെ തുടക്കക്കാരും. സമൂഹമാധ്യമങ്ങളിൽ ഇടപെടുന്നവരിൽ 33 ശതമാനമാണ് 30 വയസിനു മുകളിലുള്ളവർ. നീൽസെൻ 2015ൽ നടത്തിയ പഠനപ്രകാരം ഇൻസ്റ്റാഗ്രാമിലും ഈ പ്രായക്കാർതന്നെയാണ് ഏറ്റവും സജീവം. കേരളത്തിൽ യുവാക്കളും മുതിർന്നവരും തമ്മിലുള്ള അനുപാതത്തിൽ നേരിയ വ്യത്യാസം ഉണ്ടായേക്കാം.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പു നടന്ന 2016-ൽ ഇക്കണോമിക് റെവ്യൂ പ്രകാരം കേരളത്തിൽ 3.2 കോടി മൊബൈൽ ഫോൺ കണക്ഷനുണ്ട്. ബ്രോഡ്ബാൻഡായി 20-ഉം മൊബൈൽ ഫോൺ വഴി 15-ഉം (ആകെ 35%) ശതമാനം വീടുകളിൽ ഇന്റർനെറ്റ് എത്തിയിരുന്നു. വീട്ടിലെ കണക്ഷനുകൾ ഒന്നിലേറെപ്പേർ ഉപയോഗിക്കുമല്ലോ.

ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം 2016 മേയിൽ 20 ശതമാനത്തിലധികം വോട്ടർമാർക്ക് ഫേസ്ബുക്ക് അക്കൗണ്ട് ഉണ്ടായിരുന്നു. ഇതിൽ 90 ശതമാനംപേരും തെരഞ്ഞെടുപ്പിനെ ഗൗരവമായി പിൻതുടരുന്നതായും കണ്ടു. 'സോഷ്യൽ മീഡിയ ഇംപാക്റ്റ് ഓൺ ദ് കേരള ഇലക്ഷൻസ് 2016' എന്ന ആ പഠനത്തിൽ കണ്ടത് സമൂഹമാധ്യമങ്ങൾ ഫലങ്ങളെ സ്വാധീനിക്കുന്ന 'ഹൈ ഇംപാക്റ്റ്' മണ്ഡലങ്ങളാണ് 140-ൽ 71-ഉംഎന്നാണ്.

ഈ സ്വാധീനത 2021-ൽ എങ്ങനെ വർദ്ധിച്ചു എന്നതിന്റെ പഠനങ്ങൾ വരാനിരിക്കുന്നതേയുള്ളെങ്കിലും സമൂഹമാധ്യമോപയോഗത്തിലെ വർദ്ധന നോക്കിയാൽ ഏറക്കുറെ മനസ്സിലാകും. കണക്കിന്റെ അഭാവത്തിൽ ഇതിനു മറ്റൊരു സൂചകം എടുക്കാം. ഇൻഫ്ലുവൻസർമാർ എന്നു വിളിക്കപ്പെടുന്ന സമൂഹമാധ്യമ താരങ്ങളുടെ ജനപ്രീതിയാണത്. ഇത് എഴുതുന്ന 2021 ജൂൺ 6-ന് യൂറ്റിയൂബിൽ 'കരിക്ക്' എന്ന ചാനലിനു 70.2 ലക്ഷം സബ്സ്ക്രൈബർമാരുണ്ട്. ഫേസ്ബുക്കിൽ ഒന്നാം സ്ഥാനം മോഹൻലാലിനാണ്. അദ്ദേഹത്തിന്റെ പേജിന് 65.7 ലക്ഷം ഫോളോവേഴ്സും 49



ലക്ഷം ലൈക്കുമുണ്ട്. മമ്മൂട്ടിയുടെ ഫോളോവേഴ്സ് 46.6 ലക്ഷമാണ്. ടിക്ടോക്കിലെ ഒന്നാമത്തേതായ ഫുക്രുവിനു 35 ലക്ഷമാണു ഫോളോവർമാർ. ഫേസ്ബുക്കിലെ മുൻനിര ഗ്രൂപ്പായ ജി.എൻ.പി.സി.യിൽ 22 ലക്ഷം അംഗങ്ങളുണ്ട്.

മലയാളം കോമഡി യൂറ്റ്യൂബ് ചാനലിന് 70 ലക്ഷം. വരി ചേരാതെ കാണുന്ന ലക്ഷങ്ങളെക്കൂടി ചേർത്താൽ കുറഞ്ഞത് ഒരുകോടി ആളുകളെങ്കിലും ഉണ്ടാവില്ലേ? ഒരു യൂറ്റ്യൂബ് ചാനലിനുതന്നെ ഇത്ര പ്രേക്ഷകരുണ്ടെങ്കിൽ...! അത്തരം വിശകലനങ്ങളും പറയുന്നത് സജീവ ഇന്റർനെറ്റ് ഉപയോക്താക്കൾ 80 ലക്ഷമെങ്കിലും ഉണ്ട് എന്നാണ്. ഇവരിൽ മിക്കവരും സമൂഹമാധ്യമങ്ങളിൽ ഇടപെടുന്നവരാണ്. ഒരു സമൂഹമാധ്യമ അക്കൗണ്ടും ഇല്ലാത്തവർക്കുപോലുമുള്ളതാണു വാട്ട്സാപ്. ഏറ്റവും കൂടുതൽപേർ ഉപയോഗിക്കുന്നതും അതാണ്. ഇവർ മിക്കവരും പ്രതിദിനോപയോഗക്കാരാണ്. ഇതരമാധ്യമങ്ങളിലെ ഉള്ളടക്കം അവയിൽ അക്കൗണ്ട് ഇല്ലാത്തവർക്കുകൂടി എത്തിക്കുന്ന ഇണക്കകണ്ണികൂടിയാണ് വാട്ട്സാപ്. ഇതെല്ലാം കാണിക്കുന്നത് 3.48 കോടി ജനസംഖ്യയുള്ള കേരളത്തിന്റെ സമൂഹമാധ്യമങ്ങളിലെ ഇടപെടലാണ്.

കേരളത്തിൽ ഇന്ന് ഇന്റർനെറ്റ് ഉപയോക്താക്കൾ 54 ശതമാനമാണ്. ഇവരുടെ എണ്ണം 1.8 കോടി വരും. ഇതിൽ 80 ലക്ഷം പേരെങ്കിലും പ്രതിദിന സജീവോപയോക്താക്കളാണ്. മൊബൈൽഫോൺ എണ്ണം ജനസംഖ്യയെക്കാൾ കൂടുതലാണ്! കേരളത്തിൽ കണക്റ്റിവിറ്റിയില്ലാത്ത പ്രദേശങ്ങളില്ല. സർവോപരി, കേരളം 2019-ൽ ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ച സംസ്ഥാനവുമാണ്. നമ്മുടെ ഇന്റർനെറ്റ് സാക്ഷരത 75 ശതമാനമാണ്. സമൂഹമാധ്യമങ്ങളിൽ മലയാളം ഇംഗ്ലിഷിനെക്കാൾ 85 ശതമാനം കൂടുതൽ ഉപയോഗിക്കുന്നു. ഇതു പങ്കാളിത്തത്തിലെ ജനകീയതയുടെ സൂചകമാണ്. സമൂഹമാധ്യമങ്ങളിൽ ഉള്ളത് ഏറക്കുറെ വോട്ടർമാരാണെന്നു കരുതാം. നിലവിലെ 2,74,46,039 വോട്ടർമാരിൽ അഞ്ചിലൊന്നോളം പേർ നേരിട്ടും അവരുടെ കുടുംബാംഗങ്ങൾ പരോക്ഷമായും സമൂഹമാധ്യമ സ്വാധീനത്തിലാണ് എന്നർത്ഥം.

2016 അവസാനം മൂന്നുകോടിയോളം സെൽ ഫോണുള്ള കേരളത്തിൽ 700 റ്റിബിയിൽ ഏറെ ആയിരുന്ന ഡേറ്റാ ഉപയോഗം. ടെലികോം റെഗുലേറ്ററി അതോറിറ്റിയെ ഉദ്ധരിച്ച് മനോരമ ഓൺലൈൻ നൽകിയ കണക്കിൽ കേരളീയർ ദിവസം ശരാശരി 75 തവണ വാട്ട്സാപ് നോക്കുമെന്നു കാണുന്നു. അതായത് ഒന്നാം പിണറായി മന്ത്രിസഭ അധികാരത്തിൽ വന്ന തെരഞ്ഞെടുപ്പുസമയത്തുതന്നെ സമൂഹമാധ്യമങ്ങൾ കേരളീയരെ ഗണ്യമായി സ്വാധീനിച്ചു കഴിഞ്ഞിരുന്നു. അതു പിന്നീട് കൂടിയിട്ടേയുള്ളൂ.

## ഇടതുമേൽക്കൈ

ഈ സ്വാധീനതയിൽ രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വ്യതിയാനംകൂടി നോക്കാം. രാഷ്ട്രീയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചില ഫേസ്ബുക്ക് പേജുകളുടെ വിവരങ്ങൾ അതിനു സഹായമാകും.

| പേജ് | രാഷ്ട്രീയാഭിമുഖ്യം | ഫോളോവേഴ്സ് | ലൈക്ക് |
|---|---|---|---|
| ചീഫ് മിനിസ്റ്റേഴ്സ് ഓഫീസ് കേരള | സ്വതന്ത്രം | 9,52,051 | 8,41,702 |
| പിണറായി വിജയൻ | എൽഡിഎഫ് | 15,37,887 | 13,34,272 |
| സിപിഐഎം കേരള | എൽഡിഎഫ് | 7,02,9836, | 14,195 |
| എൽഡിഎഫ് കേരളം | എൽഡിഎഫ് | 2,10,696 | 1,99,679 |
| രമേശ് ചെന്നിത്തല | യുഡിഎഫ് | 12,08,476 | 11,98,545 |
| ഇൻഡ്യൻ നാഷണൽ കോൺഗ്രസ് കേരള | യുഡിഎഫ് | 3,10,807 | 2,89,579 |
| യുഡിഎഫ് കേരളം | യുഡിഎഫ് | 35,682 | 32,874 |
| ഉമ്മൻ ചാണ്ടി | യുഡിഎഫ് | 1,109,924 | 1,101,842 |
| ഡോ. റ്റി.എം. തോമസ് ഐസക്ക് | എൽഡിഎഫ് | 7,37,011 | 7,27,176 |
| കെ.കെ. ശൈലജ ടീച്ചർ | എൽഡിഎഫ് | 8,91,990 | 7,66,375 |

(2021 ജൂൺ 6-ലെ വിവരം. വെരിഫൈഡ് പേജുകൾ മാത്രം)

## തെരഞ്ഞെടുപ്പുപാഠം രാഷ്ട്രീയമാണ്

എൽഡിഎഫിന്റെ സീറ്റ് 91-ൽനിന്നു 99 ആയി ഉയർത്തി ഭരണത്തുടർച്ച നൽകി എന്നതും ആ വേളയിൽ മലയാള വാർത്താചാനലുകൾ കൈക്കൊണ്ട സവിശേഷസമീപനവും ആണല്ലോ തെരഞ്ഞെടുപ്പിലെ മാധ്യമ സ്വാധീനത വിശകലനം ചെയ്യാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നത്. അപ്പോൾ വിഷയം രാഷ്ട്രീയംതന്നെയാണ്. ഇടത്-വലത് പോരാട്ടമായിരുന്നല്ലോ ഈ തെരഞ്ഞെടുപ്പ്. അതിൽ ജനസമ്മതി നേടിയത് ഇടതുപക്ഷം. അതു മാധ്യമസ്വാധീനതയെപ്പറ്റിയുള്ള ചർച്ചയ്ക്കു കാരണമാകുന്നത് മാധ്യമനിലപാടിനു വിരുദ്ധമായ ജനവിധി ആയതുകൊണ്ടാണ്. അങ്ങനെ സമൂഹം കാണുന്നതിനു കാരണം പത്രമാധ്യമങ്ങൾ നിഷ്പക്ഷമായല്ല പ്രവർത്തിച്ചത് എന്നതാണ്. രാഷ്ട്രീയകക്ഷികളുടെ മാധ്യമങ്ങൾ ഒഴിച്ചുള്ള, നിഷ്പക്ഷ മാധ്യമങ്ങളായിരിക്കണം എന്നു കരുതപ്പെടുന്ന, മാധ്യമങ്ങളുടെ കാര്യത്തിലാണ് ഈ ആക്ഷേപമുള്ളത്. ഇവയെ വലതുപക്ഷ 'പ്രൊപ്പഗാൻഡാ'മാധ്യമങ്ങളായാണ് സമൂഹമാധ്യമങ്ങളിലെ ഇടതുപക്ഷ ഹാൻഡിലുകളും കേരളത്തിലെ ഇടതുപക്ഷവും വിലയിരുത്തിയിട്ടുള്ളത്. അത്തരമൊരു നഗ്നമായ പക്ഷം ചേരലാണ് ആ നിലയിലൊരു ബ്രാൻഡിങ്ങിന് ഇടയാക്കിയത്. അതുകൊണ്ടുതന്നെ ഇടതുസമൂഹമാധ്യമങ്ങളുടെ ഊന്നൽ സ്വാഭാവികമായും അത്തരം മാധ്യമങ്ങളെ തുറന്നുകാട്ടുക എന്നതായിരുന്നു. സമൂഹത്തിന്റെ നാരുവേരോളം ചെന്നെത്തുമാറു വളർന്ന ഇടതു സമൂഹമാധ്യമശൃംഖല ആ സ്വാധീനതയെ ലഘൂകരിക്കുകയും നല്ലൊരളവ് അപ്ര

മറ്റുള്ള നേതാക്കൾക്കുമുണ്ട് ഇത്തരം പേജുകൾ. ലക്ഷങ്ങളും പതിനായിരങ്ങളും ലൈക്ക് ചെയ്തു പിന്തുടരുന്ന അനൗദ്യോഗിക പേജുകളും അക്കൗണ്ടുകളും വേറെയും. പാർട്ടികൾക്കു ജില്ലതോറും പേജുണ്ട്. തെരഞ്ഞെടുപ്പുവേളയിൽ മണ്ഡലം തിരിച്ച് സ്ഥാനാർത്ഥികളുടെ പേജുകളും ശക്തമായിരുന്നു. ഗ്രൂപ്പുകളാണു മറ്റൊരു മാനദണ്ഡം. സിപിഐഎം സൈബർ കമ്മ്യൂൺ എന്ന ഗ്രൂപ്പിലെ അംഗസംഖ്യ 3,20,177 ആണ്. കോൺഗ്രസ് സൈബർ ടീം എന്ന ഔദ്യോഗികഗ്രൂപ്പിൽ 1,04,240 അംഗങ്ങളും. ഉള്ളടക്ക സൃഷ്ടിയും വ്യാപനവും നടത്തി സജീവമായി രാഷ്ട്രീയപ്രചാരണത്തിൽ ഏർപ്പെടുന്നവരാണിവർ. ഇത്തരം അനൗദ്യോഗികഗ്രൂപ്പുകളും നിരവധി. സമൂഹമാധ്യമരംഗം രാഷ്ട്രീയമായി എത്ര സജീവമായിരുന്നു എന്നാണ് ഇതെല്ലാം കാണിക്കുന്നത്.

ഒരാൾ ലൈക്കു ചെയ്യുകയോ ഫോളോ ചെയ്യുകയോ സബ്സ്ക്രൈബ് ചെയ്യുകയോ ചെയ്യുന്ന ഫേസ്ബുക്ക് പേജുകളിലും യൂറ്റിയൂബ് ചാനലുകളിലും ഒക്കെ എന്തെങ്കിലും പുതിയ പോസ്റ്റിങ് നടന്നാൽ അയാൾക്കു നോട്ടിഫിക്കേഷൻ പോകും. മിക്കവരും അപ്പോൾത്തന്നെ അവ നോക്കും. അതു മറ്റുള്ളവരെ അറിയിക്കേണ്ടതാണ് എന്നു തോന്നിയാൽ അവർ അതിന്റെ ലിങ്ക് അവർക്കെല്ലാം അയയ്ക്കും. രാഷ്ട്രീയ പാർട്ടികൾക്ക് ഇതിനൊക്കെ പ്രത്യേകം വാട്ട്സാപ്, ടെലിഗ്രാം, സിഗ്നൽ ശൃംഖലകൾതന്നെയുണ്ട്. മണിക്കൂറുകൾക്കകം ദശലക്ഷങ്ങളിലേക്ക് എത്തുന്നവയാണവ.

ഇതേപ്പറ്റി ഏഷ്യാനെറ്റ് ന്യൂസിലെ പി.ജി. സുരേഷ് കുമാർ ഫേസ്ബുക്കിൽ എഴുതിയ ഒരു സംഭവം പറയാം. മട്ടന്നൂരിൽ തെരഞ്ഞെടുപ്പുപ്രചാരണം കവർ ചെയ്യുന്നതിനിടെ ഒരു വൃദ്ധ ശൈലജ ടീച്ചറെ പ്രശംസിച്ചു സംസാരിക്കുന്നത് ഷൂട്ട് ചെയ്തു. മട്ടന്നൂരിലെ പരിപാടികഴിഞ്ഞു വാഹനത്തിൽ മടങ്ങുമ്പോൾ ക്യാമറമാൻ വാട്സാപ്പിൽ കിട്ടിയ ഒരു വീഡിയോ കാണിച്ചു. ബാക്കി സുരേഷ് പറയട്ടെ: "ഞാൻ ആ വൃദ്ധയോട് സംസാരിക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായി കഴിഞ്ഞു. ഇടത് ഹാൻഡിലുകളിലെല്ലാം അതു പറപറക്കുന്നു." അതെ, ഇതാണു സമൂഹമാധ്യമ ഇടപെടലിന്റെ നഖചിത്രം.

ഞാൻ അധികം എഴുതുന്നത് ഒഴിവാക്കാൻ സുരേഷ് കുമാറിന്റെ നിരീക്ഷണംകൂടി ചേർക്കാം: "ഞാൻ കണ്ട പാഠം കാലത്തിനനുസരിച്ചുള്ള മാറ്റത്തിനു സി.പി.എം. നേതാക്കൾ കാട്ടുന്ന അസാധാരണ വേഗമാണ്, മികവാണ്. മുഖ്യധാരാ മാധ്യമങ്ങളുടെ ഇടം പരമാവധി ഉപയോഗിക്കുക. അവയെ നിയന്ത്രിക്കാനും തിരുത്താനും മറുമരുന്നിടാനും അതിലും വേഗത്തിൽ സൈബർ ശൃംഖല സജ്ജമാക്കി ഒപ്പം കൂട്ടുക. അതിൽ സിപിഎം നേതാക്കൾ ഏറക്കുറെ വിജയിക്കുന്നതുകാണാം. അതുകൊണ്ടുതന്നെ സർക്കാരും പാർട്ടിയും പറയുന്ന 80 ശതമാനം കാര്യങ്ങളും പൂർണ്ണമായും ജനങ്ങളിലെത്തുകയും പ്രതിപക്ഷം പറയുന്ന അമ്പതു ശതമാനം പോലും ജനങ്ങൾ ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുന്നു."

അവസാനവാക്യം പ്രതിപക്ഷവും ജനങ്ങളും എന്നു തിരുത്തിയാൽ ഈ ലേഖനത്തിൽ പറയാൻ ഉദ്ദേശിക്കുന്നത് അതിൽ തീരും. ഉൾക്കൊള്ളാതിരിക്കുക എന്നതു വിശ്വസിക്കാതിരിക്കുക എന്നുകൂടി തിരുത്തേണ്ടിവരും വസ്തുതകൾവച്ചു നോക്കുമ്പോൾ. ഈ കാണലുകളിൽ നല്ലൊരുപങ്ക് കണക്കിൽ വരാറുമില്ല. ലിങ്കുകളിലൂടെ പ്രചരിക്കുന്ന വീഡിയോകൾ യൂറ്റ്യൂബിലോ ഫേസ്ബുക്കിലോ

"ഞാൻ കണ്ട പാഠം കാലത്തിനനുസരിച്ചുള്ള മാറ്റത്തിനു സി.പി.എം. നേതാക്കൾ കാട്ടുന്ന അസാധാരണ വേഗമാണ്, മികവാണ്. മുഖ്യധാരാ മാധ്യമങ്ങളുടെ ഇടം പരമാവധി ഉപയോഗിക്കുക. അവയെ നിയന്ത്രിക്കാനും തിരുത്താനും മറുമരുന്നിടാനും അതിലും വേഗത്തിൽ സൈബർ ശൃംഖല സജ്ജമാക്കി ഒപ്പം കൂട്ടുക. അതിൽ സിപിഎം നേതാക്കൾ ഏറക്കുറെ വിജയിക്കുന്നതു കാണാം. അതുകൊണ്ടുതന്നെ സർക്കാരും പാർട്ടിയും പറയുന്ന 80 ശതമാനം കാര്യങ്ങളും പൂർണ്ണമായും ജനങ്ങളിലെത്തുകയും പ്രതിപക്ഷം പറയുന്ന അമ്പതു ശതമാനം പോലും ജനങ്ങൾ ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുന്നു."

**-പി.ജി.സുരേഷ്കുമാർ**,
ഏഷ്യാനെറ്റ് ന്യൂസ്

സക്തമാക്കുകയും ചെയ്തു എന്നതാണു വ്യക്തമാകുന്നത്.

ഇടതുവിരുദ്ധ പ്രചണ്ഡപ്രചാരണത്താൽ അല്പമെങ്കിലും തെറ്റിദ്ധരിക്കാൻ സാദ്ധ്യതയുള്ളത് സ്മാർട്ട് ഫോണും നെറ്റ് കണക്ഷനും വാട്ട്സാപ്പും ഇല്ലാത്ത ഒരു വിഭാഗമാണ് എന്ന നില എത്തി. അവരിലേക്കുകൂടി ഇടതു സമൂഹമാധ്യമപ്രചാരണം സ്വാഭാവികമായും കിനിഞ്ഞിറങ്ങുകയും പൊതുമണ്ഡലങ്ങളിൽ മാധ്യമവാർത്തകൾ വിചാരണചെയ്യപ്പെടുകയും ചെയ്തു.

ഇതൊക്കെക്കൊണ്ട് അഭിപ്രായരൂപവത്ക്കരണത്തിൽ മാധ്യമസ്വാധീനതയ്ക്കു പരിഗണനാർഹമായ പങ്കൊന്നും ഉണ്ടായില്ല എന്നാണു തെരഞ്ഞെടുപ്പുഫലം കാണിക്കുന്നത്. സ്വാധീനത ഇല്ലാതാകുക എന്നാൽ, മാധ്യമങ്ങൾ പറയുന്ന കാര്യങ്ങൾ ജനങ്ങൾ കണക്കിലെടുക്കുന്നില്ല എന്നാണ്. ഇതു മാധ്യമങ്ങളുടെ പ്രസക്തിതന്നെ ഇല്ലാതാക്കുന്ന അവസ്ഥയാണ്.

**സത്യം ചെരിപ്പിടുമ്പോഴേക്കു നുണ ഉലകം ചുറ്റിയിരിക്കും എന്ന അവസ്ഥ മാറി. വാർത്ത ആദ്യം അറിയിക്കുന്നവർ എന്ന പദവി പത്രത്തിനു പിന്നാലെ ടെലിവിഷനും നഷ്ടപ്പെട്ടിരിക്കുന്നു. സമൂഹമാധ്യമവും ഓൺലൈൻ മാധ്യമങ്ങളും ആണ് ആ സ്ഥാനത്ത്.**

പോകാതെ കാണാൻ പിക്ച്ചർ ഇൻ പിക്ച്ചർ എന്ന സംവിധാനം ഉള്ളതിനാൽ അങ്ങനെ കാണുന്ന ലക്ഷങ്ങൾ ആ വീഡിയോയുടെ വ്യൂവിന്റെ കണക്കിൽ വരില്ല. അതടക്കമാണ് കാണലിന്റെ യഥാർത്ഥ വ്യാപ്തി.

## പരമ്പരാഗതമാധ്യമങ്ങൾ -ടിവി

സമൂഹമാധ്യമത്തിനു സമാനമായ വളർച്ചയും ജനകീയതയും പരമ്പരാഗതമാധ്യമങ്ങൾക്ക് ഇക്കാലയളവിൽ ഉണ്ടായിട്ടില്ല എന്നതാണ് ഇതിനോടു ചേർത്തു വായിക്കേണ്ടത്. ചാനൽ റേറ്റിങ് കണക്കാക്കുന്ന ബാർക്കി (Broadcast Audience Research Council of India BARC)ന്റെ കണക്കിലെ കള്ളത്തരങ്ങൾ പുറത്തായതോടെ വാർത്താ ചാനലുകൾ സംബന്ധിച്ച പ്രതിവാരറിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് 2020 ഒക്ടോബർ മുതൽ നിർത്തിവച്ചിരിക്കുന്നതിനാൽ ഈ തെരഞ്ഞെടുപ്പുകാലത്തെ അതിന്റെ കണക്കുകൾ കിട്ടാൻ നിർവാഹമില്ല.

സാച്ചുറേഷൻ ഘട്ടം കഴിഞ്ഞാൽ ടിവിയുടെ വില്പനയുടെയും കാണലിന്റെയും വളർച്ച സ്വാഭാവികമായും കുറയും. മറ്റു സ്രോതസുകൾ വാർത്തയ്ക്ക് ഉണ്ടാകുന്നതും വളർച്ചക്കുറവിനും വളർച്ച നിലയ്ക്കാനും കാണൽ കുറയാനും കാരണമാകും.

## സത്യം ചെരിപ്പിട്ടു നില്പാണ്

ഇനി ഈ തെരഞ്ഞെടുപ്പുകാലത്തുണ്ടായ സവിശേഷകാര്യത്തിലേക്കു വരാം. സമൂഹമാധ്യമങ്ങൾ അദ്ഭുതപൂർവമായ വളർച്ചയും സ്വാധീനതയും കൈവരിക്കുകയും പരമ്പരാഗതമാധ്യമങ്ങൾ അതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങി ക്ഷീണിച്ചുതുടങ്ങുകയും ചെയ്യുന്ന ഘട്ടത്തിൽ സംഭവിച്ച വിശ്വാസ്യതാനഷ്ടവും സമൂഹനിരാസവുമാണത്. സ്വതവേ ദുർബല, പിന്നെ ഗർഭിണിയും എന്ന അവസ്ഥ. തെരഞ്ഞെടുപ്പിന് ഏതാനും മാസം മുമ്പുമുതൽ കേരളത്തിൽ ആടിത്തുടങ്ങിയ അസംബന്ധനാടകത്തിൽ അലർച്ചയും ഗോഗ്വായും ഒക്കെയായി വില്ലൻവേഷംകെട്ടിയതോടെയാണ് ഇതു സംഭവിച്ചത്.

ഈ ഘട്ടത്തിൽ അനിയന്ത്രിതമായി വന്ന വ്യാജവാർത്തകളോടൊപ്പം സംഭവിച്ചുകൊണ്ടിരുന്ന മറ്റൊരു പ്രതിഭാസമാണ് മണിക്കൂറുകൾക്കകം അവ വ്യാജമാണെന്നു തെളിയുന്നത്. സത്യം ചെരിപ്പിടുമ്പോഴേക്കു നുണ ഉലകം ചുറ്റിയിരിക്കും എന്ന അവസ്ഥ മാറി. വാർത്ത ആദ്യം അറിയിക്കുന്നവർ എന്ന പദവി പത്രത്തിനു പിന്നാലെ ടെലിവിഷനും നഷ്ടപ്പെട്ടിരിക്കുന്നു. സമൂഹമാധ്യമവും ഓൺലൈൻ മാധ്യമങ്ങളുമാണ് ആ സ്ഥാനത്ത്.

അവിടെ വ്യാജവാർത്ത പിറക്കുമ്പോഴേ അറിയാനും അതു പരമ്പരാഗതമാധ്യമങ്ങളിൽ വാർത്തയാകുമ്പോഴേക്കു നിജസ്ഥിതി ജനങ്ങളിൽ എത്തിക്കാനും ഇന്നു കഴിയും. ഈ അനുഭവം പതിവായതോടെ വസ്തുതാപരിശോധന നടത്താൻ സ്വീകർത്താവ് തയ്യാറാകുന്നു. ഫാക്റ്റ് ചെക്ക്



എന്നൊരു മേഖലതന്നെ വികസിച്ചിരിക്കുന്നു. ചുരുക്കത്തിൽ, വാർത്തയുടെ അധികാരിപ്പട്ടം ജനങ്ങൾ ഏറ്റെടുക്കുകയാണ്. അസത്യം, ഊഹം, കെട്ടുകഥ എന്നിവ വാർത്തയുടെ സ്ഥാനം കൈയടക്കുന്നതും അതു ജനങ്ങൾ തിരിച്ചറിയുന്നതും അത്തരം വാർത്താമാധ്യമങ്ങളെ അസ്വീകാര്യമാക്കുന്നു. അതാണ് ഈ തെരഞ്ഞെടുപ്പുകാലം നൽകുന്ന പാഠം.

പരമ്പരാഗതമാധ്യമസ്വാധീനത്തെ ഇടതുപക്ഷത്തിനു ബദൽമാധ്യമങ്ങളിലൂടെ നല്ലയളവു നേരിടാൻ കഴിയുന്നുണ്ട് എന്നു പറയുമ്പോൾത്തന്നെ സമൂഹമാധ്യമങ്ങളിൽ ഇടതുവിരുദ്ധശക്തികൾക്കും പങ്കുണ്ട് എന്നതു കാണണം. വർഗ്ഗീയശക്തികളുടെ ഇടപെടലാണ് ഇതിൽ പ്രധാനം. ആകെയുള്ള ആശ്വാസം



അവരുടെ പ്രചാരണസാമഗ്രികൾ പലതും ഭൂരിപക്ഷത്തിനും സ്വീകരിക്കാനാവാത്തതരം വർഗ്ഗീയവിദ്വേഷം പരത്തുന്നവയോ അന്ധവിശ്വാസങ്ങളും അശാസ്ത്രീയതകളും നിറഞ്ഞതോ അപ്രസക്തമായവയോ കാലഹരണപ്പെട്ടവയോ ആണെന്നതാണ്.

സമൂഹമാധ്യമങ്ങളുടെയും ഉടമാവകാശവും അതിന്റെ കുത്തകവത്ക്കരണവും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തുതന്നെ വേട്ടക്കാർക്കുള്ള സഹായസംവിധാനമായി ഫേസ്ബുക്ക് മാറിയതു നാം കണ്ടു. വിദ്വേഷപ്രചാരണത്തിനും അപകീർത്തിപ്പെടുത്തലിനുമൊക്കെ എതിരാണെന്ന പ്രമാണങ്ങൾ എഴുതി നെറ്റിക്കൊട്ടിച്ചു നിൽക്കുന്ന അവർ അതിനെല്ലാം കടകവിരുദ്ധമായി നഗ്നമായി പക്ഷം ചേരുന്നതാണു നാം കണ്ടത്. മ്യാന്മറിൽ പതിനായിരക്കണക്കിനു റോഹിങ്ക്യൻ വംശജരുടെ കൂട്ടക്കൊലയ്ക്കും ബലാത്സംഗത്തിലും അതിക്രമങ്ങൾക്കും ഏഴുലക്ഷത്തോളംപേരുടെ പലായനത്തിനും വഴിതെളിച്ചത് വ്യാജ-വിദ്വേഷവാർത്ത പരിശോധനകൂടാതെ ഫേസ്ബുക്കിൽ പ്രചരിച്ചതാണെന്നതും നമുക്കറിയാം. ഫേസ്ബുക്ക് അതിനു മാപ്പു പറയേണ്ടിയുംവന്നു.

ഇന്നു സമൂഹമാധ്യമങ്ങളിലെ നിഷ്പക്ഷരും വിദ്യാസമ്പന്നരും പുരോഗമനാശയക്കാരുമായ ജനവിഭാഗങ്ങൾതന്നെ അതു കുറെയെല്ലാം തുറന്നുകാട്ടുകയും നിരസിക്കുകയും ചെയ്യുന്നുണ്ട്. ഇടതുപക്ഷ സൈബർപ്രവർത്തകരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. എന്നാലും വികസിതമനസ്കരല്ലാത്ത ഗണ്യമായ ഒരു വിഭാഗത്തെ അവ സ്വാധീനിക്കുന്നുണ്ട്. വിദ്യാഭ്യാസം നേടിയവരും ഇന്റർനെറ്റ് എന്ന വാതായനങ്ങളിലൂടെ ലോകത്തെ അറിയുന്നവരുമായ പുതുതലമുറ വളരുന്നതിനനുസരിച്ചു കുറഞ്ഞുകുറഞ്ഞ് ഇല്ലാതാകേണ്ട പ്രതിഭാസം മാത്രമാണത്. അതിനു ബോധപൂർവമായ പ്രവർത്തനം ആവശ്യമാണ്. എങ്കിലും സമൂഹമാധ്യമത്തിന്റെ ഇതുവരെയുള്ള സ്ഥിതി കാണിക്കുന്നത് ആപത്തിനെക്കാൾ ശുഭപ്രതീക്ഷയ്ക്കാണു കൂടുതൽ വകയുള്ളത് എന്നാണ്.

**(പി.ആർ.ഡി മുൻ ഇൻഫർമേഷൻ ഓഫീസറും പ്രശസ്ത എഴുത്തുകാരനുമാണ് ലേഖകൻ)**



# ഇലക്ഷൻ കാലം കണ്ട
# കാർട്ടൂണുകൾ

ഇലക്ഷൻ കാലം കാർട്ടൂണുകളുടെ വിളവെടുപ്പ് കാലം എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം. ഈ സമയത്താണല്ലോ ഏറ്റവും കൂടുതൽ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കപ്പെടുന്നത്.

ഇപ്പോൾ കാരിക്കേച്ചറുകൾക്കാണ് കൂടുതൽ ഡിമാന്റ് കാർട്ടൂണുകളെക്കാൾ കാരിക്കേച്ചറുകൾക്കാണ് ഇപ്പോൾ അവസരം നൽകുന്നത്. മുൻകാലങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായി ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് വരയ്ക്കുന്ന കാരിക്കേച്ചറുകൾക്ക് വലിയ പ്രാധാന്യമാണ്.

2020 നവംബറിൽ നടന്ന കേരളത്തിലെ തദ്ദേശ ഭരണ തിരഞ്ഞെടുപ്പ് കാലത്ത് കാർട്ടൂണുകളും കാരിക്കേച്ചറുകളും മാധ്യമങ്ങളിൽ നിറഞ്ഞിരുന്നു.

പക്ഷെ നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന 2021 ഏപ്രിലിൽ കാർട്ടൂണുകളുടെ എണ്ണം കുറഞ്ഞു. തിരഞ്ഞെടുപ്പ് പ്രചരണത്തിന് ദിവസങ്ങൾ മാത്രം ഉണ്ടായതാണ് അതിന് കാരണമെന്ന് ആശ്വസിക്കാം. തിരഞ്ഞെടുപ്പ് കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട കിറ്റ്, സ്വർണക്കടത്ത്, ലൈഫ് മിഷൻ, ആഴക്കടൽ മത്സ്യബന്ധനം, പിൻവാതിൽ നിയമനം തുടങ്ങിയവയായിരുന്നു പൊതുവായി

കാർട്ടൂണുകളിലും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത്.

എല്ലാ വിഷയങ്ങളിലും വരയ്ക്കപ്പെട്ട കാർട്ടൂണുകളിലും രാഷ്ട്രീയ പക്ഷപാതം കാണുവാൻ സാധിക്കും. പൊതു സമൂഹം ചിന്തിക്കുന്നതിനൊപ്പം പല കാർട്ടൂണിസ്റ്റുകൾക്കും വരയ്ക്കാൻ സാധിച്ചില്ല. വലതു പക്ഷ നേതാക്കളും , ബി.ജെ.പി. നേതാക്കളും പിണറായി സർക്കാരിനെ വിമർശിക്കുന്ന സമയത്ത്, അതിന് അനുകൂലമായ നിലപാട് സ്വീകരിച്ചാണ് വരച്ചത്. ഇടത് പക്ഷത്തിന് അനുകൂലമായി കാർട്ടൂണുകൾ വരയ്ക്കപ്പെട്ടത് വളരെ കുറവായിരുന്നു.




**സുധീർ നാഥ്**

സുധീർനാഥ് എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

മലയാള കാർട്ടൂണിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിലും നമുക്ക് ഈ പ്രവണത കാണാം. വിമോചന സമരകാലത്ത് മലയാളത്തിലെ ഒട്ടുമിക്ക മാധ്യമങ്ങളിലും വലതു പക്ഷ കാർട്ടൂണുകൾ വളരെ പ്രാധാന്യത്തിൽ വന്നു. അക്കാലത്തെ ഏറ്റവും പ്രമുഖനായ കാർട്ടൂണിസ്റ്റ് കെ.എസ്. പിള്ള മലയാളത്തിലെ അഞ്ച് പത്രങ്ങളിൽ ഒരേ ദിവസം കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ കാർട്ടൂൺ വരച്ചു. അക്കാലത്തെ മിക്ക കാർട്ടൂണിസ്റ്റുകളും വലത് പക്ഷത്തായിരുന്നു. ജനയുഗത്തിൽ യേശുദാസൻ വന്നതോടെ ഇടത് പക്ഷ കാർട്ടൂൺ രചനകൾക്ക് തുടക്കമായി. ജനയുഗത്തിൽ ഒട്ടേറെ മറ്റ് കാർട്ടൂണിസ്റ്റുകളും ഇടത് പക്ഷം ചേർന്നു വരച്ചു. മലയാള മാധ്യമ ചരിത്രത്തിൽ പിന്നീട് ഇടത് പക്ഷ കാർട്ടൂണിസ്റ്റുകളുടെ മേൽക്കൈ തന്നെ ഉണ്ടായി.


ഉറപ്പാണ് എൽ.ഡി. എഫ്. എന്നതായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മുദ്രാവാക്യം. വലതു പക്ഷം ഉയർത്തിയ മുദ്രാവാക്യം നാട് നന്നാവാൻ യു.ഡി.എഫ് എന്നായിരുന്നു. ബി.ജെ.പി. നേതൃത്വത്തിൽ കേരളത്തിൽ മത്സര രംഗത്ത് എത്തിയ എൻ.ഡി.എ. മുന്നണിക്കും ഒരു മുദ്രാവാക്യം ഉണ്ടായിരുന്നു. പുതിയ കേരളം മോദിക്കൊപ്പം എന്നതായിരുന്നു അത്. കാർട്ടൂണുകളിൽ പക്ഷെ ഏറെ വിമർശിച്ച് വരയ്ക്കപ്പെട്ടത് ഉറപ്പാണ് എൽ.ഡി.എഫ്. എന്ന മുദ്രാവാക്യമാണ്. ഒരു തുടർ ഭരണം പല മാധ്യമങ്ങളും പ്രതീക്ഷിച്ചില്ല എന്നത് വാസ്തവമാണ്.





2021 നിയമസഭാ തിരഞ്ഞെടുപ്പിന്റെ കാലത്ത് ഏറെ കാർട്ടൂണുകൾ വരയ്ക്കപ്പെട്ടില്ല എങ്കിലും, വരച്ചതിൽ ഭൂരിപക്ഷവും ഇടത് പക്ഷത്തിനെ വിമർശിച്ചുള്ളവയായിരുന്നു. കാർട്ടൂണിസ്റ്റുകൾക്ക് പ്രതിപക്ഷം ആവശ്യത്തിലേറെ വിഭവങ്ങൾ നൽകുകയും ചെയ്തു. എൽ.ഡി.എഫ് മുന്നണിയെ നയിച്ച പിണറായി വിജയനും, യു.ഡി.എഫ് മുന്നണിയെ തിരഞ്ഞെടുപ്പിൽ നയിച്ച ഉമ്മൻ ചാണ്ടിയും, രമേശ് ചെന്നിത്തലയും, എൻ.ഡി.എയുടെ പ്രചരണ നേതൃത്വം വഹിച്ച സുരേന്ദ്രനും ഇലക്ഷൻ കാലത്ത് കാർട്ടൂണിൽ കൂടുതൽ വരയ്ക്കപ്പെട്ടു. രാഹുൽ ഗാന്ധിയും, നരേന്ദ്ര മോദിയും മലയാള കാർട്ടൂൺ ലോകത്ത് ഇലക്ഷൻ കാലത്ത് വരച്ച കാർട്ടൂണുകളിൽ പ്രത്യക്ഷപ്പെട്ടു.

ഉപ്പ് തിന്നവൻ വെള്ളം കുടിക്കും എന്ന മുഖ്യമന്ത്രി പിണറായുടെ പ്രസ്താവനയെ അടിസ്ഥാനമാക്കി മലയാള മനോരമ പത്രത്തിൽ ബൈജു പൗലോസിന്റെ കാർട്ടൂൺ പ്രകോപനപരമായിരുന്നു.





ഉറപ്പുണ്ട്..
കുറ്റി ആടില്ല!
കുറ്റ്യാടി
മാധ്യമം




നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട നൂറിലേറെ കാർട്ടൂണുകളിൽ കെ. ഉണ്ണികൃഷ്ണൻ വരച്ച മാതൃഭൂമി പ്രസിദ്ധീകരിച്ച കാർട്ടൂൺ ഏറ്റവും മികച്ചതായി. മറ്റെല്ലാ ആരോപണങ്ങളും നിഷ്പ്രഭമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ വല്ലതും കഴിച്ചോ എന്ന് സാധാരണക്കാരനോട് ചോദിക്കുന്ന കാർട്ടൂൺ വർത്തമാനകാല യാഥാർത്ഥ്യമായി.




2021 നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട നൂറിലേറെ കാർട്ടൂണുകളിൽ കെ. ഉണ്ണികൃഷ്ണൻ വരച്ച് മാതൃഭൂമി പ്രസിദ്ധീകരിച്ച കാർട്ടൂൺ ഏറ്റവും മികച്ചതായി. മറ്റെല്ലാ ആരോപണങ്ങളും നിഷ്പ്രഭമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ വല്ലതും കഴിച്ചോ എന്ന് സാധാരണക്കാരനോട് ചോദിക്കുന്ന കാർട്ടൂൺ വർത്തമാനകാല യാഥാർത്ഥ്യമായി.

(കാർട്ടൂണിസ്റ്റും എഴുത്തുകാരനുമാണ് ലേഖകൻ. കാർട്ടൂണുകൾക്ക് മലയാള ദിനപത്രങ്ങളോട് കടപ്പാട്.)




# വാക്കിനു വിലങ്ങുവീഴുന്ന കാലം

ജനാധിപത്യ ഇന്ത്യയിൽ മാധ്യമപ്രവർത്തനം നിയമവിരുദ്ധ പ്രവർത്തനമാകുന്നു. ടെലിവിഷൻ ചർച്ചയിൽ ഉപയോഗിച്ച ഒരു വാക്കിന്റെ പേരിലാണ് ഹൈക്കോടതിയുടെ പരിമിതമായ പരിരക്ഷ ഉണ്ടായിരുന്നിട്ടും ആയിഷ സുൽത്താന വേട്ടയാടപ്പെടുന്നത്. ചാനൽ ചർച്ച പകർപ്പെടുക്കാൻ കഴിയുന്ന രേഖയായതിനാൽ അതിന്റെ അടിസ്ഥാനത്തിൽ കേസെടുക്കുകയോ കേസ് കൊടുക്കുകയോ ചെയ്യാം. അതിനുപകരം പുതുതായി  എന്തെങ്കിലും തടയുമോ എന്ന മട്ടിലുള്ള പൊലീസിന്റെ ചൂണ്ടയിടൽ ഒരു സ്ത്രീയുടെ സ്വകാര്യത ഉൾപ്പെടെയുള്ള മൗലിക സ്വാതന്ത്ര്യങ്ങളുടെ ലംഘനമാകുന്നു. വാക്കല്ല, പ്രവൃത്തിയാണ് ശിക്ഷാർഹമാകേണ്ടത്. വാക്കിനുമേൽ നിയന്ത്രണമുണ്ടാകുന്നത് സമഗ്രാധിപത്യത്തിലാണ്.

കേരളത്തിലെ കോടതികളിൽനിന്ന് മാധ്യമപ്രവർത്തകർ ഗളഹസ്തം ചെയ്യപ്പെട്ട കാലത്ത് മാധ്യമസ്വാതന്ത്ര്യത്തിന്റെ ഭരണഘടനാപരമായ പവിത്രത സംശയാസ്പദമായി. അങ്ങനെയൊരു സ്വാതന്ത്ര്യം ഉണ്ടോ എന്ന കാര്യം വിവരമുള്ളവർ ഗൗരവത്തോടെ ഉന്നയിച്ചു. അനുഛേദം 19(1)(എ) ആവർത്തിച്ച് വായിച്ചിട്ടും അവരുടെ സംശയങ്ങൾ അവസാനിച്ചില്ല. തൊഴിലെന്ന നിലയിലോ വ്യവസായമെന്ന നിലയിലോ മാധ്യമപ്രവർത്തനത്തിനുള്ള പരിരക്ഷ ഫലസിദ്ധിയില്ലാതെ ചോദ്യം ചെയ്യാമെങ്കിലും സംസാരിക്കുന്നതിനും എഴുതുന്നതിനുമുള്ള മാധ്യമപ്രവർത്തകന്റെ സ്വാതന്ത്ര്യത്തെ ആർക്കും ചോദ്യം ചെയ്യാനാവില്ല. കാരണം അവർ

**വിമർശകരുടെ ശിരസ് ഛേദിക്കുന്ന ഹേറോദേസുമാർക്ക് ജനാധിപത്യത്തിൽ ഇടമില്ല. കുറ്റപ്പെടുത്തലിൽനിന്ന് ഒഴിയുന്നതിന് ആധുനിക ഹേറോദേസുമാർ നിയമത്തെ മറയാക്കുന്നു. അങ്ങനെയുള്ള കഠോരമായ മറയാണ് യുഎപിഎ എന്നറിയപ്പെടുന്ന നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം.**



**ഡോ.സെബാസ്റ്റ്യൻ പോൾ**

**സെബാസ്റ്റ്യൻ പോൾ എഴുതിയ ലേഖനം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക**

ഭരണഘടനയിൽ പരാമർശിക്കുന്ന പൗരന്മാരാണ്. പക്ഷേ, ഇപ്പോൾ ആ സ്വാതന്ത്ര്യം അപകടത്തിലായിരിക്കുന്നു. സിദ്ദിഖ് കാപ്പൻ തുടങ്ങി പേരുകൾ നീളുന്നു. അവർക്കുവേണ്ടി മാധ്യമപ്രവർത്തകനായ ശശികുമാറിന് സുപ്രീം കോടതിയെ സമീപിക്കേണ്ടിവന്നു. സ്വതന്ത്രമായി മാധ്യമപ്രവർത്തനം നടത്തുന്നവർ അനഭിമതരാകുമ്പോൾ അവർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തുന്നതിനെതിരെയാണ് ശശികുമാറിന്റെ ഹർജി. രാജാവും രാജ്യവും ഒന്നാകുമ്പോഴാണ് രാജനിന്ദ രാജ്യദ്രോഹമാകുന്നത്.

ദാവീദിന്റെ നേരേ കുറ്റാരോപണത്തിന്റെ വിരൽചൂണ്ടിയ പ്രവാചകൻ ശിക്ഷിക്കപ്പെട്ടില്ല. പക്ഷേ ഹേറോദേസിന് അനഭിമതനായ സ്നാപകൻ തുറുങ്കിൽ അടയ്ക്കപ്പെട്ടു. സമീപനത്തിലെ വ്യത്യാസമാണിത്. അനുവദനീയമായിരിക്കേണ്ട അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് 'ആ മനുഷ്യൻ നീ തന്നെ' എന്നു രാജാവിന്റെ മുഖത്തുനോക്കി പറഞ്ഞ നാഥാൻ പ്രവാചകൻ. വിമർശനത്തിലും തുറന്നുപറച്ചിലുകളിലും അസഹിഷ്ണുവാകുന്ന ഏകാധിപതിയാണ് ഹേറോദേസ്. വിമർശകരുടെ ശിരസ് ഛേദിക്കുന്ന ഹേറോദേസുമാർക്ക് ജനാധിപത്യത്തിൽ ഇടമില്ല. കുറ്റപ്പെടുത്തലിൽനിന്ന് ഒഴിയുന്നതിന് ആധുനിക ഹേറോദേസുമാർ നിയമത്തെ മറയാക്കുന്നു. അങ്ങനെയുള്ള കഠോരമായ മറയാണ് യുഎപിഎ എന്നറിയപ്പെടുന്ന നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം.

സ്റ്റാൻ സ്വാമി എന്ന ജസ്വിറ്റ് പുരോഹിതന്റെ കസ്റ്റഡി മരണം യുഎപിഎ നിയമത്തെക്കുറിച്ച് തീവ്രമായ ചർച്ചയ്ക്ക് വിഷയമായി. ജാമ്യം അസാധ്യമാക്കുംവിധമുള്ള കർക്കശവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മനുഷ്യത്വമില്ലാത്ത നിയമമാണ് യുഎപിഎ. തന്റെ പ്രവർത്തനമേഖലയായ ജാർഖണ്ഡിലെ ഗോത്രവർഗക്കാരുടെ സാമീപ്യത്തിൽ തന്റെ ഒറ്റമുറിക്കുടിലിൽ മരിക്കാനാഗ്രഹിച്ച ആ പുരോഹിതന് മുംബൈ ആശുപത്രിയിലെ വെൻറിലേറ്ററിൽ തടവുകാരനായി അപമാനിതനായി മരിക്കേണ്ടിവന്നു. നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം എന്നാണറിയപ്പെടുന്നതെങ്കിലും ഇന്ത്യയിലെ മുന്തിയ ഭീകരവിരുദ്ധ നിയമമാണ് യുഎപിഎ എന്ന ഭീകരനിയമം.

നക്സൽബാരിയിലെ കർഷകകലാപം ഭീകരതയായി നാടെങ്ങും പടർന്നപ്പോൾ അതിനെ നേരിടുന്നതിനുള്ള നിയമനിർമാണ പരിശ്രമങ്ങളിൽനിന്നാണ് 1967ലെ നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം ഉണ്ടായത്. നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംഘടനകളെ നിരോധിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തി. നിരോധനം സാധുവോ എന്നു പരിശോധിക്കുന്നതിന് സുപ്രീംകോടതി നിർദേശിച്ചതനുസരിച്ച് ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തി. രാജ്യത്തിന്റെ പരമാധികാരവും അഖണ്ഡതയും സംരക്ഷിക്കുന്നതിന് ഏതുതരത്തിലുള്ള നിയമവും പാസാക്കിക്കൊടുക്കാൻ പാർലമെൻറ് സദാ സന്നദ്ധമാണ്. രാജ്യസ്നേഹവും രാജ്യസുരക്ഷയും എല്ലാവരുടെയും വികാരമാണ്.

നക്സലൈറ്റുകളുടെ പ്രത്യയശാസ്ത്രമായ മാവോവാദത്തിൽനിന്ന് ഭീകരപ്രവർത്തനത്തെ കൈകാര്യം ചെയ്യാൻ പ്രാപ്തമായ നിയമമായി യുഎപിഎയെ വളർത്തിയെടുക്കുന്നതിന് പല ഭേദഗതികളും വേണ്ടിവന്നു. 2004, 2009, 2013 എന്നീ വർഷങ്ങളിലുണ്ടായ ഭേദഗതികൾ ശ്രദ്ധേയമാണ്. പോട്ട എന്നറിയപ്പെടുന്ന ഭീകരവിരുദ്ധ

**ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 66എ വകുപ്പ് സുപ്രീംകോടതി ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചിട്ട് ആറു വർഷമായി. അഭിപ്രായപ്രകടന സ്വാതന്ത്ര്യവുമായി പൊരുത്തപ്പെടുന്നില്ല എന്നതായിരുന്നു കാരണം. എന്നാൽ ഈ വകുപ്പനുസരിച്ച് ഇപ്പോഴും കേസ് ചാർജ് ചെയ്യുന്നുണ്ട്. ഇവിടെയും വാക്കുകളാണ് പ്രശ്നം.**



നിയമം 2002ൽ റദ്ദാക്കപ്പെട്ടതിനുശേഷം ഭീകരവിരുദ്ധപ്രവർത്തനം കൈകാര്യം ചെയ്യുന്നതിനുള്ള നിയമം ഇല്ലെന്ന പരാതി വ്യാപകമായുണ്ടായിരുന്നു. അതിനു പര്യാപ്തമായ നിയമനിർമാണം നടത്തണമെന്ന യുഎൻ സെക്യൂരിറ്റി കൗൺസിൽ നിർദേശങ്ങൾ കരിനിയമത്തിന്റെ നിർമാണത്തിനും സമ്പുഷ്ടീകരണത്തിനും ന്യായീകരണമായി. ഭീകരപ്രവർത്തനം നടത്തുന്ന സംഘടനകളെ നിരോധിക്കുന്നതിനുള്ള നിയമത്തിന്റെ പരിധിയിൽ വ്യക്തികളെക്കൂടി ഉൾപ്പെടുത്തി.

മുംബൈയിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് 2008ൽ യുഎപിഎ നിയമത്തിനു മൂർച്ചകൂട്ടിയത്. അജ്മൽ കസബിനുവേണ്ടി ഒരുക്കിയത് സ്റ്റാൻ സ്വാമിക്ക് വിനയായി. ക്രിമിനൽ നടപടിക്രമത്തിലെ മനുഷ്യത്വപരമായ വ്യവസ്ഥകൾ ഒഴിവാക്കി ദുർവഹമായവ കൂട്ടിച്ചേർത്തുവെന്നതാണ് യുഎപിഎയുടെ വിമർശനവിധേയമായ സവിശേഷത. റിമാൻഡ് കാലാവധി പതിനഞ്ചു ദിവസത്തിൽനിന്ന് മുപ്പതായി ഉയർത്തിയതിനൊപ്പം കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള സമയം 90 ദിവസത്തിൽനിന്ന് 180 ദിവസമായി ഉയർത്തി. ജാമ്യത്തിനു വിലക്കേർപ്പെടുത്തുന്ന വകുപ്പിനുപുറമേ വിചാരണ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങൾ കൂടിയാകുമ്പോൾ വിചാരണയില്ലാത്ത തടവായി മാറുന്നു യുഎപിഎ തടവുകാരന്റെ ജീവിതം.

ഭരണകൂടത്തിനു അനഭിമതമാകുന്ന വാക്കുകൾ ശിക്ഷാർഹമാക്കുന്ന മറ്റൊരു വകുപ്പാണ് ഐപിസി 124എ. യുഎപിഎയിലെ ഭീകരപ്രവർത്തനം ഐപിസിയിലെത്തുമ്പോൾ രാജ്യദ്രോഹമായി മാറുന്നു. ഭരണകൂടവുമായി കലഹിക്കുന്ന പൗരസമൂഹമാണ് ജനാധിപത്യത്തിന്റെ ശക്തി എന്നിരിക്കേ ഭരണകൂടത്തെ വിമർശിക്കുന്നത് രാജ്യദ്രോഹമാക്കുന്ന വ്യവസ്ഥ അങ്ങേയറ്റം വിചിത്രവും അപലപനീയവുമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. അഭിപ്രായപ്രകടനസ്വാതന്ത്ര്യവുമായി പൊരുത്തപ്പെടാത്ത വകുപ്പുകൾ എവിടെയുണ്ടെങ്കിലും അവ നീക്കം ചെയ്യപ്പെടണം. അഭിപ്രായപ്രകടനസ്വാതന്ത്ര്യം പരിമിതമാകുമ്പോൾ ഭരണഘടനയുടെ ചൈതന്യമാണ് ഇല്ലാതാകുന്നത്. ഭരണഘടന ഇല്ലാതായാലും നിലനിൽക്കേണ്ടതാണ് അഭിപ്രായപ്രകടന സ്വാതന്ത്ര്യം. ആതൻസിൽ നിലനിന്നിരുന്ന അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിൽനിന്നാണ് ജനാധിപത്യം സംജാതമായത്. ആതൻസിലെ അരെയോപ്പാഗസ് പ്രഭാഷകർക്കുവേണ്ടിയുള്ള കുന്നായിരുന്നു. വ്യത്യസ്തമായ അഭിപ്രായം പ്രകടിപ്പിക്കുന്നവർ സമാദരണീയരായി.

നിയമം ഇല്ലാതാകുമ്പോഴും അറിയേണ്ടവർ അറിയുന്നില്ല. ശ്രേയാ സിങ്ഗാൾ കേസിൽ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 66എ വകുപ്പ് സുപ്രീംകോടതി ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചിട്ട് ആറു വർഷമായി. അഭിപ്രായപ്രകടന സ്വാതന്ത്ര്യവുമായി പൊരുത്തപ്പെടുന്നില്ല എന്നതായിരുന്നു കാരണം. എന്നാൽ ഈ വകുപ്പനുസരിച്ച് ഇപ്പോഴും കേസ്





ചാർജ് ചെയ്യുന്നുണ്ട്. ഇവിടെയും വാക്കുകളാണ് പ്രശ്നം. അരോചകമായ വാക്കുകൾ കംപ്യൂട്ടറിൽ അയച്ചാൽ മൂന്നുവർഷം വരെ തടവ് ശിക്ഷയായി ലഭിക്കും. സുപ്രീംകോടതി വിധിയുടെ അർത്ഥവും പ്രാധാന്യവും പൊലീസിനു മനസ്സിലാകാതെപോകാം. പക്ഷേ കോടതികളിൽ ആ കേസുകൾ സ്വീകരിക്കുന്നതെന്തിനെന്ന് മനസിലാകുന്നില്ല. ഐപിസി 500 അനുസരിച്ച് സ്വകാര്യ അന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേസ് ഉണ്ടാകാവൂ എന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ടെങ്കിലും വിലക്കിനെക്കുറിച്ചറിയാതെ പൊലീസ് ഇപ്പോഴും അപകീർത്തിക്കേസുകളിൽ എഫ്ഐആർ ഇടുന്നുണ്ട്. ഐടി ചട്ടങ്ങളുടെ ഭീകരതയിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കൊപ്പം ന്യൂസ് മീഡിയയെക്കൂടി ഉൾപ്പെടുത്തിയതിനെതിരെ നാഷണൽ ബ്രോഡ്കാസ്റ്റേഴ്സ് അസോസിയേഷന് കേരള ഹൈക്കോടതിയെ സമീപിക്കേണ്ടി വന്നു.

പതിനേഴലക്ഷം അഭിഭാഷകരുടെ സംസാരവും പെരുമാറ്റവും പരിശോധിക്കാൻ അധികാരമുള്ള ബാർ കൗൺസിലാണ് അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താൻ അച്ചടക്കത്തിന്റെ വാളെടുക്കുന്നത്.

നിയമവാഴ്ചയിൽ അഭിഭാഷകർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പലരും അതറിയുന്നില്ല എന്നുമാത്രം. 2021ലെ അടിയന്തരാവസ്ഥാ ദിനത്തിൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ പുറത്തിറക്കിയ പെരുമാറ്റച്ചട്ടമനുസരിച്ച് കോടതികൾക്കും ബാർ കൗൺസിലിനുമെതിരെ അഹിതകരമായ പരാമർശങ്ങൾ നടത്തിയാൽ അച്ചടക്കനടപടിക്ക് വിധേയനാകേണ്ടിവരും. വിമർശനം പെരുമാറ്റദൂഷ്യമാകുമെന്നർത്ഥം. പതിനേഴലക്ഷം അഭിഭാഷകരുടെ സംസാരവും പെരുമാറ്റവും പരിശോധിക്കാൻ അധികാരമുള്ള ബാർ കൗൺസിലാണ് അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താൻ അച്ചടക്കത്തിന്റെ വാളെടുക്കുന്നത്. അനുഛേദം 19(1)(എ)യുടെ അർത്ഥവും പ്രാധാന്യവും അഭിഭാഷകർ മനസ്സിലാക്കട്ടെ. വാക്കുകൾ വിലക്കപ്പെടാനുള്ളതല്ല. വാക്കാലല്ല പ്രവൃത്തിയാലാണ് ഒരാൾ വിലയിരുത്തപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യേണ്ടത്.

**(മുൻ എംപിയും മാധ്യമനിരൂപകനുമാണ് ലേഖകൻ)**

**ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് വിയന്നയിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന ഒരു അസാധാരണ പത്രത്തെയും അതിന്റെ പത്രാധിപരേയും പരിചയപ്പെടുക. അത് പുതിയ കാലത്തിന്റെ പിഴവുകൾക്കുള്ള തിരുത്തായി മാറിയേക്കും എന്ന് ലേഖകൻ.**



എൻ.ഇ. സുധീർ

എൻ.ഇ. സുധീർ
എഴുതിയ ലേഖനം
കേൾക്കാൻ ക്യൂ ആർ
കോഡ് സ്കാൻ
ചെയ്യുക

## പത്രപ്രവർത്തനത്തിലെ പ്രകാശഗോളമായി

# ടോർച്ചും കാൾ ക്രോസും



1919ൽ ജർമ്മനിയിലെ പ്രശസ്ത എഴുത്തുകാരനായ പീറ്റർ ആൾടെൻബർഗ് അന്തരിച്ചു. അടുത്ത ദിവസത്തെ എല്ലാ പത്രങ്ങളിലും അതു പ്രധാന വാർത്തയായിരുന്നു. വളരെ പ്രശസ്തനായ എഴുത്തുകാരനായിരുന്നിട്ടും അദ്ദേഹത്തിന്റെ നിര്യാണവും ശവസംസ്കാരവും വിയന്നയിലെ പ്രമുഖ പത്രമായ ദി ന്യൂ ഫ്രീപ്രസ്സിൽ മാത്രം വാർത്തയായില്ല. അതിന്റെ കാരണം അവരുടെ റൂൾബുക്കിലെ ഒരു നിബന്ധനയായിരുന്നു. കാൾ ക്രോസ് എന്ന പേര് ഒരുകാരണവശാലും പത്രത്തിൽ അച്ചടിച്ചുവരാൻ പാടില്ല എന്നതായിരുന്നു ന്യൂ ഫ്രീപ്രസ്സിന്റെ നിബന്ധന. അവരുടെ റൂൾബുക്കിലെഴുതിവച്ച, നിശ്ചയമായും പാലിച്ചിരിക്കേണ്ടതായ കൃത്യമായ ഒരു നിബന്ധന. ആൾടെൻബർഗിന്റെ ശവസംസ്കാര ചടങ്ങിൽ ശ്മശാനപ്രസംഗം (Eulogy) നടത്തിയത് കാൾ ക്രോസായിരുന്നു.

അതിനാൽ മരിച്ചയാൾ വലിയ പ്രധാനിയായിട്ടും ആ വാർത്ത അവർ പാടേ ഉപേക്ഷിക്കുകയായിരുന്നു. അന്നൊക്കെ മരണവാർത്തയോടൊപ്പം നിശ്ചയമായും ശ്മശാനപ്രസംഗം ചെയ്യുയാളിനെപ്പറ്റി പരാമർശിക്കുമായിരുന്നു. കാൾ ക്രോസിന്റെ പേരച്ചടിക്കാതിരിക്കാൻ ആ ചരമവാർത്തയെ അപ്പാടെ ഒഴിവാക്കി. കാൾ ക്രോസിനോട് അവർക്ക് അത്രമാത്രം വിരോധമായിരുന്നു.

ആരാണീ കാൾ ക്രോസ്? നമ്മുടെ പുതിയകാല മാധ്യമപ്രവർത്തകർ അങ്ങനെയൊരു പേര് കേട്ടിട്ടുണ്ടോ എന്നെനിക്ക് സംശയമാണ്. ജേണലിസം കോഴ്സുകളിൽ അങ്ങനെയൊരാളെപ്പറ്റി പഠിപ്പിക്കുന്നുണ്ടോ എന്നുമെനിക്കറിയില്ല. ഞാൻ ജേണലിസം പഠിച്ച ഒരാളല്ല. ഏതായാലും അങ്ങനെയൊരാൾ ജർമ്മനിയിലെ മാധ്യമരംഗത്ത് കഴിഞ്ഞനൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് നിറഞ്ഞുനിന്നിരുന്നു. അയാൾ ജേണലിസത്തിൽ പുതിയൊരു വഴി തുറന്നിട്ടിരുന്നു. ആ വഴി മറ്റെന്നത്തേക്കാളും പ്രസക്തമായ കാലത്തിലൂടെയാണ് ലോകം ഇപ്പോൾ കടന്നുപോകുന്നത്. സത്യാനന്തര കാലത്തെ നേരിടുമ്പോൾ ഈ മനുഷ്യനെ ഓർത്തെടുത്തേ മതിയാവൂ. അയാൾ ഒരേസമയം പോരാളിയും ദീർഘദർശിയുമായിരുന്നു.

ഞാൻ കാൾ ക്രോസിനെപ്പറ്റി കേൾക്കുന്നത് പ്രശസ്ത എഴുത്തുകാരനായ എലിയാസ് കനേറ്റിയിൽ നിന്നാണ്. സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം നേടിയ ബൾഗേറിയൻ എഴുത്തുകാരനാണ് കനേറ്റി. കനേറ്റിയുടെ ആത്മകഥയുടെ രണ്ടാംഭാഗത്തിന്റെ പേര് 'A Torch in My Ear' എന്നായിരുന്നു. അതിലെ Torch കാൾ ക്രോസിന്റെ പത്രത്തിന്റെ പേരായിരുന്നു. 1924ൽ കനേറ്റി വിയന്നയിലെത്തിയപ്പോൾ കേട്ട പ്രധാന പേരുകളിലൊന്ന് കാൾ ക്രോസിന്റേതായിരുന്നു. ' He was, I heard, the strictest and greatest man living in Vienna today. No one found grace in his eyes .... It was like a court of law. He brought the charges and he passed judgement. Kraus never made a mistake; he couldn't make a mistake.'

എന്താണ് കാൾ ക്രോസ് ചെയ്തത്? മലീമസമായ അക്കാലത്തെ മാധ്യമപ്രവർത്തനത്തോട് കോർത്തുകൊണ്ട് 'ദി ടോർച്ച് ' (Die Fackel) എന്ന പേരിൽ സ്വന്തമായി ഒരു ബദൽ മാധ്യമം അദ്ദേഹം ആരംഭിച്ചു. ടോർച്ച് ഒരു വാരികയായിരുന്നു. ആഴ്ചയിൽ ഒരുദിവസം മാത്രം വന്നുകൊണ്ടിരുന്ന ആ വാരികയ്ക്കുവേണ്ടി അക്കാലത്ത് കാത്തിരുന്നവരുടെ പേരുകൾ കൂടി കേൾക്കുക. സിഗ്മണ്ട് ഫ്രോയ്ഡ്, ഫ്രാൻസ് കാഫ്ക, വാൾട്ടർ ബെൻജമിൻ.. 1899 ലാണ് ക്രോസ് 'ദി ടോർച്ച് ' തുടങ്ങുന്നത്. 1936ൽ അദ്ദേഹം മരിക്കുന്നതുവരെ അതു തുടരുകയുംചെയ്തു. വിചിത്രവും സവിശേഷവുമായ പലതും അതിനവകാശപ്പെടാനുണ്ട്. 1911 മുതൽ കാൾ ക്രോസ് മാത്രമേ ആ വാരികയിൽ എഴുതിയിട്ടുള്ളൂ. പൂർണമായും അദ്ദേഹം തയ്യാറാക്കിയ ഒന്നായി വാരിക മാറി. ഒരു ഒറ്റയാൾ പട്ടാളം ലൈൻ! കറിക്കുകൊള്ളുന്നതും ചിന്തിപ്പിക്കുന്നതും ചിരിപ്പിക്കുന്നതുമായ ധാരാളം പ്രസ്താവനകൾ അദ്ദേഹം ഓരോ ലക്കത്തിലും എഴുതി. ഒരു ഉദാഹരണം നോക്കുക: 'ഉറപ്പായിട്ടു പറയുകയാണെങ്കിൽ നായ്ക്കൾ വിധേയരാണ്. എന്നാലതെന്തിനാണ് നമ്മൾ ഉദാഹരണമായി പറയുന്നത്? അവ മനുഷ്യരോട് വിധേയരാണ്, പക്ഷേ മറ്റു നായ്ക്കളോടല്ല.'



എലിയാസ് കനേറ്റി

**പുതിയലോകം ക്രോസിന്റെ നിലപാടുകളിലേക്കും അദ്ദേഹത്തിന്റെ പത്രം മുന്നോട്ടുവെച്ച മൂല്യങ്ങളിലേക്കും തിരിച്ചുപോകേണ്ടതുണ്ട്. നഷ്ടപ്പെടുത്തിയ വിശ്വാസ്യത തിരിച്ചുപിടിക്കാൻ നമ്മുടെ മാധ്യമ ലോകം സ്വയം ടോർച്ചായി മാറേണ്ടതുണ്ട്.**

താൻ വെറുക്കുന്ന കാര്യങ്ങളെ കൂടുതൽ ആഴത്തിൽ പഠിക്കാൻ അദ്ദേഹം ശ്രദ്ധിച്ചുപോന്നു. എന്നാലേ അതിനെ ആധികാരികതയോടെ വെറുക്കാൻ കഴിയൂ എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ശത്രുക്കൾ ഉണ്ടാവുക എന്നത് സത്യത്തോടു അടുക്കുന്നു എന്നതിന്റെ

തെളിവായാണ് അദ്ദേഹം കണ്ടത്. അതയാളെ തെല്ലും അലട്ടിയില്ല.


എന്തായിരുന്നു ടോർച്ചിന്റെ ഉള്ളടക്കം? പേരു സൂചിപ്പിക്കുന്നതുപോലെ വെളിച്ചംവീശുക എന്നതു തന്നെയാണ് അതു ചെയ്തുകൊണ്ടിരുന്നത്. പ്രധാനമായും മറ്റുപത്രങ്ങൾ പ്രചരിപ്പിച്ച അവാസ്തവ വാർത്തകളുടെ പിന്നാലെചെന്ന് അതിന്റെ പുറകിലെ സത്യാവസ്ഥ ജനങ്ങളുടെ മുന്നിലെത്തിക്കുക എന്നതായിരുന്നു ടോർച്ച് ഏറ്റെടുത്ത ദൗത്യം. അതദ്ദേഹം ഭംഗിയായി നിർവഹിച്ചുപോന്നു. ടോർച്ച് സത്യത്തിന്റെ അവസാനവാക്കായി ജർമ്മനിയിൽ നിലകൊണ്ടു. ഒരിക്കലും തെറ്റുപറ്റാതെ, ഒരു പ്രലോഭനത്തോടും സന്ധിയാവാതെ ആ പത്രം മുന്നേറി. രാഷ്ട്രീയത്തിലെയും സാംസ്കാരിക രംഗത്തിലെയും എല്ലാ കള്ളനാണയങ്ങളെയും പിച്ചിച്ചീന്തി തുറന്നുകാട്ടി. ഇതിലേറ്റവും കൂടുതൽ ആക്രമിക്കപ്പെട്ടത് മുകളിൽ സൂചിപ്പിച്ച ദ ന്യൂ ഫ്രീപ്രസ്സ് എന്ന പത്രമായിരുന്നു. അതുകൊണ്ടാണ് കാൾ ക്രോസ് എന്ന പത്രാധിപർ അവരുടെ കണ്ണിലെ കരടായത്. അങ്ങനെയാണ് അവരുടെ റൂൾബുക്കിൽ ഒഴിവാക്കപ്പെടേണ്ട ഒരു പേരായി അദ്ദേഹം മാറിയത്. എന്നാൽ, ഇതൊന്നും ക്രോസിനെ അദ്ദേഹം ഏറ്റെടുത്ത ദൗത്യത്തിൽനിന്നും പിന്തിരിപ്പിക്കാൻ സാധിക്കുന്നവയായിരുന്നില്ല. അദ്ദേഹം ശക്തമായി സത്യങ്ങളുടെ പിന്നാലെ സഞ്ചരിച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് അക്കാലത്തെ പ്രശസ്തരായ വ്യക്തികളുടെയെല്ലാം പ്രിയപ്പെട്ട വാരികയായി അതു മാറിയത്.

ഒരുവേള നമ്മളിന്നനുഭവിക്കുന്ന സത്യാനന്തര വാർത്തകളോടുള്ള അക്കാലത്തെ ഇടപെടൽ എന്നുവേണം ഇതിനെ കരുതാൻ. അസത്യം ഉപയോഗിച്ചുള്ള സാമൂഹ്യനിർമ്മിതികൾ അന്നും ഉണ്ടായിരുന്നു. അതിനെ നേരിടാൻ കാൾ ക്രോസ് കണ്ടെത്തിയ വഴിയാണ് ദി ടോർച്ച്. ഇന്നത്തെ കാലവുമായി തട്ടിച്ചുനോക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് അസത്യത്തിന്റെ പ്രചാരണ വേഗത കുറവായിരുന്നു എന്നുകാണാം. അതുകൊണ്ട് സത്യം ഉപയോഗിച്ചുള്ള പ്രതിരോധം അക്കാലത്ത് സാധ്യമായിരുന്നു. അത് സൂക്ഷ്മതയോടെയും കരുതലോടെയും ക്രോസ് നിർവ്വഹിച്ചുപോന്നു. ഒരുവേള മാധ്യമരംഗത്ത് അത്തരമൊരിടപെടൽ ആദ്യത്തേതുമായിരുന്നു. അതിൽനിന്ന് വർത്തമാനകാലത്തിന് പലതും പഠിക്കാനുണ്ട്.

കാൾ ക്രോസ് (1874-1936) പത്രപ്രവർത്തകൻ എന്നതിലുപരി എഴുത്തുകാരനായിരുന്നു. ആസ്ട്രിയൻ കവിയും നാടകകൃത്തുമായിരുന്നു. ഹാസ്യസാഹിത്യകാരനെന്ന നിലയിലും പ്രശസ്തനായി. അദ്ദേഹം രചിച്ച The Last Days of Mankind എന്ന നാടകം ലോകസാഹിത്യത്തിലെ മികച്ച രചനകളിലൊന്നായി കണക്കാക്കപ്പെടുന്നു. ഒന്നാം ലോകയുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നാടകം രചിച്ചിരിക്കുന്നത്. ഇതുകൂടാതെ ധാരാളം കവിതകളും ഉപന്യാസങ്ങളും കാൾ ക്രോസ് രചിച്ചിട്ടുണ്ട്. മൂന്നുതവണ അദ്ദേഹത്തിന്റെ പേര് സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് പരിഗണിച്ചതായി പറയപ്പെടുന്നു. ഇന്നും ആ രചനകൾ മുഴുവനായും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ജർമ്മൻ ശൈലി അത്ര കേമമായിരുന്നു എന്നാണ് വിദഗ്ധാഭിപ്രായം. എന്നിട്ടും, 85 വർഷത്തിനിപ്പുറവും അദ്ദേഹം ലോകത്തിന്റെ ഓർമ്മയിൽ നിലകൊള്ളുന്നു.

നിയമപഠനത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് അദ്ദേഹം എഴുത്തിലേക്കു കടന്നത്. വിയന്നയിലെ ചില പത്രങ്ങളിൽ അദ്ദേഹം ലേഖനങ്ങൾ എഴുതി. ആയിടയ്ക്കുവച്ച് നിയമപഠനം നിർത്തി സാഹിത്യവും ദർശനവും പഠിക്കാൻ പോയി. 1896 ൽ പഠനം പൂർണമായും ഉപേക്ഷിച്ചു. തുടർന്ന് യംങ്ങ് വിയന്ന ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ മുഴുകി. പിന്നീട് ബ്രെസ്ലോർ സൈതുങ് എന്ന പത്രത്തിൽ ജോലി ചെയ്തു. അക്കാലത്തു തന്നെ പൊതുവായ കാര്യങ്ങളിൽ ഇടപെട്ടുതുടങ്ങിയിരുന്നു. സിയോണിസത്തിന്റെ പേരിൽ അതിന്റെ നേതാവായ തിയോഡോർ ഹെർസലുമായൊക്കെ ഏറ്റുമുട്ടി. പിന്നീട് ഇസ്രായേലിനു സാധ്യതയൊരുക്കിയ പ്രശസ്തനായ ജൂതനായിരുന്നു ഹെർസൽ.

1899ൽ ക്രോസ് ജൂതയിസം ഉപേക്ഷിച്ചു. പിന്നീടാണ് സ്വന്തമായി പത്രം ആരംഭിച്ചത്. പത്രത്തിലൂടെ ഒരുപാടു ശത്രുക്കളെ നേടി. കോടതികളിൽ ക്രോസിനെതിരായ കേസുകൾ കുന്നുകൂടി. അക്കാലത്തെ എല്ലാ പ്രമുഖ വ്യക്തികളും ആദ്യകാലത്ത് ടോർച്ചിൽ എഴുതിയിരുന്നു. 1911 മുതലാണ് ക്രോസ് മാത്രം എഴുതുന്ന രീതി അവലംബിച്ചത്. എഴുത്തല്ല, ആ പത്രത്തിന്റെ എല്ലാം അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ പ്രൂഫ് വായന പ്രശസ്തമായിരുന്നു. ഓരോ കുത്തും കോമയും അദ്ദേഹത്തിന് പ്രധാനമായിരുന്നു. ഒന്നും വിട്ടുപോവാത്ത ആ ശ്രദ്ധ മറ്റുള്ളവരെ വായിക്കുന്നതിലും അദ്ദേഹം പുലർത്തി. മറ്റുപത്രങ്ങളിലെ പരസ്യങ്ങളെപ്പോലും ക്രോസ് വിമർശിച്ചു. ടോർച്ചിന്റെ 922 ലക്കങ്ങളാണ് പുറത്തിറങ്ങിയത്. അവയിലൊന്നും ഒരുതെറ്റും കണ്ടുപിടിക്കാൻ ആർക്കും സാധിച്ചില്ല. അത്ര കണിശതയായിരുന്നു അതിന്റെ പത്രാധിപർക്ക്.




ടോർച്ചിന്റെ എല്ലാ ലക്കവും ഒരു ജർമ്മൻ വെബ്സൈറ്റിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ജർമ്മൻ സംസ്കാരത്തിന്റെ ഒരു പ്രത്യക്ഷോദാഹരണമായി അതു കണക്കാക്കപ്പെടുന്നു; ആധുനിക മാധ്യമ സംസ്കാരത്തിന്റെയും. പുതിയലോകം ക്രോസിന്റെ നിലപാടുകളിലേക്കും അദ്ദേഹത്തിന്റെ പത്രം മുന്നോട്ടുവെച്ച മൂല്യങ്ങളിലേക്കും തിരിച്ചുപോകേണ്ടതുണ്ട്. നഷ്ടപ്പെടുത്തിയ വിശ്വാസ്യത തിരിച്ചുപിടിക്കാൻ നമ്മുടെ മാധ്യമലോകം സ്വയം ടോർച്ചായി മാറേണ്ടതുണ്ട്. കാൾ ക്രോസിനെ അറിയുന്നതിലൂടെ അതിനുള്ള ആർജവം നേടാനായേക്കും.

**(എഴുത്തുകാരനും കോളമിസ്റ്റും ആണ് ലേഖകൻ.)**



***AnjanBandopadhyay was a firebrand journalist with over three decades of experience, who always used to take the middle path in a story, giving versions of both sides, which lacks a lot in today's media in West Bengal. He always upheld editorial supremacy in a commercial-driven news company environment existing nowadays.***



Shoma A. Chatterji

scan the QR Code
to read
Shoma A. Chatterji's
article

# Tribute
# ANJAN BANDOPADHYAY
## (1965 -2021)



Anjan Bandopadhyay, one of the leading stars in digital journalism who became as big a success there as he was in print journalism, passed away of post-Covid complications in Kolkata earlier this month. Bandopadhyay was one of the leading names in Bengali journalism today over a painstakingly worked over career of 33 years though he shifted gears mid-way and still made a success of it. He stuck to Bengali journalism, so his name is lesser known in other parts of the country. But that does not take away from his grit, determination and integrity as a journalist who remained completely rooted to the ground, modest, unassuming and accessible to all.

He traversed all the three paths of journalism, print, digital media and television and stood out in all three with equal success. His ever smiling face became very popular as a TV presenter as much as his byline was in

Ananda Bazar Patrika where he began his journey after graduating with Bengali Honours from the Presidency College with a first class and retaining the excellence in his Masters Degree in Bengali.

In the beginning of the career, he worked for news media and channels like Anandabazar Patrika, ETV Bangla, Akash Bangla and Zee 24 Ghanta etc. In 2015 he resigned from Zee 24 Ghanta and joined Anandabazar Patrika (Digital). He rejoined the Zee 24 Ghanta in November 2020. Before rejoining Zee 24 Ghanta, he was also associated with TV9 Bangla as its first editor.

He went back to Anand Bazar Patrika in 2015. Under his guidance and supervision, by June 2020, Anandbazar Digital received 90 lakh visitors per day and became the largest digital platform in the Bengali media in the country. In print, he wrote mainly on current affairs, both analytical writing and investigative stories. On camera, his range was far and deep.

He was a firebrand journalist with over three decades of experience, who always used to take the middle path in a story, giving versions of both sides, which lacks a lot in today's media in West Bengal. He always upheld editorial supremacy in a commercial-driven news company environment existing nowadays. As an editorhe always used to appreciatehis colleagues for their work and was always open to fresh ideas. His command over both television and digital was praiseworthy and set a milestone for journalists in West Bengal to follow. He quickly got his website as the most read news website in the Bengali language and the entire credit goes to him.

He once said at a conference, "Journalism does not depend on any of the media platforms. Finally, content reigns supreme in every case and there is no substitute for it," adding, "According to the needs of the people and the news, the medium of delivery shifts as well." (Media Next 2020 Conclave oganised by Adamas University, April 2020). At the time of his demise, he was the editor of Bengali news channel Zee 24 Ghanta.

Explaining the secret of the tremendous success of the channel he headed, Anjan Bandopadhyay said, "There is no tactic or strategy of making a news agency more credible. Readers understand everything. They are well informed as they live in a digital age. Therefore, our duty as a journalist is to give them the truth and unbiased opinion. But I do realise that many journalists today are highly unethical. Therefore, we must consider our readers as our God and always serve them with the right information. News should be presented in a balanced way and the truth should be presented to the reader."

He felt that the emergence of fake news in the country is one of the negative fall outs of the digital age. Unethical people and news organizations he believed, always tried to morph and manufacture news that is untrue and takes a while to differentiate and recognize the fake from the fact. Credible news agencies need to keep their audience aware all the time about the current hoax and the actual truth.

In his opnion, television usually showcases what is going on currently on a particular news update. It is the responsibilty of the print houses to use their strength and gather as much analytics as possible and highlight the key reasons on why a piece of news becomes news, what are the factors behind it and more.

Anjan Bandopadhyay was the younger brother of Alapan Bandopadhyay, IAS, currently Chief Secretary, West Bengal. But the younger brother never mentioned the name of his brother for any kind of introduction, much less as any form of recognition.

His friend and erstwhile colleague, Ayanjit Sen, remembers him as "a thorough gentleman and always used to interact with all his junior colleagues, hearing them out and then solving any problem that came in the way."

Alapan Bandopadhyay, following his illustrious younger brother's sudden and tragic demise, wrote a beautiful memoir dedicated to his brother in a leading Bengali newspaper. He traces their growing up years in a small colliery town far away from Kolkata and how they went to a distanced school shifting farther to a different school, and their boyhood spent near the Ajoy river where their parents were simple, small town folk leading simple small time lives. He laments why, when being the older brother, he was first to graduate from school, college and university, why did he decide to go first to another world?

Sen adds the last word. "West Bengal lost one of the best journalists it has ever produced in history." Rest in Peace, Anjan Bandopadhyay.

**(Writer is a freelance journalist, author and film scholar based in kolkata)**


# Reporting on negatives is a sign of optimism

## Journalistic exposés have led to timely course corrections



The most compelling reason for devoting substantial space for media literacy in this column is not to defend journalism but to defend the wellspring of journalism.

The atmosphere in which journalists can do their work is getting vitiated by the minute. Governmental decrees, overt and covert gag orders, efforts to undermine sustainable revenue models, rumour mills, and the pitting of social media rants against news are some of the methods that have been unleashed to bring down trust in mainstream media. It would be suicidal if we did not address these issues as many citizens absorb elements of these sly criticisms and internalise them.



A.S. Panneerselvan

scan the QR Code to read A.S. Panneerselvan's article

### *A vague binary*

I get at least one letter a week questioning journalistic work



> ***Former U.S. President Theodore Roosevelt, in his speech on April 14, 1906, pejoratively called journalists and critics "muckrakers".***

ethics. These letters come in different forms. Sometimes readers tend to use an ideological lens. In other instances, they tend to invoke the vaguest binary of optimism and pessimism. This week, Gopal Bipin, a reader who did not mention his place of residence, asked the paper to refrain from carrying excessive negative news on COVID-19, which has been acknowledged




***Journalists for over a century have known that reporting on negative developments, scrutinizing ineffective governmental measures, and holding those in power to account are signs of optimism, not pessimism.***

as one of the biggest health and economic challenges that humanity is facing in a century.

He wrote: "The Hindu has become intolerably negative in its reporting these days with an overdose of criticism and pessimism at a time when the world needs positivity and hope. Its coverage of COVID-19 simply borders on relentless hype and hyperbole, un-wittingly creating panic and fear psychosis in the minds of its readers. Do not think that this kind of fear mongering has no impact, even on patients recovering from COVID-19. Wise counsel needs to prevail among the re-porters of The Hindu. I know of so many people who have discontinued subscription of The Hindu purely on this account... Lives have been ruined from job losses, businesses have gone bankrupt... It is time to think beyond COVID-19. The Hindu should stop its intellectual one-upmanship and return to balanced news reporting. It should not forget that it is not a scientific journal..." While one can understand the angst of a citizen living under the shadow of a pandem-ic that has not just threatened lives but also the livelihood of millions, it is important to remember the fundamental role of a new-spaper. It has to constantly fulfil three Ts: inform, interpret and illuminate. One of the tasks that journalists do is to confront the distortions from the top to restore the space for a dispassionate look at events, policies and the people shaping our livelihoods.

### *The need for muckrakers*

Former U.S. President Theodore Roosevelt, in his speech on April 14, 1906, pejoratively called journalists and critics "muckrakers". According to historians, this particular reference was taken



from John Bunyan's The Pilgrim's Progress. Bunyan wrote: "the Man with the Muck Rake... who could look no way but downward." Journalists were quick to convert the pejorative term to a respectable one that denotes social concern and courageous exposition.

Journalists for over a century have known that reporting on negative developments, scrutinizing ineffective governmental measures, and holding those in power to account are signs of optimism, not pessimism. John Keane, co-founder of the Sydney Democracy Network and Professor of Politics at the University of Sydney, said that every generation needs its share of muckrakers. His argument is that muckrakers put their finger on a perennial problem for which democracy is a solution: the power of elites always thrives on secrecy, silence and invisibility. He wrote: "Gathering behind closed doors and deciding things in peace and private quiet is their specialty. Little wonder then that in media-saturated societies, to put things paradoxically, muckrakers ensure that unexpected 'leaks' and revelations be-come predictably commonplace."

As a journalist for nearly four decades, I have been witness to countless instances where journalistic exposes have led to timely course corrections. I am convinced that if journalists were pessimists, that would show in their journalism. It is often called 'fluff' or `public relations journalism' and tends to become an apology for the ruling elites. On the other hand, if journalists are optimists, they will aggressively point out failures and hope for course corrections.

Courtesy:The Hindu

# അറിയാത്ത കൂലിയെഴുത്തിന്റെ കഥ, കാരൂരിന്റെ 'ബാലചന്ദ്രൻ' പിറന്നപ്പോൾ



തോമസ് ജേക്കബ്

തോമസ് ജേക്കബ് എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

ഒരാൾ എഴുതിയ പുസ്തകം മറ്റൊരാളുടെ പേരിൽ പ്രസിദ്ധീകരിക്കപ്പെടുന്നത് ഒരു പുതുമയല്ല. അവയിൽ മിക്കതും അടുത്തറിയാത്ത ഒരാൾക്കുവേണ്ടി വലിയൊരു എഴുത്തുകാരൻ ചെയ്യുന്ന കൂലിയെഴുത്തായിരിക്കും. പക്ഷേ, കേരളത്തിൽ തന്നെ അപ്രശസ്തരായ ആളുകൾക്കുവേണ്ടി പ്രശസ്തരായ ആളുകൾ തങ്ങളുടെ പേരുകൾ നൽകിയ ഉദാഹരണങ്ങളുണ്ട്.

ആദ്യമായി എനിക്ക് ഓർമ്മ വരുന്നത് കെ.സി.മാമ്മൻ മാപ്പിളയെയാണ്. അദ്ദേഹം മലയാള മനോരമയുടെ ചീഫ് എഡിറ്റർ ആയിരിക്കെ തന്നെ ആദ്യവർഷങ്ങളിൽ കോട്ടയത്തെ എം.ഡി സെമിനാരി ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു. അന്ന് കൊല്ലത്തെ ഗവൺമെന്റ് ഹൈസ്ക്കൂളിൽ നിന്ന് ഏഴ് കുട്ടികളെ നിർബന്ധിത ടിസി കൊടുത്ത് പുറത്താക്കി. ആ കുട്ടികളുടെ മാതാപിതാക്കളെല്ലാവരും കൂടി വന്ന് നിവേദനം നൽകിയപ്പോൾ മാമ്മൻ മാപ്പിള അവർക്ക് എം.ഡി.സെമിനാരിയിൽ പ്രവേശനം നൽകി. അതിൽ കൊട്ടാരക്കര നല്ലിലക്കാരനായ ഒരു എസ്.കൃഷ്ണപിള്ള എന്ന പയ്യനെ മാമ്മൻ മാപ്പിളയ്ക്ക് വളരെ ഇഷ്ടപ്പെട്ടു. പഠിക്കാനൊക്കെ വളരെ സമർത്ഥനായ കുട്ടി.

ആ കുട്ടിയുടെ വീട്ടിൽ സാമ്പത്തികബുദ്ധിമുട്ടുകളുണ്ട് എന്നറിയാവുന്നതുകൊണ്ട് സ്കൂളിൽ പഠിക്കുമ്പോഴും എഫ് എയ്ക്ക് കോട്ടയത്ത് പഠിക്കുമ്പോഴും കോട്ടയത്തെ ഒരു വീട്ടിൽ താമസിക്കാനും അവിടെ നിന്ന് ഭക്ഷണം ക്രമീകരിക്കാനും ഇതിനൊക്കെ പകരമായി ആ വീട്ടിലെ കുട്ടികൾക്ക് ട്യൂഷനെടുക്കാനുമുള്ള സൗകര്യം മാമ്മൻ മാപ്പിള സംഘടിപ്പിച്ചു. പിന്നീട് തിരുവനന്തപുരത്ത് ബിഎയ്ക്ക് ചേർന്നപ്പോഴും ഇതുപോലൊരു വീട് മാമ്മൻ മാപ്പിള സംഘടിപ്പിച്ചുകൊടുത്തു. അങ്ങനെ അവർ തമ്മിൽ നിരന്തരബന്ധം പുലർത്തി. കൃഷ്ണപിള്ള പിന്നീട് സെക്രട്ടേറിയറ്റിൽ ജോലിക്കാരനായി. പക്ഷേ, സെക്രട്ടേറിയറ്റിൽ ജോലി നോക്കുമ്പോഴും കൃഷ്ണപിള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതായി മാമ്മൻ മാപ്പിള അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'കൃഷ്ണപിള്ള ഒരു കാര്യം ചെയ്യ്, നല്ലൊരു പുസ്തകം എഴുതിക്കൊണ്ടു വാ. ഞാനത് സ്കൂൾ ഇൻസ്പെക്ടറായ അയ്യപ്പൻപിള്ളയോട് പറഞ്ഞ്, അദ്ദേഹം എന്റെ സുഹൃത്താണ്, അത് പാഠപുസ്തകമാക്കാമോ എന്ന് നോക്കട്ടെ". അങ്ങനെ കൃഷ്ണപിള്ള ഒരു പുസ്തകം എഴുതി. മാമ്മൻ മാപ്പിള അത് അയ്യപ്പൻ പിള്ളയെ ഏൽപ്പിച്ചു. പുസ്തകം വായിച്ചശേഷം അയ്യപ്പൻ പിള്ള പറഞ്ഞു : "പുസ്തകത്തിന് കുഴപ്പമൊന്നുമില്ല. പക്ഷേ, അറിയപ്പെടാത്ത ഒരു കൃഷ്ണപിള്ളയുടെ കൃതി പാഠപുസ്തകമാക്കാൻ പ്രയാസമാണ്. കെ.സി.മാമ്മൻ മാപ്പിളയുടെ ഒരു കൃതി, മലയാള മനോരമയുടെ പ്രസിദ്ധീകരണമാണ് എന്നു പറഞ്ഞു താൻ പാഠപുസ്തകമാക്കാം." അപ്പോൾ കെ.സി.മാമ്മൻ മാപ്പിള ചെയ്തതെന്താണെന്നു വച്ചാൽ, കൃഷ്ണപിള്ളയുടെ പുസ്തകത്തിന് വളരെ വിശദമായ ഒരു ആമുഖം എഴുതിച്ചേർത്തശേഷം കെ.സി. മാമ്മൻമാപ്പിളയുടെ പേരിൽതന്നെ മനോരമ പുസ്തകമാക്കി പ്രസിദ്ധീകരിച്ചു. അത് അയ്യപ്പൻപിള്ളയ്ക്ക് നൽകി. അദ്ദേഹം അതു പാഠപുസ്തകമാക്കി. തത്ഫലമായി അന്നത്തെ കാലത്ത്, എന്നുപറയുമ്പോൾ കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യവർഷങ്ങളിലെ കാര്യമാണ്, കാര്യമായ ഒരു തുക കൃഷ്ണപിള്ളയ്ക്ക് ലഭിച്ചു. ആ കൃഷ്ണപിള്ള പിന്നീട് ടൈഫോയ്ഡ് പിടിച്ച് മരിച്ചതിനെപ്പറ്റി വളരെ സങ്കടത്തോടെയാണ് മാമ്മൻ മാപ്പിള അദ്ദേഹത്തിന്റെ ആത്മകഥയിൽ എഴുതിയിട്ടുള്ളത്.

'ബാലചന്ദ്രൻ' എന്ന പേരിലിറങ്ങിയ ഒരു പുസ്തകത്തിന്റെ കഥ കൂടി പറയട്ടെ. കാരൂർ നീലകണ്ഠപിള്ള ഒരു ദിവസം രാവിലെ വീട്ടിലിരുന്ന് പത്രം വായിക്കുമ്പോൾ തന്റെ വീട്ടിലിരുന്ന് ഡിസിയും പത്രം വായിക്കുകയായിരുന്നു. അതിലെ ഒരു ചെറിയ വാർത്തയിൽ ഡിസിയുടെ കണ്ണുടക്കി. സംഗതി എന്താണെന്നുവച്ചാൽ പാഠപുസ്തകകമ്മിറ്റി പാഠപുസ്തകങ്ങളാക്കുന്നതിനായി കൃതികൾ ക്ഷണിച്ചിരിക്കുന്നു. 27-ാം തീയതിയാണ് അവസാന ദിവസം. ഡിസി ഉടനെ തന്നെ കാരൂരിന്റെ വീട്ടിലേക്ക് ചെന്നു. കുശലപ്രശ്നമൊക്കെ കഴിഞ്ഞപ്പോൾ ഡിസി പറഞ്ഞു: 'സാറേ, അപ്പോഴേ, പാഠപുസ്തകത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 27 ആണെന്ന് ദാ പത്രത്തിലുണ്ട്. നമുക്ക് പാഠപുസ്തകമാക്കുന്നതിന് ഒരു പുസ്തകം എത്തിച്ചുകൊടുക്കണം."

അപ്പോൾ കാരൂർ പറഞ്ഞു: 'അയ്യോ, അതിനു പറ്റിയ പുസ്തകങ്ങളൊന്നും നമ്മുടെ കയ്യിലില്ലല്ലോ?"

'ഇല്ല പക്ഷേ നമ്മളുണ്ടാക്കണം. 27-ാം തീയതിക്കു മുമ്പ് അച്ചടിച്ച് കോപ്പി എത്തിക്കുകയും വേണം."-ഡി സി പറഞ്ഞു.

അങ്ങനെയൊരെണ്ണം എഴുതാൻ ആശയമൊന്നുമില്ലെന്നായി കാരൂർ. ഡിസി പറഞ്ഞു:"സാറിന് ആശയമൊന്നും വേണ്ട ഞാൻ അതിനൊക്കെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്."

കാരൂർ : 'എന്താ? കേൾക്കട്ടെ."

ഡിസി: 'തിരുവല്ലയ്ക്കടുത്ത് വള്ളംകുളത്ത് എൻ.കേശവപിള്ള എന്നൊരാളുണ്ട്. കുട്ടികളുടെ സാഹിത്യമൊക്കെ എഴുതുന്നയാളാണ്. പൊതുവെ അദ്ദേഹത്തിന്റെ എഴുത്തിനെപ്പറ്റി നല്ല അഭിപ്രായമാണ്. ഒരു സ്കൂൾ അധ്യാപകനാണ്. അധികം അറിയപ്പെടുന്നയാളല്ല. അദ്ദേഹത്തെ കൊണ്ട് കുട്ടികൾക്കുള്ള ഒരു പുസ്തകം ഞാനെഴുതിക്കാം. പ്രതിഫലവും കൊടുക്കാം. പക്ഷേ, കാരൂർ സാറിന്റെ പേരിൽ പുസ്തകം പ്രസിദ്ധീകരിക്കണം. എന്നാലേ അത് പാഠപുസ്തകമാക്കി കിട്ടൂ."

" വേറെ വല്ലവരും എഴുതിയ പുസ്തകം എന്റെ പേരിൽ പ്രസിദ്ധീകരിക്കുകയോ? അതിനൊന്നും എന്നെ കിട്ടില്ല."-കാരൂർ പ്രതികരിച്ചു.


ഡിസി പറഞ്ഞു:" ഇത് സാഹിത്യപ്രവർത്തകസഹകരണസംഘം രക്ഷപ്പെടാനുള്ള മാർഗ്ഗമാണ്. പാഠപുസ്തകമായാൽ ലഭിക്കുന്ന വരുമാനത്തെപ്പറ്റി ആലോചിച്ചു നോക്കിയേ? നമുക്കൊരു സംഘത്തിനായി സ്വന്തം കെട്ടിടം പണിയാം. അങ്ങനെ പല സൗകര്യങ്ങളുമുണ്ട്."

അങ്ങനെ കുറേനേരത്തെ വാദപ്രതിവാദത്തിനുശേഷം കാരൂർ സമ്മതിച്ചു. രണ്ടുപേരും കൂടി കാറിൽ തിരുവല്ലയിൽ ചെന്ന് കേശവപിള്ളയെ കണ്ടു പറഞ്ഞു: 'ഒരാഴ്ചക്കുള്ളിൽ ഒരു കഥ എഴുതിത്തരണം. അത് പ്രസിദ്ധീകരിക്കുന്നത് താങ്കളുടെ പേരിലായിരിക്കില്ല, കാരൂർ സാറിന്റെ പേരിലായിരിക്കും. ഉദ്ദേശം ഇതാണ്. താങ്കൾക്ക് 100 രൂപ പ്രതിഫലം തരും."

1950ലെ കാര്യമാണ്. അന്ന് നൂറു രൂപ എന്നു പറഞ്ഞാൽ വലിയ തുകയാണ്.

പറഞ്ഞതുപോലെ ഒരാഴ്ചക്കുള്ളിൽ കേശവപിള്ള കഥയെഴുതി നൽകി. ഡിസി അത് അച്ചടിച്ച് പാഠപുസ്തകകമ്മിറ്റിക്ക് വേണ്ട കോപ്പികളെല്ലാം തിരുവനന്തപുരത്ത് 27-ാം തീയതിക്ക് മുമ്പ് എത്തിച്ചു. കാരൂർ സാറിന്റെ പുസ്തകമായതുകൊണ്ട് അത് പാഠപുസ്തകമായി. അതിൽ 20,000 രൂപ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് ലാഭമുണ്ടായെന്നാണ് കണക്ക്. കാരൂരിന് ഒരു രൂപ പോലും കിട്ടിയില്ല. അതിന്റെ മിനിട്ട്സിൽ പറയുന്നത് 'ബാലചന്ദ്രൻ' എന്നുപറയുന്ന ഈ കഥ കാരൂർ സാറിൽ നിന്ന് നൂറ് രൂപ റോയൽറ്റിക്ക് സാഹിത്യപ്രവർത്തക സഹകരണസംഘം ഏറ്റെടുത്തിരിക്കുന്നു എന്നാണ്. അത് കേശവപിള്ളയ്ക്ക് കൊടുത്ത തുകയാണ്. രേഖകളിൽ കാരൂർ സാറിന്റെ പേരാണ്. പുസ്തകം പാഠപുസ്തകമായി കഴിഞ്ഞപ്പോൾ അതിനെപ്പറ്റി നിരൂപണങ്ങൾ വന്നു. ചില നിരൂപകർ കാരൂരിന്റെ ഏറ്റവും മികച്ച ബാലസാഹിത്യകൃതി ഇതാണ് എന്നൊക്കെ എഴുതിയപ്പോൾ അദ്ദേഹത്തിന് ചിരിപൊട്ടി. "ദൈവമേ ഇത് എവിടെ ചെന്ന് അവസാനിക്കും?" ഏതായാലും മറ്റ് അപകടങ്ങളൊന്നുമില്ലാതെ കടന്നുപോയി.

ഇത് തീർത്തും രഹസ്യമായിരിക്കുകയായിരുന്നു. പെരുന്ന കെ.എൻ നായർ എന്ന പത്രപ്രവർത്തകൻ,പിഐബിയിൽ പ്രവർത്തിച്ച ഒരു മാന്യദേഹം, വർഷങ്ങൾക്കുശേഷം മനോരമയിൽ ഒരു പത്രാധിപർക്കുള്ള കത്തിൽ ഇങ്ങനെ ഒരു സംഭവം നടന്നായി സൂചന നൽകി. ഈ വിവരം ഡിസിയോട് ചോദിച്ചപ്പോൾ ഡിസി സമ്മതിച്ചു. അങ്ങനെയാണ് ഇത് പുറത്തായത്.



**ചില നിരൂപകർ കാരൂരിന്റെ ഏറ്റവും മികച്ച ബാലസാഹിത്യകൃതി 'ബാലചന്ദ്രൻ' ആണ് എന്നൊക്കെ എഴുതിയപ്പോൾ അദ്ദേഹത്തിന് ചിരിപൊട്ടി. തിരുവല്ല കേശവപിള്ള എഴുതി കാരൂരിന്റെ പേരുവച്ചതാണ് അക്കഥ.**

അന്നായത് കൊണ്ട് രക്ഷപ്പെട്ടു. ഇന്നെങ്ങാനുമായിരുന്നെങ്കിലോ? ബാലചന്ദ്രൻ എന്ന കൃതിക്ക് ഇന്നത്തെ കാലത്തെ അവാർഡിന്റെ പെരുപ്പം കാരണം മികച്ച ബാലസാഹിത്യകൃതിക്കുള്ള പത്തോ ഇരുപതോ അവാർഡ് കിട്ടാൻ ഒരു പ്രയാസവുമില്ല. അന്ന് അത്രത്തോളം അവാർഡുകളൊന്നുമില്ലാത്തതു നന്നായി. അല്ലെങ്കിൽ അവാർഡ് വിവരം പറഞ്ഞ് സംഘാടകർ വിളിക്കുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാൻ കാരൂർ സാർ പുസ്തകം തന്റേതല്ല, തിരുവല്ല കേശവപിള്ളയുടേതാണെന്ന് പറഞ്ഞേനെ.

(മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ ആണ് ലേഖകൻ)




# പൂട്ടിയ ന്യൂസ് ഓഫ് ദ് വേൾഡ്- പതിറ്റാണ്ടിനു ശേഷം...

ജനരോഷത്തിനു മുന്നിൽ ആർക്കും പിടിച്ചുനിൽക്കാനാവില്ല- ലോകത്തിന്റെ മാധ്യമചക്രവർത്തി റൂപർട് മർഡോക്കും അതിശക്ത ഭരണകൂടങ്ങളും ആ പാഠം പഠിച്ചിട്ട് ഒരു ദശകം പിന്നിടുന്നു. ലോകത്തിലെ ഏറ്റവും വലിയ പത്രം, ലോകത്തിലെ ഏറ്റവും പഴക്കംചെന്ന പത്രം എന്നീ അവകാശവാദങ്ങളുള്ള ന്യൂസ് ഓഫ് ദ് വേൾഡ്, നാണക്കേടും ലോകത്തിന്റെ രോഷവും സഹിക്കാനാവാതെ നിരുപാധികം അടച്ചുപൂട്ടിയത് 2011 ജൂലൈ പത്തിനാണ്. മൂന്നര നൂറ്റാണ്ടിന്റെ ചരിത്രമുള്ള ബ്രിട്ടീഷ് പത്രലോകത്തെ ഞെട്ടിച്ച സംഭവത്തിന്റെ മുഴുവൻ ഉള്ളുകള്ളികൾ ഇപ്പോഴും പുറത്തുവന്നിട്ടില്ല. എന്നാൽ, വെളിച്ചത്തുവന്ന വിവരങ്ങൾ ഞെട്ടിക്കുന്നവയായിരുന്നു.

1843 മുതൽ പ്രവർത്തിക്കുന്ന ഞായറാഴ്ചപത്രമായ ന്യൂസ് ഓഫ് ദ് വേൾഡ് 1969-ലാണ് മർഡോക്കിന്റെ ഉടമസ്ഥതയിലെത്തിച്ചേരുന്നത്. ഒരു ഘട്ടത്തിൽ അതായിരുന്നു ലോകത്തിലെ ഏറ്റവും പ്രചാരമുള്ള പ്രസിദ്ധീകരണം. അച്ചടി നിർത്തുമ്പോഴും ന്യൂസ് ഓഫ് ദ് വേൾഡ് ആയിരുന്നു ബ്രിട്ടനിൽ ഒന്നാം സ്ഥാനത്ത്. 2011-ൽ വിനാശം സൃഷ്ടിച്ച വിവാദകാലത്ത് എഡിറ്റർ ആയിരുന്ന കോളിൻ മൈലർ തൊട്ടുമുമ്പൊരു ദിവസം അവകാശപ്പെട്ടത്, ലോകത്തിലെ ഏറ്റവും മഹത്തായ പത്രം ന്യൂസ് ഓഫ് ദ് വേൾഡ് ആണ് എന്നായിരുന്നു. ആ വർഷത്തെ ബ്രിട്ടീഷ് പ്രസ് അവാർഡുകളിൽ പ്രധാനപ്പെട്ട നാലെണ്ണം ന്യൂസ് ഓഫ് ദ് വേൾഡ് പത്രപ്രവർത്തകരാണ് നേടിയത്. അതാണ് എഡിറ്ററെ ഇത്രയും ആവേശഭരിതനാക്കിയത്. പത്രത്തിന് മികച്ച റിപ്പോർട്ടർമാരും എഡിറ്റർമാരും ഉണ്ടായിരുന്നു എന്നതൊരു യാഥാർത്ഥ്യംതന്നെ. മാസങ്ങൾക്കകം പത്രം അടച്ചുപൂട്ടപ്പെടുമെന്നും ലോകത്തിനുമുന്നിൽ താൻ പരിഹാസ്യനായ ഒരു കുറ്റവാളിയാകുമെന്നും ആ എഡിറ്റർ ഒരു ദുഃസ്വപ്നത്തിൽപ്പോലും കണ്ടുകാണില്ല.

ന്യൂസ് ഓഫ് ദ് വേൾഡ് 2010-ൽ ശരാശരി 28.12 ലക്ഷം കോപ്പിയാണ് വിറ്റിരുന്നത്. വെറും സെക്സും ക്രൈമും മാത്രം വിറ്റുണ്ടാക്കിയ സ്വാധീനമായിരുന്നില്ല അത്. പലപ്പോഴും പരിധി വിട്ടെങ്കിലും, അവരുടെ റിപ്പോർട്ടുകൾ മിക്കതും നല്ല ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടുകൾ ആയിരുന്നു. ഒരുപാട് മാന്യന്മാരുടെ, അധികാരികളുടെ അഴിമതിയും അക്രമവും ലൈംഗികാപവാദങ്ങളും തെളിവുകളോടെ ജനമധ്യത്തിൽ കൊണ്ടുവന്ന് അവരെ തുറന്നുകാട്ടിയ പ്രസിദ്ധീകരണം എന്ന നിലയിൽ അതിനെ ധാരാളമാളുകൾ ബഹുമാനിച്ചിരുന്നു. വാർത്തകൾക്ക് പിന്നിലെ രഹസ്യങ്ങൾ എങ്ങനെ അവർ പുറത്തുകൊണ്ടുവരുന്നു എന്ന് ജനങ്ങൾ കാര്യമായൊന്നും അറിഞ്ഞിരുന്നില്ല.

## എക്സ്ക്ലൂസീവ് കുതന്ത്രങ്ങൾ


എന്നാൽ, രഹസ്യം കണ്ടെത്താൻ പത്രം സ്വീകരിക്കുന്ന കുതന്ത്രങ്ങളുടെ കഥകൾ 2006 മുതൽ ജനങ്ങൾ അറിഞ്ഞുതുടങ്ങിയിരുന്നു. ഉന്നതരുടെ ഫോൺ സംഭാഷണങ്ങൾ ചോർത്തിയാണ് രഹസ്യം കണ്ടുപിടിച്ചിരുന്നത് എന്ന ആക്ഷേപത്തെ ജനങ്ങൾ ആദ്യം അത്ര കാര്യമാക്കിയിരുന്നില്ല. അത് കുറ്റാന്വേഷകർ സാധാരണയായി ചെയ്യുന്നതല്ലേ, കുറ്റമന്വേഷിക്കുന്ന പത്രപ്രവർത്തകരും അങ്ങനെ ചെയ്യെങ്കിൽ അതിലെന്തു തെറ്റ് എന്നേ ജനങ്ങൾ കരുതിക്കാണൂ. എന്നാൽ, ഭരണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും മാത്രമല്ല, ജോലിയിലുള്ള സൈനികരുടെയും അഭിഭാഷകരുടെയും പൊലീസ് ഉദ്യോഗസ്ഥരുടെയും സാധാരണക്കാരുടെതന്നെയും ഫോൺ ചോർത്തപ്പെടുന്നു എന്ന അറിവ് അവരെ ഞെട്ടിച്ചു. രാജകുടുംബാംഗം പ്രിൻസ് വില്യത്തിന്റെ ഒരു ഫോൺ സംഭാഷണം ചോർത്തി അദ്ദേഹത്തിന്റെ ചികിത്സ സംബന്ധമായ വിവരങ്ങൾ വാർത്തയാക്കിയത് വലിയ ചർച്ചയായി. കുറ്റകൃത്യങ്ങൾ പുറത്തുകൊണ്ടുവരലല്ല, അപവാദങ്ങളും അപഖ്യാതികളും പ്രസിദ്ധപ്പെടുത്തി കാശുണ്ടാക്കലാണ് പത്രത്തിന്റെ ലക്ഷ്യമെന്ന് ബോധ്യപ്പെട്ടതോടെ ജനം ക്ഷോഭിച്ചു. പത്തു വർഷം മുമ്പ് കാണാതായ, പിന്നീട് മരിച്ചതായി കണ്ടെത്തിയ ഒരു പെൺകുട്ടിയുടെ സംഭാഷണം ചോർത്തിയിരുന്നു എന്നു കൂടി അറിഞ്ഞതാണ് അവസാനത്തെ അടിയായി ന്യൂസ് ഓഫ് ദ വേൾഡിന്റെ  നില തെറ്റിച്ചത്.

ജനങ്ങൾ പത്രം ബഹിഷ്കരിച്ചു, സ്ഥാപനങ്ങൾ പരസ്യം നിഷേധിച്ചു. നാണം മറയ്ക്കാൻ ഒരുതുണ്ട് തുണിപോലും ഇല്ലാതായപ്പോഴാണ് റുപർട്ട് മർഡോക്ക് പരസ്യമായി മാപ്പുപറഞ്ഞതും ന്യൂസ് ഓഫ് ദ് വേൾഡ് പത്രം എന്നന്നേക്കുമായി അടച്ചതായി പ്രഖ്യാപിച്ചതും. ഇത്രയും പഴക്കമുള്ള ഒരു പത്രം ഇത്രയും വലിയ അപവാദത്തിൽപ്പെട്ട് അടച്ചുപൂട്ടുന്നത് ആദ്യമായിരുന്നു. പത്രത്തിന്റെ ആദ്യപേജിൽ Thank you Good Bye എന്ന വലിയ അക്ഷരങ്ങളിൽ യാത്ര പറഞ്ഞായിരുന്നു ആ വിടവാങ്ങൽ. തങ്ങളുടെ കഴിഞ്ഞ കാല സേവനങ്ങൾ വിവരിക്കുന്നതിനു കൂടിയായി പതിവിലും ഇരട്ടിയോളം കൂടുതൽ പേജുകൾ ഉണ്ടായിരുന്നു അവസാന ലക്കത്തിൽ. ആ ലക്കം വിറ്റത് 38 ലക്ഷം കോപ്പികളാണ്. സാധാരണ വിൽക്കുന്നതിനേക്കാൾ പത്തു ലക്ഷം കൂടുതൽ.

ഇതിൽനിന്നു തലയൂരാൻ മർഡോക്ക് കുടുംബം പരക്കംപാഞ്ഞു. അച്ഛനെയും മകനെയും പാർലമെന്റിലേക്കു വിളിച്ചുവരുത്തി ജനപ്രതിനിധികൾ നിഷ്കരുണം വിചാരണ ചെയ്തത് കൂട്ടത്തിൽ നിസ്സാരമെന്നു പറയാം. എഡിറ്റർ ഉൾപ്പെടെ പല പ്രധാനികളും അറസ്റ്റ് ചെയ്യപ്പെട്ടു. പുറത്തുവന്ന അപവാദങ്ങൾ പലതും അവർ പണം കൊടുത്ത് ഒതുക്കി. അതിന്റെ ചെലവ് എത്ര എന്ന് അവർക്കേ അറിയൂ. കേസ് നടത്തിപ്പിന് പത്തുകോടി പൗണ്ട് ചെലവുവന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. നിയമസഹായ ഫീസ് ആയി 2.67 കോടി പൗണ്ട് നൽകേണ്ടി വന്നതായി ന്യൂസ് ഗ്രൂപ്പ് അധികൃതർ വെളിപ്പെടുത്തിയിരുന്നു. ന്യൂസ് ഓഫ് ദ് വേൾഡ് അടച്ചതുമൂലമുള്ള 2012-ലെ നഷ്ടം  6.8 കോടി പൗണ്ട് ആയിരുന്നു. ഇനി ഓരോ വർഷവും തുടരുന്ന നഷ്ടം. അഞ്ചുവർഷത്തോളം മർഡോക്കും മക്കളും പൊതുവേദികളിൽനിന്നു മാറിനിന്നു. മറ്റു പ്രസിദ്ധീകരണങ്ങൾ മാറ്റമില്ലാതെ തുടർന്നതുകൊണ്ട് മർഡോക്കിന്റെ സ്വാധീനത്തിന് ഒട്ടും കോട്ടമുണ്ടായില്ല. 2016-ൽ ഡൊണാൾഡ് ട്രംപ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി രംഗത്തിറങ്ങിയപ്പോൾ, പണ്ടേ സുഹൃത്തായ മർഡോക്ക് പിന്തുണയുമായി കൂടെക്കൂടി. അപ്പോഴേക്കും കേസുകൾ ഏതാണ്ട് അവസാനിച്ചിരുന്നു. മർഡോക്ക് കുടുംബത്തിൽ ആരും ശിക്ഷിക്കപ്പെട്ടില്ല.

## പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റർ!


അന്വേഷണാത്മക പത്രപ്രവർത്തനത്തിന് എത്രത്തോളം അധഃപതനം സംഭവിക്കാം എന്നതിന്റെ വ്യക്തമായ ചിത്രമാണ് ഈ സംഭവങ്ങൾ എടുത്തുകാട്ടിയത്. വർഷം ഒരുലക്ഷം പൗണ്ട് പ്രതിഫലം നൽകിയാണ് ഒരാളെ പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റർ ആയി നിയോഗിച്ചിരുന്നത്. ആ



**എൻ.പി രാജേന്ദ്രൻ**

തോമസ് ജേക്കബ്
എൻ.പി രാജേന്ദ്രൻ
എഴുതിയ ലേഖനം
കേൾക്കാൻ ക്യൂ
ആർ കോഡ് സ്കാൻ
ചെയ്യുക

**കുറ്റകൃത്യങ്ങൾ പുറത്തുകൊണ്ടുവരലല്ല, അപവാദങ്ങളും അപഖ്യാതികളും പ്രസിദ്ധപ്പെടുത്തി കാശുണ്ടാക്കലാണ് റുപർട്ട് മർഡോക്കിന്റെ പത്രത്തിന്റെ ലക്ഷ്യമെന്ന് ബോധ്യപ്പെട്ടതോടെ ജനം ക്ഷോഭിച്ചു. പത്തു വർഷം മുമ്പ് കാണാതായ, പിന്നീട് മരിച്ചതായി കണ്ടെത്തിയ ഒരു പെൺകുട്ടിയുടെ സംഭാഷണം വരെ ചോർത്തിയിരുന്നു എന്നതോടെയാണ് ന്യൂസ് ഓഫ് ദ വേൾഡിന് അവസാനത്തെ അടിയായത്.**



മാനനഷ്ടക്കേസുകളും അതിനു നൽകേണ്ടിവന്ന നഷ്ടപരിഹാരവും കുറച്ചൊന്നുമായിരുന്നില്ല.

ന്യൂസ് ഓഫ് ദ് വേൾഡ് പൂട്ടിയെങ്കിലും ഏതാണ്ട് അതേ സ്വഭാവമുള്ള മറ്റൊരു മർഡോക്ക് പത്രം-സൺ ഓൺ സൺഡെ- 2012 ഫെബ്രുവരിയിൽ പ്രസിദ്ധീകരണം തുടങ്ങിയിരുന്നു. എഡിറ്റർ ഉൾപ്പെടെ മിക്കവാറും എല്ലാവരും അടച്ചുപൂട്ടപ്പെട്ട ന്യൂസ് ഓഫ് ദ് വേൾഡിൽ പ്രവർത്തിച്ചവരായിരുന്നു. നല്ല പ്രചാരം ഈ ബദൽ പത്രത്തിനും കിട്ടി. 2019 കഴിയുമ്പോൾ അതിന്റെ പ്രചാരം പതിനൊന്ന് ലക്ഷം കവിഞ്ഞിരുന്നു. കുറെ നഷ്ടം ഇങ്ങനെ നികത്താനായി.

നാലാമതൊരു വിവാഹം കഴിച്ച റൂപർട്ട് മർഡോക്ക് പുതുതായി വാങ്ങിയ ഒരു വൻകൊട്ടാരത്തിൽ ഏതാണ്ട് ഒളിവിലെന്നപോലെ കുറെക്കാലം ചെലവഴിച്ചപ്പോൾ കുടുംബത്തിലും അസ്വാരസ്യങ്ങൾ മൂർഛിച്ചു. കാര്യങ്ങൾ ഇങ്ങനെ പിടിവിട്ടുപോകാൻ കാരണം, അച്ഛൻ എഡിറ്റർമാർക്കും മറ്റും നൽകിയ ഫ്രീ ലൈസൻസ് ആണെന്നു മകൻ ആൾ പത്രപ്രവർത്തകനല്ല. ആരുടെ ഫോൺ സംഭാഷണം ചോർത്തണം എന്നു ന്യൂസ് വിഭാഗം നിർദ്ദേശിക്കും. ഇൻവെസ്റ്റിഗേറ്റർ അതു ശേഖരിച്ച് എത്തിച്ചുകൊടുക്കും. ചോർത്തിയതു സംബന്ധിച്ച മുഴുവൻ വിവരങ്ങളും അയാൾ രേഖപ്പെടുത്തിയിരുന്നു. പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റർമാരെ 2002 മുതൽതന്നെ നിയോഗിച്ചിരുന്നതായും അതിലൊരാളെ ഫോൺ ചോർത്തിയതിന് മുൻപ് ശിക്ഷിച്ചിട്ടുണ്ടെന്നും സ്ഥിരീകരിച്ചിട്ടുണ്ട്. ആകെ എത്ര പേരുടെ സംഭാഷണം ചോർത്തിയിരിക്കും എന്നു കൃത്യമായി ആർക്കും അറിയില്ല. ആയിരക്കണക്കിനു പേരുടെ എന്നേ പറയാനാവൂ. 2011-ൽ കേസ് നടക്കുമ്പോൾ വാദിഭാഗത്തിനു വേണ്ടി ഹാജരായ അറ്റോർണി ആരോപിച്ചത് ഏഴായിരം പേരുടെ ഫോൺ സംഭാഷണങ്ങൾ ന്യൂസ് ഓഫ് ദ് വേൾഡ് ചോർത്തിയിട്ടുണ്ട് എന്നാണ്. അതു പ്രതിഭാഗം നിഷേധിച്ചതേയില്ല!

വിവരങ്ങൾ ലഭിക്കാനും ഉദ്ദേശിച്ച രീതിയിൽ വാർത്തകൾ സൃഷ്ടിക്കാനും പണംമുടക്കാൻ ഈ പത്രം ഒട്ടും മടിച്ചിരുന്നില്ല. കോടതിയിൽ പ്രത്യേക രീതിയിൽ കേസ് വഴിതിരിക്കാനും അവർ പണം മുടക്കി. ചെക്ക് ബുക് ജേണലിസത്തിന്റെ ആശാന്മാരായിരുന്ന മർഡോക്കിന്റെ പത്രങ്ങൾ. 2006-ൽ ഉണ്ടായ ഒരു ഇടപെടൽ തീർത്തും അസാധാരണമായിരുന്നു. ആയിടെ ഏറെ കോലാഹലം ഉണ്ടാക്കിയ സംഭവമായിരുന്നു അഞ്ച് ലൈംഗിക തൊഴിലാളികളുടെ കൊലപാതകം. ഈ സംഭവത്തിൽ കുറ്റവാളികളെ കണ്ടെത്താൻ സഹായകമായ തെളിവുകൾ നൽകുന്നവർക്ക് രണ്ടരലക്ഷം പൗണ്ട് പ്രതിഫലം നൽകുമെന്നായിരുന്നു പത്രത്തിന്റെ പ്രഖ്യാപനം. പ്രയോജനമൊന്നുമുണ്ടായില്ലെന്നത് മറ്റൊരു കാര്യം. പ്രശസ്തിയും പ്രചാരവും ഉണ്ടാക്കാൻ ഏതറ്റം വരെയും പോകാൻ അവർ സന്നദ്ധരായിരുന്നു എന്നുമാത്രം. കണ്ണടച്ച് പ്രസിദ്ധപ്പെടുത്തിയ സ്കൂപ്പ് വാർത്തകൾക്കെതിരെ ഉയർന്നുവന്ന

**വിവരങ്ങൾ ലഭിക്കാനും ഉദ്ദേശിച്ച രീതിയിൽ വാർത്തകൾ സൃഷ്ടിക്കാനും പണംമുടക്കാൻ ഈ പത്രം ഒട്ടും മടിച്ചിരുന്നില്ല. കോടതിയിൽ പ്രത്യേക രീതിയിൽ കേസ് വഴിതിരിക്കാനും അവർ പണം മുടക്കി. ചെക്ക് ബുക് ജേണലിസത്തിന്റെ ആശാന്മാരായിരുന്ന മർഡോക്കിന്റെ പത്രങ്ങൾ.**

ജെയിംസ് മർഡോക്ക് കുറ്റപ്പെടുത്തുകതന്നെ ചെയ്തു. കുഴപ്പങ്ങളെ അതിജീവിക്കാൻ നടത്തിയ ശ്രമങ്ങളുമായി മകൻ സഹകരിച്ചില്ല എന്ന് അച്ഛനും കുറ്റപ്പെടുത്തി. ജയിംസിനെ പുറത്താക്കുന്നതിന്റെ വക്കത്തുവരെ എത്തിയെങ്കിലും രണ്ടാമത്തെ മകൻ ലാച്ലാൻ ഇടപെടുകയും അച്ഛനെ സമാധാനിപ്പിക്കുകയും ചെയ്തതുകൊണ്ട് കുടുംബം കുത്തനെ പിളർന്നില്ല.



മഞ്ഞപ്പത്രം എന്നുതന്നെ വിളിക്കാവുന്ന ലോകത്തിലെ ഏറ്റവും വലിയ പത്രം നാമാവശേഷമായെങ്കിലും ആ പത്രസംസ്കാരത്തിന് വലിയ ക്ഷതമൊന്നും സംഭവിച്ചില്ല എന്നതാണ് വാസ്തവം. ഇന്നും, ബ്രിട്ടനിലെ ഏറ്റവും പ്രചാരമുള്ള പത്തു പത്രങ്ങളിൽ പകുതിയിലേറെയും ടാബ്ലോയ്ഡുകളാണ്. മേന്മയുള്ള പത്രങ്ങളുടെ കൂട്ടത്തിൽ മുന്നിൽനിൽക്കുന്ന ദ് സൺഡെ ടൈംസിന് ആറാം സ്ഥാനമേ ഉള്ളൂ. ദ് സൺ, ദ് സൺ ഓൺ സൺഡെ, ഡെയ്ലി മെയിൽ, മെയിൽ ഓൺ സൺഡെ, മെട്രോ എന്നിവ ഏറ്റവും മുന്നിൽനിൽക്കുന്നു. ഇവയെല്ലാം ടാബ്ലോയ്ഡ് വലുപ്പത്തിലുള്ളവയാണെങ്കിലും എല്ലാം മുഴുനീള മഞ്ഞയല്ല.

ന്യൂസ് ഓഫ് ദ് വേൾഡ് തകർന്നത് മർഡോക് കുടുംബത്തെ തകർത്തൊന്നുമില്ല. ലോകത്തിലെ 500 സമ്പന്നന്മാരുടെ പട്ടികയിൽ 272-ാം സ്ഥാനത്ത് ആ കുടുംബമായിരുന്നു 2005-ൽ. അന്ന് 2.3 ബില്യൻ ഡോളർ ആയിരുന്നു അവരുടെ ആസ്തി. 2020-ൽ റാങ്ക് 375-ലേക്കു താഴ്ന്നെങ്കിലും ആസ്തി 5.2 ആയി വളർന്നിരുന്നു.




**മഞ്ഞപ്പത്രം എന്നുതന്നെ വിളിക്കാവുന്ന ലോകത്തിലെ ഏറ്റവും വലിയ പത്രം നാമാവശേഷമായെങ്കിലും ആ പത്രസംസ്കാരത്തിന് വലിയ ക്ഷതമൊന്നും സംഭവിച്ചില്ല. ഇന്നും, ബ്രിട്ടനിലെ ഏറ്റവും പ്രചാരമുള്ള പത്തു പത്രങ്ങളിൽ പകുതിയിലേറെയും ടാബ്ലോയ്ഡുകളാണ്.**




## ലെവ്സൺ റിപ്പോർട്ടിന് എന്തു സംഭവിച്ചു?

ന്യൂസ് ഓഫ് ദ് വേൾഡ് വിവാദം ഉയർത്തിയ കൊടുങ്കാറ്റ് ഗുണപരമായി പരിണമിക്കണമെന്ന സദുദ്ദേശ്യത്തോടെയാണ് അന്നത്തെ പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ ഭരണകൂടം ജസ്റ്റിസ് ലെവ്സൺ എന്ന മുതിർന്ന ജഡ്ജി അദ്ധ്യക്ഷനായി ഒരു അന്വേഷണകമ്മീഷനെ നിയമിച്ചത്. ബ്രിട്ടനിലെ പത്രപ്രവർത്തനരീതിയും മാധ്യമസംസ്കാരവും ധാർമികതയും പഠിക്കുകയാണ് കമ്മീഷനു നൽകിയ ചുമതല. പത്രങ്ങളും പൊതുജനവുമായുള്ള ബന്ധം, ഫോൺ ചോർത്തൽ ഉൾപ്പെടെ മാധ്യമരംഗത്തു നടക്കുന്ന നിയമവിരുദ്ധ നടപടികൾ, പത്രങ്ങളും പൊലിസും തമ്മിലും പത്രങ്ങളും രാഷ്ട്രീയക്കാരും തമ്മിലുമുള്ള ബന്ധം എന്നീ കാര്യങ്ങൾ കമ്മീഷൻ പഠിച്ചു. അധികം സമയമെടുക്കാതെ കമ്മീഷൻ 2012-ൽ രണ്ടായിരത്തിലേറെ പേജുള്ള റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിച്ചു. പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ-

- തീർത്തും ഹാനികരമായ രീതിയിൽ മാധ്യമങ്ങൾ സെൻസേഷൻ വാർത്തകൾക്ക് പിറകെ പോകുന്നു. അനേകം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇതുകാരണം ഗുരുതരമായ ഹാനി സംഭവിച്ചിട്ടുണ്ട്.
- പത്രങ്ങൾ സ്വയംനിയന്ത്രിതമായി തുടരണം. എന്തു പ്രസിദ്ധപ്പെടുത്തണം എന്ന കാര്യത്തിൽ ഗവണ്മെന്റിന് ഒരു നിയന്ത്രണവും ഉണ്ടാവരുത്.
- വാർത്തകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരാതികളും പരിശോധിക്കുന്നതിന് ഒരു സ്വതന്ത്രസംവിധാനം ഉണ്ടാവണം. ഇതിന്റെ പെരുമാറ്റച്ചട്ടം മാധ്യമങ്ങൾ തന്നെ തീരുമാനിക്കണം. ഇക്കാര്യത്തിൽ ഗവണ്മെന്റ് നിയമനിർമാണം നടത്തണം. നിലവിലുള്ള സംവിധാനം ഒട്ടും ഫലപ്രദമല്ല.
- ഗുരുതരമായ വീഴ്ചകൾക്ക് മാധ്യമങ്ങളിൽനിന്ന് മൊത്തം ടേണോവറിന്റെ ഒരു ശതമാനമോ, കൂടിയാൽ ദശലക്ഷം പൗണ്ടോ പിഴ ഈടാക്കാം.
- സ്വതന്ത്രസമിതിയുടെ പ്രവർത്തനത്തിന് ബലവും സ്വാതന്ത്ര്യവും ഉണ്ടാകാൻ ഗവണ്മെന്റ് നിയമനിർമാണം നടത്തണം.
- പത്രപ്രവർത്തനം സംബന്ധിച്ചുള്ള പരാതികൾ ഗൗരവപൂർവം കൈകാര്യം ചെയ്യുമെന്ന ഉറപ്പ് ജനങ്ങൾക്കും മറ്റു ഇടപെടലുകളിൽനിന്ന് സംരക്ഷിക്കപ്പെടുമെന്ന ഉറപ്പ് പ്രസിദ്ധീകരണങ്ങൾക്കും ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഗവണ്മെന്റ് നിയമനിർമാണം നടത്തണമെന്ന നിർദ്ദേശം പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ നിരസിച്ചു. മാധ്യമസ്വാതന്ത്ര്യത്തിലുള്ള





ഇടപെടലാവും അതെന്നും അതിരുകടന്നുള്ള ഒരു നടപടിക്കും തയ്യാറല്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഫോൺ ചോർത്തൽ വിവാദത്തെത്തുടർന്ന് പത്രങ്ങൾക്കെതിരെ അണിനിരന്ന മുഴുവനാളുകളും ഇതിൽ ക്ഷുഭിതരായി. തുടർന്ന്, ചില നടപടികൾക്ക് ഗവണ്മെന്റ് തുടക്കമിട്ടു.

മാധ്യമങ്ങൾക്കുമേൽ എന്തുതരം നിയന്ത്രണ സംവിധാനമാണ് ഉണ്ടാകേണ്ടത് എന്നതു സംബന്ധിച്ച് ചർച്ചകളും തർക്കങ്ങളും പിന്നെയും തുടർന്നു. നിലവിലുണ്ടായിരുന്ന പ്രസ് കംപ്ലെയ്ന്റ്സ് കമ്മീഷൻ(പി.സി.സി.) അവസാനിപ്പിക്കണമെന്നും കൂടുതൽ ഫലപ്രദമായ പുതിയ സംവിധാനം ഉണ്ടാകണമെന്നും പി.സി.സി ചെയർമാൻ തന്നെ നിർദ്ദേശിച്ചിരുന്നു. ഒട്ടും ഫലപ്രദമല്ല നിലവിലുള്ള സംവിധാനമെന്നും, ശിക്ഷാധികാരമുള്ള-സ്വതന്ത്ര, കർശന, 'പല്ലുള്ള'- സംവിധാനം വേണം എന്നുമായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.

പ്രധാനമന്ത്രി കാര്യം ഗൗരവമായാണ് എടുത്തത്. പരാതികൾ നേരാംവണ്ണം അന്വേഷിക്കാനും ചട്ടലംഘനങ്ങൾക്ക് കനത്ത പിഴ ഈടാക്കാനും ശിക്ഷാനടപടികൾ പത്രങ്ങളിൽ പരസ്യപ്പെടുത്താനും വ്യവസ്ഥയുണ്ടാകണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഇതുകൊണ്ടൊന്നും ആശയക്കുഴപ്പങ്ങൾ തീർന്നില്ല. ജസ്റ്റിസ് ലെവ്സൺ കമ്മീഷന്റെ റിപ്പോർട്ട് പത്രങ്ങൾക്കു മാത്രമാണ് ബാധകമായിരുന്നത്. ദൃശ്യമാധ്യമങ്ങൾക്ക് നിയമപ്രാബല്യമുള്ള സംവിധാനം ഉണ്ട്. എന്നാൽ, നവമാധ്യമങ്ങൾക്ക് പഴയ പീനൽ കോഡ് മാത്രമാണ് ബാധകമായിരുന്നത്. ഇങ്ങനെയൊരു കുഴഞ്ഞ സംവിധാനം പോരെന്ന നിലപാട് പലരും ഉന്നയിച്ചു.

നീണ്ട ചർച്ചകൾക്കും നിയമനിർമാണങ്ങൾക്കുംശേഷം നിലവിലുണ്ടായിരുന്ന പ്രസ് കംപ്ളെയൻസ് കമ്മീഷൻ ഇല്ലാതാവുകയും പകരം ഇൻഡിപെൻഡന്റ് പ്രസ് സ്റ്റാൻഡേഡ്സ് ഓർഗനൈസേഷൻ(ഐ.പി.എസ്.ഒ) രൂപവൽക്കരിക്കുകയും ചെയ്തു. ചെറുകിട മാധ്യമങ്ങൾക്കായി ഇംപ്രസ് (ദ് ഇൻഡിപെൻഡന്റ് മോണിറ്റർ ഫോർ ദ് പ്രസ്) എന്ന മറ്റൊരു സംവിധാനമാണ് നിലവിലുള്ളത്. ജസ്റ്റിസ് ലെവ്സൺ കമ്മീഷന്റെ ശിപാർശകൾ അനുസരിച്ചുതന്നെയാണോ ഈ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത് എന്നു നിരീക്ഷിക്കാൻ ഗവണ്മെന്റ് തലത്തിൽ പ്രസ് റിക്കഗ്നിഷൻ പാനലും പ്രവർത്തിക്കുന്നുണ്ട്. ഐ.പി. എസ്.ഒ.യും ഇംപ്രസും ഗവണ്മെന്റ് നിയമിതമല്ലെങ്കിലും പി.ആർ.പി.യെ നിയമിച്ചതും നിയന്ത്രിക്കുന്നതും ഗവണ്മെന്റ് ആണ്.

സ്വതന്ത്ര പത്രപ്രവർത്തനത്തിന് ദോഷകരമായ നടപടികളൊന്നും പത്രവിരുദ്ധവികാരം ഉണർത്തിയ ഈ വിവാദം മൂലം ഉണ്ടായില്ല എന്നത് ശരിയാണ്. ഒപ്പം, ബ്രിട്ടീഷ് പൗരന്മാർക്ക് സെൻസേഷനൽ മാധ്യമങ്ങളിൽനിന്ന് മതിയായ സംരക്ഷണം ഉറപ്പുനൽകാൻ ഇപ്പോഴും കഴിയുന്നില്ല എന്ന പരാതി തുടരുകയാണ്.

**(കേരള മീഡിയ അക്കാദമി മുൻ ചെയർമാനും മാതൃഭൂമി മുൻ ഡെപ്യൂട്ടി എഡിറ്ററുമാണ് ലേഖകൻ)**



# മീഡിയയിൽ തലമുറ മാറ്റം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഈ രണ്ടാം ദശകത്തിൽ സമൂഹത്തിലെ എല്ലാ മേഖലകളിലും  മഹാരഥന്മാരായ, തങ്ങളുടെ കഴിവിലും മിടുക്കിലും പദവിയിലും അനുഭവസമ്പത്തിലും ബുദ്ധിയിലും പാരമ്പര്യത്തിലുമെല്ലാം ടോപ് ആയ, എല്ലാവരും ഭയപ്പെടുന്ന ഒരു വസ്തുതയുണ്ട്.

അത് സാങ്കേതികമേഖലയിലെ കഴിഞ്ഞ 40 വർഷമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്ഭുതപൂർവമായ, സ്വപ്നസദൃശമായ കണ്ടുപിടിത്തങ്ങൾ ആയിരുന്നു. പക്ഷേ, പെട്ടെന്നിപ്പോൾ അതിന് തിടുക്കം കൂടിയിരിക്കുകയാണ്. ഇന്നു നാം ലോകമെമ്പാടും അനുഭവിച്ചുകൊണ്ടിരിക്കുന്ന അപ്രതീക്ഷിതവും ഒന്നര വർഷമായിട്ടും നമുക്കു പൂർണമായി മനസ്സിലാക്കാൻ കഴിയാത്തതുമായ കോവിഡ് മഹാമാരിയുടെ വ്യാപ്തിയും ശക്തിയുമാണ് ഇതിനുകാരണം.

## തലമുറ മാറ്റം

ചരിത്രാതീതകാലം മുതൽ വളർത്തിയെടുത്ത, എല്ലാ മേഖലകളിലെയും സിസ്റ്റത്തെ മാറ്റിമറിക്കാൻ  തയ്യാറാകുന്ന തലമുറ മാറ്റം..പുതിയ തലമുറ വരുന്നത് പ്രകൃതിനിയമമാണ്. അതിലെ അനിവാര്യത ആയുർദൈർഘ്യവുമായി  ബന്ധപ്പെട്ടതിനാൽ പണ്ടുമുതലേ ഉണ്ടായിരുന്നു. ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം. ഏറിയാൽ 80-90വർഷം. തലമുറമാറ്റം ആചാരങ്ങളുടെ പിൻബലത്തോടെ തുടർന്നുവന്നു.

അടിസ്ഥാനപരമായ ഒരു മാറ്റം കുറഞ്ഞകാലംകൊണ്ട്  വിവിധ മേഖലകളിൽ ഒരേസമയം വേണ്ടിവരുന്ന സന്ദർഭം ഇന്നുവരെ ഉണ്ടായിരുന്നില്ല.

## കാലയളവ്

കാലയളവിൽ ഒരു ഏകദേശകണക്ക് ഉണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ പെട്ടെന്ന് ഈ തലമുറയുടെ ജീവിതകാലം ചുരുങ്ങി. എല്ലായിടവും മാറ്റം. സ്വാഭാവികമായും തലമുറയുടെ ദൈർഘ്യത്തിലും മാറ്റം വരാം. പക്ഷേ, ഇപ്പോൾ നടക്കുന്ന മാറ്റം തലമുറയുടെ ദൈർഘ്യം കുറയുന്നത് അടിസ്ഥാന മേഖലകളെ തകിടംമറിക്കുന്ന രീതിയിൽ ചെറുതായി വരുകയാണ് എന്നുള്ളതാണ്.

ഈ ലേഖനത്തിൽ ഒരു മേഖലയെക്കുറിച്ചു മാത്രമേ ചിന്തിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

## വായന മീഡിയ

അച്ചടിച്ചതോ എഴുതിയതോ ഡിജിറ്റലോ ആയ, അക്ഷരാഭ്യാസം ഉണ്ടെങ്കിൽമാത്രം സംവേദനക്ഷമത ഉള്ള വാർത്താവിനിമയ





കെ. എൽ. മോഹനവർമ്മ

കെ എൽ മോഹനവർമ്മ
എഴുതിയ ലേഖനം
കേൾക്കാൻ ക്യൂ ആർ
കോഡ് സ്കാൻ ചെയ്യുക.

മേഖലയായി ഇതു മാറിയിട്ട് ഒന്നരനൂറ്റാണ്ടുപോലും ആയിട്ടില്ല. എഴുതുന്ന പ്രക്രിയയ്ക്ക് വാർത്തകൾ പെട്ടെന്ന് കടലാസ്, അച്ചടി, ട്രാൻസ്പോർട്ടേഷൻ ഈ രംഗങ്ങളിൽ വന്ന കണ്ടുപിടിത്തങ്ങൾ അനുനിമിഷം വളർത്തിക്കൊണ്ടുവന്നു. നൂറുവർഷംമുമ്പ് വാർത്താവിനിമയം റേഡിയോ വഴി മെല്ലെ ആരംഭിച്ചെങ്കിലും വർത്തമാനപത്രം നൽകുന്ന വാർത്തകൾ മാത്രമായിരുന്നു കേട്ടറിവിനപ്പുറം നമുക്ക് വാർത്തകൾ മനസ്സിലാക്കിത്തന്നിരുന്നത്.

## സാക്ഷരതയുടെ ബാല്യകാലം

തിരുവിതാംകൂറിലെ മലയാളം പത്രത്തിലെ വാർത്തകൾ കൊച്ചി രാജ്യത്തും, മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ പൗരന്മാർക്കും വാർത്ത ആയിരുന്നില്ല. അതുപോലെ തിരിച്ചും. വാർത്തകളിൽ പ്രധാനമായും ഉണ്ടായിരുന്നത് ഒരു വിഷ്വൽ സീനിന്റെ യഥാർത്ഥരൂപം അക്ഷരങ്ങളിലൂടെ വരയ്ക്കുക എന്നത് മാത്രമായിരുന്നു. മീറ്റിങ്ങിന്റെ വാർത്തകളിൽ ബ്രാക്കറ്റിൽ കയ്യടി, പങ്കെടുക്കുന്ന വ്യക്തികളുടെ വേഷഭൂഷാദികളുടെ വർണ്ണന എല്ലാം പതിവായിരുന്നു.

## പത്രം വായനക്കാരനും എഴുത്തുകാരനും

പുസ്തകങ്ങളിലൂടെ ലഭിച്ച വിജ്ഞാനത്തിലും ഉണ്ടായിരുന്നു. ഒപ്പംതന്നെ സാഹിത്യ കലാരംഗത്തെ രചനകളും പത്രത്തിന്റെ ഒരു രൂപശൈലി നിർണയിച്ചു. എഡിറ്റോറിയൽ പേജ് പ്രധാന പേജ് ആയി മാറി. പാണ്ഡിത്യവും

**തിരുവിതാംകൂറിലെ മലയാളം പത്രത്തിലെ വാർത്തകൾ കൊച്ചി രാജ്യത്തും, മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ പൗരന്മാർക്കും വാർത്ത ആയിരുന്നില്ല. അതുപോലെ തിരിച്ചും. വാർത്തകളിൽ പ്രധാനമായും ഉണ്ടായിരുന്നത് ഒരു വിഷ്വൽ സീനിന്റെ യഥാർത്ഥരൂപം അക്ഷരങ്ങളിലൂടെ വരയ്ക്കുക എന്നത് മാത്രമായിരുന്നു.**




പുകഴ്ത്തലുകളും വാഗ്വാദങ്ങളും വർത്തമാനപത്രത്തിലെ ബഹുഭൂരിഭാഗവും സ്പേസ് കൈയടക്കി. വാർത്തകൾക്കുള്ള ഇടങ്ങളിലും സാമൂഹ്യമായ ജാതിമത വ്യത്യാസങ്ങളും കനകം മൂലം കാമിനി മൂലം ഉണ്ടാകുന്ന രസകരമായ വാർത്തകളും സംഭവങ്ങളുടെ വിവരണങ്ങളും ആയിരുന്നു അന്നു മുൻതൂക്കം നേടിയിരുന്നത്.

വാസ്തവത്തിൽ മീഡിയയ്ക്ക് പലതരം മാറ്റങ്ങൾ വരുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി ജനത്തിന് വേണ്ട വാർത്തകൾ നൽകുന്ന രീതിയിലേക്ക് മീഡിയയിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ടോ എന്ന് സംശയമാണ്.

ഇതേക്കുറിച്ച് ഒരു സത്യ കഥ പറയാം.

നൂറുവർഷം മുമ്പാണ്. കൃത്യമായി പറഞ്ഞാൽ 1922 ജനുവരി. റഷ്യൻ വിപ്ലവത്തിനുശേഷം കമ്മ്യൂണിസം എന്ന ആശയം രാജ്യഭരണ സംവിധാനത്തിൽ പ്രായോഗികമായി വിജയിപ്പിക്കാമെന്ന് കാട്ടിയ കാലം. കഴിഞ്ഞ നൂറ്റാണ്ടിലെ ലോകംകണ്ട രാഷ്ട്രീയ നേതാക്കന്മാരിൽ അത്യുന്നതനായ ലെനിൻ റഷ്യ ഭരിക്കുന്ന കാലം. അച്ചടിച്ച കടലാസുകളുടെ അക്ഷരലോകത്തിൽനിന്ന് വാർത്താവിനിമയം മെല്ലെ ടെലിഗ്രാഫ്, ടെലിഫോൺ, റേഡിയോ വഴിയിലൂടെ മാറ്റങ്ങൾ വരാൻ തുടങ്ങിയ കാലം. അവയെല്ലാം അക്ഷരങ്ങൾക്കുപകരം ശബ്ദത്തെയാണ് ആയുധമാക്കിയത്. നിരക്ഷരർക്കും അപ്പോൾ വാർത്തകൾ എത്തിക്കാം.

അപ്പോഴാണ് എവിടെയും ചെന്ന് കാണിക്കാവുന്ന, ചലിക്കുന്ന ചിത്രങ്ങളിലൂടെ ആശയം പകരാവുന്ന മൂവി ഫിലിം കടന്നെത്തിയത്. ക്രാന്തദർശിയായ ലെനിൻ ഈ മീഡിയത്തിന്റെ വിപ്ലവകരമായ കമ്യൂണിക്കേഷൻ സാധ്യത കണ്ടു. നിരക്ഷരരായ ബഹുഭൂരിപക്ഷത്തിനും ദരിദ്രരായ കാർഷിക-വ്യാവസായിക രംഗത്തെ തൊഴിലാളികൾക്കും ഉപകാരം ആകുന്നത് ഈ മൂവി മാധ്യമം ആകുമെന്ന് അദ്ദേഹം കണ്ടു. രാഷ്ട്രീയമായും ഈ ദൃശ്യമാധ്യമത്തിന്റെ ലളിതവും അതേസമയം, അത്യാകർഷകവുമായ ജനകീയ അംഗീകാരം ഭാവിയിൽ വളരെ ഉപകരിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. അതിന്റെ പ്രോത്സാഹനത്തിന് പ്രവർത്തനശൈലി സർക്കാർ ലെവലിൽ രൂപീകരിച്ചു.

അദ്ദേഹത്തിന്റെ രസകരമായ ചില കർശനമായ തീരുമാനങ്ങൾ ഇന്നും പ്രസക്തമാണ്.

ഈ ഫിലിം പരിപാടി ബ്ലാക്ക് ആൻഡ് വൈറ്റ് മാറി നിറം വന്നു. ചലനത്തിൽ ശബ്ദരേഖ വന്നു. പിന്നാലെ ടെലിവിഷൻ വന്നു. ഇന്റർനെറ്റ് വന്നു. ഡിജിറ്റൽ വിപ്ലവം വന്നു. ഇന്ന് അതു മൊബൈൽ വിപ്ലവത്തിൽ




ലോകമെമ്പാടും ഏറ്റവും ദരിദ്രരും മുൻപൊരിക്കലും സമൂഹത്തിന്റെ ഭാഗമായി കാണാതിരുന്ന മനുഷ്യരിലെല്ലാം എത്തിച്ചേർന്നു.

അദ്ദേഹം ഈ മീഡിയയുടെ പ്രോത്സാഹനത്തിനായി കമ്മിറ്റികൾ ഉണ്ടാക്കി. അവർക്ക് ചില നിർദ്ദേശങ്ങൾ നൽകി. അവയിൽ ചിലത്:

- ഒന്ന്, സിനിമ വ്യവസായത്തെ എങ്ങനെ പ്രോത്സാഹിപ്പിക്കണം.
- രണ്ട്, കഴിയുന്നത്ര ഉൾനാടൻ ഗ്രാമങ്ങളിൽ കൂട്ടായ്മകളിലും അത് എത്തിക്കണം.

ഇതിനായി സർക്കാരിനൊപ്പം വ്യവസായികളെയും ഫിലിം നിർമാണത്തിനും പ്രദർശനത്തിനും പ്രോത്സാഹിപ്പിക്കണം. ബിസിനസുകാർക്ക് ഇതിനെ ആകർഷകമായ ഒരു തൊഴിലായി എടുക്കാൻ കാണികളിൽനിന്ന് പണം ഈടാക്കാവുന്നതാണ്. രസകരമായ കഥകളിലൂടെ സർക്കാർ നയങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണം. വിനോദത്തിനുള്ള പ്രാധാന്യം കുറയ്ക്കരുത്. അതേസമയം, സർക്കാർ സ്വന്തം രീതിയിൽ മറ്റുപല രാഷ്ട്രങ്ങളിലുള്ള ഭരണവ്യവസ്ഥകളുടെ അപകടം തുറന്നുകാട്ടുകയും വേണം. അദ്ദേഹം ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാർ നടത്തുന്ന ചൂഷണത്തെക്കുറിച്ച് ഒരുദാഹരണമായി എടുത്തുകാട്ടുകയും ചെയ്തു.

**മീഡിയയ്ക്ക് പലതരം മാറ്റങ്ങൾ വരുന്നുണ്ടെങ്കിലും ജനത്തിനുവേണ്ട വാർത്തകൾ നൽകുന്ന രീതിയിലേക്ക് വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ടോ എന്ന് സംശയമാണ്.**

**(ലേഖകൻ പ്രമുഖ നോവലിസ്റ്റും വീക്ഷണം മുൻ ചീഫ് എഡിറ്ററുമാണ്)**

**ഇത്തവണ പരസ്യവാക്യം 'ഉറപ്പാണ് ' എന്നായിരുന്നതിനാൽ ഉറപ്പിന്റെയും ചുവപ്പിന്റെയും മേളമായിരുന്നു. 'ഉറപ്പിന്മേൽ ചുവപ്പ്', 'ചുവപ്പഴകിൽ മേയ് 2', 'ചുവന്ന കേരളം', 'വിജയച്ചുവപ്പ് ' എന്നിങ്ങനെ മലയാളപത്രങ്ങൾ ഉറപ്പോടെ ചുവന്നപ്പോൾ ഒരു ആംഗലപത്രം എഴുതിയത് Red Alert എന്നായിരുന്നു. അതേ പത്രം Keep Left, Stay Safe എന്നും എഴുതി ഇടതുചേർന്ന് സുരക്ഷിതം എന്ന അർത്ഥത്തിൽ**



പ്രിൻസ്

പ്രിൻസ് എഴുതിയ ലേഖനം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

# കനലൊന്നുപോരേ വെളിച്ചം വീശാൻ?



ദേശാഭിമാനി

അത്രക്കും മേലെ

99 41 0 0



THE NEW INDIAN EXPRESS

99 41 00

KEEP LEFT, STAY SAFE

Mamata tsunami in Bengal; BJP holds on in Assam

After a decade in waiting, son rises on the DMK horizon



മെട്രോ വാർത്ത

'വിജയ' തുടർച്ച

ജനാധിപത്യത്തിന്റെ ഉത്സവമാണ് ഓരോ തിരഞ്ഞെടുപ്പും. ജനപ്രീതിയും സമ്മതിയും അതുവഴി ഭരണസാരഥ്യവും നേടാനായി രാഷ്ട്രീയകക്ഷികളും വ്യക്തികളും നടത്തുന്ന പരിശ്രമങ്ങളുടെ ഒരു മഹാമേള. മാദ്ധ്യമങ്ങൾക്കാകട്ടെ, എഴുത്തിലും റിപ്പോർട്ടിംഗിലുമൊക്കെയുള്ള മികവ് തെളിയിക്കാനുള്ള അവസരമാണ് തിരഞ്ഞെടുപ്പെന്ന മഹാ വാർത്താ സംഭവം.

ഒരു മാദ്ധ്യമ ഉത്സവം കൂടിയായ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പല വാർത്തകളും പത്രങ്ങളിൽ സംജാതമാക്കുന്നത് ഒരു തികഞ്ഞ പോരാട്ടത്തിന്റെ പ്രതീതിയാണ്! 'ഇനി അങ്കത്തട്ടിൽ' എന്ന് ഒരിടത്ത് കണ്ടപ്പോൾ, രണ്ടിടത്ത് 'പടയൊരുക്കം' എന്നും 'അടർക്കളം' എന്നും കണ്ടു. തിരഞ്ഞെടുപ്പിന്റെ ആംഗലം 'പോൾ' ആയതിനാൽ ചിലരുടെ ഭാവന 'പോൾക്കളം' ആയും വിരിഞ്ഞു. തിരഞ്ഞെടുപ്പുതീയതി ഏപ്രിൽ ആറ് എന്നുകേട്ടതോടെ 'ആറു കടക്കാൻ' എന്നെഴുതി, മുഖ്യമത്സരാർത്ഥികൾ വഞ്ചിതുഴയുന്ന ചിത്രവുംകൊടുത്ത്

രണ്ടർത്ഥവും കുട്ടിമുട്ടിച്ചവരുമുണ്ട്. അർത്ഥവ്യാപ്തിക്കുവേണ്ടിയുള്ള അതിപ്രയത്നം!

### ഒരു ചെറുപുഞ്ചിരി

തിരഞ്ഞെടുപ്പുഫലം വന്നദിവസം ലോക ചിരിദിനമായിരുന്നു. അക്കാര്യം ഉയർത്തിക്കാട്ടി ഒരു പത്രം തിരക്കിയത് 'ജനവിധി അറിഞ്ഞ് ആരെല്ലാം ചിരിക്കും?' എന്നായിരുന്നു. ഉള്ളിലിരിപ്പ് പുറത്തുകാണിക്കാത്ത വോട്ടറുടെ ഗൂഢസ്മിതം തന്നെയല്ലേ അതോടൊപ്പമുണ്ടായിരുന്ന സ്മൈലിയിൽ കണ്ടത്?

### പൊതുബോധത്തിനും ഉയരെ

തിരഞ്ഞെടുപ്പുകാലത്ത് ചർച്ചയായ പേരുകൾ, വിഷയങ്ങൾ, താരതമ്യം, പ്രയോഗങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചായിരുന്നു ഫലപ്രഖ്യാപനവേളയിലെ വാർത്താവതരണശൈലി. 'ചുവപ്പ്', 'തരംഗം', 'ക്യാപ്റ്റൻ', 'ഉറപ്പ്' തുടങ്ങിയ ഈ വാക്കുകൾ ഒത്തിരി കേട്ടതിനാൽ, ഫലം വന്നുതുടങ്ങിയപ്പോൾത്തന്നെ അടുത്ത ദിവസത്തെ തലക്കെട്ടുകൾ എന്താവുമെന്നതിന്റെ സൂചന വ്യക്തമായിരുന്നു. പോരാഞ്ഞ്, വിജയശിൽപ്പിയുടെ പേരുതന്നെ വിജയൻ എന്നായിരിക്കെ വിജയവും വിജയനുമില്ലാത്ത ഒരു ശീർഷകത്തെ സങ്കൽപ്പിക്കാൻ പത്രവായനയിലൂടെ കിട്ടുന്ന പൊതുബോധം അത്ര എളുപ്പം സമ്മതിക്കുകയുമില്ലല്ലോ.

പക്ഷേ, ആ പൊതുബോധത്തെ അതിജീവിച്ച് 'ഉയരേ കേരളം' എന്ന് ഒരു പത്രം എഴുതി. വേറൊരു പത്രം 'ചരിത്രവിജയം' എന്ന പഴയ, പതിവു പ്രയോഗത്തിനുപകരം 'ചരിത്രവിജയൻ' എന്നെഴുതി. മറ്റൊരിടത്ത് കണ്ടത് 'വിജയനിസം'ആയിരുന്നു.

### സൂപ്പർ കാലം

ഇക്കാലത്ത് മികച്ചതെന്തും നമുക്ക് 'സൂപ്പർ' ആണല്ലോ. ഈ വിജയവും സൂപ്പർ തന്നെയെന്ന് കാണിക്കാൻ ഒന്നാം പേജിൽ 'വിജയ് സൂപ്പർ' എന്നെഴുതി, കേരളത്തെ ഒരുവിരലിൽ താങ്ങിനിർത്തുന്ന സൂപ്പർമാനായി വിജയശിൽപ്പിയെ അവതരിപ്പിച്ചു ഒരു പത്രം. അകത്തൊരു പേജിൽ 'സൂപ്പർ പിണറായി' എന്നു രണ്ടു നിറത്തിൽ ശീർഷകം. അതിലെ ചുവന്ന അക്ഷരം മാത്രം നോക്കിയാൽ 'സൂപ്പറായി' എന്നു വായിക്കാം.

മുൻ തിരഞ്ഞെടുപ്പിൽ എൽഡിഎഫ് ജയിച്ചപ്പോൾ 'എല്ലാം ശരിയാവും' എന്ന ഇടതുമുന്നണിയുടെ പരസ്യവാക്യത്തെ അധികരിച്ച് 'കേരളം ശരിവച്ചു' എന്നു ഇതേപത്രം എഴുതിയിരുന്നു. ഇത്തവണ പരസ്യവാക്യം 'ഉറപ്പാണ് ' എന്നായിരുന്നതിനാൽ ഉറപ്പിന്റെയും ചുവപ്പിന്റെയും മേളമായിരുന്നു. 'ഉറപ്പിന്മേൽ ചുവപ്പ്', 'ചുവപ്പഴകിൽ മേയ് 2', 'ചുവന്ന കേരളം', 'വിജയച്ചുവപ്പ്' എന്നിങ്ങനെ മലയാളപത്രങ്ങൾ ഉറപ്പോടെ ചുവന്നപ്പോൾ ഒരു ആംഗലപത്രം എഴുതിയത് Red Alert എന്നായിരുന്നു. അതേപത്രം Keep Left, StaySafe എന്നും എഴുതി, ഇടതുചേർന്ന് സുരക്ഷിതം എന്ന അർത്ഥത്തിൽ.

### തരംഗത്തിനുമീതേ ക്യാപ്റ്റൻ

വിജയതരംഗം, രണ്ടാം വിജയതരംഗം, ഇടതുതരംഗം, ചുവപ്പുതരംഗം പോലുള്ളവയുടെ സാധാരണ ഒഴുക്കിനിടയിൽ 'ക്യാപ്റ്റൻ' അൽപ്പം മേജറായിത്തന്നെ ഉയർന്നുനിന്നു. ഒരിടത്ത് 'ക്യാപ്റ്റൻ' എന്നെഴുതിയ തൊപ്പി ധരിച്ച് തുഴച്ചിൽക്കാരെ നയിക്കുന്നയാളിന്റെ ചിത്രം കണ്ടു. മറ്റൊരു പത്രം 'ക്യാപ്റ്റൻ ദ ഗ്രേറ്റ്' എന്ന ചുവപ്പൻ ശീർഷകവും ചിത്രവും നൽകി. ഈ ആംഗലപ്രയോഗം വന്ന മലയാളപത്രത്തിൽ എൽഡിഎഫ്, യു ഡിഎഫ് എന്നതൊക്കെ ഇംഗ്ലീഷിൽ എഴുതിയത് അൽപം കൊഴുക്കട്ടെ എന്ന് കരുതിയാവാം.

### മലയാളവും കൊഴുപ്പിക്കും

വാർത്താവതരണം കൊഴുപ്പിക്കാനായി മലയാളപത്രങ്ങൾ ഇംഗ്ലീഷ് പ്രയോഗിക്കുന്ന ഇക്കാലത്ത് അല്പം മലയാളം ചേർത്ത് തലക്കെട്ട് കൊഴുപ്പിക്കാൻ ഒരു ആംഗലപത്രം മുന്നോട്ടുവന്നത് രസകരമായിത്തോന്നി. ആ ശീർഷകം ഇങ്ങനെയായിരുന്നു: Captain's knock : It's Pinarayi's Vijayam.

വിജയത്തിന് ഇംഗ്ലീഷിൽ 'വിക്ടറി'യും 'ട്രയംഫ്'മൊക്കെ ഉണ്ടായിട്ടും അതിനുപകരം അവസരോചിതമായി 'വിജയം' എന്ന മലയാളം തന്നെ ഉപയോഗിച്ചതിലെ മിടുക്കിനെ കാണാതിരിക്കുന്നതെങ്ങനെ?

> **മറ്റൊരു സ്ഥലത്തെ ഇടതിന്റെ അവസ്ഥ ഓന്നോർമിപ്പിക്കാനായി ഒരു വരികണ്ടു: 'കനലൊരു തരിപോലുമില്ല ബംഗാളിൽ'. ഇങ്ങനെ ഒരു കനൽത്തരി മതിയല്ലോ മനസ്സിലിരിപ്പിലേക്ക് വെട്ടം വീശാൻ.**

### കനലിന്റെ വെട്ടം


വിജയം എല്ലാവരെയും ഒരുപോലെ സന്തോഷിപ്പിക്കണമെന്നില്ല എന്ന് ചിലതു കാണുമ്പോൾ തോന്നും. കേരളത്തിലെ ഇടതുവിജയവുമായി ബന്ധപ്പെട്ട് 'ഇരട്ടച്ചെങ്കനൽ' എന്നൊരു ശീർഷകം നൽകിയത് മറ്റൊരു പതിവുപ്രയോഗത്തെ ഓർമ്മയിലെത്തിക്കാൻ വേണ്ടിയാണെന്ന് ആർക്കറിയില്ല? അതിനടുത്തായി, മറ്റൊരു സ്ഥലത്തെ ഇടതിന്റെ അവസ്ഥ ഒന്നോർമിപ്പിക്കാനായി ഒരു വരികണ്ടു: 'കനലൊരു തരിപോലുമില്ല ബംഗാളിൽ'.

ഇങ്ങനെ ഒരു കനൽത്തരി മതിയല്ലോ മനസ്സിലിരിപ്പിലേക്ക് വെട്ടം വീശാൻ.

തിരഞ്ഞെടുപ്പും ജനാധിപത്യവുമൊക്കെ വിജയികളുടെ മാത്രം കഥയല്ലല്ലോ. പരാജിതരുടെ വാക്കിനും ഇവിടെ വിലയുണ്ട്. 'ജനവിധി ആദരവോടെ അംഗീകരിക്കുന്നു' എന്നായിരുന്നു പ്രതിപക്ഷത്തിന്റെ പ്രസ്താവനയായി ഒരു പത്രത്തിൽക്കണ്ടത്. 'ആദരമോടെ', അല്ലെങ്കിൽ 'ആദരത്തോടെ,' അതുമല്ലെങ്കിൽ 'സാദരം ' എന്നായിരുന്നു വേണ്ടത്. ശരിയായ മലയാളം അതൊക്കെ ആയിട്ടും 'ആദരവ്' എന്ന തെറ്റിനെ (ശീലമെന്നും പറയാം) ശരിയാക്കാൻ എന്തൊരു ഉത്സാഹമാണ് ചിലർക്ക്! പിശകിനെ അച്ചടിച്ച് ശരിയാക്കാമെന്ന് ആർക്കാണാവോ ഉറപ്പ്?

**(മാധ്യമപ്രവർത്തകനും രാജ്ഭവൻ പിആർഒയുമാണ് ലേഖകൻ)**

# ചരിത്രം കുറിച്ച് പുലിറ്റ്സർ
# പത്തു മിനിറ്റ് ഒൻപതു സെക്കൻഡ്...



ഇ.പി. ഷാജുദീൻ

ഇ.പി.ഷാജുദ്ദീൻ എഴുതിയ ലേഖനം കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

ഡാർനെല്ല ഫ്രേസിയറുടെ ജീവിതം മാറ്റിമറിച്ചത് അവളുമായി ബന്ധമില്ലാത്ത മറ്റു രണ്ടു പേരായിരുന്നു; അതിലൊരാൾ മറ്റൊരാളുടെ ജീവനെടുക്കുകയുമായിരുന്നു.

2020 മേയ് 25-നു വൈകുന്നേരം അമേരിക്കയിൽ മിനിയാപൊലീസിലെ പൌഡർഹോൺ പാർക്കിനു സമീപം ഷിക്കാഗോ അവന്യുവിൽ നിൽക്കുമ്പോഴാണ് 17 വയസ്സുകാരിയായ ഡാർനെല്ല ആ കാഴ്ച കണ്ടത്. ഒരു പോലീസ് കാറിനു സമീപം നിലത്തുകിടക്കുന്ന കറുത്തവർഗക്കാരന്റെ കഴുത്തിൽ മുട്ടുകൊണ്ട് അമർത്തി നിൽക്കുന്ന പോലീസുകാരൻ. നിലത്തു കിടക്കുന്നയാൾ "എനിക്ക് ശ്വാസംമുട്ടുന്നു"വെന്ന് ഉറക്കെ വിളിച്ചു പറയുന്നുണ്ട്. അയാളെ ഉപദ്രവിക്കാതിരിക്കുവെന്ന് ചുറ്റും നിൽക്കുന്നവർ വിളിച്ചുപറയുന്നത് പോലീസുകാരാരും ശ്രദ്ധിക്കുന്നില്ല. ഈ രംഗങ്ങളെല്ലാം കാമറയിൽ പകർത്താൻ ഡാർനെല്ലയ്ക്ക് പെട്ടെന്നു തോന്നിയത് ലോകമെമ്പാടും ചലനമുണ്ടാക്കാൻ പോകുന്ന തീരുമാനമായി മാറുകയായിരുന്നു.

പോലീസിന്റെ അടിച്ചമർത്തലുകൾക്കെതിരേയും വർണവിവേചനത്തിനെതിരേയും ആഗോളമായി പ്രതികരണങ്ങളുണ്ടാക്കിയ ജോർജ് ഫ്ളോയ്ഡ് കൊലപാതകത്തിന്റെ ദൃശ്യങ്ങളായിരുന്നു അവൾ കാമറയിൽ പകർത്തിയത്. ഒരു മനുഷ്യനെ, അയാൾ മരണത്തിന്റെ വക്കിലാണെന്ന് ഉറപ്പായ നിമിഷം പോലും മോചിപ്പിക്കാതെ ഇഞ്ചിഞ്ചായി കൊല്ലുന്ന രംഗങ്ങൾ അമേരിക്കയെ ഇളക്കിമറിച്ചു. അത് സൃഷ്ടിച്ച ചലനങ്ങൾ ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലുമെത്തി. ഫ്ളോയിഡിനെ വധിച്ച ഡെറെക് ചൌവിനെ കുറ്റക്കാരനെന്നു കണ്ട് തടവിലാക്കുന്നതിനു മുൻപ് നടത്തിയ വിചാരണയിലും ഡാർനെല്ല സാക്ഷിയായി. ഒടുവിൽ ചരിത്രം സൃഷ്ടിച്ചുകൊണ്ട് പ്രശസ്തമായ പുലിറ്റ്സർ സമ്മാനവും അവളെ തേടിയെത്തി, പതിനെട്ടാം വയസ്സിൽ.

'ബ്ലാക്ക് ലൈഫ്സ് മാറ്റർ' എന്ന പേരിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വർണവിവേചനത്തിനെതിരേ പ്രതിഷേധ പരമ്പര ഉണർത്തിവിടാൻ കാരണമായ ഈ വീഡിയോ ചിത്രീകരിച്ചതിന്റെ പേരിൽ പുലിറ്റ്സർ പുരസ്കാരം സമ്മാനിച്ചത് ചരിത്രത്തിലെ ഒരു അപൂർവതയായിരുന്നു. പ്രഫഷണൽ പത്രപ്രവർത്തകയല്ലാത്ത ഒരു ടീനേജർക്ക് അമേരിക്കൻ പത്രപ്രവർത്തന രംഗത്തെ ഈ ഉന്നത ബഹുമതി ഇതിനു മുൻപ് നൽകിയിട്ടില്ല. ഇന്ത്യൻ വംശജയായ മേഘ രാജഗോപാലന് അവാർഡ് നേടിക്കൊടുത്ത റിപ്പോർട്ടുകളടക്കം ശ്രദ്ധേയമാണ് ഇത്തവണത്തെ അവാർഡ് പ്രഖ്യാപനം.

ചരിത്രമായ വീഡിയോ ഒൻപതു വയസ്സുള്ള ബന്ധുവുമൊത്ത് കപ് ഫീഡ്സ് എന്ന സ്ഥാപനത്തിലേക്ക് എത്തുമ്പോഴായിരുന്നു ഡാർനെല്ല ആ രംഗം കണ്ടത്. ജീവനുവേണ്ടി കേഴുന്ന ഒരാളുടെ കഴുത്തിൽ കാൽമുട്ടുകൊണ്ട് അമർത്തി ഉപദ്രവിക്കുന്ന പോലീസുകാരനെ കണ്ട് അവൾ ഞെട്ടി. 'അമേരിക്കയിൽ ഒരു കറുത്ത വർഗക്കാരന്റെ ജീവിതം എത്രത്തോളം അപകടകരമാണ് എന്നാണ് എനിക്ക് അപ്പോൾ തോന്നിയത്' എന്നായിരുന്നു ആ രംഗം കണ്ടതിനെക്കുറിച്ച് അവൾ പിന്നീട് പ്രതികരിച്ചത്. കൂടെയുള്ള ബാലിക ഇതു കണ്ട് ഭയക്കരുത് എന്നു തോന്നിയതിനാൽ അവളെ കടയ്ക്കുള്ളിലേക്കു പറഞ്ഞയച്ചു. ഈ കടയിൽ ജോർജ് ഫ്ളോയ്ഡ് നൽകിയത് കള്ളനോട്ടായിരുന്നുവെന്ന് ഒരു ജീവനക്കാരനു സംശയം തോന്നിയതിൽ നിന്നായിരുന്നു സംഭവങ്ങളുടെ തുടക്കവും.

തന്റെ തൊട്ടു മുന്നിൽ നടക്കുന്ന ഒരു അനീതി റെക്കോഡ് ചെയ്യേണ്ടതുണ്ടെന്ന് ആ കൗമാരിക്കാരിക്ക് അതിവേഗം തോന്നുകയായിരുന്നു. അവളതു ചെയ്തില്ലായിരുന്നെങ്കിൽ ഒരു പക്ഷേ, ഫ്ളോയ്ഡിന്റെ കൊലപാതകം മിനിയാപോലിസിൽ പോലും ശ്രദ്ധിക്കപ്പെടാതെ പോകുമായിരുന്നു. "അവിടെ നടക്കുന്നത് ശരിയല്ലെന്ന് എനിക്ക് ബോധ്യമായിരുന്നു. അയാൾ ആകെ ബുദ്ധിമുട്ടുകയായിരുന്നു." താൻ ആ രംഗം ചിത്രീകരിക്കാനുണ്ടായ സാഹചര്യം ഡാർനെല്ല കോടതിയിൽ വിശദീകരിച്ചത് ഇങ്ങനെയാണ്. വിചാരണയ്ക്കിടയിൽ പലപ്പോഴും അവൾ പൊട്ടിക്കരഞ്ഞു.




ജോർജ് ഫ്ളോയ്ഡ്

വിചാരണയ്ക്കിടയിൽ പലപ്പോഴും അവൾ പൊട്ടിക്കരഞ്ഞു. സഹജീവിയോടുണ്ടായ സഹാനുഭൂതിയിൽ അവൾ ചെയ്തതിനെ പുലിറ്റ്സർ സമ്മാന സമിതിയും എടുത്തുപറഞ്ഞു. "പത്രപ്രവർത്തനത്തിന്റെ അടിസ്ഥാന തത്വമാണ് അവളുടെ പ്രവൃത്തിയിൽ തെളിയുന്നത്. മുന്നിൽ നടക്കുന്നത് എത്ര ഭീകരമാണെങ്കിലും അതു റെക്കോഡ് ചെയ്യാനുള്ള മനഃസാന്നിധ്യം അവൾ കാട്ടി. സത്യത്തിനും നീതിക്കും വേണ്ടിയുള്ള പത്രപ്രവർത്തകരുടെ അന്വേഷണത്തിൽ പൊതുജനങ്ങളുടെ പങ്കിന്റെ പ്രാധാന്യം ഇതു വ്യക്തമാക്കുന്നു. ' -സെൽഫോണിൽ ചിത്രീകരിച്ച ഒരു വീഡിയോയ്ക്ക് ആദ്യമായി ബഹുമതി പത്രം നൽകാനുള്ള കാരണമായി സമിതി ചൂണ്ടിക്കാണിച്ചത് ഇക്കാര്യമാണ്

സഹജീവിയോടുണ്ടായ സഹാനുഭൂതിയിൽ അവൾ ചെയ്തതിനെ പുലിറ്റ്സർ സമ്മാന സമിതിയും എടുത്തുപറഞ്ഞു. "പത്രപ്രവർത്തനത്തിന്റെ അടിസ്ഥാന തത്വമാണ് അവളുടെ പ്രവൃത്തിയിൽ തെളിയുന്നത്. മുന്നിൽ നടക്കുന്നത് എത്ര ഭീകരമാണെങ്കിലും അതു റെക്കോഡ് ചെയ്യാനുള്ള മനഃസാന്നിധ്യം അവൾ കാട്ടി. സത്യത്തിനും നീതിക്കും വേണ്ടിയുള്ള പത്രപ്രവർത്തകരുടെ അന്വേഷണത്തിൽ പൊതുജനങ്ങളുടെ പങ്കിന്റെ പ്രാധാന്യം ഇതു വ്യക്തമാക്കുന്നു. ' -സെൽഫോണിൽ ചിത്രീകരിച്ച ഒരു വീഡിയോയ്ക്ക് ആദ്യമായി ബഹുമതി പത്രം നൽകാനുള്ള കാരണമായി സമിതി ചൂണ്ടിക്കാണിച്ചത് ഇക്കാര്യമാണ്.

പത്രപ്രവർത്തകരും സിറ്റിസൺ ജേണലിസ്റ്റുകളും തമ്മിലുള്ള പാരസ്പര്യം എത്രമാത്രം ഇഴയടുപ്പമുള്ളതായിരിക്കണമെന്നു വിളിച്ചുപറയുന്നതാണ് ഡാർനെല്ലയുടെ അവാർഡ്. കുറ്റക്കാരൻ ശിക്ഷിക്കപ്പെടാൻ അവളുടെ വീഡിയോ കാരണമായി. അതില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ, പൊലീസ് നൽകുന്ന പത്രക്കുറിപ്പിൽ ആ വാർത്ത ഒതുങ്ങിയേനേ എന്നു വിശ്വസിക്കുന്നവരേറെ. ഈ വർഷം തന്നെ പ്രശസ്തമായ പെൻ മനുഷ്യാവകാശ പുരസ്കാരവും ഡാർനെല്ലയ്ക്കായിരുന്നു. പക്ഷേ, അവാർഡുകൾക്കപ്പുറം മറ്റ പലതും തന്നെ ഇപ്പോൾ ആകുലപ്പെടുത്തുകയാണെന്ന് അവൾ പറയുന്നു. "ജോർജ് ഫ്ളോയ്ഡിൽ ഞാനെന്റെ പിതാവിനെയും സഹോദരന്മാരെയും അമ്മാവന്മാരെയും ബന്ധുക്കളെയും കാണുന്നു. കാരണം, അവരെല്ലാം കറുത്തവർഗക്കാരാണ്. വീഡിയോ എടുക്കുന്ന സമയത്ത് ഞാൻ ഇടപെട്ടില്ലല്ലോ എന്നതോർത്ത് ഞാൻ മിക്കപ്പോഴും ജോർജ്






ഫ്ളോയ്ഡിനോട് മാപ്പ് പറയാറുണ്ട്. പക്ഷേ, എനിക്കപ്പോൾ ചെയ്യാനുള്ളത് അതുമാത്രമായിരുന്നു."

ഡാർനെല്ലയെ തേടി പുലിറ്റ്സർ വരുമ്പോൾ ചരിത്രത്തിനു പറയാൻ ഏറെയുണ്ട്. നൂറ്റിനാലു വർഷം പിന്നിടുമ്പോഴും ആകെ പുലിറ്റ്സർ സമ്മാനം നേടിയ കറുത്തവർഗക്കാർ 32 പേർ മാത്രം. 1977-ൽ മാത്രമാണ് ഒരു കറുത്തവർഗക്കാരൻ ആദ്യമായി അവാർഡിനർഹനായത്. അമേരിക്കൻ പത്രപ്രവർത്തന രംഗത്ത് കൊടുങ്കാറ്റു പോലെ ശക്തയായിരുന്ന ഐഡ ബി. വെൽസ് തിളങ്ങി നിൽക്കുന്ന സമയത്തു പോലും പുലിറ്റ്സർ നൽകിയിരുന്നില്ല. അവാർഡ് ഏർപ്പെടുത്തിയ 1917-ലും പിന്നീട് 1920-ലും അമേരിക്കയെ ഞെട്ടിക്കുകയും ഇളക്കിമറിക്കുകയും ചെയ്ത റിപ്പോർട്ടുകളുണ്ടായിരുന്നിട്ടും അവർ അവഗണിക്കപ്പെട്ടു. ഒടുവിൽ കഴിഞ്ഞ വർഷമാണ് അവർക്ക് മരണാനന്തരം, അതും മരിച്ച് 89 വർഷം കഴിഞ്ഞ്, പ്രത്യേക ബഹുമതി നൽകിയത്.

മറ്റ് ജേതാക്കൾക്കു നൽകുന്നതു പോലെ തന്നെ സമ്മാനത്തുകയായ 15000 ഡോളർ ഡാർനെല്ലയ്ക്കും നൽകും. "ഈ അവാർഡുകൾക്കും



ഈ ചിരിക്കും ഈ പ്രശസ്തിക്കും ഒക്കെ പിന്നിൽ, എല്ലാ ദിവസവും ഓർത്തുകൊണ്ടിരിക്കുന്ന ഒരു സംഭവത്തിൽ നിന്ന് മോചനം നേടാൻ കൊതിക്കുന്ന ഒരു പെൺകുട്ടി മാത്രമാണ് ഞാൻ. ജോർജ് ഫ്ളോയ്ഡിന്റെ മരണം റെക്കോഡ് ചെയ്ത പെൺകുട്ടിയെ കുറിച്ച് എല്ലാവരും പറയുന്നു. പക്ഷേ, യഥാർഥത്തിൽ അവളുടേത് മറ്റൊരു കഥയാണ്. എല്ലാവരും എന്നെ ഒരു ഹീറോ ആയി കാണുന്നു. പക്ഷേ, ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. കൃത്യസമയത്ത് കൃത്യസ്ഥലത്ത് എത്തിപ്പെട്ട ഒരാൾ മാത്രമാണ് ഞാൻ." തന്റെ ജീവിതത്തെക്കുറിച്ച് ഡാർനെല്ല ഫേസ്ബുക്കിൽ കുറിച്ചത് ഇങ്ങനെ.

ജോർജ് ഫ്ളോയ്ഡിന്റെ കൊലപാതകം ബ്രേക്കിങ് ന്യൂസ് ആയി നൽകുകയും തുടർന്നു മിനിയാപോലിസിലുണ്ടായ വംശീയ കലാപം വിശദമായി റിപ്പോർട്ട് ചെയ്യുകയും ചെയ്ത സ്റ്റാർ ട്രിബ്യൂൺ പത്രത്തിനും ഇത്തവണ പുലിറ്റ്സർ സമ്മാനം ലഭിച്ചിരുന്നു.

വ്യത്യസ്തങ്ങളായ റിപ്പോർട്ടുകൾക്ക് പ്രശസ്തമായ 'ബസ് ഫീഡ്' വെബ്സൈറ്റ് ഇന്റർനാഷണൽ റിപ്പോർട്ടിങ് വിഭാഗത്തിൽ നേടിയ സമ്മാനം വിവിധ കാരണങ്ങളാൽ ശ്രദ്ധേയമാണ്. തമിഴ് വംശജയായ മേഘാ രാജഗോപാലൻ അവാർഡ് സ്വന്തമാക്കി എന്നത് ഒന്ന്. ആധുനിക സാങ്കേതികവിദ്യകൾ പത്രപ്രവർത്തനത്തിന്റെ മൂല്യം വർധിപ്പിക്കാൻ ഏതൊക്കെ തരത്തിൽ സഹായിക്കുന്നു എന്നു വ്യക്തമാക്കുന്നതാണ് ഈ അവാർഡിന് അർഹമായ റിപ്പോർട്ട്. പരമ്പരാഗത പത്രപ്രവർത്തനത്തിന്റെ അടിത്തറയായ നേരിട്ടുള്ള വിവരശേഖരണത്തിനൊപ്പം ഉപഗ്രഹ ചിത്രങ്ങളും ത്രിഡി ചിത്രങ്ങളും ഒക്കെ ഉപയോഗിച്ച് മേഘ സൃഷ്ടിച്ച റിപ്പോർട്ടുകൾ വായനക്കാരെ മാത്രമല്ല, ചൈനയേയും ഞെട്ടിച്ചു.

സിൻജിയാങ് പ്രവിശ്യയിലെ മുസ്ലിങ്ങളെ ചൈന തടവിലാക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതു സംബന്ധിച്ചായിരുന്നു മേഘയുടെ റിപ്പോർട്ടുകൾ. 2017-ൽ സിൻജിയാങ്ങിലെ മുസ്ലിങ്ങളെ ചൈന വ്യാപകമായി അറസ്റ്റ്



> **നാലു ലക്കങ്ങളായായിരുന്നു മേഘാ രാജഗോപാലന്റെ റിപ്പോർട്ടുകൾ. അതിലൊന്നിൽ അലിസൺ കില്ലിങ് സൃഷ്ടിച്ച തടങ്കൽ പാളയങ്ങളുടെ ത്രിഡി മോഡലും പ്രസിദ്ധീകരിച്ചു. ഇത്രനാളും ഉപയോഗിക്കാതിരുന്ന സാങ്കേതികവിദ്യകൾ പത്രപ്രവർത്തനത്തെ ചടുലമാക്കുന്നത് എങ്ങനെയെന്ന് ലോകം അങ്ങനെ മനസ്സിലാക്കി. വ്യത്യസ്തമായ റിപ്പോർട്ടുകൾ സൃഷ്ടിച്ചെങ്കിലും പുലിറ്റ്സർ സമ്മാനം കിട്ടുമെന്ന് തീരെ കരുതിയിരുന്നില്ലെന്നാണ് മേഘാ രാജഗോപാലൻ പ്രതികരിച്ചത്**

ചെയ്യാൻ തുടങ്ങിയതിന്റെ പിന്നാലെ അവിടം ആദ്യം സന്ദർശിച്ച വിദേശ പത്രപ്രവർത്തകരിൽ ഒരാളായിരുന്നു മേഘ. ഇതു വ്യാജ പ്രചാരണമാണെന്ന് ചൈന ആവർത്തിക്കുന്നതിനിടയിൽ മുസ്ലിങ്ങളെ പാർപ്പിച്ചിരിക്കുന്ന ക്യാമ്പിൽ നിന്ന് മേഘ ആരെയും ഞെട്ടിക്കുന്ന റിപ്പോർട്ട് പുറത്തു വിട്ടു. വിസ റദ്ദാക്കി അവരെ പുറത്താക്കിക്കൊണ്ടായിരുന്നു ചൈന പ്രതികരിച്ചത്. ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാമെടുത്ത് രാജ്യത്തിനു പുറത്തുപോകാനായിരുന്നു അവരോട് അധികൃതർ ആവശ്യപ്പെട്ടത്. മാത്രമല്ല, ചൈനീസ് സർക്കാർ അവരുടെ ഔദ്യോഗിക തിരിച്ചറിയൽ നമ്പർ ഉൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങൾ ട്വിറ്ററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

വിട്ടുകൊടുക്കാൻ തയാറാകാതിരുന്ന മേഘ, ലണ്ടൻ കേന്ദ്രമാക്കി പ്രവർത്തിച്ചു. ഇവിടെ അവർക്ക് രണ്ട് സഹപ്രവർത്തകരെ കിട്ടി, ഉപഗ്രഹ ചിത്രങ്ങൾ വരെ ഉപയോഗിച്ച് കെട്ടിടങ്ങളുടെ ഫോറൻസിക് വിശകലനം നടത്തുന്ന വാസ്തുശിൽപിയായ അലിസൺ കില്ലിങ്ങും ഡേറ്റാ ജേണലിസ്റ്റുകൾക്ക് ഉപയോഗപ്രദമായ കമ്പ്യൂട്ടർ പ്രോഗ്രാമുകളുണ്ടാക്കുന്ന ക്രിസ്റ്റോ ബുഷെക്കുമായിരുന്നു അവർ. സിൻജിയാങ്ങിലെ പത്തു ലക്ഷത്തോളം ഉയ്ഗ്വർ മുസ്ലിങ്ങളെയും മറ്റ് മുസ്ലിം വംശജരെയും ചൈന തടവിൽ പാർപ്പിച്ചിരിക്കുന്നത് എവിടെയെന്നു കണ്ടെത്തുകയായിരുന്നു അവരുടെ ലക്ഷ്യം. കേരളവും തമിഴ്നാടും ചേരുന്നതിനൊപ്പം വലിപ്പമുള്ള സിൻജിയാങ് പ്രവിശ്യയുടെ ആയിരക്കണക്കിന് ഉപഗ്രഹ ചിത്രങ്ങൾ അവർ വിശകലനം ചെയ്തു. ചൈന സെൻസർ ചെയ്ത ഉപഗ്രഹ ദൃശ്യങ്ങളുടെ ഉള്ളടക്കമറിയാൻ പലവിധ സോഫ്റ്റ് വെയറുകൾഉപയോഗിക്കേണ്ടി വന്നു. മാസങ്ങളോളം ചെലവഴിച്ച ശേഷം അവർ 50,000 കെട്ടിടങ്ങൾ കണ്ടെത്തി. പിന്നീട് ഇവയെക്കുറിച്ചുള്ള പഠനമായി. അതിൽ നിന്ന് 260 കെട്ടിടങ്ങൾ തടങ്കൽപാളയങ്ങളാണെന്ന് അവർ തിരിച്ചറിഞ്ഞു. ഇവയിൽ പലതും പതിനായിരത്തിലധികം പേരെ പാർപ്പിക്കാൻ സൗകര്യമുള്ളതായിരുന്നു.

ചൈനയിൽ പ്രവേശനം നിഷേധിക്കപ്പെട്ടതിനാൽ അടുത്തുള്ള കസഖ്സ്ഥാനിൽ ചെന്ന് വിവരങ്ങൾ ശേഖരിക്കാനായി അടുത്തശ്രമം. ചൈനയിൽ നിന്ന് രക്ഷപ്പെട്ട ധാരാളം മുസ്ലിങ്ങൾ അഭയം തേടിയത് ഇവിടെയായിരുന്നു. വിദേശ മണ്ണിലായിരുന്നെങ്കിലും ചൈനയെ വല്ലാതെ ഭയപ്പെട്ടിരുന്ന അവർ മേഘയോട് സംസാരിക്കാൻ പോലും ആദ്യം തയാറായിരുന്നില്ല. ഒടുവിൽ ദിവസങ്ങളോളം അനുനയിപ്പിച്ചതിനെ തുടർന്ന് അവർ മേഘയ്ക്കു മുന്നിൽ മനസ്സുതുറന്നു. ലോക മനസ്സാക്ഷിയെ ഞെട്ടിച്ച പീഡനകഥകളായിരുന്നു അവർക്ക് പറയാനുണ്ടായിരുന്നത്. അന്യായ തടങ്കലിലാക്കപ്പെട്ടവരെ കൊണ്ട് നിർബന്ധിതമായി കഠിന ജോലികൾ ചെയ്യിക്കുന്ന വിവരങ്ങൾ പുറത്തു വന്നപ്പോൾ ചൈന ചെയ്യുന്നത് മനുഷ്യത്വത്തിനെതിരായ ക്രൂരതകളാണെന്ന് പുറംലോകത്തിനു വ്യക്തമാവുകയായിരുന്നു.

നാലു ലക്കങ്ങളായായിരുന്നു മേഘാ രാജഗോപാലന്റെ റിപ്പോർട്ടുകൾ. അതിലൊന്നിൽ അലിസൺ കില്ലിങ് സൃഷ്ടിച്ച തടങ്കൽ പാളയങ്ങളുടെ ത്രിഡി മോഡലും പ്രസിദ്ധീകരിച്ചു. ഇത്രനാളും ഉപയോഗിക്കാതിരുന്ന സാങ്കേതികവിദ്യകൾ പത്രപ്രവർത്തനത്തെ ചടുലമാക്കുന്നത് എങ്ങനെയെന്ന് ലോകം അങ്ങനെ മനസ്സിലാക്കി. വ്യത്യസ്തമായ റിപ്പോർട്ടുകൾ സൃഷ്ടിച്ചെങ്കിലും പുലിറ്റ്സർ സമ്മാനം കിട്ടുമെന്ന് തീരെ കരുതിയിരുന്നില്ലെന്നാണ് മേഘാ

രാജഗോപാലൻ പ്രതികരിച്ചത്. "അവാർഡ് പ്രഖ്യാപനത്തിന്റെ തത്സമയ സംപ്രേഷണം ഞാൻ കണ്ടിരുന്നില്ല. പിന്നീട് സുഹൃത്തുക്കൾ വിളിച്ച് പറഞ്ഞപ്പോഴാണ് വിവരം അറിഞ്ഞത്. ഞെട്ടിപ്പോയെന്നു പറയാം."

വലിയ പണച്ചെലവുള്ളതായിരുന്നു ഈ ദൗത്യം. മാസങ്ങളോളം വേണ്ടിവരുമെന്ന് അറിയുമായിരുന്നിട്ടും അതുമായി ബസ് ഫീഡ് മുന്നോട്ടുപോയി. അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ സാധ്യതകൾ എന്തൊക്കെ അതിനുള്ള മാർഗങ്ങളും രീതികളും എന്തൊക്കെ എന്നതിന്റെ പാഠപുസ്തകമായി മേഘാ രാജഗോപാലന്റെ സിൻജിയാങ് റിപ്പോർട്ടുകളെ കാണാം. എന്നാൽ, വിപുലമായ സൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കാനായതാണ് അതിന്റെ വിജയത്തിന് ഒരു കാരണം. അമേരിക്കയ്ക്ക് പുറത്ത് അധികം സ്ഥാപനങ്ങൾക്കു കഴിയുന്നതല്ല ഇത്തരം റിപ്പോർട്ടിങ്. ഗൗരവപൂർണമായ റിപ്പോർട്ടുകൾ കണ്ടെത്താൻ സാമ്പത്തിക സഹായം നൽകുന്ന അനേകം സ്ഥാപനങ്ങൾ അമേരിക്കയിലുണ്ട്. അവയിൽ മൂന്നെണ്ണം ഓപ്പൺ ടെക്നോളജി ഫണ്ട്, പുലിറ്റ്സർ സെന്റർ, ഐബീം സെന്റർ ഫോർ ദ് ഫ്യൂച്ചർ ഓഫ് ജേണലിസം എന്നിവ- മേഘയ്ക്ക് പിന്തുണയേകാൻ ഉണ്ടായിരുന്നു. മേഘയെ കൂടാതെ മറ്റൊരു ഇന്ത്യൻ വംശജനും ഇത്തവണ അവാർഡ് നേടിയവരിലുണ്ട്. ടാംപാ ബേ ടൈംസിലെ നീൽ ബേഡി. ലോക്കൽ റിപ്പോർട്ടിങ്ങിലായിരുന്നു നീലിന്റെ അവാർഡ്.

കൊറോണാ വൈറസ് ബാധ തുടങ്ങിയ സമയം മുതൽ ന്യൂയോർക്ക് ടൈംസിന്റെ റിപ്പോർട്ടുകൾ അമേരിക്കയ്ക്കു പുറത്തും പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധ പിടിച്ചു പറ്റിയതായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗത്തു നിന്നുള്ള റിപ്പോർട്ടുകൾ, വിശകലനങ്ങൾ, ജീവൻ തുടിക്കുന്ന ഫോട്ടോകൾ, ഇൻഫോഗ്രാഫിക്സുകൾ എന്നിങ്ങനെ ടൈംസിന്റെ കോവിഡ് റിപ്പോർട്ടിങ് അവയുടെ സമഗ്രതയും വിവര സമ്പുഷ്ടതയും കൊണ്ട് ശ്രദ്ധേയമായി. പുലിറ്റ്സർ അവാർഡുകളിൽ ഏറ്റവും വിലപ്പെട്ടത് എന്നു കരുതുന്ന പൊതുസേവനത്തിനുള്ള അവാർഡ് ഇത്തവണ ടൈംസിന്റെ കോവിഡ് റിപ്പോർട്ടിങ്ങിനായിരുന്നു. ടൈംസിന് ആകെ 132 പുലിറ്റ്സർ സമ്മാനം കിട്ടിയിട്ടുള്ളതിൽ പൊതുസേവനത്തിനുള്ള അവാർഡ് ആറാമത്തേതാണ്.

ടൈംസ് 24 മണിക്കൂറും കോവിഡിനു വേണ്ടി മാറ്റിവച്ചുവെന്നു പറയാം. വെബ്സൈറ്റിൽ ഓരോ നിമിഷവും അപ്ഡേറ്റുകൾ നിറന്നു. വീഡിയോകളും ഡേറ്റാ ജേണലിസത്തിന്റെ പുതിയ സാങ്കേതിക സാധ്യതകളുമെല്ലാം ഉപയോഗിച്ചു. പുതിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള പോഡ്കാസ്റ്റുകളായിരുന്നു മറ്റൊരു പ്രത്യേകത. എക്സിക്യൂട്ടീവ് എഡിറ്റർ ഡീൻ ബാക്വറ്റിന്റെ നേതൃത്വത്തിൽ എഡിറ്റോറിയൽ ജീവനക്കാരെല്ലാം ഒത്തുചേർന്നുള്ള ശ്രമമായിരുന്നു അവിടെ നടന്നത്. ഓരോ ജീവനക്കാരനും തന്റെ കർത്തവ്യത്തിനപ്പുറത്തേക്ക് സേവനസന്നദ്ധരായതാണ് ഈ നേട്ടത്തിനു പിന്നിലെന്നായിരുന്നു ബാക്വറ്റിന്റെ പ്രതികരണം. ഭൂരിപക്ഷം ജീവനക്കാരും വീടുകളിലിരുന്നായിരുന്നു ഈ ദൗത്യത്തിൽ പങ്കാളികളായതെന്നതായിരുന്നു മറ്റൊരു പ്രത്യേകത.

വൈറസ് ബാധ സംബന്ധിച്ച് ഡേറ്റ ട്രാക്ക് ചെയ്തുള്ള റിപ്പോർട്ടായിരുന്നു ഇതിൽ പ്രത്യേകതയുള്ള ഒന്ന്. അൻപതോളം ഫ്രീലാൻസർമാരും വിദ്യാർഥികളും അടക്കം നൂറിലേറെ പേർ ഒരുമിച്ചു ചേർന്നായിരുന്നു ഡേറ്റാ ശേഖരണം. മെഡിക്കൽ രംഗത്തുള്ളവരും ഗവേഷകരും സർക്കാർ ഉദ്യോഗസ്ഥരുമൊക്കെ ഈ ഡേറ്റയെ വളരെയധികം ആശ്രയിച്ചിരുന്നു. മൂവായിരത്തിലധികം ട്രാക്കിങ് പേജുകളാണ് ഇതുവരെ ഈ ടീം തയാറാക്കിയത്. വിവിധ തലങ്ങളിൽ നിന്നു കിട്ടുന്ന വിവരങ്ങൾ വിശകലനം ചെയ്തു അവതരിപ്പിക്കാൻ ടൈംസ് എൻജിനിയർമാരുടെ പ്രത്യേക സംഘത്തെ തന്നെ നിയോഗിച്ചു.

അമേരിക്കയിൽ കോവിഡ് മരണം ഒരു ലക്ഷമെത്തിയപ്പോൾ ടൈംസ് തയാറാക്കിയ ഒന്നാം പേജ് ലോക ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. മരിച്ച മുഴുവനാളുകളുടെയും പേര് ഒന്നാം പേജിൽ പട്ടികയായി കൊടുക്കുകയായിരുന്നു ടൈംസ് ചെയ്തത്. ടൈംസിന്റെ നാഷണൽ ഡെസ്കിന്റെ സംരംഭമായിരുന്നു അത്. ന്യൂയോർക്കിലെ ഒരു കോവിഡ് വാർഡിൽ നിന്ന് 72 മണിക്കൂർ തുടർച്ചയായി ടൈംസ് നടത്തിയ വീഡിയോ സംപ്രേഷണവും പുലിറ്റ്സർ സമിതി എടുത്തു പറഞ്ഞിരുന്നു. അമേരിക്കയിൽ ആദ്യമായി കോവിഡ് വ്യാപനത്തിന്റെ ഭീഷണിയെക്കുറിച്ച് സൂചന നൽകിയത് ടൈംസിന്റെ സയൻസ് റിപ്പോർട്ടർ ഡോണൾഡ് ജെ. മക്ൾനീൽ ജൂനിയർ ആയിരുന്നു. ഡോണൾഡിന്റെ റിപ്പോർട്ടുകളും അവാർഡിലേക്കു നയിച്ചു. (മുൻപ് ഉണ്ടായ ഒരു വാക്കുപിഴയുടെ പേരിൽ ഡോണൾഡ് പിന്നീട് ടൈംസിൽ നിന്ന് രാജിവച്ചു.)

പ്രധാനമായും അമേരിക്കയിലെ പത്രങ്ങളുടെ മികവ് വിലയിരുത്തി 1917 മുതൽ നൽകി വരുന്ന പുലിറ്റ്സർ സമ്മാനം 21 വിഭാഗങ്ങളിലായാണുള്ളത്. കൊളംബിയ സർവകലാശാല നൽകുന്ന പുരസ്കാരം പുസ്തകം, സംഗീതം, നാടകം എന്നിവയ്ക്കുമുണ്ട്. അമേരിക്കൻ പത്രപ്രവർത്തകനും പ്രസാധകനുമായിരുന്ന ജോസഫ് പുലിറ്റ്സറിന്റെ സ്മരണാർഥം നൽകുന്നതാണ് ഈ അവാർഡ്. 15000 ഡോളർ സമ്മാനത്തുക.

അമേരിക്കയിലേക്ക് അയൽ രാജ്യങ്ങളിൽ നിന്ന് വൻതോതിൽ കുടിയേറ്റശ്രമം നടക്കുന്ന സമയമാണിത്. കൊളംബിയയിൽ നിന്നും പാനമയിൽ നിന്നുമുള്ള ഇത്തരം കുടിയേറ്റങ്ങളേക്കുറിച്ച് വിശദ റിപ്പോർട്ടിങ് നടത്തിയ കലിഫോർണിയ സൺഡേ മാഗസിന് ഫീച്ചർ ആർട്ടിക്കിൾ വിഭാഗത്തിൽ അവാർഡ് നേടാനായി. എന്നാൽ, പുരസ്കാരം പ്രഖ്യാപിക്കുമ്പോഴേക്കും മാഗസിൻ അമേരിക്കൻ വായനാ ലോകത്തിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. കഴിഞ്ഞ ഒക്ടോബറിൽ അവർ പ്രസിദ്ധീകരണം അവസാനിപ്പിച്ചു. സാമ്പത്തിക ബാധ്യത തന്നെ കാരണം.

**(മംഗളം ദിനപത്രം ചീഫ് ന്യൂസ് എഡിറ്ററാണ് ലേഖകൻ)**




# ഇന്നത്തേത് പ്ലേഗ് പോലൊരു കാലം - എം.ടി


പ്ലേഗ് പകർന്നു പിടിച്ച കാലത്താണ് അൽ ബേർ കമ്യൂ പ്ലേഗ് എന്ന നോവലെഴുതിയത്. അതുപോലൊരു മഹാമാരിയുടെ നടുവിൽ നിൽക്കുമ്പോൾ ആ നോവലിൽ കമ്യൂ അവതരിപ്പിച്ച ഭയവും വേദനയും ലോകത്തിന്റെ യാഥാർഥ്യമായി തീരുകയാണെന്ന് എനിക്കു തോന്നുന്നു. ജീവിതവും മരണവും മുഖാമുഖം നോക്കി നിൽക്കുന്ന ഈയൊരു ഘട്ടത്തിൽ കോവിഡുണ്ടാക്കിയ ഡിപ്രഷനിൽ നിന്ന് എനിക്കിതേവരെയും മുക്തനാവാൻ കഴിഞ്ഞില്ല. എഴുതാനുണ്ടായിരുന്നെങ്കിലും ഇന്നു ഞാനൊന്നും എഴുതുന്നില്ല.



# എം.ടി. പ്രകാശനം ചെയ്തു, മകൾ ഏറ്റുവാങ്ങി

പ്രളയം പോലുള്ള വാർത്തകൾ കൈകാര്യം ചെയ്യുന്നതിൽ ടെലിവിഷൻ ചാനലുകൾ അച്ചടി മാധ്യമങ്ങളെക്കാൾ മികവ് കാട്ടിയെന്ന് എം.ടി. വാസുദേവൻ നായർ പറഞ്ഞു. **ദൂരദർശന്റെ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ.കുഞ്ഞികൃഷ്ണൻ എഴുതി കേരള മീഡിയ അക്കാദമി പ്രസിദ്ധീകരിച്ച 'ടെലിവിഷൻ: വീക്ഷണം, വിശകലനം'** എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.ടി. യുടെ മകളും നർത്തകിയും സാംസ്കാരിക പ്രവർത്തകയുമായ അശ്വതിയാണ് പുസ്തകം ഏറ്റുവാങ്ങിയത്.



ആദ്യ കാലത്ത് അത്ഭുതവും ഇന്ന് സർവ്വസാധാരണവുമായ ടെലിവിഷന്റെ വിശേഷങ്ങൾ പങ്കുവെക്കുന്ന പുസ്തകം പ്രേക്ഷകർക്ക് വളരെ പ്രയോജനപ്പെടുമെന്ന് എംടി പറഞ്ഞു.. ഇന്ത്യയിലെ വിവിധ ദൂരദർശൻ കേന്ദ്രങ്ങളിലെ പ്രവൃത്തി പരിചയവും തിരുവനന്തപുരം കേന്ദ്രത്തിന്റെ തുടക്കം മുതലുള്ള ഓർമ്മകളുമുള്ള കെ.കുഞ്ഞികൃഷ്ണന്റെ ഈ പുസ്തകം ടെലിവിഷന്റെ പ്രാധാന്യം, പരിമിതികൾ, സാധ്യതകൾ എന്നിവയൊക്കെ സാധാരണക്കാർക്കും മനസ്സിലാവുന്ന തരത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. എല്ലാർക്കും പ്രയോജനമുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ച മീഡിയ അക്കാദമി അഭിനന്ദനം അർഹിക്കുന്നുവെന്നും എം.ടി. പറഞ്ഞു.

ദൃശ്യമാധമങ്ങളുടെ വരവ് ലോകത്തിന്റെ ഗതി മാറ്റിയ വിപ്ലവമായിരുന്നുവെന്ന് പുസ്തകം സ്വീകരിച്ച അശ്വതി അഭിപ്രായപ്പെട്ടു. അച്ഛനെപ്പോലെ ആദരിക്കുന്ന ആൾ എഴുതിയ ടെലിവിഷൻ എന്ന മാധ്യമത്തെക്കുറിച്ചുള്ള ഈ പഠനഗ്രന്ഥം അച്ഛന്റെ കയ്യിൽ നിന്ന് സ്വീകരിക്കാൻ അവസരം നൽകിയതിൽ സന്തോഷമുണ്ടെന്നും അശ്വതി പറഞ്ഞു.

ഇന്നത്തെ മലയാളം ചാനൽ ചർച്ചകളും സീരിയലുകളും അറപ്പുളവാക്കുന്നുവെന്ന് മുൻ ചീഫ് സെക്രട്ടറിയും ചലച്ചിത്ര ഗാനരചയിതാവുമായ കെ.ജയകുമാർ ഐ. എ. എസ്. പറഞ്ഞു. 'അവൾ ഇഞ്ചിഞ്ചായി ചാവണം. അതാണെന്റെ ലക്ഷ്യം' എന്ന് സീരിയലിലെ കഥാപാത്രത്തെക്കൊണ്ട് പറയിക്കുമ്പോൾ ആ സീരിയൽ സമൂഹത്തിന് നൽകുന്ന സന്ദേശമെന്താണെന്ന് ചിന്തിക്കണം. ഒരുകോടി രൂപ കയ്യിലുണ്ടായിരുന്നെങ്കിൽ വിഷം വമിക്കാത്ത മികച്ച സീരിയൽ എങ്ങനെ ഉണ്ടാക്കാമെന്ന് കാണിച്ചുകൊടുക്കാമായിരുന്നു. ടെലിവിഷൻ മാധ്യമരംഗത്തെ വെല്ലുവിളികളും അപഭ്രംശങ്ങളും തുറന്നുകാട്ടുന്ന ഒന്നാണ് പുസ്തകമെന്ന് കെ.കുഞ്ഞികൃഷ്ണന്റെ പുസ്തകത്തെക്കുറിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടു.


ടെലിവിഷൻ മാധ്യമരംഗത്തെ കേരള ഗുരു എന്ന വിശേഷണത്തിന് യോഗ്യനായ കെ.കുഞ്ഞികൃഷ്ണന്റെ ഈ പുസ്തകം ഒരു വലിയ റഫറൻസ് ഗ്രന്ഥമായി മാറുമെന്ന് കേരള മീഡിയ അക്കാദമി അധ്യക്ഷൻ ആർ.എസ്.ബാബു പറഞ്ഞു. ചടങ്ങിൽ കെ.കുഞ്ഞികൃഷ്ണൻ മറുവാക്ക് പറഞ്ഞു. അക്കാദമി സെക്രട്ടറി ചന്ദ്രഹാസൻ വടുതല സ്വാഗതവും അസിസ്റ്റന്റ് സെക്രട്ടറി കല നന്ദിയും പറഞ്ഞു.

# പി കെ രാജശേഖരന്റെ 'പക്ഷിക്കൂട്ടങ്ങൾ' : ലിറ്റിൽ മാഗസിനും മലയാളത്തിലെ ആധുനികതയും പ്രകാശനം ചെയ്തു

കേരള മീഡിയ അക്കാദമി പ്രസിദ്ധീകരിച്ച ഡോ. പി കെ രാജശേഖരൻ എഴുതിയ ഗവേഷണ ഗ്രന്ഥം പക്ഷിക്കൂട്ടങ്ങൾ : ലിറ്റിൽ മാഗസിനും മലയാളത്തിലെ ആധുനികതയും പ്രകാശനം ചെയ്തു.

കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ് സംഘടിപ്പിച്ച ലിറ്റിൽ മാഗസിൻ ആൻഡ് മോഡേണിസം ഇൻ മലയാളം എന്ന വെബിനാറിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ അക്കാദമി ചെയർമാൻ ആർ എസ് ബാബു പ്രകാശനം നിർവഹിച്ചു. ലിറ്റിൽ മാഗസിനുകളുടെ ശേഖരം ഡിജിറ്റലൈസ് ചെയ്ത് അക്കാദമി ആരംഭിക്കുന്ന് ന്യൂസിയത്തിൽ സംരക്ഷിക്കുമെന്നും ലിറ്റിൽ മാഗസിൻ പ്രസാധകരുടെ കോൺക്ലേവ് സംഘടിപ്പിക്കുമെന്നും



പ്രകാശനം നിർവ്വഹിച്ച് ആർ.എസ് ബാബു പറഞ്ഞു. സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ് ഡയറക്ടർ മീന ടി. പിള്ള അധ്യക്ഷത വഹിച്ചു.


കേരളത്തിലെ ബദൽ ചിന്തകൾ രൂപപ്പെടുത്തുതിന്റെയും മലയാള സാഹിത്യത്തിലെ ആധുനികതാ പ്രസ്ഥാനം വളർന്ന് വികസിച്ചതിന്റെയും മാധ്യമമായിരുന്നു ലിറ്റിൽ മാഗസിനുകളെന്ന് വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ പി കെ.രാജശേഖരൻ പറഞ്ഞു. ലിറ്റിൽ മാഗസിൻ എഡിറ്റർമാരായ സിവിക് ചന്ദ്രൻ, കെ.എൻ ഷാജി എന്നിവരും പ്രഭാഷണം നടത്തി.

എം.ജി.രാധാകൃഷ്ണൻ, അക്കാദമി മുൻ ചെയർമാൻ എൻ.പി രാജേന്ദ്രൻ, എതിരൻ കതിരവൻ, പ്രഫ. എം.വി നാരായണൻ, പ്രഫ ഷാജി ജേക്കബ്, പ്രഫ.കെ.എം. കൃഷ്ണൻ , തുടങ്ങി നിരവധി പ്രമുഖർ വെബിനാറിൽ പങ്കെടുത്തു.


# മാറ്റം ഉൾക്കൊണ്ട് കാലത്തിനൊപ്പം നടക്കുക- വി.കെ.പ്രകാശ്

തിരുവനന്തപുരം: സിനിമയോട് അഭിനിവേശം ഉള്ളതുകൊണ്ടാണ് കാലത്തിന്റെ പുതിയ സങ്കേതങ്ങൾ ഉൾക്കൊണ്ട് പുതുതലമുറയ്ക്കൊപ്പം മുന്നേറാൻ കഴിയുന്നതെന്ന് ദേശീയ അവാർഡ് ജേതാവായ സംവിധായകൻ വി.കെ.പ്രകാശ് പറഞ്ഞു.

കേരള മീഡിയ അക്കാദമി ഫോട്ടോജേർണലിസം കോഴ്സിന്റെ പ്രവേശനോദ്ഘാടനചടങ്ങിൽ അക്കാദമി പ്രസിദ്ധീകരിച്ച ടി.കെ. സജീവ്കുമാറിന്റെ 'പത്രരൂപകല്പന' എന്ന പുസ്തകം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസിൽ നിന്ന് സ്വീകരിച്ച് മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ചെറുപ്രായക്കാർ സിനിമയെടുക്കുന്ന ഈ കാലത്തെ എങ്ങനെ കാണുന്നു എന്ന ഉദ്ഘാടകനായ പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ ചോദ്യത്തിനും വിദ്യാർത്ഥികളുടെ മറ്റ് ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി. താത്പര്യവും പ്രതിബദ്ധതയുമാണ് പ്രതിബന്ധങ്ങളെ നേരിടാൻ സഹായിക്കുന്നത്. പ്രായം ഇന്നൊരു പ്രതിസന്ധിയല്ല. എന്നാൽ, തിരഞ്ഞെടുത്ത വഴിയോട് അഭിനിവേശത്തോടെ നീങ്ങിയാൽ ഏതുരംഗത്തും വിജയിക്കാനാവും-അദ്ദേഹം പറഞ്ഞു. ഓൺലൈനിൽ നടന്ന ചടങ്ങ് സിനിമാസംബന്ധിയായ സംവാദമായി





മാറുകയായിരുന്നു.

ദൃശ്യാസ്വാദനത്തിന് സ്വീകാര്യതയേറിയ ഈ കാലത്ത് ഫോട്ടോഗ്രാഫിയുടെ സാധ്യത അനന്തമാണെന്ന് എസ്. ഹരികിഷോർ ഐ.എ.എസ്. അഭിപ്രായപ്പെട്ടു. കലാലയങ്ങൾ നൽകുന്ന അവസരം, സ്വാതന്ത്ര്യം, അനുഭവം എന്നിവ വിനിയോഗിച്ച് അവരവരുടെ വഴി സ്വയം തിരഞ്ഞെടുക്കണം. ലളിതഭാഷയിൽ ഒഴുക്കോടെ വിഷയം അവതരിപ്പിച്ചിരിക്കുന്ന 'പത്രരൂപകല്പന' എന്ന പുസ്തകം ചിന്തോദ്ദീപകവും വിജ്ഞാനപ്രദവുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


ചിത്രങ്ങൾ പകർത്തുക എന്നതിനപ്പുറം സമൂഹത്തെ ഉടച്ചുവാർക്കുന്ന ചിത്രങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഫോട്ടോ ജേർണലിസ്റ്റിന്റെ ദൗത്യമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച അക്കാദമി അധ്യക്ഷൻ ആർ.എസ്.ബാബു പറഞ്ഞു. പുലിറ്റ്സർ പ്രൈസ് നേടിയ ഫോട്ടോ ജേണലിസ്റ്റുകളായ നിക്കൂട്ട് മുതൽ ബാർബറ ഡേവിഡ്സൺ വരെയുള്ളവരെ പുതിയ ഫോട്ടോ ജേർണലിസ്റ്റുകൾ മാതൃകയാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ടി.കെ സജീവ് കുമാർ, അക്കാദമി സെക്രട്ടറി ചന്ദ്രഹാസൻ വടുതല, അസിസ്റ്റന്റ് സെക്രട്ടറി കല, കോഴ്സ് കോർഡിനേറ്റർമാരായ ലീൻ തോബിയാസ്, ബി.ചന്ദ്രകുമാർ എന്നിവരും സംസാരിച്ചു. ഗൾഫിലെ ഖലീജ് ടൈംസ് പത്രത്തിന്റെ ചീഫ് ഫോട്ടോഗ്രാഫർ ഷിഹാബ് പത്ര ഫോട്ടോഗ്രാഫി രംഗത്തെ അനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവച്ചു.



# മാധ്യമ ഉത്തരവാദിത്വങ്ങൾ പുതുക്കിപ്പണിയേണ്ടതുണ്ട്: മന്ത്രി പി.രാജീവ്

ഇന്നത്തെ കാലത്തിൽ സ്വദേശാഭിമാനിയെ നാം ഓർത്തെടുക്കുന്നത് ജീവചരിത്രത്തിലൂടെയുള്ള സഞ്ചാരത്തിനുവേണ്ടി മാത്രമല്ല. മാധ്യമദൗത്യം എന്തായിരിക്കണമെന്നതിനെക്കുറിച്ച് ഒരു പുതുക്കിപ്പണിക്കു കൂടിയാണെന്ന് ധനമന്ത്രി പി.രാജീവ് ചൂണ്ടിക്കാട്ടി.




കേരള മീഡിയ അക്കാദമി പ്രസിദ്ധീകരിച്ച മാധ്യമ ഹാൻഡ് ബുക്ക് പരമ്പരയിലെ മലയിൻകീഴ് ഗോപാലകൃഷ്ണൻ രചിച്ച 'സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള' എന്ന കൃതിയുടെ പ്രകാശനം നിർവഹിക്കുകയായിരുന്നു മന്ത്രി രാജീവ്. ഇപ്പോൾ നാം കാണുന്ന മാധ്യമങ്ങൾതന്നെ എത്രകാലം ഇങ്ങനെ നിൽക്കുമെന്നുള്ള ആശങ്കകൾ പങ്കുവച്ച മന്ത്രി, മാധ്യമങ്ങൾ പുതിയ സ്വഭാവത്തിൽ വരുമ്പോൾ മാധ്യമ ഉത്തരവാദിത്വത്തെ സംബന്ധിച്ച ഒരു പുതുക്കിപ്പണിയൽ ആവശ്യമായി വരുമെന്ന് അഭിപ്രായപ്പെട്ടു.

മഹദ് വ്യക്തികളുടെ ജീവിതത്തെ പരിചയപ്പെടുത്തുകവഴി സ്വയം പുതുക്കിപ്പണിയുന്നതിനുള്ള സാഹചര്യമാണ് കേരള മീഡിയ അക്കാദമി ഒരുക്കുന്നതെന്ന് മന്ത്രി രാജീവ് പറഞ്ഞു. വളരെ നല്ല രീതിയിൽ അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കേരള മീഡിയ അക്കാദമിയെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.




ഏറ്റുമുട്ടലുകൾ പ്രശ്നങ്ങളിന്മേലാണ്, വ്യക്തികൾ തമ്മിലല്ല. എന്നും മൂല്യങ്ങൾ വളരെ ശക്തമായി ഉയർത്തിപ്പിടിച്ച വ്യക്തിയാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ജർമനിയിലെ ട്രിയറിലുള്ള കാറൽ മാർക്സിന്റെ ജന്മഗൃഹം ഇന്ന് എക്സിബിഷൻ കേന്ദ്രമാണ്. അവിടേക്ക് പ്രവേശിക്കുന്ന മുറിയിൽ ലോകത്ത് വ്യത്യസ്തഭാഷകളിൽ ഇറങ്ങിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ആദ്യത്തെ പതിപ്പുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. അവിടെ മലയാളത്തിലുള്ള ഒരു പുസ്തകം ഉണ്ട്. അത് മാർക്സിനെക്കുറിച്ച് സ്വദേശാഭിമാനി എഴുതിയതാണ്. മലയാളത്തിൽ ആദ്യമായി കാറൽ മാർക്സിനെക്കുറിച്ച് എഴുതിയത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണ്- മന്ത്രി അനുസ്മരിച്ചു.

അക്കാദമി ചെയർമാൻ ആർ.എസ്.ബാബു മുന്നോട്ടുവച്ച ന്യൂസിയം എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞാൽ അത് മാധ്യമരംഗത്തിന് വിലപ്പെട്ട സംഭാവനയായിരിക്കുമെന്ന് പുസ്തകം സ്വീകരിച്ചുകൊണ്ട് എഷ്യാനെറ്റ് ന്യൂസ് ചീഫ് എഡിറ്റർ എം.ജി രാധാകൃഷ്ണൻ പറഞ്ഞു. മലയാളം കണ്ട, ലോകം കണ്ട അത്ഭുത മനുഷ്യരിലൊരാളാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ഇന്നത്തെപ്പോലെ ഒരു സങ്കേതങ്ങളും ഇല്ലാത്ത കാലത്ത് ലോകത്തിന്റെ ഏതൊക്കെ കോണുകളിൽ നിന്ന് എന്തൊക്കെ വിവരങ്ങളാണ് അദ്ദേഹം മലയാളിക്ക് നൽകിയത്.

കേരള മന്ത്രിസഭയിൽ മാധ്യമസമൂഹത്തിന്റെ കൂടി പ്രതിനിധിയാണ് പി.രാജീവ് എന്ന് അക്കാദമി ചെയർമാൻ ആർ.എസ്.ബാബു പറഞ്ഞു. കൊച്ചിയിൽ പത്രമേഖലയിൽനിന്നും മറ്റൊരാൾ മന്ത്രിയായിട്ടുണ്ട്. അത് സഹോദരൻ അയ്യപ്പനാണ്. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് ശ്രീനാരായണഗുരു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യനായ സഹോദരൻ അയ്യപ്പൻ പറഞ്ഞത് ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്നാണ്. സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിലും ചിന്തയിലുമെല്ലാം വിപ്ലവം സൃഷ്ടിച്ച സ്വദേശാഭിമാനിയുടെ പാരമ്പര്യത്തെ ഉൾക്കൊണ്ട് ഈ സ്ഥാനത്തെത്തിയിരിക്കുന്ന പി.രാജീവ് ഈ പുസ്തകപ്രകാശനം നിർവഹിക്കുന്നതിൽ കേരള മീഡിയ അക്കാദമിക്ക് സന്തോഷമുണ്ട്.

പത്രപ്രവർത്തകയൂണിയൻ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് സുരേഷ് വെള്ളിമംഗലം, ജില്ലാ ട്രഷറർ അനുപമ ജി നായർ എന്നിവർ പ്രസംഗിച്ചു.

# വലിയ നഷ്ടങ്ങളുടെ കാലം





## പ്രശസ്ത ഛായാഗ്രാഹകൻ ശിവൻ

### ആ ക്യാമറക്കണ്ണുകൾ ഇനി ഓർമ്മകളിൽ...

പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ ശിവൻ ഓർമ്മയായി. 89 വയസായിരുന്നു. സിനിമ, സാഹിത്യം, നാടകം, ഡോക്യുമെന്ററി തുടങ്ങിയ വിവിധ മേഖലകളിൽ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹത്തിന് മൂന്നുതവണ ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ചു.

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മുതൽ നിരവധി നേതാക്കളുടെ രാഷ്ട്രീയ ജീവിതം കാമറയിൽ പകർത്തിയിട്ടുണ്ട്. ചെമ്മീൻ സിനിമയുടെ സ്റ്റിൽ ഫോട്ടോഗ്രാഫറായിരുന്നു. 1959 ൽ തിരുവനന്തപുരത്ത് സ്ഥാപിച്ച ശിവൻസ് സ്റ്റുഡിയോയുടെ ഉടമയാണ്.

തിരുവിതാംകൂറിലെയും തിരു-കൊച്ചിയിലെയും പിന്നീട് കേരളത്തിലെയും ആദ്യ ഗവൺമെൻറ് പ്രസ് ഫോട്ടോഗ്രാഫറായിരുന്നു. കേരളത്തിലെ ആദ്യ ഇ.എം.എസ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞയടക്കം നിരവധി പ്രധാനമുഹൂർത്തങ്ങൾ ക്യാമറയിൽ പകർത്താൻ അവസരം ലഭിച്ചു.

മലയാളത്തിലെ ആദ്യത്തെ കുട്ടികളുടെ ചിത്രമായ അഭയത്തിന്റെ സംവിധായകനായിരുന്നു . സ്വപ്നം, യാഗം, കൊച്ചു കൊച്ചു മോഹങ്ങൾ, കിളിവാതിൽ, കേശു, ഒരു യാത്ര എന്നിവയാണ് പ്രധാന ചിത്രങ്ങൾ.

ഹരിപ്പാട് പടീറ്റതിൽ വീട്ടിൽ ഗോപാലപിള്ളയുടെയും വെട്ടുവിളഞ്ഞതിൽ വീട്ടിൽ ഭവാനിയമ്മയുടെയും ആറു മക്കളിൽ രണ്ടാമനാണ് ശിവൻ. പരേതയായ ചന്ദ്രമണിയാണ് ഭാര്യ. സംവിധായകരും ഛായാഗ്രാഹകരുമായ സന്തോഷ് ശിവൻ, സംഗീത് ശിവൻ, സഞ്ജീവ് ശിവൻ, സരിതാ രാജീവ്  എന്നിവർ മക്കളും ജയശ്രീ, ദീപ, ദീപ്തി, രാജീവ് എന്നിവർ മരുമക്കളുമാണ്.

**സന്തോഷ് ശിവൻ കേരള മീഡിയ അക്കാദമിക്ക് വേണ്ടി തയ്യാറാക്കിയ 'ശിവനയനം' എന്ന ഡോക്യുഫിക്ഷന്റെ പ്രദർശനം ഉടൻ.**

## 'ഇത് സ്റ്റിൽസല്ല, എല്ലാം ആക്ഷനാണ്'

'ഇത് സ്റ്റിൽസല്ല, എല്ലാം ആക്ഷനാണ്'-മാർക്കസ് ബാർട്ട്ലി ശിവന്റെ സ്റ്റിൽഫോട്ടോ കണ്ടിട്ട് പറഞ്ഞ അഭിനന്ദനവാക്കുകളാണിത്. ചെമ്മീന്റെ ഛായാഗ്രാഹകനായിരുന്നു മാർക്കസ് ബാർട്ട്ലി.

ചെമ്മീൻ ഷൂട്ടിങ്ങിനിടയിലെ ഒരു പ്രഭാതം.രാമുകാര്യാട്ടും ബാർട്ട്ലിയും വന്ന് ശിവനെ കെട്ടിപ്പിടിച്ചു. അന്തംവിട്ടുപോയ ശിവൻ വിചാരിച്ചത് അവർ രാവിലെതന്നെ രണ്ടെണ്ണം അകത്താക്കിയെന്നായിരുന്നു. കാര്യം പിന്നീടാണ് മനസ്സിലായത്. ശിവനെടുത്ത നിശ്ചലചിത്രങ്ങളുടെ പ്രിന്റ് ബോംബെയിൽ നിന്ന് വന്നതു കണ്ടതിന്റെ സന്തോഷമായിരുന്നു. അപ്പോഴാണ് ബാർട്ട്ലിയുടെ അഭിനന്ദനവാക്കുകൾ.

ചെമ്മീൻ നിർമ്മിക്കുന്ന കാലത്ത് രാമുകാര്യാട്ടും മാർക്കസ് ബാർട്ട്ലിയും തിരുവനന്തപുരത്തെ വസതിയിൽ ശിവനെ തേടിച്ചെന്നു. ശിവന്റെ വലിയ സുഹൃത്തായിരുന്നു രാമു കാര്യാട്ട്. താൻ കളറിൽ ഒരു സിനിമ ചെയ്യാൻ പോകുകയാണെന്നും സ്റ്റിൽ ഫോട്ടോഗ്രഫി ശിവൻ ചെയ്യണമെന്നും രാമു കാര്യാട്ട് ആവശ്യപ്പെട്ടു. ന്യൂസ് വീക്ക്, ലൈഫ് മാഗസിനുകളുടെ ഫോട്ടോഗ്രാഫറെന്ന നിലയിൽ പ്രസിദ്ധനായ ശിവന് അന്ന് വലിയ തിരക്കായിരുന്നു. ഒരാഴ്ചകഴിഞ്ഞ് വന്ന് ചിത്രങ്ങൾ എടുത്തുതരാമെന്ന് ശിവൻ പറഞ്ഞു. എന്നാൽ, ഷൂട്ടിംഗിലുടനീളം ശിവൻ ഒപ്പം വേണമെന്ന് രാമുകാര്യാട്ടും ബാർട്ട്ലിയും നിർബന്ധം പിടിച്ചു. അങ്ങനെ അവർക്ക് വഴങ്ങേണ്ടിവന്ന ശിവനും ചെമ്മീനിന്റെ ചരിത്രത്തിന്റെ ഭാഗമായി.

ശിവൻ പിന്നീട് സംവിധായകനായും വ്യക്തിമുദ്ര പതിപ്പിച്ചെങ്കിലും ചെമ്മീന്റെ നിശ്ചയഛായാഗ്രാഹകൻ എന്ന നിലയിലാണ് ചലച്ചിത്രരംഗത്ത് അറിയപ്പെട്ടുതുടങ്ങിയത്..

ചെമ്മീന്റെ നിർമ്മാണകാലത്ത് ഒറ്റക്കാര്യം മാത്രമാണ് ശിവൻ രാമുകാര്യാട്ടിനോട് ആവശ്യപ്പെട്ടത്. എടുത്താൽ പെട്ടെന്നു ഫോട്ടോ കാണാൻ പറ്റുന്ന ഒരു പോളറോയ്ഡ് ക്യാമറ. ബാബുസേട്ട് അമേരിക്കയിൽനിന്ന് അതു വരുത്തിക്കൊടുത്തു.







## സുനിൽ ജെയ്ൻ

ഫിനാൻഷ്യൽ എക്സ്പ്രസ്
മാനേജിംഗ് എഡിറ്റർ

ബിസിനസ് ദിനപത്രമായ ഫിനാൻഷ്യൽ എക്സ്പ്രസ് മാനേജിങ് എഡിറ്റർ സുനിൽ ജെയിൻ(58) വിടവാങ്ങി. കോവിഡ് ബാധിച്ച് ഡൽഹിയിലെ എയിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയാണ് മരണം.

ഏറെക്കാലമായി ഫിനാൻഷ്യൽ എക്സ്പ്രസിലായിരുന്നു സുനിൽ ജെയിൻ. ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽനിന്ന് ബിരുദാനന്തരബിരുദ പഠനത്തിനുശേഷം കൺസൾട്ടന്റായി ജോലി ചെയ്തു. തുടർന്ന് എഫ്ഐസിസിഐയിലും പ്രവർത്തിച്ചു. 1991ലാണ് മാധ്യമപ്രവർത്തന മേഖലയിലേക്ക് കടക്കുന്നത്. ഇന്ത്യ ടുഡേ മാഗസിൻ ആയിരുന്നു ആദ്യ തട്ടകം. ഒരു വർഷത്തിനുശേഷം ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പിൽ ചേർന്നു. പിന്നീട് ബിസിനസ് സ്റ്റാന്റേഡിൽ ജോലി ചെയ്തിരുന്നെങ്കിലും 2010 മുതൽ വീണ്ടും എക്സ്പ്രസ് ഗ്രൂപ്പിനൊപ്പമായിരുന്നു സേവനം.

സുനിൽ ജെയിനിന്റെ മരണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ധനമന്ത്രി നിർമല സീതാരാമൻ തുടങ്ങിയവർ അനുശോചിച്ചു.

# കമ്മ്യൂണിസ്റ്റുകാരനായ പത്രപ്രവർത്തകൻ വി.ഐ തോമസ്



കൊല്ലം പ്രസ് ക്ലബ്ബ് മുൻ പ്രസിഡന്റും ഇന്ത്യൻ എക്സ് പ്രസ്, ജനയുഗം പത്രങ്ങളിൽ പത്രാധിപരുമായിരുന്ന വി.ഐ.തോമസിന്റെ വേർപാട് ഈ കാലയളവിൽ സംഭവിച്ച അപരിഹാര്യമായ ഒരു നഷ്ടമാണ്. ചാത്തന്നൂർ താഴം വടക്ക് വെട്ടിക്കാട് ഹൗസിൽ വി.ഐ തോമസ് അറുപത്തിയേഴാം വയസ്സിലാണ് വിടവാങ്ങിയത്. ഹൃദോഗ ബാധിതനായിരുന്നു. ഇന്ത്യൻ എക്സ്പ്രസ് കൊല്ലം ബ്യൂറോ ചീഫായും ജനയുഗം ജനറൽ എഡിറ്ററായും പ്രവർത്തിച്ചു.

മേരി തോമസാണ് ഭാര്യ. ടിഷാ സൂസൻ തോമസ്, ടിന ആൻ തോമസ് എന്നിവർ മക്കളും തനൂജ് മാത്യു, അനിത് ജോർജ് ജോൺ എന്നിവർ മരുമക്കളുമാണ്.

തോമസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളുടെ നേതൃനിരയിൽ പ്രവർത്തിച്ചിരുന്നു. മോസ്കോ, ബെർലിൻ എന്നിവിടങ്ങളിൽ രാഷ്ട്രീയ വിദ്യാഭ്യാസം നേടുകയും നിരവധി രാഷ്ട്രീയ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

# ഇന്ദു ജെയ്ന്റെ നിറവേറാതെ പോയ അന്ത്യാഭിലാഷം



മുംബൈയിലെ ടൈംസ് ഗ്രൂപ്പ് ചെയർപഴ്സൻ ഇന്ദു ജെയ്ൻ(83) ആണ് ഈ കാലയളവിൽ കാലയവനികയിൽ മറഞ്ഞ മറ്റൊരു മാധ്യമപ്രവർത്തക. കോവിഡ് മുക്തയായ ശേഷമുള്ള ആരോഗ്യപ്രശ്നങ്ങളെത്തുടർന്നാണ് അന്ത്യം. 2016ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ച വനിതയാണ് ഇന്ദു ജെയ്ൻ. പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ ഇന്ദുവിന്റെ വിയോഗത്തിൽ അനുശോചിച്ചു. ഇന്ത്യയുടെ പുരോഗതി ഒരു വികാരമായി കൊണ്ടുനടന്ന വ്യക്തിയെന്ന നിലയിലാകും അവർ ഓർമിക്കപ്പെടുകയെന്ന് പ്രധാനമന്ത്രി ട്വിറ്ററിൽ കുറിച്ചു.

2000 ൽ ടൈംസ് ഫൗണ്ടേഷൻ സ്ഥാപിച്ചത് ഇന്ദു ജെയ്നാണ്. പ്രളയം, ഭൂചലനം, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ കൈത്താങ്ങാകാൻ ടൈംസ് റിലീഫ് ഫണ്ട് ആരംഭിച്ചു. ഇന്ത്യയിലെ സ്ത്രീകളിലെ സംരംഭകയെ കണ്ടെത്തി പരിപോഷിപ്പിക്കാൻ 1983 ൽ എഫ്ഐസിസി ലേഡീസ് ഓർഗനൈസേഷൻ (എഫ്എൽഒ) സ്ഥാപിച്ചതും ഇന്ദു ജെയ്ൻ ആണ്.

തന്റെ അവയവങ്ങൾ ദാനം ചെയ്യണമെന്നതായിരുന്നു ഇന്ദു ജെയ്ന്റെ അവസാന ആഗ്രഹങ്ങളിലൊന്ന്. എന്നാൽ കൊവിഡ് മുക്തയായതിനുശേഷം ആരോഗ്യപ്രശ്നങ്ങൾ നിലനിന്നിരുന്നതിനാൽ ഇത് സാധ്യമാകാതെ പോയി.

ഫൈസാബാദിൽ 1936 സെപ്റ്റംബർ എട്ടിനാണ് ഇന്ദുവിന്റെ ജനനം. 1999ൽ ആണ് ടൈംസ് ഗ്രൂപ്പ് ചെയർപേഴ്സൺ സ്ഥാനത്ത് എത്തുന്നത്. ഫിക്കിയുടെ വനിതാ വിഭാഗമായ എഫ്.എൽ.ഒയുടെ സ്ഥാപക പ്രസിഡന്റ്, ഭാരതീയ ജ്ഞാനപീഠ് ട്രസ്റ്റ് ചെയർപേഴ്സൺ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.



# അണഞ്ഞു പാട്ടിന്റെ ശരറാന്തൽ ;
# പൂവച്ചൽ ഖാദർ ഓർമയായി

പൂവച്ചൽ ഖാദർ (മുഹമ്മദ് അബ്ദുൾ ഖാദർ, 72) വിടവാങ്ങി. കോവിഡാണ് ആ പ്രതിഭയുടെ ജീവൻ അപഹരിച്ചത്. തിരുവനന്തപുരം പൂവച്ചൽ ആലമുക്ക് ഇടവഴി തലയ്ക്കൽ വീട്ടിൽ അബൂബേക്കർ കുഞ്ഞിന്റേയും റാബിയത്തുൽ അദബിയാ ബീവിയുടേയും മകനായി 1948 ഡിസംബർ 25നാണ് ജനനം. ആര്യനാട് ഗവ. ഹൈസ്കൂൾ, തൃശ്ശൂർ വലപ്പാട് പോളിടെക്നിക് കോളേജ്, തിരുവനന്തപുരം എൻജിനീയറിങ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. പഠനശേഷം പിഡബ്ല്യുഡിയിൽ എൻജിനിയറായി സർക്കാർ സർവീസിൽ പ്രവേശിച്ചു. ഭാര്യ: അമീന. മക്കൾ: തുഷാര, പ്രസൂന. മരുമക്കൾ: സലീം, ഷെറിൻ

1973 -ൽ വിജയനിർമല സംവിധാനം ചെയ്ത 'കവിത' എന്ന സിനിമയിലൂടെയായിരുന്നു തുടക്കം. 'കാറ്റുവിതച്ചവൻ' എന്ന ചിത്രത്തിലെ 'നീ എന്റെ പ്രാർത്ഥന കേട്ടു', 'മഴവില്ലിനജ്ഞാതവാസം' തുടങ്ങിയ ഗാനങ്ങളിലൂടെ ശ്രദ്ധേയനായി. തുടർന്ന് ആയിരത്തിലേറെ ഗാനങ്ങൾ പിറന്നു. നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ, ശരറാന്തൽ തിരിതാണു, സിന്ദൂര സന്ധ്യയ്ക്ക് മൗനം, ഏതോ ജന്മ കൽപനയിൽ, മൗനമേ,നാണമാവുന്നു മേനി നോവുന്നു, ചിത്തിരത്തോണിയിൽ, മലരും കിളിയും ഒരു കുടുംബം തുടങ്ങി മലയാളികൾ എക്കാലവും നെഞ്ചേറ്റുന്ന ഗാനങ്ങൾ പൂവച്ചലിന്റേതാണ്. എൺപതുകളിൽമാത്രം എണ്ണൂറോളം പാട്ടുകൾ രചിച്ചു.

### കാൽപനികത പൂത്ത കാവ്യഭാവന

എൺപതുകളുടെ തുടക്കത്തിൽ ഒ.എൻ.വിയും ശ്രീകുമാരൻ തമ്പിയും യൂസഫലി കേച്ചേരിയും ഇടക്കെപ്പോഴോ പി ഭാസ്കരനുമെല്ലാം  അനശ്വരമാക്കിയ പാട്ടിന്റെ വഴിയിലൂടെയാണ് പൂവച്ചൽഖാദറും നടന്നത്. ശുദ്ധ കാൽപനികതയിലേക്ക് കൈപിടിച്ചുനടത്തുന്ന നിരവധി ഗാനങ്ങൾ അദ്ദേഹം സമ്മാനിച്ചു. എഴുതിയവ കൂടുതലും മികച്ച സിനിമകളിലല്ലാത്തതിനാൽ ശ്രദ്ധിക്കപ്പെട്ടില്ല. എന്നാൽ എം ബി ശ്രീനിവാസൻ, ജി ദേവരാജൻ, എം ജി രാധാകൃഷ്ണൻ എന്നിവരുടെ കൂടെ അവസരം ലഭിച്ചപ്പോഴൊക്കെ ആ കാവ്യഭാവന വിടർന്നുവിലസി.

ഗാനത്തിൽ കവിതയും കവിതയിൽ ഗാനാത്മകതയും വേണമെന്ന് ദേവരാജൻ മാഷ് പറയാറുണ്ട് . "എന്റെ വരികൾ മാഷ്എങ്ങനെ കാണുമോയെന്ന് അറിയില്ലായിരുന്നു. ഭയത്തോടെയാണ് എഴുതിക്കൊടുത്തത്. നിർമാതാക്കൾ എന്റെ കാര്യം പറഞ്ഞപ്പോൾ 'ആളെ അറിയാം വരികൾ കൊണ്ടുവരൂ' എന്നായിരുന്നു മറുപടി. വരികൾ കണ്ട് മറുത്തൊന്നും പറഞ്ഞില്ല എന്നറിഞ്ഞപ്പോഴാണ് ആശ്വാസമായത്. ഛന്ദോബദ്ധമായ വരികൾക്കേ അദ്ദേഹം ഈണമിടുകയുള്ളൂ എന്ന ധാരണ ഉണ്ടായതിനാൽ ആ മുറുക്കത്തിലും ലാളിത്യത്തിലുമാണ് സന്ദർഭോചിതം ആ ഗാനമൊരുക്കാനായത്."പൂവച്ചൽ ഖാദർ ഒരിക്കൽ ഇങ്ങനെ പറഞ്ഞു.

ഫിലിം ക്രിട്ടിക്സ് അവാർഡ്, സംഗീതനാടക അക്കാദമി പുരസ്കാരം, മാപ്പിള സംഗീത അക്കാദമിയുടെ പി.ഭാസ്കരൻ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. കളിവീണ, പാടുവാൻ പഠിക്കുവാൻ തുടങ്ങിയ കവിതാസമാഹാരങ്ങളും 'ചിത്തിരത്തോണി' എന്ന ഗാനസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### കേൾക്കാൻ കൊതിക്കുന്ന പാട്ടുകൾ

സിന്ദൂര സന്ധ്യയും ശരറാന്തലും കായലോളവും മഞ്ഞും മൗനവുമെല്ലാം തഴുകി തലോടിയ പാട്ടുകൾ. അവയിൽ പ്രകൃതിയും പ്രണയും തളിരിട്ടു. കൈരളിയുടെ പ്രകൃതി ലാവണ്യം വശ്യമനോഹാരിത തീർത്തു. മലയാളത്തിന്റെ കാൽപനിക സൗന്ദര്യം നറുമണം പൊഴിക്കുന്ന ആ ഗാനങ്ങളാണ് പൂവച്ചൽ ഖാദറിനെ ആസ്വാദകർക്ക് പ്രിയങ്കരനാക്കിയത്. 'അനുരാഗിണീ ഇതാ എൻ കരളിൽ വിരിഞ്ഞ പൂക്കൾ, 'ആദ്യസമാഗമ ലജ്ജയിൽ, 'ശരറാന്തൽ തിരിതാണു മുകിലിൻ കുടിൽ, 'മൗനമേ നിറയും മൗനമേ തുടങ്ങി എന്നും കേൾക്കാൻ കൊതിക്കുന്ന ഒട്ടേറെ പാട്ടുകൾ സമ്മാനിച്ച തൂലിക.

മലയാള ചലച്ചിത്രഗാനരംഗത്ത് കുലപതികൾവാണ സുവർണകാലത്തിനു പിന്നാലെയാണ് ഖാദർ വന്നത്. വയലാറും

പി ഭാസ്കരനും തുടങ്ങിവെച്ച ക്ലാസിക്കൽ പാരമ്പര്യം ഏറ്റെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കാൽപനിക ജനപ്രിയത മൂർധന്യമെത്തിയ അക്കാലത്ത് പാട്ടുകൾ പ്രധാന ആകർഷണമായി. കെ എസ് സേതുമാധവനും ഐ വി ശശിയും ഭരതനും പത്മരാജനുമെല്ലാം പാട്ടിന്റെ മർമമറിഞ്ഞ ചലച്ചിത്ര പ്രതിഭകളും. അവർക്ക് തൃപ്തികരമായ പാട്ടെഴുത്ത് വെല്ലുവിളിയായി ഏറ്റെടുക്കാൻ സാധിച്ചു എന്നതാണ് ഖാദറിന്റെ വിജയം. എൺപതുകളുടെ ഗാനരചയിതാവായിരുന്ന അദ്ദേഹം. എൻ ജിനിയറാവാനാണ്പഠിച്ചത്. ആദ്യനിയമനം ലഭിച്ച് കോഴിക്കോട്ടെത്തി 'ഏതോ ജന്മകൽപനയാ'ലാകണം ചെന്നുപെട്ടത്.

സിനിമക്കാരുടെയും പാട്ടുകാരുടെയുമിടയിൽ. ആനുകാലികങ്ങളിൽ കവിതയെ ഴുതിയ അദ്ദേഹത്തിന് 'ചന്ദ്രിക'ഓഫീസായിരുന്നു താവളം. അവിടെ തുടങ്ങുന്ന എഴുത്തും പാട്ടുമായുള്ള ദൃഢബന്ധം. പത്രാധിപർ കാനേഷ് പൂനൂർ, ഐ വി ശശിയെ പരിചയപ്പെടുത്തി. അദ്ദേഹം വാരികയിൽ ഇലസ്ട്രേഷൻ ചെയ്തിരുന്നു. എൻ എൻ കക്കാടും തിക്കോടിയനും എം ടി വാസുദേവൻ നായരും എൻ പി മുഹമ്മദും എം എൻ കാരശേരിയുമെല്ലാം കൂട്ടായി. ആകാശവാണിയിൽ ലളിതഗാനം. കോഴിക്കോട്ടെ നാടകവേദിക്കും അദ്ദേഹത്തിന്റെ സംഭാവന വലുത്. നാടക്കാരനായ സുരാസുവും സിനിമക്കാരനായ സലാം കാരശേരിയും സംഗീതകാരൻ എം എസ് ബാബുരാജു മായുള്ള സൗഹൃദവും നഗരത്തിലെ നാടകസംഗീത സദസ്സുകളും എൻജിനിയറിങ്ങ് വിട്ട് പാട്ടിലേക്ക് വഴികാട്ടി.

ഐ വി ശശി കലാസംവിധാനം നിർവഹിച്ച 'കവിത', 'കാറ്റുവിതച്ചവർ'എന്നീ ചിത്രങ്ങൾക്കായിരുന്നു ആദ്യത്തെ പാട്ടെഴുത്ത്. 'കവിത' 1972ൽനിർമിച്ചെങ്കിലും ആദ്യം ഇറങ്ങിയത് 'കാറ്റുവിതച്ചവർ' (1973). അതിലെ 'മഴവില്ലിനജ്ഞാതവാസം കഴിഞ്ഞു', 'സൗന്ദര്യ പൂജയ്ക്ക്', 'സ്വർഗത്തി ലല്ലോ വിവാഹം തുടങ്ങിയ ഗാനങ്ങൾ ആസ്വാദക പ്രിയങ്ങളായി. എൻ പി തിരക്കഥയും സലാം സംഭാഷണവുമെഴുതിയ 'ചുഴി' അടുത്തത്. സംഗീത സംവിധാനം ബാബുരാജ്. 'ഹൃദയത്തിൽ നിറയുന്ന മിഴിനീരിൽ ഞാൻ തുക്കാൽ കഴുകുന്ന നാഥാ', 'അക്കൽദാമയിൽ പാപം പേറിയ', 'കാട്ടിലെ മന്ത്രി കൈക്കൂലി വാങ്ങുവാൻ എന്നിവയും ശ്രദ്ധേയം. അതുകഴിഞ്ഞാണ് ഐ വി ശശിയുടെ ആദ്യ ചിത്രം 'ഉത്സവം'. അതിലെ 'ആദ്യസമാഗമ ലജ്ജയിൽ ആതിരാ താരം കണ്ണടയുമ്പോൾ' മല യാളത്തിലെ എക്കാലത്തെയും മികച്ച പ്രണയഗാനമായി. 'സ്വയംവരത്തിനു പന്തലൊരുക്കി', 'കരിമ്പുകൊണ്ടൊരു', 'ഏകാന്തതയുടെ കടവിൽ' എന്നിവയും ഉത്സവത്തെ ധന്യമാക്കി. കെ എസ് ഗോ പാലകൃഷ്ണൻ സംവിധാനംചെയ്ത 'കായലും കയറും' ഗാനങ്ങൾകൊണ്ട് ഹിറ്റ്.

## അനിൽ രാധാകൃഷ്ണന്റെ അപ്രതീക്ഷിത വേർപാട്

മുതിർന്ന മാധ്യമപ്രവർത്തകനും ദ് ഹിന്ദു കേരള ബ്യൂറോ ചീഫുമായ എസ്.അനിൽ രാധാകൃഷ്ണന്റെ (54) വേർപാട് അപ്രതീക്ഷിതമായിരുന്നു. കവടിയാർ കുറവൻകോണം മാർക്കറ്റ് റോഡിലെ വസതിയായ സതി ഭവനത്തിൽ ഹൃദയാഘാത ത്തെത്തുടർന്നായിരുന്നു അന്ത്യം. ഉച്ചഭക്ഷണത്തിനുശേഷം ഉറങ്ങാൻ കിടന്നതായിരുന്നു. ഭാര്യ ജോലി കഴി ഞ്ഞുവന്നു വിളിക്കുമ്പോഴാണ് മരണം അറിഞ്ഞത്. 1996 മുതൽ ദ് ഹിന്ദുവിൽ പ്രവർത്തിച്ചു വരികയായിരുന്നു. സംസ്ഥാനത്തെ വിനോദസഞ്ചാരം, റയിൽവേ തുടങ്ങിയ മേഖലകളെക്കു റിച്ച് വികസനോന്മുഖമായ നിരവധി ലേഖനങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. ഒരു പ്രമുഖ പത്രത്തിൽ ഒട്ടേറെ ബീറ്റുകൾ ഒരേസമയം നോക്കിയിരുന്ന മറ്റൊരു മാധ്യമപ്രവർത്തകനില്ല.



കേരള പത്രപ്രവർത്തകയൂണിയൻ തിരുവനന്തപുരം ജില്ലാ പ്രസിഡ ന്റായി പ്രവർത്തിച്ചിട്ടുണ്ട്. കവടിയാർ റസിഡന്റ്സ് അസോസിയേഷൻ സെക്രട്ടറിയായി രുന്നു. പരേതനായ രാധാകൃഷ്ണൻ നായരുടെയും സതി ദേവിയുടെയും മകനാണ്. ഭാര്യ: സിന്ധു എസ്.എസ്. (അധ്യാപിക, കോട്ടൺഹിൽ സ്കൂൾ). മകൻ: നാരയൺ എസ്.എ. (റിലയൻസ് പെട്രോളിയം ഗുജറാത്ത്).

അനിൽ രാധാകൃഷ്ണന്റെ നിര്യാണത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചനം രേഖപ്പെടുത്തി. മൂല്യാധിഷ്ഠിത മാധ്യമപ്രവർത്തനം നിർവഹിച്ച അദ്ദേഹ ത്തിന്റെ ലേഖനങ്ങൾ കേരളത്തിന്റെ വികസനത്തിലും ഉത്തരവാദിത്ത വിനോദസഞ്ചാര മേഖലയിലും മുദ്ര പതിപ്പിച്ചവയാണെന്ന് ഗവർണർ പറഞ്ഞു.

അനിൽ രാധാകൃഷ്ണന്റെ നിര്യാണ ത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മാധ്യമ പ്രവർത്തന ത്തിന്റെ മൂല്യങ്ങൾ മുറുകെപ്പിടിച്ച വ്യ ക്തിയായിരുന്നു അനിൽ രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ ആകസ്മിക വിയോഗം മാധ്യമ ലോകത്തിനും സമൂഹത്തിനും വലിയ നഷ്ടമാണെന്നും അനുശോചന സന്ദേശത്തിൽ മുഖ്യമന്ത്രി പറഞ്ഞു. സ്പീക്കർ എം.ബി. രാജേഷ്, പൊതുവിദ്യാ ഭ്യാസ-തൊഴിൽ മന്ത്രി വി. ശിവൻകുട്ടി, റവന്യൂ മന്ത്രി കെ.രാജൻ, വ്യവസായ മന്ത്രി പി.രാജീവ്, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ, കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ മാണി തുടങ്ങിയവരും അനുശോചിച്ചു. തിരു വനന്തപുരം പ്രസ് ക്ലബിൽ അനുശോചന സമ്മേളനം ചേർന്നു.



# ഇബ്രാഹിം ബാദുഷ
## എന്ന കാർട്ടൂൺമാൻ

കോവിഡിനെതിരെ മലയാളത്തിൽ ഏറ്റവുമധികം ബോധവൽക്കരണ കാർട്ടൂണുകൾ വരച്ച പ്രശസ്ത കാർട്ടൂണിസ്റ്റും കാരിക്കേച്ചറിസ്റ്റുമായ ഇബ്രാഹിം ബാദുഷ (38)യും ഒടുവിൽ ആ മഹാമാരിക്കു കീഴടങ്ങി.

കോവിഡ് നെഗറ്റീവായശേഷം വീണ്ടും പനിയും ന്യൂമോണിയയും ബാധിക്കുകയായിരുന്നു. ലോകസമാധാന ദിനത്തിൽ 42 മിനിറ്റിനുള്ളിൽ 100 കാർട്ടൂണുകൾ വരച്ച് റെക്കോർഡ് സ്ഥാപിച്ച കാർട്ടൂണിസ്റ്റാണ് ബാദുഷ. വരയുടെ സിദ്ധിയെ സാമ്പത്തികനേട്ടത്തിന് ഉപയോഗിച്ചില്ല അദ്ദേഹം.

കേരള കാർട്ടൂൺ അക്കാദമി മുൻ വൈസ് ചെയർമാനും കാർട്ടൂൺ ക്ലബ് ഓഫ് കേരള കോഓർഡിനേറ്ററുമാണ്. ആദ്യ ലോക്ഡൗൺ കാലത്ത് അദ്ദേഹം വരച്ച കോവിഡ് ബോധവൽക്കരണ കാർട്ടൂണുകൾ ശ്രദ്ധ നേടി. കാർട്ടൂൺ, കാരിക്കേച്ചർ വരയുമായി രാജ്യത്തിനകത്തും പുറത്തും നിരന്തരം സഞ്ചരിച്ച ബാദുഷ വിദ്യാർഥികൾക്കായി ആയിരത്തിലേറെ കാർട്ടൂൺ ക്ലാസുകളും ടെലിവിഷൻ പരിപാടികളും സംഘടിപ്പിച്ചു. കുട്ടികൾക്കു വരച്ചുപഠിക്കാൻ ഒട്ടേറെ കാർട്ടൂൺ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു.

വിവിധ ഭാഷകളിലെ അക്ഷരങ്ങൾ ഉപയോഗിച്ച് എളുപ്പത്തിൽ ചിത്രം വരയ്ക്കുന്ന 'ഡൂഡിൾ' കലാരൂപത്തിന്റെ പ്രചാരകനായിരുന്നു. ഒരുനിമിഷം കൊണ്ട് ആരുടെയും മുഖം കടലാസിൽ പകർത്തുന്ന 'വൺ മിനിറ്റ് ഷോ' പരിപാടി ബാദുഷയ്ക്കു 'കാർട്ടൂൺമാൻ' എന്ന പേരു നേടിക്കൊടുത്തു. സ്കൂളുകളിലും കോളേജുകളിലും മാളുകളിലും അദ്ദേഹം 'ലൈവ് കാരിക്കേച്ചറു'കളുടെ വിസ്മയം തീർത്തു. ജീവകാരുണ്യ പ്രവർത്തനത്തിനു പണം കണ്ടെത്താൻ വിവിധ സംഘടനകൾക്കുവേണ്ടി സൗജന്യ കാരിക്കേച്ചർ ക്യാംപുകളും സംഘടിപ്പിച്ചു. കുട്ടികളെ ചിത്രകല പഠിപ്പിക്കുന്നതു ബാദുഷയ്ക്കു ഹരമായിരുന്നു. തന്റെ കഴിവുകൾ അതിനു വേണ്ടി പരമാവധി വിനിയോഗിച്ചു. ആയിരത്തിലേറെ ക്ലാസുകൾ സംഘടിപ്പിച്ചു. രോഗബാധിതനാകുന്നതു വരെ ടെലിവിഷനിലും ഓൺലൈനിലും അതു തുടർന്നു. എളുപ്പത്തിൽ വരച്ചു പഠിക്കാൻ സഹായിക്കുന്ന നൂറിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. വിവിധ ഭാഷകളിലെ അക്ഷരമാലകൾ ഉപയോഗിച്ചു ചിത്രങ്ങളും കാരിക്കേച്ചറുകളും വരയ്ക്കുന്ന 'ഡൂഡിൽ' കലാരൂപത്തിന്റെ ഉപാസകൻ കൂടിയായിരുന്നു ബാദുഷ.

ഉ എന്ന അക്ഷരം ഉമ്മൻചാണ്ടിയായി മാറുന്നതും എ എന്ന അക്ഷരത്തിൽ നിന്ന് ആന്റ് (ഉറുമ്പ്) പിറക്കുന്നതും ഇസഡ് എന്ന അക്ഷരം സീബ്രയായി മാറുന്നതും കുട്ടികളെ മാത്രമല്ല, മുതിർന്നവരെയും ആകർഷിച്ചു. മെട്രോ മനോരമയിൽ 'നിങ്ങൾക്കും വരച്ചു പഠിക്കാം' എന്ന പംക്തി ഏറെക്കാലം കൈകാര്യം ചെയ്തു. അക്ഷരങ്ങൾ ഉപയോഗിച്ചു മുഖ്യമന്ത്രി പിണറായി വിജയന്റെയും നടൻ മമ്മൂട്ടിയുടെയും മെട്രോമാൻ ഇ. ശ്രീധരന്റെയുമൊക്കെ കാരിക്കേച്ചർ തയാറാക്കി. കണ്ടുമുട്ടുന്ന ഏതു സാധാരണക്കാരനും ആവശ്യപ്പെട്ടാൽ ബാദുഷ അവരുടെ കാരിക്കേച്ചർ സൗജന്യമായി വരച്ചു നൽകുമായിരുന്നു.


ആളുകളെ മുന്നിലിരുത്തി നിമിഷങ്ങൾക്കുള്ളിൽ അവരുടെ മുഖം കട്ടിക്കടലാസിൽ പകർത്തി നൽകുന്ന 'വൺ മിനിറ്റ് ലൈവ് കാരിക്കേച്ചർ ഷോ'യാണു ബാദുഷയെ ജനപ്രിയനാക്കിയത്. 2013ൽ തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്രോത്സവ വേദിയിൽ വിശ്രുത സംവിധായകൻ കിം കി ഡുക്കിനെ നിമിഷനേരം കൊണ്ടാണു ബാദുഷ വരച്ചത്. കടലാസും പേനയും ചോദിച്ചുവാങ്ങിയ കിം കി ഡൂക്ക് അതിലും കുറഞ്ഞ സമയത്തിനുള്ളിൽ ബാദുഷയെ വരച്ചു തിരികെ നൽകി.

ഇന്ത്യൻ എക്സ്പ്രസ് പത്രത്തിലാണ് ബാദുഷയുടെ ആദ്യ കാർട്ടൂൺ അച്ചടിച്ചുവന്നത്. ഹൈസ്കൂൾ വിദ്യാർഥിയായിരുന്നു അന്ന്. പഠനം കഴിഞ്ഞയുടൻ വിവിധ ഭാഷകളിൽ കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾക്കു ചിത്രകഥ തയാറാക്കുന്ന സായ് ഫീച്ചർ സിൻഡിക്കറ്റിൽ ചിത്രകാരനായി ചേർന്നു. 10 വർഷം അവിടെ പ്രവർത്തിച്ചു. പിന്നീടു മാധ്യമ സ്ഥാപനങ്ങളിൽ സ്ഥിരം ജോലി വാഗ്ദാനം ലഭിച്ചെങ്കിലും സ്വീകരിച്ചില്ല. സമൂഹമാധ്യങ്ങളിൽ 10 ലക്ഷത്തിലേറെ ഫോളോവേഴ്സ് ഉണ്ടായിരുന്നു.

കാർട്ടൂണും കാരിക്കേച്ചറുമായി ഇന്ത്യയിലും വിദേശത്തും നിരന്തരം സഞ്ചരിച്ച ബാദുഷയ്ക്കു യാത്രയുടെ ഹരം മാറിയിരുന്നില്ല. കോവിഡ്, യാത്രയ്ക്കു വിലങ്ങിട്ടപ്പോൾ അദ്ദേഹം കുറിച്ചു: 'പോകാൻ ഏറെ സ്ഥലങ്ങൾ ഉണ്ട്. കാണാൻ ഏറെ കാഴ്ചകളും. പക്ഷേ...'

ഖത്തറിൽ സൈനിക മന്ത്രാലയത്തിൽ ഷെഫ് ആയിരുന്ന അന്തരിച്ച തോട്ടുമുഖം കല്ലുങ്കൽ ഹംസയുടെയും നബീസയുടെയും മകനാണ്. ഭാര്യ: ഫസീന. മക്കൾ: സനാൻ, ഐഷ, അമാൻ.

## വിപിൻചന്ദിന് കണ്ണീർ പ്രണാമം



മാതൃഭൂമി ന്യൂസ് ചാനൽ സീനിയർ ചീഫ് റിപ്പോർട്ടർ വിപിൻ ചന്ദിന് (42) കണ്ണീരോടെ വിട നൽകേണ്ടിവന്നത് കോവിഡ് മൂലമാണ്. കോവിഡിനെ തുടർന്ന് ന്യൂമോണിയ ബാധിച്ചായിരുന്നു വിപിൻ ചന്ദിന്റെ മരണം. സൗമ്യതകൊണ്ടും സാമർത്ഥ്യംകൊണ്ടും മാധ്യമരംഗത്ത് ശ്രദ്ധേയനായിരുന്നു. പറവൂർ ആലങ്ങാട് കൊടുവഴങ്ങ സ്വദേശിയാണ്. കൊടുവഴങ്ങ പാലപ്പുറത്ത് ചന്ദ്രന്റെയും രാധയുടെയും മകനാണ്. ഭാര്യ: ശ്രീദേവി. മകൻ: മഹേശ്വർ.

2005-ൽ ഇന്ത്യാവിഷനിലൂടെയാണ് മാധ്യമ പ്രവർത്തനം തുടങ്ങിയത്. 2012-ൽ കോട്ടയത്ത് മാതൃഭൂമി ന്യൂസിന്റെ റിപ്പോർട്ടറായി. പിന്നീട് ന്യൂസ് ഡെസ്കിലേക്ക് മാറി. നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി മധ്യകേരളത്തിലെ പൊളിറ്റിക്കൽ റിപ്പോർട്ടിങ്ങിൽ സജീവ സാന്നിധ്യമായിരുന്നു.

## എൽ.കെ കൃഷ്ണൻകുട്ടി: വിനോബാ ഭാവെയുടെ വലംകൈ

മാതൃഭൂമി മുൻ ബ്യൂറോ ചീഫും സ്പെഷ്യൽ കറസ്പോണ്ടന്റുമായിരുന്ന എൽ.കെ. കൃഷ്ണൻകുട്ടി (86) വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് സ്വവസതിയിൽ അന്തരിച്ചു. മാതൃഭൂമിയിൽനിന്ന് വിരമിച്ചശേഷം ദീർഘകാലം എറണാകുളം കരയോഗം പ്രസിഡന്റായി സേവനമനുഷ്ഠിച്ചു.

ഭാര്യ: കെ. സരളാദേവി (റിട്ട.കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥ). ഭാരതീയ വിദ്യാഭവൻ (എരൂർ) അധ്യാപികയായ കൃഷ്ണപ്രിയ മകളാണ്. മാതാ അമൃതാനന്ദമയി മഠത്തിലെ സ്വാമി ധ്യാനാമൃതാനന്ദ മകനാണ്. ന്യൂ ഇന്ത്യാ അഷ്വറൻസ് മുൻ ഡപ്യൂട്ടി മാനേജർ സഞ്ജീവ് കുമാർ മരുമകനാണ്. എറണാകുളംകമ്പളത്ത് ജനിച്ച കൃഷ്ണൻകുട്ടി മഹാരാജാസ് കോളേജ് വിദ്യാർഥിയായിരുന്നു.



ബിരുദധാരിയായശേഷം മഹാത്മാഗാന്ധിയുടെ വാർധയിലെ ആശ്രമത്തിലും പിന്നീട് സാബർമതി ആശ്രമത്തിലുമെത്തി. സാബർമതിയിൽ നിന്നാണ് കൃഷ്ണൻകുട്ടി സ്വന്തം ജീവിതം മാറ്റിമറിച്ച വിനോബാജിയുടെ അടുത്തെത്തുന്നത്. കേളപ്പജിയുടെ നിർദേശ പ്രകാരമാണ് കൃഷ്ണൻകുട്ടി 'മാതൃഭൂമി'യിൽ പത്രപ്രവർത്തകനായി എത്തുന്നത്. "ഇതൊരു ജോലിയല്ല, സാമൂഹിക സേവനമാണ്" എന്ന് കേളപ്പജി പറഞ്ഞകാര്യം എന്നും കൃഷ്ണൻകുട്ടിയിലെ പത്രപ്രവർത്തകൻ ഓർത്തു. 'മാതൃഭൂമി'യിൽ 30 വർഷം നീണ്ട പത്രപ്രവർത്തന ജീവിതത്തിൽ നഗരത്തിലെ ഓരോ തുടിപ്പും അദ്ദേഹം ഒപ്പിയെടുത്തു. അതോടൊപ്പം സ്വർണക്കടത്തും ഫാക്ടിലെ പ്രതിസന്ധിയും അടക്കമുള്ള പൊതുവാർത്തകൾ അദ്ദേഹത്തിലെ അന്വേഷണാത്മക പത്രപ്രവർത്തകനെയും ഉണർത്തി.

'മാതൃഭൂമി'യിൽനിന്ന് വിരമിച്ചശേഷം കരയോഗത്തിന്റെ നേതൃപദവിയിലേക്ക് എത്തിയതോടെ നഗരത്തിന്റെ സ്വന്തം ചേട്ടനായി കൃഷ്ണൻകുട്ടി മാറി. വിവാഹമായാലും മരണമായാലുമൊക്കെ നഗരവാസികൾ കൃഷ്ണൻ കുട്ടിയെയാണ് ആദ്യം അറിയിച്ചത്. 'ചേട്ടൻ എല്ലാം ഭംഗിയായി നടത്തിക്കൊള്ളും' എന്നായിരുന്നു അവരുടെയെല്ലാം വിശ്വാസം. ആ വിശ്വാസത്തെ 101 ശതമാനം ഭംഗിയാക്കി കൃഷ്ണൻകുട്ടി ഓരോ ചടങ്ങിന്റെയും അമരക്കാരനായി.



## ജനയുഗം മുൻ പത്രാധിപർ എം.എസ് രാജേന്ദ്രൻ

സിപിഐ സംസ്ഥാന കൗൺസിൽ അംഗവും ജനയുഗത്തിന്റെ മുൻ പത്രാധിപരുമായ എം.എസ് രാജേന്ദ്രൻ (91) അന്തരിച്ചു. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, വിദ്യാഭ്യാസ സബ്കമ്മിറ്റി അംഗം, കൺട്രോൾ കമ്മിഷൻ അംഗം, നവയുഗം പത്രാധിപർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. എറണാകുളത്തായിരുന്നു അന്ത്യം.

1931 നവംബർ 13 ന് പിറവത്ത് ശങ്കരപ്പിള്ളയുടെയും അമ്മുക്കുട്ടിയുടെയും രണ്ടാമത്തെ മകനായി പിറവത്താണ് ജനിച്ചത്. സ്കൂൾ പഠനത്തിനുശേഷം ആലുവ യുസി കോളജിൽ വിദ്യാർത്ഥിയായിരിക്കേയാണ് വിദ്യാർത്ഥി ഫെഡറേഷനുമായും കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും ബന്ധപ്പെടുന്നത്. തുടർന്ന് കോളജിൽനിന്ന് പുറത്താക്കപ്പെട്ടു. 1949ൽ ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായി തിരുവനന്തപുരത്തെത്തി. അവിടെ തിരുവിതാംകൂർ വിദ്യാർത്ഥി യൂണിയന്റെ ഭാഗമായി. തുടർന്ന് രൂപീകൃതമായ തിരു-കൊച്ചി വിദ്യാർത്ഥി ഫെഡറേഷൻ സെക്രട്ടറിയായി.

എസ്എഫിന്റെ ദേശീയ സെക്രട്ടറിയായി ഡൽഹിയിലും പ്രവർത്തിച്ചു. 1956ൽ സോവിയറ്റ്ലാൻഡിന്റെ മലയാള വിഭാഗത്തിൽ ചേർന്നു. പിന്നീട് പ്രോഗ്രസ് പബ്ലിഷേഴ്സിന്റെ ചുമതലയുമായി മോസ്കോയിലെത്തി. 1982ൽ കേരളത്തിൽ തിരിച്ചെത്തി ജനയുഗം ദിനപത്രത്തിന്റെ ചീഫ് എഡിറ്ററായി. അവിവാഹിതനാണ്. എം എസ് സെൻ (റിട്ട. കെഎഫ്സി), പരേതരായ രവീന്ദ്രൻ, ഗോകുൽനാഥ് എന്നിവർ സഹോദരങ്ങൾ.

# News of the World phone hacking




The Great British Bake Off presenter Noel Fielding and Ryan Giggs's brother Rhodri have accepted "substantial damages" from the News of the World over phone hacking by journalists.

They are among a number of celebrities and members of the public who have won compensation after the News of the World was closed down in 2011 when it was revealed that reporters at the paper had been hacking people's phones.

News Group Newspapers apologised for distress caused by the illegal interception of voicemails, which were used to obtain stories.

At a court hearing in London, Fielding's solicitor, Alex Cochrane, said the comedian claimed a number of articles published between 2006 and 2010 had contained his private information and were "suspicious".

"During this time, Mr Fielding used his voicemail extensively and he would regularly receive and leave voicemail messages for his family and close friends," Cochrane told the court. "It was alleged that the publication of the articles generated distrust which impacted his relationships and caused him considerable distress."


Sir Elton John and the actor Elizabeth Hurley are among those who have already settled their cases.


The legal costs for NGN have run into hundreds of millions of pounds. The publisher has never admitted liability in relation to alleged phone hacking at the Sun.

## Credibility of the Media

Below there are a variety of statistical charts related to the credibility of media outlets and news sources.But keep in mind: "Essentially, all models are wrong, but some are useful." (George Box; statistician).

One may get the impression, that Fox News is the most trusted news network in the US, but if you look at the original source, the Quinnipiac University National Poll, it states that:"FOX News offers the most trusted network and cable news coverage, 29 percent of American voters




say, when asked to compare the major TV news outlets in a Quinnipiac University National poll.

But when network news is examined on a case-by-case basis, FOX drops in the ratings".

FOX News is definitely the Republican choice as 58 percent of GOP voters say they trust FOX the most, while 13 percent turn to CNN, with 7 percent each for NBC and CBS, 5 percent for ABC and 2 percent for MSNBC. Only 3 percent of Democrats trust FOX the most, with 32 percent for CNN, 15 percent for NBC, 14 percent each for CBS and MSNBC and 8 percent for ABC”

## RSF’s 2021 “Press freedom predators”

Reporters Without Borders (RSF) is publishing a gallery of grim portraits, those of 37 heads of state or government who crack down massively on press freedom. Some of these “predators of press freedom” have been operating for more than two decades while others have just joined the blacklist, which for the first time includes two women and a European predator.

Nearly half (17) of the predators are making their first appearance onthe 2021 list, which RSF is publishing five years after the last one, from 2016. All are heads of state or government who trample on press freedom by creating a censorship apparatus, jailing journalists arbitrarily or inciting violence against them, when they don’t have blood on their hands because they have directly or indirectly pushed for journalists to be murdered.

Nineteen of these predators rule countries that are coloured red on the RSF’s press freedom map, meaning their situation is classified as “bad” for journalism, and 16 rule countries coloured black, meaning the situation is “very bad.” The average age of the predators is 66. More than a third (13) of these tyrants come from the Asia-Pacific region.

“There are now 37 leaders from around the world in RSF’s predators of press freedom gallery and no one could say this list is exhaustive,” RSF secretary-general Christophe Deloire said. “Each of these predators has their own style. Some impose a reign of terror by issuing irrational and paranoid orders. Others adopt a carefully constructed strategy based on draconian laws.




The most notable of the list’s new entrants is undoubtedly Saudi Arabia’s 35-year-old crown prince, Mohammed bin Salman, who is the center of all power in his hands and heads a monarchy that tolerates no press freedom. His repressive methods include spying and threats that have sometimes led to abduction, torture and other unthinkable acts. Jamal Khashoggi’s horrific murder exposed a predatory method that is simply barbaric.

The new entrants also include predators of a very different nature such as Brazilian President Jair Bolsonaro, whose aggressive and crude rhetoric about the media has reached new heights since the start of the pandemic, and a European prime minister, Hungary’s Viktor Orbán, the self-proclaimed champion of “illiberal democracy” who has steadily and effectively undermined media pluralism and independence since being returned to power in 2010.

The first two women predators are both from Asia. One is Carrie Lam, who heads a government that was still democratic when she took over. The chief executive of the Hong Kong Special Administrative


**"There are now 37 leaders from around the world in RSF's predators of press freedom gallery.Nineteen of these predators rule countries now.The first two women predators are both from Asia. One is Carrie Lam, who heads a government that was still democratic when she took over. The other woman predator is Sheikh Hasina, Bangladesh's prime minister since 2009 and the daughter of the country's independence hero.**

Region since 2017, Lam has proved to be the puppet of Chinese President Xi Jinping, and now openly supports his predatory policies towards the media. They led to the closure of Hong Kong's leading independent newspaper, Apple Daily, on 24 June and the jailing of its founder, Jimmy Lai, a 2020 RSF Press Freedom laureate.

The other woman predator is Sheikh Hasina, Bangladesh's prime minister since 2009 and the daughter of the country's independence hero. Her predatory exploits include the adoption of a digital security law in 2018 that has led to more than 70 journalists and bloggers being prosecuted.

Some of the predators have been on this list since RSF began compiling it 20 years ago. Syria's President Bashar al-Assad and Ali Khamenei, the Supreme Leader of Iran's Islamic Revolution, were on the very first list, as were two leaders from the Eastern Europe and Central Asia region, Russia's Vladimir Putin and Belarus's Alexander Lukashenko, whose recent predatory inventiveness has won him even more notoriety. In all, seven of the 37 leaders on the latest list have retained their places since the first list RSF published in 2001.

RSF published a list of Digital Press Freedom Predators in 2020 and plans to publish a list of non-state predators before the end of 2021.



## RSF INFORMATION HERO

### M. V. Kaanamylnathan

(One among the 100 Information Heroes of RSF)

M. V. Kaanamylnathan had 50 years' tough experience in journalism and had worked for every Tamil-language newspaper in Sri Lanka when he took the helm of the main Tamil daily Uthayan in 1985, two years after the civil war flared up. Dozens of members of the paper's staff were among the conflict's 100,000 dead. Bombings, shootings, grenade attacks and murders were used to try to silence a voice that tried to keep to a middle course between the central government and the Tamil rebels. Five years after the official end of the conflict, Kaanamylnathan, who himself escaped an attack in 2001, and his newspaper are still making waves. Last year, a series of articles on land seizures by the Sri Lankan army was followed by a brutal attack on the paper's offices by six masked men.

Media Academy


# BOOK SHELF



## Data for Journalists: A Practical Guide for Computer-Assisted Reporting

**by Brant Houston**
Published by: Routledge
Price : 3680.00

[This straightforward and effective how-to guide provides the basics for any reporter or journalism student beginning to use data for news stories. It has step-by-step instructions on how to do basic data analysis in journalism while addressing why these digital tools should be an integral part of reporting in the 21st century. In an ideal core text for courses on data-driven journalism or computer-assisted reporting, Houston emphasizes that journalists are accountable for the accuracy and relevance of the data they acquire and share.





With a refreshed design, this updated new edition includes expanded coverage on social media, scraping data from the web, and text-mining, and provides journalists with the tips and tools they need for working with data.]

## Documentary, Performance and Risk

**by James Lyons**
Published by: Routledge
Price : 3680.00

[Documentary, Performance and Risk explores how some of the most significant recent American feature documentaries use performance to dramatically animate major categories of risk.





The fact that these documentaries do rely on such performance is revealing both in terms of trends in American feature documentary, and in relation to the currency of ideas about risk in contemporary Western societies. The book takes a detailed look at the performance of risk and demonstrates the rewards of close critical attention to formal composition and performance. Covering An Inconvenient Truth, Super Size Me, Capitalism: A Love Story and Jackass: The Movie, it explores how these high-profile films offer up compelling narratives and images of individuals 'acting on risk'. The films seek to both confront and control the contours of their environments in ways that reveal much about how a particular set of beliefs about risk and the individual have come to inform our lives.

This wide-ranging analysis of feature documentary is ideal for scholars and postgraduate students studying documentary film, film and media studies.]

## Media Audiences: Effects, Users, Institutions, and Power (2nd Edition)


**by John L. Sullivan**
Published by: Sage
Price : 6494.00

[Whether we are watching TV, surfing the Internet, listening to our iPods, or reading a novel, we all engage with media as an audience. Despite the widespread use of this term in our popular culture, the meaning of the "audience" is complex, and it has undergone significant historical shifts as new forms of mediated communication have developed from print, telegraphy, and radio to film, television, and the Internet. John L. Sullivan's second edition of Media Audiences: Effects, Users, Institutions, and Power explores the concept of media audiences from four broad perspectives: as "victims" of mass media, as market constructions & commodities, as users of media, and as producers & subcultures of mass media. The goal is for students to be able to think critically about the role and status of media audiences in contemporary society, reflecting on their relative power in relation to institutional media producers.]





Marian Kamensky was born in Czechoslovakia in 1957. In 1980 he went to Hamburg, studied at the Academy of Arts and worked for various magazines, newspapers and publishing houses as an illustrator and cartoonist .This cartoon is on the middle east ceasefire.



അന്തർദേശീയ രംഗത്തെ പ്രശസ്തമായ കാർട്ടൂണുകൾ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിൽ.
മാതൃഭൂമി കാർട്ടൂണിസ്റ്റ് ഗോപീകൃഷ്ണനാണ് ഇവ തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നത്




Marian Kamensky

കേരള മീഡിയ അക്കാദമി


# വായനയുടെ സുവർണ്ണകാലം

www.keralamediaacademy.org










ടെലിവിഷൻ:
വീക്ഷണം, വിശകലനം
**കെ. കുഞ്ഞികൃഷ്ണൻ**

പക്ഷിക്കൂട്ടങ്ങൾ
**പി കെ രാജശേഖരൻ**

പത്രരൂപകല്പന
**ടി.കെ.സജീവ്കുമാർ**




Printed and Published by Chandrahasan Vaduthala, Secretary, Kerala Media Academy, Published from Kerala Media Academy, Kakkanad, Kochi – 682 030; Printed at Sterling Print House, Kochi; Editor in Chief : R. S. Babu